വിശ്വവന്ദ്യ

ശ്രീനാരായണഗുരു

മൂ. പി. [illegible]

Very Important good book.

for Reminence with Narayanana Guru Dawan

# ബാല്യ ജീവിത ചരിത്രം

## വിശ്വ വന്ദ്യ ഗുരു

## ശ്രീനാരായണൻ

VARKALA S. N. DHARMA PRACHARANA SABHA
(FOUNDER & PRESIDENT)
KUMARY SWAMY
SANYASI
ERNAKULAM.

ഒന്നാംപതിപ്പ് — കോപ്പീസ് 2000
Printed By — ശ്രീ നാരായണ മിഷ്യൻ അഡ്വൈസറി കമ്മററി
കാപ്പിറയിററ — ഗ്രന്ഥകത്താവിന്
പ്രിണ്ടേർസ് — ശോഭാ പ്രിണ്ടേർസ്, എറണാകുളം

തീയ്യതി — 16—7— 1962

*For*

വക്കല ശ്രീനാരായണ ധമ്മ പ്രചരണ സഭ

എറണാകുളം,

സഭയുടെ പ്രസിദ്ധീകരണം No. 102

DISTRIBUTING LIBRARY
No. DM 6489
KOTTAYAM.

# വിശ്വ വന്ദ്യ ഗുരു
# ശ്രീ നാരായണൻ

81289

കുമാരസ്വാമി സന്യാസി എഴുതിയ

## ലഘു ജീവിത ചരിത്രം

Printed By
എറണാകുളം ശ്രീനാരായണ മിഷ്യൻ
അഡ്വൈസറി കമ്മററി.

*FOR*

**Varkala Sre Narayana Dharma Pracharana Sabha**

M. G. Road — Ernakulam.
16 — 7 — '62

# ഉള്ളടക്കം


| No: | | | PAGE | |
|---|---|---|---|---|
| | സഭയുടെ അനുഭാവികൾ | | | |
| | ആമുഖം | | | |
| | ഒരു വിചിന്തനം (ശ്രീ. ടാററാപുരം സുകുമാരൻ) | | | |
| | പ്രാരംഭം | .... | 1 | 4 |
| 1 | അരുവിപ്പുറം ശിവക്ഷേത്രം | .... | 5 | 8 |
| 2 | ശിവഗിരിമഠം | .... | 8 | 10 |
| 3 | അദ്വൈതാശ്രമം | .... | 10 | 11 |
| 4 | ഗുരുദേവൻ ഒരു കവീശ്വരനായിരുന്നു. | .... | | |
| | ടാററാപുരം സുകുമാരൻെറ ലേഖനം | | 12 | .... |
| 5 | ജനനീ നവരത്ന മഞ്ജരി | .... | | |
| | (വ്യാഖ്യാനത്തോടുകൂടിയതു്) | .... | 13 | 22 |
| 6 | ശ്രീകണ്ഠേശ്വരക്ഷേത്രം കനകജൂബിലീ .... സോവിനീറിൽ നിന്നു് | | | |
| | ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ ലേഖനം | | 22 | 24 |
| | ശ്രീ. കെ. ബാലരാമപ്പണിക്കരുടെ ലേഖനം | | 24 | 26 |
| | ശ്രീ. കെ. എം. വറുഗീസിൻെറ ലേഖനം | | 26 | 28 |
| | ശ്രീ. സുകുമാരൻ പൊറെറക്കാട്ടിൻെറ ലേഖനം | | 28 | 29 |
| 7 | ശിവഗിരി ശതവാർഷികഗ്രന്ഥത്തിൽനിന്നു് | | | |
| | ശ്രീ. പന്തളം രാഘവപണിക്കരുടെ ലേഖനം | | 29 | .... |
| 8 | ശ്രീസ്വാമി ധർമ്മതീർത്ഥരുടെ പുസ്തകത്തിൽനിന്നു് | | | |
| | ഒരു ലോകഗുരു | .... | 30 | .... |
| | Welcome address by the Members of the Theosophical society | .... | 31 | .... |
| | തർജ്ജിമ | ... | 32 | .... |
| | മനുഷ്യരുടെ നേതാവു | .... | 33 | .... |
| 9 | ഗുരുവിൻെറ തിരുവായ്മൊഴി | .... | 34 | 35 |
| 10 | മരുത്വാമലയിലെ നാരായണഗുരു | .... | 36 | 37 |
| 11 | അത്ഭുതകൃത്യങ്ങൾ | .... | 38 | 40 |
| 12 | ഈശ്വരപ്രതീതി | .... | 41 | 42 |


DISTRIBU ING No. KOTTAYAM.

| | | | | |
|---|---|---|---|---|
| 13 | ഒരു മഹാസിദ്ധൻ | .... | 43 | .... |
| 14 | ആചാരപരിഷ്കരണം | .... | 44 | 47 |
| 15 | യുക്തിവാദികൾക്കു് ഒരു മറുപടി | .... | 47 | 49 |
| 16 | ആലുവായിലെ സർവ്വമത സമ്മേളനം | .... | 50 | .... |
| | ശ്രീസ്വാമി സത്യവ്രതന്റെ സ്വാഗതപ്രസംഗം | | 51 | 68 |
| 17 | ഗുരുവിന്റെ ധർമ്മോപദേശങ്ങൾ | .... | 69 | 71 |
| 18 | മതസമ്മേളനത്തിനു ശേഷം | .... | 72 | .... |
| 19 | ഒരു സംഘസന്ദേശം | .... | 73 | .... |
| 20 | ഒരുമതം സംബന്ധിച്ച സംവാദം (ഗുരുദേവനും ശ്രീ. സി. വി. കുഞ്ഞുരാമനും തമ്മിൽ നടന്ന സംവാദം) | .... | 74 | 86 |
| 21 | അമൃതവാണി | .... | 87 | 88 |
| 22 | ഗുരുവിന്റെ ജീവിതകാലം | .... | 89 | 99 |
| 23 | മഹാകവി വള്ളത്തോൾ വിരചിച്ച ഗുരുദേവസ്തുതി | .... | 100 | 101 |
| 24 | അവശജനോദ്ധാരണം | .... | 101 | 104 |
| 25 | സ്വാമി അതിഥിസല്ക്കാരത്തിൽ | .... | 104 | 109 |
| 26 | ,, ഹോമമന്ത്രം | .... | 106 | .... |
| 27 | ഗുരുവിന്റെ ഫലിതോക്തികൾ | .... | 110 | 113 |
| 28 | മഹോന്നതമായ മാതൃക | .... | 114 | .... |
| 39 | ഗുരുദേവനും മഹാത്മാഗാന്ധിയും (സംഭാഷണത്തിൽനിന്നു) | .... | 115 | 116 |
| 30 | ശ്രീനാരായണ ധർമ്മ സംഘം | .... | 117 | 418 |
| 31 | ഗുരുദേവൻ രോഗശയ്യയിൽ | .... | 118 | 126 |
| 32 | യോഗത്തലവന്മാരുടെ അപേക്ഷ | .... | 127 | 128 |
| 33 | മഹാസമാധി | .... | 129 | .... |
| 34 | പത്രപ്രസ്താവന | .... | 130 | 132 |
| 34 | മഹാസമാധിഗീതം | .... | 133 | 134 |
| 36 | ഗുരുദേവസ്തവം | .... | 134 | 135 |
| 37 | സംഘപ്രാർത്ഥന | .... | 135 | 136 |
| 38 | ആദിനാഥസ്തുതി | .... | 137 | 138 |
| 39 | ശ്രീ പള്ളത്തു് രാമൻ പാടിയതു | .... | 138 | .... |
| 40 | ശ്രീ കെ. പി. കറുപ്പൻ പാടിയതു് | .... | 139 | .... |
| 41 | പ്രസിദ്ധീകരണങ്ങൾ | .... | 140 | .... |

DISTRIBUTING LIBRARY
No.............
KOTTAYAM.

# സഭയുടെ അനുഭാവികൾ

കഴിഞ്ഞ 27 വർഷങ്ങളായി നിരന്തരം എളിയ നിലയിലെങ്കിലും ഗുരൂപദേശപ്രചരണം നിർവഹിച്ചു കൊണ്ടിരിക്കുന്ന വർക്കല ശ്രീനാരായണ ധമ്മപ്രചരണ സഭയുടെ അനുഭാവികളുടെ ലിസ്റ്റ് വളരെ വിപുലമാണ്.

ഒരുകൂട്ടം മിഷ്യനറിമാരെ സജ്ജമാക്കി ഈ സഭയുടെ പ്രവത്തനം ഒരു സ്ഥാപനം എന്ന നിലയിൽ ഇനിമേൽ നടത്തേണ്ടതാണെന്നുള്ള അഭിപ്രായം ഞങ്ങളുടെ ചില മാന്യസുഹൃത്തുക്കൾക്കുണ്ട്.

ഈ ലഘുജീവചരിത്രം പ്രിണ്ടുചെയ്യുന്നതിനു തലശ്ശേരി തലായിലെ ശ്രീമാൻ മല്ലിശ്ശേരി നാരായണൻ നിർലോഭം ചെയ്തിരിക്കുന്ന ധനസഹായമാണ് ഇതു പൂത്തീകരിക്കുവാൻ ഉപകരിച്ചതു്. സഹൃദയനും ദാനശീലനുമായ നാരായണൻ കോയമ്പത്തൂരിലെ ശ്രീനാരായണ മിഷ്യന്റെ വൈസ്പ്രസിഡണ്ടും നല്ല വ്യാപാരിയുമാണ്.

കൂടാതെ കോഴിക്കോട്ട് അശോകാ ഹാസ്പിററലിന്റെ ഇന്നത്തെ ഉടമസ്ഥനും ഡാക്ടരുമായ ശ്രീ. ടി. ബാലകൃഷ്ണ (M. B., B. S) നും, വണ്ടാഴി ഗവഃ കൺട്രാക്ടർ ശ്രീ. സി. വി. മുത്തുവേലനും, എറണാകുളം കലൂർ യൂനി ക്യ പ്രൊഡക്ഷ്യന്റെ ഉടമസ്ഥൻ ശ്രീ. വി. എ. വേലായുധനും ഈ ചരിത്രപുസ്തകത്തിനു ധനസ

ഹായം ചെയ്തിട്ടുണ്ട്. ശ്രീ. വേലായുധൻ സഭയുടെ എക്സിക്യൂട്ടിവ് കമ്മററിമെമ്പറും കൂടിയാണ്.

ധാർമ്മികമായ കൃത്യനിർവഹണത്തിനു വേണ്ടുന്ന ധീരതയും ഭക്തിയും ജ്ഞാനവും പ്രദാനംചെയ്യുന്ന ഗുരൂപദേശങ്ങളടങ്ങിയ ചരിത്രകഥകൾ മൂന്നൊ നാലൊ വാല്യങ്ങളായിപ്രിൻ്റുചെയ്യുവാൻ തക്കവണ്ണമുള്ള കൈയെഴുത്തുപ്രതി തയ്യാറായിരിക്കയാണ്.

ഈ പാഠമാവിലേക്ക് ധനസഹായം ചെയ്യുന്നവർ ആർജ്ജിക്കുന്ന പുണ്യമാണ് ഉന്നതമായ സ്വർഗ്ഗീയ സൗഖ്യങ്ങളെ കൊണ്ടുവരുന്നതു. സഭയുടെ പേരിൽ മുകളിൽ പറഞ്ഞിരിക്കുന്ന അനുഭാവികൾക്ക് ഞങ്ങളുടെ ഹാർദ്ദവമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

16—7—1962
M. G. Road

എക്സിക്യൂട്ടീവ് കമ്മിററി
വക്കീല ശ്രീനാരായണ ധർമ്മ പ്രചരണ സഭ
എറണാകുളം

# ഭഗവാൻ ശ്രീനാരായണഗുരു



സംന്യസ്യസർവകർമ്മാണി
സതതം ബ്രഹ്മനിഷ്ഠയാ
യശ്ചരത്യവനൌദേഹ-
യാത്രായൈ ബ്രഹ്മവിദ്വരഃ

# ആമുഖം

ശ്രീനാരായണചരിത്രം ഗദ്യത്തിലും പദ്യത്തിലും പലരും എഴുതിയതു ഇതിനകം കേരളത്തിൽ പ്രചരിച്ചിട്ടുണ്ട്.

ഒരു ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ സംഭവപരമ്പരകളുടെ കാലനിർണ്ണയത്തോടുകൂടി കഴിയുന്നതും സത്യസന്ധമായി എഴുതിയിരിക്കുന്ന ഈ ലഘുജീവിതചരിത്രം, ആയിരം പേജുകളോളം വരുന്ന വലിയൊരു ജീവചരിത്രഗ്രന്ഥത്തിൽനിന്നുള്ള കുറിപ്പുകൾ മാത്രം അടങ്ങീട്ടുള്ളതാകുന്നു. ഗുരുദേവനെ സംബന്ധിച്ചിരിക്കുന്ന മിക്ക പ്രധാന വിഷയങ്ങളും ഇതിൽ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. സ്വാമി തൃപ്പാദങ്ങൾ പാടിയ ജനനീ നവരത്നമഞ്ജരി ചെറിയൊരു വ്യാഖ്യാനത്തോടുകൂടി ഇതിൽ ചേർത്തിരിക്കുന്നതു, ഏതു വിശ്വാസിക്കും മാനസോല്ലാസജനകമായൊരു പ്രാർത്ഥനയാകുന്നു.

വലിയ ചരിത്രപുസ്തകം അധികം താമസിയാതെ പുറത്തുകൊണ്ടുവരുവാനുള്ള ശ്രമം നടക്കുകയാണ്.

## ശ്രീനാരായണസാഹിത്യം

അദ്ധ്യാത്മശാസ്ത്രങ്ങളുടെയും സയൻസിന്റെയും ഉന്നതനിലവാരത്തെ സ്പർശിച്ചിരിക്കുന്ന, ഗുരുദേവന്റെ കവിതകളെ പഠിക്കുന്നവർക്കു, സ്വാമി നിസ്തുലനായ ഒരു മഹാധിഷണാസമ്പന്നനായിരുന്നു എന്നു കാണ്മാൻ കഴിയും; ഈ സാഹിത്യം മതാധികാരത്തിനു മാത്രമല്ല, നമ്മുടെ ഭാഷയ്ക്കും ഒരു നവോത്ഥാനമെന്നാണു ഗവേഷണപരങ്ങളായ ചിന്താഗതിയെ പ്രദാനം ചെയ്യത്തക്കതുമായ ഒരു പ്രസ്ഥാനമാണ്.

അദ്ധ്യാത്മജ്ഞാനത്തിനുവേണ്ടി സംസ്കൃതഭാഷയിലുള്ള ഗ്രന്ഥങ്ങളെത്തന്നെ അന്വേഷിക്കേണ്ടതില്ലെന്നു സ്വാമി രചി

ച്ചിരിക്കുന്ന ആത്മോപദേശ ശതകം പഠിക്കുന്നവക്ക് അറിയുവാൻ കഴിയും.

എല്ലാ ഉപനിഷത്തുകളുടെയും ഗീത തുടങ്ങിയുള്ള ഉപദേശങ്ങളുടെയും തത്വസാരങ്ങൾ ആത്മോപദേശശതകത്തിലുണ്ടു, ഈ സഭയുടെ ഗ്രന്ഥപരമ്പരയിൽ 97-ാം നമ്പറായി പുറത്തുവന്നിരിക്കുന്ന സാരാൎത്ഥപ്രകാശിനി എന്ന വ്യാഖ്യാനത്തോടു കൂടിയുള്ള ശതകം ആവശ്യമുള്ളവക്ക് ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്, എല്ലാ ശാസ്ത്രങ്ങളും നിയമങ്ങളും അവനവന്റെ മാതൃഭാഷയിൽക്കൂടെ ഗ്രഹിച്ചിരുന്നാൽമാത്രമെ അവയെ കൈകാര്യംചെയ്യുവാൻ എളുപ്പമാകയുള്ളു.

— ഉപദേശങ്ങളും മതവും —

പ്രാചീനകാലങ്ങളിൽ ഇന്നത്തെപ്പോലെ മതമുണ്ടായിരുന്നില്ല, ഉപദേശങ്ങൾ മാത്രമാണ് ഒരു ശിഷ്യൻ ഗ്രഹിച്ചിരുന്നതു്. മതം എന്നു പറയുന്നതു ഒരു ഗുരുവിന്റെ ഉപദേശങ്ങളെ ഒരു ഭാഷയെ അടിസ്ഥാനപ്പെടുത്തി എഴുതിയ ആചാരസംഹിതയാകുന്നു. കാലക്രമത്തിൽ ഉപദേശങ്ങൾക്കു് വലിയ സ്ഥാനമൊന്നും കല്പിക്കാതെവന്നതോടുകൂടി ആചരണങ്ങളാണ് മതം എന്നൊരു മിഥ്യാബോധം വളർന്നുവന്നു.

ഇന്നു നമ്മൾ കാണുന്ന ക്രൈസ്തവമതവും ഇസ്ലാംമതവും സിക്കമതവും ഹൈന്ദവമത വിഭാഗങ്ങളും എല്ലാം അവരവക്കുള്ള ആചരണങ്ങളിൽ കെട്ടിപിടിച്ചു വെവ്വേറെ മതക്കാരായി ജീവിച്ചുവരികയാണ്. എന്നാൽ ഈ മതക്കാരുടെ ഗുരൂപദേശങ്ങളെമാത്രം എടുത്തു പഠിക്കുമ്പോൾ ആ ഉപദേശങ്ങൾ ഒരു പ്രത്യേക വിഭാഗക്കാരെ ഉദ്ദേശിച്ചുള്ളതല്ല എന്നു വേഗം ഒരു ബുദ്ധിമാനു ഗ്രഹിക്കുവാൻ കഴിയുന്നു.

നമ്മൾ, കേരളീയർ ഒരു ജനതയാകുന്ന കാലത്താണ് നമ്മളുടെ സ്വയംഭരണവും സ്വാതന്ത്ര്യവും അൎത്ഥവത്താവുക.

## ദേവാലയങ്ങൾ

എല്ലാ മതക്കാർക്കും ദേവാലയങ്ങളുണ്ട്; ഏതാണ്ട് എണ്ണൂറു വർഷങ്ങൾക്ക് മുൻപ് കേരളത്തിൽ ബുദ്ധ, ജൈനക്ഷേത്രങ്ങളാണ് ഉണ്ടായിരുന്നത്. ബുദ്ധധർമ്മങ്ങളുടെ സ്ഥാനത്തു വൈഷ്ണവമതവും ബ്രാഹ്മണരും അധികാരത്തിൽ വന്നു.

ഇന്നു ഹിന്ദുമതത്തിൻെറ പേരിൽ കാണുന്ന ഗ്രന്ഥങ്ങൾ മിക്കതും വൈഷ്ണവമാണ്. ആർഭാടവും ആഡംബരവുംകൊണ്ടു സാധാരണക്കാരെ ആകർഷിക്കുന്നതോടൊപ്പം ഭക്തിരസദ്യോതകങ്ങളായ പുരാണേതിഹാസങ്ങളിൽക്കൂടിയും വൈഷ്ണവമതത്തിനു പ്രശസ്തിയും പ്രചാരവും സിദ്ധിച്ചു. ഈ മതാധികാരികളായ ബ്രാഹ്മണർ, സാധാരണ ജനങ്ങളെ അടക്കി അമർത്തിഭരിക്കുവാനും, ഏതുകാലത്തും താങ്ങളുടെ ആജ്ഞാശക്തിക്കു കോട്ടംവരാതെ ഇരിക്കുവാനുമുള്ള ദീർഘവീക്ഷണത്തോടുകൂടി തന്ത്രഗ്രന്ഥങ്ങളും പുരാണങ്ങളും രചിച്ചുവെച്ചിട്ടുണ്ട്. അധികാരശക്തിയെ വ്യാപിപ്പിച്ചുനിർത്തുക എന്നുള്ള ധർമ്മമാണ് വൈഷ്ണവമതക്കാർക്കുള്ളതു്. ഇതിൻെറ പ്രവർത്തകന്മാർക്കു അവരുടെ ആശയങ്ങൾ ഫലപ്രദമാക്കാൻ ഉദ്ദേശിച്ചതുപോലെ സാധിച്ചില്ല. പാശ്ചാത്യരായ ക്രൈസ്തവമതക്കാരും ഇസ്ലാംമതാനുയായികളും കേരളത്തിൽ സ്ഥാനംപിടിക്കുകയും വേഗം വളരുകയും ചെയ്തു.

800 വർഷങ്ങൾക്കുമുമ്പു കേരളീയർ ഏക ജനതയായിരുന്നു; പിന്നീട് ജാതിവ്യത്യാസമുണ്ടായി. ഈ വ്യത്യാസഭാവനയില്ലാത്ത ക്രിസ്തുമതത്തിനും, ഇസ്ലാംമതത്തിനും കേരളത്തിൽ സ്ഥാനമുണ്ടായതു സ്വാഭാവികംമാത്രമാണ്.

അവർണ്ണജനങ്ങൾക്ക് ബ്രാഹ്മണർ അവരുടെ ക്ഷേത്രങ്ങളിൽ നടത്തുന്ന സാത്വീക ആരാധനക്രമം പാടില്ലെന്നു വിരോധിച്ചതോടൊപ്പം, ആ ദേവന്മാരെ ദർശിക്കുവാനും പാടില്ലെന്നുള്ള അയിത്താചരണമാണു സ്ഥാപിച്ചതു്. ശതവർഷങ്ങളാ

യി അധ:പതിച്ച ഈ ജനത ജന്തുഹിംസചെയ്തും, മദ്യം നിവേദിച്ചും ക്രൂരമൂർത്തികളെ ആരാധിച്ചും വന്നിരുന്ന സമ്പ്രദായത്തെ ശ്രീനാരായണഗുരു മാററി, സാത്വികആരാധന നടത്തുവാനുള്ള ക്ഷേത്രങ്ങൾ അവർണ്ണജനവിഭാഗങ്ങൾക്ക് സ്ഥാപിച്ചുകൊടുക്കുകയാണ് ചെയ്തതു്- പൂണനൂലുകൊണ്ടു സാഹോദര്യത്തെ ഹനിക്കുന്ന സവർണ്ണമതം ഒരിക്കലും കേരളത്തിനു യോജിച്ചതല്ലെന്നു ശ്രീനാരായണഗുരു സ്ഥാപിച്ച ക്ഷേത്രങ്ങളിൽകൂടി ജനങ്ങൾക്കു ഇപ്പോൾ മനസ്സിലായിരിക്കയാണ്. എന്നിരുന്നാലും ബ്രാഹ്മണവൈദികം പഠിച്ചു തന്ത്രങ്ങൾ നടത്തുന്ന അവർണ്ണരായ തന്ത്രിമാർ, അവർ പഠിച്ചിരിക്കുന്ന തന്ത്രത്തെതന്നെ ഉറപ്പിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നതു്.

1112 നു ശേഷം ക്ഷേത്രപ്രവേശനമുണ്ടായപ്പോൾ ഹിന്ദുക്കൾക്കു് അയിത്തമില്ലെന്നുവന്നു; ഇന്നത്തെ അയിത്തം അന്യമതസ്ഥർക്കാണ്.

ദേവനു അയിത്തം കല്പിക്കുന്ന ബ്രാഹ്മണവൈദികത്തെ ഒരു നിമിഷത്തിനുള്ളിൽ ഉപേക്ഷിച്ചു കുളിച്ചു ശുദ്ധരായാൽമാത്രമെ ശ്രീനാരായണഗുരുവിന്റെ അനുയായികളുടെ ക്ഷേത്രങ്ങൾക്ക് അതിന്റെ യോഗ്യത ലഭിക്കുകയുള്ളു

എല്ലാ ക്ഷേത്രങ്ങളിലും പള്ളികളിലും ഇരിക്കുന്നു എന്നു വിശ്വസിക്കപ്പെടുന്ന ദൈവികശക്തി ഏകമാണ്; ആ ദിവ്യമായ ബോധശക്തിക്കു് വകഭേദമൊ ഭാഷാവ്യത്യാസമൊ ഇല്ല എന്നു ചിന്തിച്ചറിയുകയും അനാവശ്യങ്ങളായ മത്സരങ്ങളും ആചാരഭ്രാന്തുകളും ഉപേക്ഷിക്കുകയും ചെയ്യുകയാണ് നമ്മളുടെ കർത്തവ്യം.

"ജാതിഭേദം മതദ്വേഷം"

ഏതുംകൂടാതെ ക്ഷേത്രത്തിൽ പ്രവേശിക്കാനാണ് ഗുരുദേവൻ ആഹ്വാനംചെയ്തിരിക്കുന്നതു്. ഗുരുവാക്യമാണ് നമ്മളുടെ വൈദികം.

## അനാചാരങ്ങൾ

ഉത്സവം തുടങ്ങിയുള്ള ക്ഷേത്രനടപടികൾ പരിഷ്കരിക്കേണ്ടുന്ന കാലമായിരിക്കുന്നു; എല്ലാ പരിപാടികളും രാത്രി ഒരു മണിക്ക് മുൻപു തീർന്നിരിക്കണം; പള്ളിവേട്ട എന്ന ചടങ്ങ് തീരെ നിറുത്തേണ്ടതാണ്. കൊല്ലവർഷം രണ്ടാം നൂററാണ്ടിനു ശേഷം കേരളത്തിൽ നമ്പൂതിരിബ്രാഹ്മണർ ആരംഭിച്ച ക്ഷേത്രനടപടികൾ പരിശോധിക്കുമ്പോൾ, അവിടെ അപ്രത്യക്ഷനായ ഒരു രാജാവു ഇരിക്കുന്നു എന്നുള്ളതാണു സങ്കല്പമെന്നു കാണാം. രാജാവുതന്നെ ദേവൻ—ആ ദേവൻ, ശിവബലിയാണ്—ശിവനായിരിക്കുന്ന ബലി (ദൈവം) ഇതിൻെറ പേരിലാണ് നിത്യം ശീവേലി നടത്തുന്നതു്.

അനാചാരങ്ങളുടെ അഗ്രിമസ്ഥാനമിരിക്കുന്നതു് ഒരു ഗൃഹത്തിൽ അച്ഛനോ അമ്മയോ മരണപ്പെട്ടാലാണ്; അപ്പോൾ മക്കൾക്ക് പുല ഉണ്ടെന്നു പറയുന്നു. ഇത്രവലിയ വിഡ്ഢിത്തരം വേറെ വരാനില്ല. ബ്രാഹ്മണമതത്തെ പിൻതാങ്ങുന്ന പുല, ബുദ്ധിയുള്ള സമുദായക്കാർ ഉപേക്ഷിക്കുകയും തൽസ്ഥാനത്തു അഞ്ചു ദിവസം പ്രാർത്ഥന നടത്തുകയും ചെയ്യണം. അഞ്ചുദിവസത്തെ ദുഃഖാചരണം തീർന്നാൽ പിന്നെ നാൽപത്തിഒന്നാമത്തെ ദിവസം ഒരു ദിവസത്തെ വ്രതം മതിയാകും. ഗൃഹം പണയത്തിലാക്കി കർമ്മങ്ങൾ നടത്തി മുടിയുന്നവർക്കു ഒരനുഗ്രഹമാണ് ഈ ഉപദേശം. രാമേശ്വരത്തും മററും പോയി ബ്രാഹ്മണദാനം നിർവ്വഹിക്കുന്ന ദയനീയമായ കാഴ്ച ആവർത്തിക്കാതെയിരിക്കണമെങ്കിൽ ഇതിൻെറ അടിയിൽ കാണുന്ന മേൽവിലാസത്തിൽ എഴുതുക; പണച്ചിലവില്ലാത്ത പരിപാടി നിങ്ങൾക്കു ലഭിക്കും.

എല്ലാ ശ്രീനാരായണക്ഷേത്രഭരണാധികാരികളും യോജിച്ചു കേരളാടിസ്ഥാനത്തിൽ ഒരു അഡ്വൈസറി കമ്മിററി രൂപവൽക്കരിക്കുകയും ആ കമ്മിററിയുടെ ചർച്ചയിൽ തീരുമാ

ന്നിക്കുന്ന നടപടികളെ സമുദായം സ്വീകരിക്കയും ചെയ്യുന്നതു ഭാവിപരമ്പരയ്ക്കു് ഒരു അനുഗ്രഹമായിരിക്കും; പണച്ചിലവില്ലാത്തതും ശുദ്ധവുമായ വൈദികം എല്ലാ മനുഷ്യനും ആവശ്യംതന്നെയാണ്— 75 വർഷങ്ങൾക്കുമുൻപ് ഹൈന്ദവമത വനാന്തരങ്ങളിലേക്ക് വീശിയ ശ്രീനാരായണതത്വപ്രകാശം ദിനംപ്രതി വലിയ മാററങ്ങൾ വരുത്തിക്കൊണ്ടിരിക്കയാണ് ചെയ്യുന്നതു്.

## ക്ഷേത്രത്തിൽ പൂജ

ക്ഷേത്രത്തിൽ പൂജ ഒരു അത്യാവശ്യമല്ല എന്നു സ്വാമി ശിവഗിരിമഠത്തിലെ ശാരദാപ്രതിഷ്ഠമൂലം കാണിച്ചുതന്നിരിക്കുന്നു. ഒരു ഭക്തനു വേണമെങ്കിൽ സ്വന്തനിലയിൽ പൂജ നടത്താം; മററൊരാളെക്കൊണ്ടു ചെയ്യിക്കുന്ന പൂജയുടെ ഫലം ഒരു വിശ്വാസംമാത്രമാണ് ഇതൊക്കെ ശരിയായി ചിന്തിച്ചു പരിഷ്കരിക്കേണ്ടതാണ്. ജന്മാന്തരഫലം വന്നുചേരാതെ ഒരിക്കലും നിന്നുപോകുന്നില്ല; ഈ തത്വമറിയാതെ പ്രതിഫലംനേർന്നു പ്രാൎത്ഥിക്കുന്ന രീതി മിക്കവാറും എല്ലാ മതക്കാൎക്കുമുണ്ടു്. ഒരു ദേവനും, ദേവിയും മനുഷ്യന്റെ കർമ്മഫലങ്ങളെ മാററാനും കുറിക്കാനും ശക്തരല്ലെന്നും ഈശ്വരപ്രാൎത്ഥനമാത്രം മതി എന്നും ദൃഢമായി വിശ്വസിക്കുന്നവരാണ് രക്ഷപ്പെടുന്നതു്. പ്രതിഫലം പറഞ്ഞു പ്രാൎത്ഥിക്കരുതു്; പ്രാൎത്ഥന എന്നാൽ ദൈവത്തെ സ്തുതിക്കുകയാണ്. ക്ഷേത്രം, പള്ളി എന്നീ ദേവാലയങ്ങളെ നമ്മൾ വ്യവസായശാലകളാക്കി മാററരുതു്— എല്ലാ ഹൃദയങ്ങളേയും അറിയുന്ന ദേവൻ ഏകനാണ്. അവനുമാത്രമാണ് സ്തുതി— അവന്റെ നാമം, അല്ലാഹ എന്നോ. ക്രിസ്തു എന്നോ, ശിവനെന്നോ, കൃഷ്ണനെന്നോ, നാരായണൻ എന്നോ ഏതു നാമമാണ ഒരുവനു വിശ്വാസം അതിൽ ഉറപ്പിക്കണം

## ക്ഷേത്രത്തെപ്പററി സ്വാമി കല്പിച്ചിരിക്കുന്നതു്

XXX ക്ഷേത്രം ഒരററത്തു അവിടെ ഇരിക്കട്ടെ- നാലുപുറവും നല്ല പൂന്തോട്ടമുണ്ടാക്കണം - നല്ല വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കണം; അതിനുചുററും തറകൾ കെട്ടണം; വൃത്തിയും ഭംഗിയുമുള്ള സ്ഥലമായാൽ ജനങ്ങൾ വന്നിരിക്കും. എല്ലാ ക്ഷേത്രങ്ങളിലും വായനശാലകളുണ്ടായിരിക്കണം; എല്ലാ മതഗ്രന്ഥങ്ങളെയും ശേഖരിച്ചു പഠിപ്പിക്കണം- കുളിച്ചു വൃത്തിയായി ഈശ്വരധ്യാനം ചെയ്യുകയും നല്ല കാററു ശ്വസിക്കയുംചെയ്താൽതന്നെ രോഗങ്ങൾ മാറുമല്ലോ, എല്ലാം ആലോചിച്ചു വേണ്ടതുപോലെ കൊണ്ടുപോകണം XXX ഒരു ക്ഷേത്രത്തെക്കൊണ്ടു ജനങ്ങൾക്കു് ഉപകാരമുണ്ടാകണമെന്നുള്ള പ്രായോഗിക പരിപാടിയാണു് സ്വാമി ഇവിടെ നിർദ്ദേശിച്ചിരിക്കുന്നതു് ഇതിനുവേണ്ടി ജനങ്ങളാണു് മുൻകൈ എടുക്കേണ്ടതു് XXX-

## ലഘുജീവചരിത്രം

ശ്രീനാരായണഗുരു ആരാണെന്നറിയാത്ത ഇന്നത്തെ യുവലോകത്തെ ഉദ്ദേശിച്ചാണു് ഈ ലഘുജീവിതചരിത്രം എഴുതി പുറത്തുകൊണ്ടുവന്നിരിക്കുന്നതു്. കാലം കഴിഞ്ഞുപോയ മഹാപുരുഷന്മാരുടെ ജീവിതത്തിൽനിന്നാണു് ഭാവിപരമ്പരകൾ അവരുടെ ഉൽക്കർഷത്തിനുള്ള ലക്ഷ്യങ്ങൾ കണ്ടുപിടിക്കേണ്ടതു് അന്യക്കു കുറവുള്ള ജ്ഞാനധനസമ്പാദനത്തിനു ചരിത്രം വളരെ അധികം ഉപകരിക്കുന്നതാണു്; ആ സൽഫലം ഈ ചെറുഗ്രന്ഥംകൊണ്ടുണ്ടാകുമെങ്കിൽ എന്റെ ഉദ്യമം സഫലമാണു്.

ഈ പുസ്തകത്തിന്റെ കവർപേജു് തയാറാക്കിയ ആർട്ടിസ്റ്റ് ശ്രീ ബാലനും, ഡിസൈനേർസ് ആൻറ് ബ്ളോക്ക്മെയിക്കേർസ് ശ്രീ. ലക്ഷ്മണൻ ആൻറ് വാസുവിനും ഈ സഭയുടെ പേരിൽ നന്ദി രേഖപ്പെടുത്തിയിരിക്കുന്നു- വിശേഷാൽ ഈ ചരിത്രപുസ്തകത്തിനു ഉജ്ജ്വലമായൊരു വിചിന്തനം എഴുതിച്ചേ

ത്തിരിക്കുന്ന സുപ്രസിദ്ധ ലേഖകനായ ശ്രീമാൻ ടാററാപുരം സുകുമാരനു സഭയുടെ പേരിൽ എൻെറ ഹാർദ്ദമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നതോടൊപ്പം ഈ പുസ്തകം കാലതാമസമെന്നിയെ പ്രിണ്ടുചെയ്തുതന്ന ശോഭാ പ്രിൻറേഴ്സിൻെറ പ്രവർത്തകരോടുള്ള നന്ദിയും ഇവിടെ മുദ്രണം ചെയ്തിരിക്കുന്നു.

12 July 1962
Ernakulam

കുമാരസ്വാമി സന്ന്യാസി

വർക്കല ശ്രീനാരായണ ധർമ്മ പ്രചരണ സഭയുടെ

86-ാം നമ്പർ പുസ്തകം

## ഭൗതികത്തിലെ രക്ഷാമാർഗ്ഗം

എന്ന പ്രസിദ്ധീകരണത്തിനു പ്രസിദ്ധ സാഹിത്യകാരനായ
എ. ഡി. ഹരിശർമ്മ എഴുതിയ അഭിപ്രായത്തിൽനിന്ന്

---

"XXX ഈ പുസ്തകം സഭയുടെ ഗ്രന്ഥപരമ്പരയിലെ 86-ാം നമ്പർ പ്രസിദ്ധീകരണമാണ് എന്നു പറഞ്ഞാൽ അതിൻെറ പ്രസാധകനായ ശ്രീ കുമാരസ്വാമി സന്ന്യാസി ഇക്കാര്യത്തിൽ ചെയ്തുവരുന്ന അക്ഷീണപരിശ്രമത്തിൻെറ സ്വഭാവവും സ്വരൂപവും വ്യക്തമാകുന്നുണ്ടല്ലോ XXX ഈ ഗ്രന്ഥത്തിൻെറ കാതലായ ഭാഗം ശ്രീനാരായണധർമ്മത്തെപ്പററിയും മററും വിവരിക്കുന്ന ഉത്തമ ഭാഗമാകുന്നു XXX"

വിശ്വ വന്ദ്യ ഗുരു

# ശ്രീനാരായണൻ

## ലഘുജീവിത ചരിത്രത്തിൽ

## — ഒരു വിചിന്തനം —

---

എറണാകുളം 13-7-'62 ടാററാപുരം സുകുമാരൻ.

പ്രകൃതിയിലെ ഏതൊരു ഭീകര വസ്തുവേയും ആരാധിക്കുന്ന കിരാതമായ ഒരു സമ്പ്രദായം പല രാഷ്ട്രങ്ങളിലും മതവിഭാഗങ്ങളിലും നിലനിന്നുപോരുന്നുണ്ട്. ആസാമിലെ ചില പ്രാകൃതവർഗ്ഗക്കാർ കാട്ടിൻ നടുവിലുള്ള ഒരു വലിയ ശിലാഖണ്ഡത്തിൽ നിന്നാണ് തങ്ങളുടെ പ്രപിതാമഹന്മാർ ഉത്ഭവിച്ചതെന്നു ഇന്നും വിശ്വസിക്കുന്നു. ജീവിച്ചിരിക്കുന്ന ചക്രവർത്തിമാരിൽ ദേവത്വം ആരോപിക്കുന്നവരാണ് ജപ്പാൻ ജനത. അർത്ഥശൂന്യമായ ഈ വിശ്വാസപ്രമാണത്തിൽനിന്നു അവരെ വിമുക്തരാക്കുവാൻ കഴിഞ്ഞ ആയിരത്തിഅഞ്ഞൂറുകൊല്ലത്തിനിടയ്ക്ക് നടന്ന പരിശ്രമമൊന്നും സഫലമായിട്ടില്ല. പ്രകൃതിയെ ആരാധിക്കുന്ന ഒരു മതമായി ഇന്നും ജപ്പാനിലെ ഷിൻടൊ മതം നിലകൊള്ളുന്നു. ജപ്പാനിലെ ഷിൻടോ മതാനുയായികളെപ്പോലെ ചാത്തനേയും ചാവുണ്ടിയേയും കണ്ടകാരനേയും വെച്ചു സേവിക്കുന്ന അന്ധവും മൂഢവുമായ ഒരു ആരാധനാക്രമം കേരളത്തിലും നിലനിന്നിരുന്നു. ഇതു തുടർന്നുപോ

യിരുന്നെങ്കിൽ കേരളജനത ജപ്പാനിലെ, ഷിൻടോ മതാനുയായികളെപ്പോലെ അന്ധതയിലാണ്ടുപോയേനെ. അനാചാരബഹുലമായ ഈ അവസ്ഥാവിശേഷത്തിൽ നിന്നു കേരളത്തിലെ ജനങ്ങളെ ഒരു മനുഷ്യസ്നേഹിയുടെ വികാരവായ്പോടെ സമുദ്ധരിക്കുകയാണ് ശ്രീനാരായണൻ ചെയ്തതു്. ആധുനിക ഷിൻടോമതാനുവർത്തികളെപ്പോലെ യുക്തിചിന്തയോ സ്വതന്ത്രചിന്തയോ കൂടിതെ കഴിഞ്ഞുകൂടിയ ജനതയിൽ സ്വതന്ത്രചിന്തയുടെ വെള്ളിവെളിച്ചം ആദ്യമായി പരത്തിയ കർമ്മയോഗിയായിരുന്നു ശ്രീനാരായണൻ. റാംമോഹന്റെയും ദയാനന്ദന്റെയും വിവേകാനന്ദന്റെയും ഗാന്ധിജിയുടേയും ജീവിതലക്ഷ്യങ്ങളുടെ മാഹാത്മ്യം ശ്രീനാരായണനിൽ ഏകോപിച്ചിരുന്നതായി കാണാൻകഴിയും. റാംമോഹനനേയും ദയാനന്ദനേയുംപോലെ ഒരു സാമൂഹ്യപരിഷ്കർത്താവായും, വിവേകാനന്ദനെപ്പോലെ ആദ്ധ്യാത്മ്യചിന്താധുരന്ധരനായും, ഗാന്ധിജിയെപ്പോലെ അക്രമരാഹിത്യമാർഗ്ഗം സ്വീകരിച്ച ഒരു മഹാത്മാവായും ഏക കാലത്തു് ശ്രീനാരായണൻ വിജയിച്ചിരുന്നു. സാമൂഹ്യമായ രോഗങ്ങൾ ചികിത്സിച്ചുമാററുന്നതിൽ സ്വാമികൾ ഒരു വൈദ്യന്റെ വൈദഗ്ദ്ധ്യംതന്നെ പ്രകടിപ്പിച്ചു. അദ്ദേഹം ശാന്തസ്വരത്തിൽ സംസാരിച്ചു; ജനങ്ങളുടെ കൂടെ സഞ്ചരിച്ചു; വെറും ആത്മീയശക്തികൊണ്ടു ജനതയെ പ്രബുദ്ധരാക്കി. ഇങ്ങിനെ കേരളീയരുടെ ജീവിതവും ആത്മാവുമായി അഭേദ്യമായി ബന്ധപ്പെട്ട ശ്രീനാരായണ ഗുരു സ്വാമികളുടെ സേവനങ്ങൾക്കും സന്ദേശ

ങ്ങൾക്കും കേരളത്തിൽ മാത്രമല്ല, പുറത്തും കാര്യമായ പ്രചരണം ലഭിക്കേണ്ടതാണ്. ആ സന്ദേശങ്ങൾക്ക അതർഹിക്കുന്ന പ്രചരണം ഇനിയും ലഭിച്ചിട്ടില്ലെന്നുള്ളതു തികച്ചും ഖേദകരംതന്നെ. ശ്രീനാരായണസന്ദേശപ്രചരണത്തെ ആസ്പദമാക്കി കേരളത്തിൽ സ്ഥാപിതമായിട്ടുള്ള സംഘടനകൾ പലതും ഇക്കാര്യത്തിൽ ആക്ഷേപാർഹമായ അലസതയാണ് കൈക്കൊണ്ടുകാണുന്നതു്. ഇത്തരുണത്തിൽ കഴിഞ്ഞ 27 വർഷക്കാലമായി കേരളക്കരയിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന വർക്കല ശ്രീനാരായണ ധർമ്മപ്രചരണസഭയുടെ പേരിൽ അതിൻെറ സ്ഥാപകനും കർമ്മയോഗിയുമായ ശ്രീമത് കുമാരസ്വാമി സന്ന്യാസിയുടെ സേവനങ്ങൾ ശ്രീനാരായണസാഹിത്യത്തിൻെറയും ശ്രീനാരായണ സന്ദേശത്തിൻെറയും പ്രചരണത്തിനു കാര്യമായി സഹായിച്ചിട്ടുണ്ടെന്നുള്ള വസ്തുത തുറന്നുസമ്മതിച്ചേ തീരു. സാമ്പത്തികമായ കഴിവുകൾ പരിമിതമായിരുന്നിട്ടും ഈ സഭ ഇതിനകം ശ്രീനാരായണ സന്ദേശത്തെക്കുറിച്ചു നൂറിൽപ്പരം ലഘുലേഖകളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നുള്ളതുതന്നെ അഭിനന്ദാർഹമായ ഒരു പ്രവൃത്തിയാണ്. ഇപ്പോഴിതാ വിശ്വവന്ദ്യഗുരു ശ്രീനാരായണൻ എന്ന പേരിൽ സ്വാമികളുടെ ഒരു ലഘു ജീവചരിത്രവും സഭ പ്രസിദ്ധീകരിക്കുന്നു. ശ്രീ കുമാര സ്വാമി സന്ന്യാസി രചിച്ചിട്ടുള്ള ഈ ഗ്രന്ഥം സ്വാമികളുടെ ജീവിതത്തേയും സന്ദേശത്തേയും കുറിച്ച് പഠനാർഹമായ പല വസ്തുതകളും അടങ്ങിയതാണ്. "ചരി

ത്രത്തിൻെറ അടിസ്ഥാനത്തിൽ സംഭവപരമ്പരകളുടെ കാലനിർണ്ണയത്തോടുകൂടി സത്യസന്ധമായിട്ടാണു് ഈ ജീവചരിത്രം രചിച്ചിട്ടുള്ളതെന്നു" ഗ്രന്ഥകത്താവുതന്നെ ആമുഖത്തിൽ വ്യക്തമാക്കുന്നുണ്ടു്. ശ്രീനാരായണസന്ദേശത്തിലേക്കും ആ മഹാപുരുഷൻെറ ജീവിതത്തിലേക്കും വെളിച്ചംവീശുന്ന പല സംഭവങ്ങളും ഈ ഗ്രന്ഥത്തിൽ ക്രോഡീകരിച്ചിരിക്കുന്നതു് ഭാവി ജീവചരിത്രകാരന്മാക്കു് സഹായകമാവും. ഗ്രന്ഥത്തിൽ വിവാദപരമായ ചില കാര്യങ്ങൾ ഉൾകൊള്ളിച്ചിട്ടുള്ളതു് ചിലരുടെ നെററിചുളിപ്പിക്കാൻ ഇടയായേക്കാം. ശ്രീ കുമാരസ്വാമി സന്യാസിയുടെ ശൈലിക്കു നല്ല മൂർച്ചയുണ്ടു്. കുറിക്കു കൊള്ളുന്ന വാചകങ്ങളിൽ ആദ്ധ്യാത്മീകമായ ഗഹന കാര്യങ്ങൾ ലളിതമായി അവതരിപ്പിക്കാനുള്ള ഗ്രന്ഥകാരൻെറ കഴിവു പ്രശംസനീയമാണു്. വിശ്വവന്ദ്യഗുരു ശ്രീനാരായണൻ എന്ന ഈ ഗ്രന്ഥത്തിനു അനേകം പതിപ്പുകളുണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു ഈ വിചിന്തനം ഇവിടെ അവസാനിപ്പിക്കട്ടെ.

# ശ്രീനാരായണഗുരു

## ലഘു ജീവിതചരിത്രം

---

ശ്രീനാരായണഗുരു ഒരു മനുഷ്യനായിരുന്നു; അതെസമയത്തുതന്നെ ത്രികാലജ്ഞാനിയായ ഒരു ദേവനുമായിരുന്നു മരണസ്വഭാവത്തോടുകൂടിയ അദ്ദേഹത്തിന്റെ ശരീരം വീണുപോയതു നമ്മൾ കണ്ടു.

എന്നാൽ അമരനായ നാരായണൻ ഇന്നും ജ്യോതിസ്വരൂപനായിരിക്കുന്നുണ്ട്.

നമ്മളെല്ലാം ജനിച്ചുവളർന്നതുപോലെ ഒരു കുടുംബത്തിൽനിന്നും വളർന്ന നാരായണൻ അമരനായ ഒരതിമനുഷ്യനായിരുന്നു എന്നറിയപ്പെട്ടതു് ആ മഹാപുരുഷന്റെ ലക്ഷ്യപ്രാപ്തിയിൽനിന്നായിരുന്നു.

നമ്മുടെ യുവാക്കന്മാർ Graduate ഗ്രാജ്വേററ് ആകുന്നതും മററു ശാസ്ത്രങ്ങളിൽ ബിരുദംനേടുന്നതും വ്യവസായങ്ങളിലേർപ്പെടുന്നതും മററും ജീവിതായോധനത്തിൽ മുന്നേറിവന്നു വിജയം വരിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണല്ലോ. ആ വിജയത്തിന്റെ വ്യാഖ്യാനം സുഖഭൂയിഷ്ഠമായ ഇഹലോകജീവിതം എന്നത്രെ. പണമുണ്ടെങ്കിൽ ഏതു ക്ലേശത്തേയും വിജയപൂർവ്വം നേരിടാം എന്നുള്ള ഒരു ആന്തരികധൈര്യത്തെ പോഷിപ്പിക്കാനുള്ള ധനസമ്പാദനമാർഗ്ഗത്തിൽ ഒരിക്കലും ആരും മടിയനായി ഇരിക്കുന്നും ഇല്ല.

എന്നാൽ ശ്രീനാരായണൻ നമ്മുടെ യുവജനങ്ങളുടെ ജീവിതരീതിയിൽനിന്നും തീരെ വ്യത്യസ്ഥമായ മറെറാരു മാർഗ്ഗമാണ് സ്വീകരിച്ചിരുന്നതു്; ഈശ്വരസാക്ഷാൽകാരമായിരുന്നു ശ്രീനാരായണൻെറ ലക്ഷ്യം– ജന്മസിദ്ധമായ ജ്ഞാനബലമുള്ള ആത്മാവായിരുന്നതുകൊണ്ടു ലൗകികമായ പ്രലോഭനങ്ങളൊന്നിലും മറിഞ്ഞുപോകാതെ സത്യാത്മാവിനെ സക്ഷാൽകരിക്കുവാനുള്ള പരിശ്രമത്തിൽക്കൂടെയാണ് മുന്നോട്ടുനീങ്ങിയതു്. വിഷയേച്ഛകളെയെല്ലാം ജ്ഞാനശക്തികൊണ്ടു ചുട്ടെരിച്ചുതുടങ്ങുമ്പോൾ കാലം ദേശം, നിമിത്തം എന്നീ ദൃശ്യവസ്തുബോധവും അഭ്യന്തരമായ ചിന്താകുസുമങ്ങളും സ്വയമേവ കെട്ടടങ്ങുകയും ആദ്യന്തരഹിതമായ പരംജ്യോതിരാത്മാ പ്രകാശിക്കുകയും ചെയ്തതാണ് സ്വാമി പാടിയ സ്വാനുഭവഗീതികളിൽനിന്നും തെളിയുന്നതു്.

ഇങ്ങിനെയൊരു നിർവാണം സിദ്ധിക്കുമ്പോൾ ശരീരം അതിൻെറ പാട്ടിൽ വീണുപോകുയാണ് മിക്കവാറും യോഗീശ്വരന്മാക്കുള്ള അനുഭവം.

ശ്രീനാരായണൻെറ ജനനം ഏതൊ ഒരു മഹാസങ്കല്പത്തിൻെറ ഫലമായതുകൊണ്ടു, ആത്മസാക്ഷാൽക്കാരമുണ്ടായശേഷവും ശരീരം വീണ്ടും പൂർവ്വസ്ഥിതിയിലിരിക്കയും ദൈവാത്മാവോടുകൂടിയ ശ്രീനാരായണഗുരുവിനെ ലോകത്തിനു ലഭിക്കുകയും ചെയ്തു.

സുബ്രഹ്മണ്യസ്തോത്രത്തിലുള്ള ഒരു പാട്ടിൽ ഇവിടെ പറഞ്ഞ മഹാ സങ്കല്പമിരിക്കുന്നു എന്നാണ് നമ്മുടെ പക്ഷം!

സ്പഷ്ടംനിലാവങ്ങുനീങ്ങി, ദിനകരനുദയം
ചെയ്തു ചന്ദ്രൻ മറഞ്ഞു,
തട്ടിതട്ടിപ്പെരുക്കിപ്പെരുവെളിയതിലാ-
ക്കീട്ടുവാൻ പിന്നെയാട്ടെ;

കഷ്ടം ദീനംപിടിച്ചോ, മദിരയതുകുടിച്ചോ
കിടക്കുന്ന ലോകക്കു-
ത്തിപ്പോത്തിപ്പു ശീഘ്രം നദിയിൽ
മുഴുകുവാൻ, കാലമായ്‌വന്നിതിപ്പോൾ

മനുഷ്യത്വമാകുന്ന ചിത്തവൃത്തികളെല്ലാം പരാശക്തിയുടെ മായാകാരങ്ങളായി മാറിയ അറിവാണ് അവധൂതജീവിതത്തിലെ നിലാവ് എന്നു ഉപമാലങ്കാരഭാഷയിൽ പാടിയിരിക്കുന്നതു്- ഈ മായാബോധം നീങ്ങിപ്പോകുന്ന അനുഭവം വരുന്നതിനെ ദിനകരനുദയംപെയ്തു എന്നു ഉദ്ഘോഷിച്ചിരിക്കുന്നു. ആദ്യന്തരഹിതമായ പരമാത്മജ്ഞാനമഹസ്സാണ് പെരുവെളി- ഇതിൽ പുനരാവൃത്തിയില്ലാത്ത നിർവാണമാകുന്നതു പിന്നെയാവട്ടെ; ഇപ്പോൾ ആ ജ്യോതിരാത്മസമുദ്രത്തിലൊന്നു മുങ്ങിനിവർന്നാൽ മതിയാകും- വീണ്ടും ശരീരത്തിലിരിക്കാനൊരു വ്യക്തിത്വം വേണ്ടിയിരിക്കുന്നു- അതെന്തിനായിരുന്നു? ലോകവാസികളെല്ലാം മദ്യം സേവിച്ചോ, രോഗബാധിതരായോ സത്യാത്മാവിനെ അറിയുവാൻ കഴിവില്ലാതെ മത്തരായി കിടക്കുകയാണ്. അവരെ ഉദ്ധരിപ്പിക്കുന്നതിനുവേണ്ടി, ലോകസേവനംചെയ്യുന്നതിനുവേണ്ടി വീണ്ടും ശരീരത്തിലേക്കു വരേണ്ടിയിരിക്കുന്നു............ ഇതാണ് സങ്കല്പം.

ഹിന്ദുക്കളെല്ലാം വർണ്ണധർമ്മത്തിൻെറ ആജ്ഞാശക്തിക്കും പ്രമാണങ്ങൾക്കും വിധേയരായിരുന്നു. സാത്വികആരാധനനടത്തുന്ന ക്ഷേത്രങ്ങളുടെ അധികാരികൾ എന്ന നിലയ്ക്കു ബ്രാഹ്മണരുടെ ആജ്ഞകളെ ഹൈന്ദവരാജാക്കന്മാരും ദേശമുഖ്യന്മാരും ശിരസാ വഹിച്ചുവന്നിരുന്നു. ദേവപൂജ നടത്തുന്നതിനുള്ള തന്ത്രഗ്രന്ഥങ്ങളും മന്ത്രങ്ങളും ഈ ബ്രാഹ്മണർ തന്നെയാണ് എഴുതിവെച്ചിരിക്കുന്നതു്. സംസ്കൃതത്തിലുള്ള ഏതു ശ്ലോകവും മന്ത്രവും അധികാരത്തിൽനിന്നും വന്നതാണെന്നുള്ള ഒരന്ധമായ പാ

രമ്പര്യബോധം കേരളീയരുടെ ഇടയിൽ ഇന്നും നടപ്പുണ്ട്. മററുള്ള ഭാഷകളെപ്പോലെ സംസ്കൃതവും അറബും രണ്ടു ഭാഷ കളാണെന്നുള്ള ശരിയായ അറിവുണ്ടായാൽ മതി.

കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും അവർണ്ണരാണല്ലോ; അൻപതു കൊല്ലങ്ങൾക്കമുമ്പ് കേരളത്തിലെ സവർണ്ണക്ഷേത്ര ങ്ങളുടെ മതിലിൻെറ പുറത്തുള്ള റോഡിൽക്കൂടി നടക്കാൻ ഈ അവർണ്ണക്ക പാടുണ്ടായിരുന്നില്ല. ഈഴവർ (തീയർ) തുടങ്ങി യുള്ള അവർണ്ണവിഭാഗം, പൂണനൂൽവിഭാഗത്തിനുവേണ്ടി ജനി ച്ച വെറും തൊഴിലാളികളാണെന്നുള്ളതിൽകവിഞ്ഞു യാതൊരു ഗണനയും ഉണ്ടായിരുന്നില്ല ക്ഷേത്രമതിലിന്നടുത്തുള്ള പബ്ളി ക്ക് റോഡുകളിൽക്കൂടി പോകാൻ അന്നു ഈഴവനോ, പുലയനോ മതംമാറി ഔസേപ്പോ, അബ്ദുള്ളയൊ ആയാൽ സവർണ്ണക്ക ഒരു വിരോധവുമുണ്ടായിരുന്നില്ല. ഇതിന്റെ സാരം ഈ അ വർണ്ണർ അടിസ്ഥാനപരമായി തങ്ങളുടെ മതക്കാരൊ, ബന്ധമു ള്ളവരൊ അല്ലെന്നുള്ള കഠിനമായ പഴകിയ ചില വൈരങ്ങളാ യിരുന്നു എന്നാണ് വിചാരിക്കാനുള്ളതു്. ഈ നടപടിയുടെ ഫലമായി കൊച്ചിയിലും തിരുവിതാംകൂറിലും നിരവധി അവ ർണ്ണ കുടുംബങ്ങൾ ക്രിസ്ത്യരായും മുസ്ലീങ്ങളായും അവരു ടെ പൗരുഷത്തെ പാലിച്ചുവരികയും വലിയ ഐശ്വര്യത്തിലെ ത്തുകയും ചെയ്തു

ഈ വിടവുണ്ടാക്കിയതു ബ്രാഹ്മണാചാരം മാത്രമാണ്. എന്നിരുന്നാലും നാട്ടുനടപ്പുനോക്കുമ്പോൾ, ക്രൈസ്തവരുടെ ഇട യിലുള്ള തൊഴിലാളികളും മുസ്ലീങ്ങളും ഈഴവർ തുടങ്ങിയുള്ള അവർണ്ണവിഭാഗങ്ങളും തമ്മിലുള്ള സ്നേഹബന്ധത്തിനാണ് ഇ ന്നും ഉറപ്പുകാണുന്നതു്. കാരണം ഇവരുടെയെല്ലാം പൂർവ്വകുടുംബ ങ്ങൾ ഒന്നുതന്നെ ആയിരുന്നു!

അവർണ്ണജനങ്ങളോടു കേരളത്തിലെ സവർണ്ണർ പെരുമാറിവന്ന മനുഷ്യോചിതമല്ലാത്ത ക്രൂരത പ്രകൃ ത്യംബയ്ക്കുതന്നെ വെറുപ്പായിത്തീർന്നു.

# അരുവിപ്പുറം ശിവക്ഷേത്രം

മരുത്വാമലയിലെ ഗുഹയിൽനിന്നും ശിവദർശനമുണ്ടായ നാരായണഗുരു തന്റെ മഹാസങ്കല്പമനുസരിച്ച് വടക്കോട്ടു നീങ്ങുകയും അരുവിപ്പുറത്തെ കുന്നുംപുറത്തുവന്നു വിശ്രമിക്കുകയും ചെയ്തു.

1062-ൽ അവിടെ നെയ്യാറിന്റെ കരയ്ക്കു് ഒരു ശിവക്ഷേത്രം സ്ഥാപിക്കുകയും ബ്രാഹ്മണക്ഷേത്രങ്ങളിലുള്ള സാത്വിക ആരാധനയും ഉത്സവങ്ങളും അവിടെ നടപ്പാക്കുകയും ചെയ്തു

ഈ സ്ഥലം തിരുവനന്തപുരത്തെ രാജകൊട്ടാരത്തിൽനിന്നും ഒൻപതു നാഴികമാത്രം തെക്കുള്ളതാണ്. ബ്രാഹ്മണരല്ലാത്ത ആർക്കും ചെയ്യുവാൻപാടില്ലാത്ത ഒരു പരിശുദ്ധകർമ്മം നടത്തിയ ഒരു ഈഴവനെ അർഹമായ വിധം ശിക്ഷിക്കാൻ അന്നു ആ രാജാവിനു അധികാരമുണ്ടായിരുന്നു. പക്ഷെ ഒരനക്കവുമുണ്ടായില്ല. ശ്രീനാരായണഗുരുവിന്റെ വ്യക്തിമാഹാത്മ്യം കേരളത്തിലെ അവർണ്ണവിഭാഗങ്ങളുടെ ഇടയിൽ പുതിയ ഉണർവ്വും ഉന്മേഷവും ഉളവാക്കിത്തുടങ്ങി.

കേരളത്തിലുണ്ടായ ഈ ആഹ്ലാദത്തിരയടിമൂലം സംസൃഷ്ടമായ ഈഴവരുടെയും തീയരുടെയും സംഘബലത്തിന്റെ ഫലമായി തുടർച്ചയായി നിരവധി അവർണ്ണ ശിവക്ഷേത്രങ്ങൾ കേരളക്കരയിൽ ഉയർന്നുതുടങ്ങുകയും ചെയ്തു.

ഭാരതത്തിലെ ബ്രാഹ്മണവൈദികശക്തിയുടെ ഹൃദയത്തിലേക്കുചെന്ന ഒരു ആഗ്നേയാസ്ത്രമായിരുന്നു ഗുരുസ്വാമിയുടെ ശിവക്ഷേത്രസ്ഥാപനപ്രസ്ഥാനമെന്നു പറഞ്ഞാൽ അതിശയോക്തിയാകയില്ല.

രണ്ടായിരത്തിഅഞ്ഞൂറു കൊല്ലങ്ങൾക്കുമുമ്പ് ബ്രാഹ്മണവൈദികത്തിന്നെതിരായി ധർമ്മോപദേശം ചെയ്തിരുന്ന ശ്രീബുദ്ധദേവനും, 450 കൊല്ലങ്ങൾക്കുമുമ്പ് ബ്രാഹ്മണമതത്തെ നീ

രസിച്ച ഗുരുനാനക്കും, കേരളത്തിൽ ശ്രീനാരായണഗുരു നിശ്ശബ്ദമായി നിർവഹിച്ച ക്ഷേത്രസ്ഥാപനപരിപാടിയുടെ ജ്ഞാനമഹത്വത്തിൽനിന്നും അല്പം താണപടിയിലാണ് നില്ക്കുന്നതു്. കേരളത്തിൽ ബുദ്ധധർമ്മം സ്ഥാപിക്കണമെന്നു പ്രസംഗിക്കുന്ന ധീരന്മാർ ശാന്തമായി ഒരുകാര്യം ആലോചിക്കാനുണ്ടു്; മത്സ്യമാംസങ്ങൾ ഭക്ഷിക്കുന്നതു ഹിംസയാണെങ്കിൽ അവിടെ ബുദ്ധധർമ്മമില്ല; എന്നാൽ ആ പാവനമായ അഹിംസ പാലിക്കുന്ന ശിവക്ഷേത്രങ്ങളിലെ ഉത്തമസംസ്കാരം ബുദ്ധൻെറ ധർമ്മത്തെ പാലിക്കുകയാണല്ലൊ ചെയ്തുവരുന്നതു്. ബുദ്ധധർമ്മത്തിനു വിപരീതമായതെല്ലാം ചെയ്യുകയും, ബുദ്ധധർമ്മാനുസാരി എന്നു എഴുതുകയും ചെയ്യുന്നതു ഏതു ധർമ്മത്തിനു യോജിച്ചതാകുമെന്നു പുന:പരിശോധന ചെയ്യേണ്ടതാകുന്നു. ജാതിവിരോധം മാററിയാൽ ബ്രാഹ്മണാചാരങ്ങൾ നല്ല സംസ്കാരങ്ങളെ ഉൾക്കൊള്ളുന്നവയാണ്. എല്ലാ മനുഷ്യരും ഉത്തമ സംസ്കാരയുക്തന്മാരായി ഉയരണമെന്നു ശ്രീനാരായണഗുരു അഭിലഷിച്ചു. അരുവിപ്പുറത്തെ ക്ഷേത്രമതിലിന്മേൽ ചുവടെ പറയുന്ന സന്ദേശം സ്വാമി എഴുതിവെയ്പിച്ചിരുന്നു.

"ജാതിഭേദം മതദ്വേഷം
ഏതുംകൂടാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിതു്"

അരുവിപ്പുറത്തു് സ്വാമി ഒരു ശിവക്ഷേത്രം സ്ഥാപിച്ചിരിക്കുന്ന വിവരവും സ്വാമിയുടെ വ്യക്തിമാഹാത്മ്യത്താൽ നാട്ടിൻെറ നാനാഭാഗങ്ങളിലും ജനങ്ങൾക്കു് ലഭിച്ചുവരുന്ന നാനാപ്രകാരത്തിലുള്ള രോഗശാന്തിയും അനുഗ്രഹവും കേരളത്തിലങ്ങോളമിങ്ങോളമുള്ള ഈഴവ (തീയ) ജനങ്ങളുടെ ഇടയിൽ ഒരു നവചൈതന്യവും അഭിമാനവും യോജിച്ചുനില്ക്കാനുള്ളൊരു പ്രേരണ

യും സ്വയമേവ പ്രകാശിച്ചുതുടങ്ങി ഇതോടൊപ്പം നിരവധി ശിവക്ഷേത്രങ്ങൾ ഈഴവ (തീയ) ജനതയുടെ സ്വാധീനശക്തിയുള്ള സ്ഥലങ്ങളിൽ ഉയരുകയും ചെയ്തു

സാധാരണ ജനങ്ങളുടെ ഉൾക്കണ്ണുകൾ തുറന്നു- ജാതിയുടെയും മതത്തിൻെറയും പേരിൽ അവർണ്ണ ജനവിഭാഗങ്ങൾ മററുള്ളവരുടെ മുമ്പിൽ ഭയഭക്തിയോടുകൂടി പെരുമാറിക്കൊണ്ടുവന്ന അടിമമനസ്ഥിതികളെല്ലാം പാതാളത്തിലേക്കു പോയി. ആരുടെ മുമ്പിലും ആർക്കും നട്ടെല്ലു വളയാതെനിന്നു കാര്യം പറയാം എന്നുള്ള മാനസികമായ ഒരു പരിവത്തനമാണ് കേരളത്തിൽ സംജാതമായതു്.

പ്രാചീനമായ പാരമ്പര്യത്തിലുള്ള മൂഢവിശ്വാസങ്ങളെല്ലാം പമ്പകടന്നു തീയരുടെ ക്ഷേത്രങ്ങളിലുള്ള ദേവനും ബ്രാഹ്മണക്ഷേത്രത്തിലുള്ള ദേവനും ഒന്നുതന്നെ; യാതൊരു ഭേദവുമില്ലെന്നുള്ള സമതാബോധം വികസിച്ചുതുടങ്ങി. സവർണ്ണക്ഷേത്രങ്ങളിൽ എന്തൊ പരിപാവനത്വം ഇരിക്കുന്നു എന്നുള്ള പഴയ ബോധം മാറിപ്പോയതുകൂടാതെ എല്ലാ രഹസ്യങ്ങളും എല്ലാപേക്കും അറിയുവാനുള്ള സൗകര്യങ്ങളും വന്നുകൂടി.

ശ്രീനാരായണക്ഷേത്രങ്ങളിൽ വിശ്വാസമുള്ള ആക്കും കടന്നുചെന്നു തൊഴാനുള്ള സ്വാതന്ത്ര്യത്തിനുപുറമെ, സാത്വികആരാധന നടത്തുന്ന ഈ ക്ഷേത്രസാമീപ്യത്താൽ ശുദ്ധമായ സംസ്കാരങ്ങൾ ജനതയിലുളവാകുവാൻ സ്ത്രീപുരുഷന്മാക്കു സൗകര്യം നൽകുന്ന എന്നുള്ള ഭക്തിമാർഗ്ഗം ഏതുകാലത്തും ആദരണീയമാണു്.

അവർണ്ണജനങ്ങളുടെ ഏടയാന്തർഭാഗത്തുള്ള ബ്രാഹ്മണഭയവും മതഭേദവിചാരവും മാറിക്കൊണ്ടുവരുന്ന ഈ കാലഘട്ടത്തിൽ ഈഴവജനതയുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടി ഡാക്ടർ പല്പു അവർകൾ ഗവൺമെണ്ടിൽ പലേ നിവേദനങ്ങളും

നടത്തിവരികയായിരുന്ന അദ്ദേഹം സ്വാമിതൃപ്പാദങ്ങളെ സന്ദർശിക്കുകയും ആ സന്ദർശനത്തിൻെറ ഫലമായി "ശ്രീനാരായണ ധർമ്മപരിപാലന യോഗം" എന്ന നാമധേയത്തിലൊരു സംഘടന റജിസ്റ്റർചെയ്യുവാനും സാധിച്ചു. അതു നടന്നതു അരുവിപ്പുറത്തെ പ്രതിഷ്ഠ നടന്നതിൻെറശേഷം 15 വർഷങ്ങൾ കഴിഞ്ഞിട്ടായിരുന്നു 1078-ലാണു് യോഗം റജിസ്റ്ററാക്കിയിരുന്നതു്. ഈഴവ (തീയ) ജനതയുടെ രാഷ്ട്രീയസ്വാതന്ത്ര്യം സ്ഥാപിച്ചുകിട്ടുന്നതിനുപുറമെ ന്യൂനപക്ഷക്കാരായ ജനങ്ങളുടെ കാര്യങ്ങളും യോഗത്തിൻെറ ശ്രമങ്ങളിൽ പെട്ടിരുന്നതാണു്. ഇതിനൊരു വലിയ ചരിത്രമുള്ളതുകൊണ്ടു ആ ഭാഗം തല്ക്കാലം വിടുന്നു

## ശിവഗിരിമഠം

യോഗം റജിസ്റ്റർകഴിഞ്ഞതിൻെറ ശേഷം സ്വാമി വക്കലയിലെ ചെറുകുന്നു എന്ന സ്ഥലത്തു വന്നു വിശ്രമിക്കുകയും ആകുന്നു ഗവൺമെണ്ടിൽനിന്നും പതിപ്പിച്ചുവാങ്ങിയശേഷം അവിടെ കുറച്ചുനാൾ വിശ്രമിച്ചിരിക്കയും ചെയ്തു. സ്വാമി വക്കലയിലിരിക്കുന്ന വാൎത്ത അറിഞ്ഞു ജനങ്ങൾ ആ കുന്നിലേക്കു തീൎത്ഥയാത്രപോലെ വരവു തുടങ്ങി. വളരെ താമസിയാതെ ആകുന്നിനു ശിവഗിരി എന്നു് സ്വാമി നാമകരണം ചെയ്തു. പിന്നീടാണു് അവിടെ ശ്രീശാരദാ പ്രതിഷ്ഠ നടത്തിയതു്. എന്നാൽ ശാരദാമന്ദിരം എട്ടുപട്ടത്തിലുള്ള ഒരു മഠമാണു്. ഒരു ക്ഷേത്രത്തിനേക്കാൾ ഇതിനു ഒരു വിഹാരത്തിനോടാണു് യോജിപ്പു കാണുന്നതു്. ഈ മഠത്തിന്നു കിഴക്കും പടിഞ്ഞാറും രണ്ടു വാതിലുകളും കണ്ണാടിവെച്ച ജനലുകളും ഉണ്ടു്. ആദ്യത്തെ അരുവിപ്പുറം ക്ഷേത്രവും ബ്രാഹ്മണമാതൃകയിലല്ല പണ്ണിതിരിക്കുന്നതു്. അവിടെ കൊടിമരവും നാലുകെട്ടും മറവും ഇല്ല. ശിവഗിരിമഠത്തിലെ ശാരദാദേവി, പത്മാസനസ്ഥയായി വിര

ജിക്കുന്നു എന്നല്ലാതെ അവിടെ യാതൊരു പൂജയും നൈവേദ്യവും നടത്തിയിരുന്നില്ല. പ്രതിഷ്ഠകഴിഞ്ഞ ഉടനെതന്നെ ആ നടപടി സ്വാമി തടഞ്ഞിരുന്നതാണു്. ഇങ്ങിനെ രണ്ടാമത്തെ പ്രസ്ഥാനത്തിൽ സ്വാമി കാണിച്ചിരിക്കുന്ന മാതൃകയെ പകർത്തുവാൻ ജനത വളർന്നില്ലെന്നു പറയാതിരിക്കാൻ വയ്യ.

കണ്ണാടിപ്രതിഷ്ഠയുടെ വേദാന്തവും മററും ഭംഗിയായി പ്രസംഗിക്കുന്ന യുക്തിവാദികൾ, ഈ ശാരദാപ്രതിഷ്ഠയുടെ മാതൃകയെപ്പററി ഒന്നും പറഞ്ഞുകേൾക്കുന്നില്ല. വിഗ്രഹാരാധനയിൽ ഒരുപടി കയറിനില്ക്കുന്ന സ്ഥാനമാണു് ശിവഗിരിയിലെ ശാരദാദേവിക്കുള്ളതു് എന്നു നമ്മുടെ ജനങ്ങൾ ഇനിയും മനസ്സിലാക്കിയിട്ടില്ല; വിഗ്രഹത്തിൽ അർച്ചനചെയ്യണമെന്നുള്ള നിർബ്ബന്ധത്തെയാണു സ്വാമി തടഞ്ഞിരിക്കുന്നതു്.

ആത്മജ്ഞാനമാർഗ്ഗത്തിൽ ഒരു പ്രൈമറി ക്ലാസ്സാണു് വിഗ്രഹാരാധനയെങ്കിൽ, ആ മാർഗ്ഗത്തിൽ ഒരു ഉയർന്ന ക്ലാസ്സാണു് പൂജയില്ലാത്ത പ്രതിഷ്ഠ എന്നാണു് ഗ്രഹിക്കേണ്ടതു്. നമ്മുടെ ജനനേതാക്കന്മാർ കൊല്ലത്തു ശ്രീനാരായണകോളേജിൻെറ ഒരററത്തു ശിവഗിരിയിലെ ശാരദാമഠത്തിൻെറ മാതൃകയിലൊരു ക്ഷേത്രമുണ്ടാക്കുകയും കല്ലുകൊണ്ടു ദേവിയെ ഉണ്ടാക്കി സാധാരണപോലെ പൂജകൾ നടത്തിവരികയും ചെയ്യുന്നുവല്ലോ. ധാരാളം വിവാഹങ്ങൾ അവിടെ നടക്കുന്നുണ്ടു്. അപ്പോൾ ആലോചിച്ചുനോക്കണം; മനുഷ്യൻ എങ്ങിനെയാണു് നന്നാവുക എന്നു്; ധനമുണ്ടാക്കാനുള്ള പ്ലാനാണു് മനുഷ്യൻെറ നോട്ടം.

സ്വാമി ശിവഗിരിയിൽ സ്ഥലം വിലക്കുവാങ്ങിയ ശേഷം ശാരദാമഠം തൻെറ പ്ലാൻ അനുസരിച്ചു നിർമ്മിച്ചുകൊണ്ടാണു് അതൊരു മാതൃകയായി ഇന്നും സ്ഥി

തിചെയ്യുന്നതു്. പ്രത്യുത, ആ കന്ന ജനങ്ങളുടെ സ്ഥലമായിരുന്നുഎങ്കിൽ അവിടെ ജനഹിതംതന്നെ നടക്കമായിരുന്നു; ജനഹിതം, എന്നാൽ കൊട്ടും പാട്ടും തുള്ളലും ഒക്കെതന്നെയാണല്ലോ.

## അദ്വൈതാശ്രമത്തിൽ എല്ലാ മതസ്ഥന്മാർക്കും സ്ഥാനം

ശ്രീശാരദാ പ്രതിഷ്ഠ നടന്നതിൻെറശേഷം സ്വാമി വീണ്ടും വടക്കോട്ട നീങ്ങുകയും ആലുവാ പെരിയാറിൻകരയിൽ കുറച്ചു സ്ഥലം വിലയ്ക്കുവാങ്ങുകയും അവിടെ ചെറിയൊരു ആശ്രമമുണ്ടാക്കുകയും ചെയ്തു. ഇന്നറിയപ്പെടുന്ന അദ്വൈതാശ്രമമാണ് സ്വാമിയുടെ മൂന്നാമത്തെ പ്രസ്ഥാനം. മുഖ്യങ്ങളായ ധർമ്മോപദേശങ്ങളും സന്ദേശങ്ങളും സ്വാമി ആലുവാവെച്ചാണ് പ്രഖ്യാപനംചെയ്തിരുന്നതു".

ഇന്ത്യയിൽ ആദ്യമായി ഒരു സർവ്വമതസമ്മേളനം നടന്നതു് ആലുവാവെച്ചായിരുന്നു. ആ സമ്മേളനത്തിലെ സ്വാഗതപ്രസംഗത്തിലാണ് ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നുള്ള ലോകോത്തരമായ ഉപദേശം പ്രഖ്യാപനം ചെയ്തിരുന്നതു്.

സ്വാമിയുടെ ഒന്നാമത്തെ അരുവിപ്പുറത്തെ (ക്ഷേത്രപ്രസ്ഥാനത്തിൽ) ക്ഷേത്രത്തിൽ വിശ്വാസമുള്ള ഏതു മനുഷ്യനും അവിടെ പ്രവേശിച്ചു ആരാധനനടത്തുവാൻ സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ടുണ്ടു്. രണ്ടാമത്തെ ശിവഗിരിമഠത്തിൽ കാണുന്നതു് ബുദ്ധമതകാലത്തിലെ ക്ഷേത്രമാതൃകയാണു്. അവിടെ ശാന്തിമാരുടെ കയ്യാങ്കളിയും പൂജയും പായസനിവേദ്യവുമില്ല. ദേവിയെ അടുത്തുനിന്നു പ്രാർത്ഥിക്കുവാനുള്ള അവകാശമാണ് അവിടെയുള്ളതു്. ജ്ഞാനേശ്വരിയെ ഏതു മതസ്ഥനും

സ്തുതിക്കാമല്ലോ. ബ്രഹ്മം എന്നു പറഞ്ഞാലും അല്ലാഹു എന്നു പറഞ്ഞാലും പരമാത്മാ എന്നു സംബോധനചെയ്താലും മനസ്സിൻെറ ലക്ഷ്യം ഒന്നുതന്നെ ആയിരിക്കും.

ഈശ്വരൻ എന്നു പറയുമ്പോൾ അവിടെ അൻപ്രത്യയം വന്നതുകൊണ്ടു ഒരു ശരീരം എന്നു ഉടനെ ആക്ഷം തോന്നും; എല്ലാ സ്കന്ധങ്ങളിലും (രൂപം, സംജ്ഞ, വേദന, സംസ്കാരം, വിജ്ഞാനം ഇങ്ങിനെ സ്കന്ധങ്ങൾ അഞ്ചാകുന്നു) അറിവുരൂപത്തിൽ സ്ഫുരിക്കുന്ന ആത്മാ, മനുഷ്യരുടെ ഈശ്വരനാണ് എന്നു് പ്രാചീനയോഗികൾ എഴുതിവെച്ചിട്ടുണ്ടു്. ആദികാലത്തു ഭൂമിയിൽ ജീവികളുണ്ടാകാൻ കാരണമായ ആദിത്യൻെറ ഹൃദയത്തിൽ ഒരു മനുഷ്യാകാരം സ്ഥിതിചെയ്യുന്നതുകൊണ്ടു 'അവൻ' എന്നും ഞാൻ എന്നും മററും ഈശ്വരനെ ലക്ഷ്യമാക്കി പറയുന്നതു തെററല്ലെന്നു് വേദാന്തികൾ പറയുന്നു

മൂന്നാമത്തെ സ്ഥാനമായ അദ്വൈതാശ്രമത്തിൽ, ഈശ്വരൻ വേറെ ലൌകികം മററൊന്നു എന്നുള്ള ഭേദവിചാരം കൂടാതെ ഓരോ മനുഷ്യനും ദേവനായിത്തീരാനുള്ള ഉയർന്ന ജ്ഞാനത്തെയാണ് ദർശിക്കേണ്ടതു്. ഏതു മതക്കാരനും അദ്വൈതാശ്രമത്തിൽ വന്നു സ്വതന്ത്രമായി അവനവൻെറ ജ്ഞാനത്തെ മററൊരു മതജ്ഞാനിയുമായി സൌഹൃദപൂർവ്വം ചർച്ചചെയ്യുന്നതിനും പഠിക്കുന്നതിനും യാതൊരു വിരോധവുമില്ലെന്നാണ് ആദ്യത്തെ സർവ്വമതസമ്മേളനത്താൽ സ്വാമി തെളിയിച്ചിരിക്കുന്നതു്. ഈ സ്ഥാപനത്തിൻെറ താക്കോൽ പിടിക്കുന്നവരാണ് ആദ്യം നന്നാവേണ്ടതു്.

ശ്രീനാരായണഗുരു തൻെറ ആത്മതപസ്സുപോലും ജനങ്ങൾക്കുവേണ്ടി ബലിചെയ്തിട്ടുണ്ടു്. അതിൻെറ ഫലമായിട്ടാണു ഇന്നുകാണുന്ന സ്വാതന്ത്ര്യങ്ങളും യുക്തിവാദങ്ങളും ഉണ്ടായിരിക്കുന്നതു്.

## ഗുരുദേവൻ ഒരു കവീശ്വരനായിരുന്നു

കവിതഎഴുതി പുസ്തകമാക്കാനും പ്രചാരമുണ്ടാക്കി വില്പനനടത്തുവാനും സ്വാമി ഉദ്ദേശിച്ചിട്ടില്ലായിരുന്നു. ഒരു ഉപജീവനമാർഗ്ഗമായിട്ടല്ല സ്വാമിയുടെ കവിതകളിരിക്കുന്നതു് സ്വാത്മാനന്ദത്തിനും മററുള്ളവരുടെ പ്രാർത്ഥനയനുസരിച്ചുമാണ് സ്വാമി പാടിയിരുന്നതു്.

ശ്രീനാരായണസാഹിത്യം എന്ന ശീർഷകത്തിൽ ശ്രീ. ടാററാപുരംസുകുമാരൻ ശ്രീകണ്ഠേശ്വരക്ഷേത്രം കനകജൂബിലി സ്മാവനീറിൽ എഴുതിയ ലേഖനത്തിൽ നിന്നു് ഒരു ഖണ്ഡിക ഇവിടെ ഉദ്ധരിക്കുകയാണു്.

[സ്വാമികൾക്കു് അപാരമായ സംസ്കൃതപാണ്ഡിത്യമുണ്ടായിരുന്നു. അതുപോലെതന്നെ തമിഴിലും മലയാളത്തിലും പാരങ്ഗതനായിരുന്നുവെന്നു സ്വാമികളുടെ കവിതകൾ വായിക്കുന്നവക്കു് പകൽ വെളിച്ചംപോലെ സ്പഷ്ടമാകുന്നതാണ്. ദിവ്യസ്തോത്രരത്നാവലിഎന്ന ചെറുപുസ്തകത്തിൽ സ്വാമികളുടെഏതാനും പ്രധാനപ്പെട്ടകവിതകൾ കാണാൻകഴിയുന്നുണ്ടു്. വിലപ്പെട്ട ആദ്ധ്യാത്മികആശയങ്ങളുടെ സമ്മോഹനസമ്മേളനരംഗമാണ് ആത്മോപദേശശതകം. ദൈവദശകം ഒരുഈശ്വരസ്തോത്രമാണു ഏററവും ലളിതമായമലയാളഭാഷയിൽ ശബ്ദസുന്ദരമായ ശൈലിയിലാണ് സ്വാമികൾ ദൈവദശകം രചിച്ചിട്ടുള്ളതു്. സ്വാമികളുടെ ആത്മോപദേശശതകത്തിലെ പല ഉൽബോധനങ്ങളും മലയാളഭാഷയുടേയും സാഹിത്യത്തിൻെറയും മുഖഭാവം തന്നെ മാററിമറിക്കാൻ സഹായകമായവയാണ്. ആധുനിക മലയാളസാഹിത്യത്തെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ ശ്രീനാരായണസന്ദേശവും ശ്രീനാരായണകൃതികളും അതിനു നൽകീട്ടുള്ള പ്രേരണയെക്കുറിച്ചു പലരും വിസ്മരിച്ചുകളയുകയാണ് പതിവു. ഇതു കുററകരമായ ഒരനാസ്ഥയാണെന്നുവേണം പറയുവാൻ– ആധുനിക മലയാളഭാഷയ്ക്കു് തൻെറ സന്ദേശങ്ങൾവഴി പുതിയൊരു മാർഗ്ഗം തെളിയിച്ചുകാട്ടിയ സ്വാമികളെ സാഹിത്യചരിത്രകാരന്മാർ കാണാതെപോയതു കഷ്ടംതന്നെ.

പ്രപഞ്ചവും അറിയപ്പെടുന്ന എല്ലാവും ജഗദീശ്വരിതന്നെ
എന്നുള്ള അദ്വയബോധത്തോടുകൂടി സംഗീതകലയുടെ
സ്വരജ്ഞാനത്തോടും, തികഞ്ഞ പ്രാസഭംഗിയോടും
കൂടി സ്വാമി പാടിയിരിക്കുന്ന "ജനനീ നവ
രത്നമഞ്ജരി" സംക്ഷിപ്തമായൊരു വ്യാ
ഖ്യാനത്തോടുകൂടി ഇവിടെ അവത
രിപ്പിക്കുകയാണ്. ശ്രോത്രാ
നന്ദകരമായ ഈ മഞ്ജരി
അർത്ഥത്തോടുകൂടി
ആക്കും പാരാ
യണംചെയ്യാവുന്ന വിധത്തിൽ
ഒരു ഭക്തൻെറ ഹൃദയത്തിൽനിന്നും വരുന്ന ഒരു സ്തുതിയാണ്.

ശ്രീനാരായണഗുരുദേവ വിരചിതം

# ജനനീ നവരത്ന മഞ്ജരി

(ശ്രീ കുമാരസ്വാമിസന്യാസി എഴുതിയ സുഭാഷിണീ
വ്യാഖ്യാനത്തോടുകൂടിയതു്.)

I

ഒന്നായ മാമതിയിൽനിന്നായിരംത്രിപുടിവ-
ന്നാശു തന്മതിമറ-
ഞ്ഞന്നാദിയിൽ പ്രിയമുണർന്നാടലാം കടലിലൊ-
ന്നായി വീണു വലയും,

എന്നാശയംഗതിപെറം നാദഭ്രമിയിലമ-
ന്നാഭിരാഭപടരും
ചിന്നാഭിയിൽ ത്രിപുടി എന്നാണാറംപടികല-
ന്നാറിടുന്നു ജനനീ!

വ്യാഖ്യാനം:- ഏകാന്തമായി നില്ക്കുന്ന, അപ്രത്യക്ഷ ജോതിരാത്മബോധത്തിൽനിന്നും; ആദിയിലെ ജാഗ്രാവസ്ഥയിൽ ജ്യോതിർലിംഗങ്ങളായ നിരവധി ത്രിപുടിസ്വരൂപങ്ങൾ അയോനിജരായി ഭൂമിയിൽ ശരീരമെടുത്തു. അദ്വയബോധപ്രകാശത്തോടുകൂടിയ ഈ ദേവന്മാർ മനുഷ്യരൂപത്തോടുകൂടിയവരായിരുന്നു. കാലാന്തരത്തിൽ മനുഷ്യർക്കു ആദിമമായ ദിവ്യജ്ഞാനം മറവിയിൽപെട്ടുപോയി. അതിൻെറ സ്ഥാനത്തു ഭൗതിക രസങ്ങളിൽ ആസക്തിയോടുകൂടിയ വാസനാബീജങ്ങളുള്ള ഒരു മനസ്സാണു് ശരീരത്തിനു നാഥനായി, ഞാൻ എന്ന അഹംഭാവത്തോടുകൂടി ഇപ്പോൾ നില്ക്കുന്നതു്. ഈ നിലയിൽ ദുഃഖാർണ്ണവത്തിൽ പെട്ടു ഞാൻ വലയുകയാണു്; വിഷയേന്ദ്രിയങ്ങളുടെ അടിമയായ മനസ്സിനുള്ള സുഖം വെറും ക്ഷണികമാണു്; ദുഃഖവും ആശയുമാണു് ഈ മനസ്സിൻെറ സ്വരൂപം അല്ലയോ ജഗദീശ്വരി! ലോകജനനീ! ചിദ്രൂപമായി വിളങ്ങുന്ന നാദമഹാകാശത്തിൽ പരംജ്യോതിസ്സിനോടു കലരുമാറു എൻെറ ഈ അധഃപതിച്ച ത്രിപുടി എന്നാണു് ഉടഞ്ഞു ചിദ്ഘനാനന്ദമയമായിത്തീരുന്നതു്?

II

ഇല്ലാത്ത മായയിടു മുല്ലാസമെന്നതറിവ-
ല്ലാതെ യില്ലനിലനും,
കല്ലാഴിയുംകനലുമല്ലാതെ ശൂന്യമിതുമെ
ല്ലാമൊരാദിയറിവാം;

തല്ലാഘവം പറകിലില്ലാരണംക്രിയകൾമ-
ല്ലാട്ടകില്ലമതിയീ
സല്ലാഭമൊന്നുമതിയെല്ലാവരും തിരയുമ
ല്ലാഘലബോധ ജനനീ!

വ്യാഖ്യാനം:- ആദ്യന്തരഹിതമായി വിളങ്ങുന്ന അവ്യക്തബോധപ്രകാശംമാത്രമാണുള്ളതു്. പിന്നെ വായു ഭൂമി സമുദ്രം അഗ്നി എന്നിവയെല്ലാം മഹേന്ദ്രജാലക്കാരൻ കാണിക്കുന്നതുപോലെ ഇല്ലാത്ത മായയിലുള്ള ഉല്ലാസലീല മാത്രമായിരിക്കുന്ന ഒരു അറിവാണു്; ഇതിനെ വിസ്തരിച്ചുപറയാനൊന്നുമില്ല അതാണോ! ഇതാണോ! എന്നും മററും ആലോചിച്ചു ബുദ്ധി അങ്ങോട്ടും ഇങ്ങോട്ടും മറിയുന്ന നിലയും ഇല്ല. ഏകാന്തജ്ഞാനമായി നില്ക്കുന്ന ഈ അവസ്ഥയാണു് അതിവദുർല്ലഭമായ സല്ലാഭം; എനിക്കിതുമതി; നിർദോഷമായ ബോധപ്രകാശരൂപിണിയായ ജനനി! നിന്നെത്തന്നെയാണു് എല്ലാ വിജ്ഞാനികളും അന്വേഷിക്കുന്നതു്.

[ദേവി, ഭഗവതി, കാളി, എന്നീ നാമങ്ങളാൽ അറിയപ്പെടുന്ന മഹേശ്വരികൾക്കു് നാനാപ്രകാരത്തിലുള്ള രൂപങ്ങളും വാഹനങ്ങളും കവികൾ നിർദ്ദേശിച്ചിട്ടുണ്ടു്. ജ്ഞാനോദയമില്ലാത്ത സാധാരണ ഭക്തജനങ്ങൾക്കു് ദേവിയുടെ രൂപങ്ങളെല്ലാം ഭക്തിദ്യോതകങ്ങളാണു്. സത്യാവസ്ഥയിൽ രൂപങ്ങളൊന്നുമില്ല.]

## III

ഉണ്ടായി മാറുമറിവുണ്ടായിമുന്നമിതുക-
ണ്ടാട്ടമംഗമകവും
കൊണ്ടായിരം തരമിരുണ്ടാശയംപ്രതിചുരു-
ണ്ടാമഹസ്സിൽമറയും

കണ്ടാലുമീനിലയിലുണ്ടാകയില്ലറിവഖ-
ണ്ഡാനന്ദഭൃതീയിലെഴും
തണ്ടാരിൽവീണു മധുവുണ്ടാരമിക്കുമൊരുവ-
ണ്ടാണു സൂരിസുകൃതി.

വ്യാഖ്യാനം:- ആദിമഹസ്സായ പരമാത്മജ്ഞാനത്തെ അറിയാത്ത, മാററവും നാശവും ഉള്ള ഭൗതികവാസനയോടുകൂടിയ ഒരറിവു മുമ്പെതന്നെ ഉണ്ടായി; ഭൗതികവിഷയാശയോടുകൂടിയ ഈ ആശയത്തിനു പ്രകാശമില്ല; നിരവധി ജന്മങ്ങളിൽ കാര്യകാരണങ്ങളെ ചുമടാക്കിക്കൊണ്ടു ശരീരമുപേക്ഷിക്കയും വീണ്ടും ജന്മമെടുക്കുകയും ചെയ്യുന്നതു പ്രത്യക്ഷത്തിൽ കണ്ടാലും പരമാത്മബോധത്തെപ്പററിയുള്ള ജ്ഞാനപ്രകാശമുണ്ടാകുന്നില്ല. എന്നാൽ വിരക്തൻ ഉപാസനകൊണ്ടു ജ്ഞാനശക്തി സമ്പാദിക്കുകയും അഖണ്ഡജ്ഞാനതേജസ്സായിരിക്കുന്ന ആദിമഹസ്സിൽ മുഴുകി സാക്ഷാൽക്കാരം അനുഭവിക്കുകയും ചെയ്യുന്നു. പരമാത്മജ്യോതിസ്സാകുന്ന താമരപ്പൂവിലിരുന്നു അതിലെ മധുവാകുന്ന നിത്യാനന്ദം അനുഭവിച്ചുകൊണ്ടിരിക്കുന്ന വണ്ടാണ് സുകൃതിയായിരിക്കുന്ന മഹാത്മാവു-" (താൽക്കാലികതൃപ്തിയോടുകൂടിയ ഒരു വ്യക്തിത്വമാണിതു് ഈ നിത്യാനന്ദമധുവിൻെറ അനുഭവത്തെ ആത്മോപദേശശതകത്തിലെ 15-ാം സൂക്തത്തിൽ ഗുരു അരുളിയിരിക്കുന്നതു നോക്കുക!)

"പരയുടെപാലുനുകന്ന ഭാഗ്യവാന്മാ-
ക്കൊരുപതിനായിരമാണ്ടൊരല്പനേരം
അറിവപരപ്രകൃതിക്കധീനമായാ-
ലരനൊടിയായിരമാണ്ടുപോലെ തോന്നും"

സാരാർത്ഥം:- കോടിക്കണക്കായ മനുഷ്യരുടെ ഇടയിൽ ചില കാലഘട്ടത്തിൽ ജാതരാകുന്ന ദുർല്ലഭംചില ദിവ്യാത്മാക്കൾ പരംജ്യോതിരാത്മസാരൂപ്യമാകുന്ന അമൃതാനന്ദത്തെ അനുഭവിച്ച

ഭാഗ്യവാന്മാരാകുന്നു അവക്കു ഇവിടത്തെ പതിനായിരം വർഷങ്ങൾ ഒരല്പനേരംമാത്രമാണ്. നേരെമറിച്ച് ബാഹ്യപ്രകൃതിബോധത്തിലിരിക്കുന്ന മനുഷ്യക്കു അല്പസമയം ആയിരംകൊല്ലംപോലെയാണ് തോന്നുക.

## IV

ആരായുകിൽത്തിരകൾ നീരായിടുന്നു ഫണി നാ-
രായിടുന്നു കുടവും,
പാരായിടുന്നതിനു നേരായിടുന്നുലക മോ-
രായ്കിലുണ്ടഖിലവും
വേരായനിൻകഴലിനാരാധനം തരണ മാ-
രാലിതിന്നൊരുവരം
വേറാരുമില്ലഗതി നേരായിവന്നിടുക ഹേ-
രാജയോഗ ജനനീ!

വ്യാഖ്യാനം:- ആലോചിച്ചുനോക്കുമ്പോൾ സമുദ്രത്തിലെ തിരകൾ വെള്ളംതന്നെ എന്നറിയുന്നു; പാമ്പാണെന്നു വിചാരിച്ചതു അടുത്തുനോക്കുമ്പോൾ കയറാണ്- മൺപാത്രംതന്നെ എന്താണ്? അതു മണ്ണുതന്നെ; മണ്ണു കുഴച്ചു പാത്രത്തിൻെറ രൂപംകൊടുത്തിരിക്കയാണല്ലൊ; ഇങ്ങിനെ ഓരോന്നും പിരിച്ചുനോക്കിയാൽ കാര്യമായി (ഒരു വസ്തുവായി) കാണുന്നതൊക്കെ ഒരു കാരണത്തിൽനിന്നു സംജാതമെന്നു അറിയാറാകും. നാമരൂപങ്ങളെക്കൊണ്ടു വിവിധങ്ങളാക്കി പറയുന്നതു ആത്മബോധവിഹീനമായ അറിവാണ്- (അറിയപ്പെടുന്ന രേണുക്കളെല്ലാം പ്രകൃതിമാതാവിൻെറ നിരവധി ശക്തികളിൽനിന്നാണ് ഉദ്ഭൂതമാകുന്നതു്. വീണ്ടും ശക്തികളിലേക്കുതന്നെ രേണുക്കൾ ലയിക്കുകയും ചെയ്യുന്നു. ഈ ജ്ഞാനശക്തികളെയാണ് ഗുരു ഇവിടെ "വേരായ നിൻകഴൽ" എന്നു പ്രയോഗിച്ചിരിക്കുന്നതു്

പ്രപഞ്ചം നമ്മുടെ ദൃഷ്ടിയിൽ കാര്യമാണ്. ഇതിന്നു കാരണമുണ്ടെന്നുള്ള സൂക്ഷ്മജ്ഞാനത്തിലെത്തണം. അങ്ങിനെ കാരണമായും പിന്നീട് കാര്യമായും നില്ക്കുന്ന മഹാമായയെത്തന്നെയാണ് ഇവിടെ രാജയോഗജനനി എന്നു അഭിസംബോധനം ചെയ്തിരിക്കുന്നതു്.)

അല്ലയോ രാജയോഗജനനീ! നിൻെറ പാദങ്ങളെ ആരാധിക്കുന്നതിനുള്ള സൂക്ഷ്മജ്ഞാനം എനിക്കുദിച്ചുനില്ക്കുവാൻ ഒരു വരം തരേണമെ! എപ്പോഴും നില്ക്കുന്ന സത്യാത്മമായി അംബ പ്രകാശിച്ചുനില്ക്കണം.

V

മേലായമൂലമതിയാ ലാവൃതം ജനനി നീ
ലാസ്യമാടിവിടുമീ-
കീലാലവാ യ്വനലകോലാഹലം ഭുവന മാ-
ലാപമാത്രമഖിലം.
കാലാദിയായ മുദന്തുലാലെനെയ്യുമൊരു ലീ-
ലാപടം ഭവതിമെയ്
മേലാകെമൂടുവതിനാ ലാരുമുള്ളതറിവീ-
ലീയാഗമാന്തനിലയെ

വ്യാഖ്യാനം:- ഇളക്കവും മാററവും കൂടാതെ സ്വയംപ്രകാശാഖണ്ഡമായി നില്ക്കുന്ന ജ്ഞാനമഹസ്സിലാണ് അല്ലയോ ജഗദീശ്വരീ നീ സ്ഥിതിചെയ്യുന്നതു്, ഭുവനംജനനിയുടെ ഒരാലാപം മാത്രമാണ്. നിൻെറ ലീലാവിലാസത്താൽ നടത്തപ്പെടുന്ന ലാസ്യത്തിലാണ് അഗ്നി തുടങ്ങിയുള്ള ഭൂതങ്ങളുടെ കോലാഹലങ്ങളെല്ലാം ജനിക്കുന്നതു്.

ശങ്കരിയായ ഭഗവതിയുടെ രൂപം, കാലം തുടങ്ങിയുള്ള മുട്ടനൂലുകളെക്കൊണ്ടു നെയ്തിരിക്കുന്ന ലീലാപടത്താൽ മൂടിയിരിക്കു

കൊണ്ടു ഭഗവതിയുടെ ആഗമാന്തസ്ഥിതമായിരിക്കുന്ന യഥാൎത്ഥ നിലയെപ്പററി ആൎക്കും അറിഞ്ഞുകൂടാ.

എഴുത്തച്ഛൻ ഹരിനാമകീൎത്തനത്തിൽ പാടിയിരിക്കുന്നതു് നോക്കുക!

"ഹരനും വിരിഞ്ചനു മമരാധിനായകനു
മറിയാവതല്ല തവമറിമായതന്മഹിമ,
അറിവായ്മുതൽക്കരളിലൊരുപോലെ നിന്നരുളും.
പരജീവനിൽ തെളികനാരായണായനമഃ"

## VI

മീനായതുംഭവതി മാനായതുംജനനി നീ
നാഗവും നഗഖഗം
താനായതും ധരനദീനാരിയും നരനുമാ-
നാകവും നരകവും
നീ നാമരൂപമതിൽ നാനാവിധപ്രകൃതിമാ-
നായിനിന്നറിയുമീ-
ഞാനായതുംഭവതിഹേ! നാദരൂപിണിഅഹോ
നാടകം നിഖിലവും.

വ്യാഖ്യാനം:- പ്രകൃതിസ്വരൂപിണിയായ ജഗദംബേ! ഇവിടെ മീനായതും, മാൻ തുടങ്ങിയുള്ള മൃഗങ്ങളായതും സൎപ്പങ്ങളും വൃക്ഷങ്ങളും പക്ഷികളും നീതന്നെയാണ്; എന്നല്ല ഈ ഭൂമണ്ഡലവും സ്ത്രീയും പുരുഷനും സ്വൎഗ്ഗവും നരകവും മററൊന്നല്ല; ഇപ്രകാരം നീതന്നെയാണ് നാനാപ്രകാരത്തിലുള്ള നാമരൂപങ്ങളായി വിഹരിക്കുന്ന പ്രകൃതിസ്വരൂപങ്ങളെന്നു അറിയുന്ന ഈ ഞാനും ഭവതിതന്നെയാണ്; ആശ്ചൎയ്യം, അനാഹത ദിവ്യനാദസ്വരൂപിണിയായ ജനനീ! നിൻെറ നാടകംതന്നെയാണ് സൎവ്വത്ര ദൃശ്യമായി നില്ക്കുന്നതു്.

ദൈവദശകത്തിൽ:-

“നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ! സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.”

എന്നു് ഗുരു പാടിയിരിക്കുന്നതുതന്നെ ഇവിടെ ഭഗവതിയുടെ നാടകമായി ദർശിച്ചിരിക്കുന്നതു്. ഇഹവും പരവും എന്നാൽ ലോകവും ചിദാകാശവും എന്നുള്ള രണ്ടുംചേർത്തു അർദ്ധനാരീശ്വരൻ എന്നൊരു സങ്കല്പത്തിലാണു് ദൈവത്തെ സ്മരിക്കുവാനുള്ള ഒരു സദ്രൂപം ഹിന്ദു വരച്ചുവെച്ചിരിക്കുന്നതു്.]

## VII

എൻപാപമെയ്യുതിനൊ രമ്പായിടുന്നറിവു
നിൻ പാദതാരിലെഴുമെ-
ന്നൻപാണുമൗർവി യൊരിരിമ്പാം മനംധനുര-
ഹംഭാവിയാണു വിജയി
അംബാതരുന്നുവിജയം പാപപങ്കിലമ-
ഹംഭാനമാകുമതിനാൽ
വൻഭാരമാർന്നതനുവും ഭാനമാമുലക-
വുംഭാനമാകുമഖിലം.

വ്യാഖ്യാനം:- ആത്മബോധം എന്റെ പാപസമൂഹത്തെ ദൂരെ കളയാനുള്ള ഒരസ്ത്രമാണു്. ജനനിയുടെ തൃപ്പാദഭക്തി ഞാണായും. ഇരിമ്പുപോലെ ഇരിക്കുന്ന മനസ്സു ഞാണേറിടാനുള്ള് വില്ലായും ഭവിക്കുന്നു. ഇതിൽ വിജയിക്കുന്നതു ഞാൻ എന്നുള്ള പാവനബോധമാണു്. പാപമാകുന്ന കളങ്കത്തോടുകൂടിയ അഹം അ

ൻപുറമ തേജോരൂപിയാകുകയുംചെയ്യുന്നതു അംബവിജയത്തെ പ്രദാനംചെയ്യുന്നതുകൊണ്ടുതന്നെയാകുന്നു. ഇപ്പോഠം ഭാരതത്തോടുകൂടിയിരിക്കുന്ന ശരീരവും ഈ ലോകവും ദൃശ്യജാലങ്ങളും പ്രകാശമയമായി മാറാനുള്ളതാണ്.

VIII

സത്തായിനിന്നുപരിചിത്തായിരണ്ടുമൊരുമ-
ത്തായി മൂന്നുമറിയും
ഏത്തായിനിന്നതിനുവിത്തായിവിണ്ണൊടുമരു-
ത്തായി ദൃഷ്ടിമുതലായ്
കൊത്തായിടുംവിഷയ വിസ്താരമന്നമതി ന-
ത്താവുമായി വിലസും
സിദ്ധാനുഭൂതിയിലുമെത്താത്തെയാ മതിമഹ
ത്തായിടും ജനനി നീ!

വ്യാഖ്യാനം:- എല്ലാം ഉത്ഭവിക്കുന്ന ഭഗമാകുന്ന ആകാശത്തോടുകൂടിയ ഭഗവതീ! നീതന്നെ സത്തായും, അതിനുമേലെ ചിത്തായും (ശരീരവും ബോധവും കൂടിയപ്പോഠം) ആനന്ദമായും ഈ മൂന്നിനേയും അറിയുന്ന ഏത്തായും അതിനു വിത്തായും (ആധാരമായും) ആകാശം, പഞ്ചേന്ദ്രിയങ്ങഠം എന്നിവയായും വിസ്താരങ്ങളായ പെരുപ്പമേറിയ വിഷയങ്ങളായും ഭക്ഷണമായും ഭക്ഷിക്കുന്നവളായും സിദ്ധന്മാരുടെ അനുഭൂതിയിലൊന്നും കണ്ടുകിട്ടാത്തവളായും, അതിമഹത്തായ മായാവ്യവസ്ഥയോടുകൂടിയും ഇരിക്കുന്ന ജഗദീശ്വരി വിജയിച്ചരുളുന്നു.

IX

ഭൂവാദിഭൂതമതിനാവാസമില്ല വെറുമാ
ഭാസമാമിതറിവി-
ന്നാഭാവിശേഷമിതിനാവാസമിന്നുലകിലാ
പാദിതം ഭവതിയാൽ.

നാവാദിതൻവിഷയമാവാസമററഭവദാ
വാസമാകെ വിലസും
ദ്യോവാണുനിൻെറ മഹിമാവാരറിഞ്ഞുജനനി!
വാഴ്ത്തുവാനമരുതേ!

വ്യാഖ്യാനം:- ഭൂമി തുടങ്ങിയുള്ള പഞ്ചഭൂതങ്ങളൊന്നും ശാശ്വതങ്ങളല്ല; ഇതിനൊന്നും യാതൊരു പ്രകാശവുമില്ല. അപ്രമേയമായ പരമാത്മജ്ഞാനത്തിൻെറ ഒരു സ്ഫുരണവിശേഷമായ മനുഷ്യൻെറ വത്തമാനജ്ഞാനം മാററത്തിനധീനമാണു്. ഇതെല്ലാം ഉള്ളതാണെന്നു കാണുന്ന അറിവാണതു്- ഇതിനൊക്കെയുള്ള നില (ഇരിപ്പു) ഇത്രയെന്നു പ്രകൃത്യംബതന്നെ നിശ്ചയിച്ചിട്ടുണ്ടു്. നാവുതുടങ്ങിയുള്ള ഇന്ദ്രിയജ്ഞാനങ്ങളിലൂടെ കണ്ടു അറിയപ്പെടുവാൻ സാധ്യമല്ലാത്ത ഭഗവതിയുടെ ആവാസം ഏകാന്തമായി എങ്ങും പ്രശോഭിച്ചുനില്ക്കുന്ന ദ്യോവാകുന്നു. അതുതന്നെ ചിദാകാശം. അല്ലയോ ജഗദാംബികേ! ചിദാകാശത്തിൻെറ മഹിമകളെ ശരിയായി അറിഞ്ഞവരാരുംതന്നെ ഇല്ല. അതുകൊണ്ടു നിരുപമമായ നിൻതിരുവടിയുടെ മാഹാത്മ്യത്തെപ്പററി വർണ്ണിക്കുക അസാദ്ധ്യംതന്നെയാകുന്നു. അതിനാൽ വിരമിക്കുന്നു.

ശാന്തി.... ശ്ശാന്തി ... ശ്ശാന്തി....

കനകജൂബിലി സോവനീറിൽ ശ്രീ. ശൂരനാട്ടു് കുഞ്ഞൻപിള്ള എഴുതിയ "ശ്രീനാരായണൻെറ ധർമ്മമാർഗ്ഗം" എന്ന ലേഖനത്തിൽ പറയുന്നതു നോക്കുക:-

"സംസ്കൃതത്തിലും തമിഴിലും ദൃഢപാണ്ഡിത്യം നേടിയിരുന്ന സ്വാമികൾക്കു ആ ഭാഷകളിലെ കൃതികളിൽകൂടി പരിചയിക്കാവുന്ന ധാർമ്മിക ചിന്താമണ്ഡലങ്ങളെല്ലാം ഒരുപോലെ വശമായിരുന്നു. സ്വധർമ്മത്തെ (സ്വന്ത വിശ്വാസമാർഗ്ഗത്തെ) വെടിഞ്ഞു പരധർമ്മത്തിൽകൂടി സ്വാതന്ത്ര്യത്തിലേയ്ക്കു് യാത്ര

ചെയ്യേണമെന്നുള്ള അഭിപ്രായം ധീരതയ്ക്കു് ലക്ഷണമല്ലെന്നും അവിടേയ്ക്കു മനസ്സിലായിരുന്നു. അവശത അനുഭവിച്ചിരുന്ന അവർണ്ണവിഭാഗങ്ങളുടെ സമുദ്ധരണത്തിനു ഹൈന്ദവരീതിയിൽ തന്നെ ആരാധനയ്ക്കു് ക്ഷേത്രങ്ങൾ സ്ഥാപിച്ചതു ഇതിനു സമ്പൂർണ്ണമായ തെളിവാണ്.

അന്ധാചാരനിബിഡമായിരുന്ന ജാതിവ്യവസ്ഥയിൽ താണവരെന്നു കല്പിച്ചിരുന്ന വിഭാഗക്കാർക്ക് ആത്മാഭിമാനദീപം ഉയർത്തിക്കാണിക്കാൻ ഇതിൽകൂടുതൽ കരുത്തുകാണിച്ചിട്ടുള്ള ഒരാചാര്യൻ ഉണ്ടായിട്ടില്ലതാനും. ഒരേ ജാതിയിൽപെട്ടവരാണ് എല്ലാ മനുഷ്യരും എന്ന് സംശയലേശംകൂടാതെ അത്യുച്ചസ്വരത്തിൽ വ്യാഖ്യാനഭേദങ്ങൾക്കു യാതൊരു ഇടവുംകൊടുക്കാതെ ലോകത്തെമുഴുവൻനോക്കി ആ മഹാൻ ചെയ്ത പ്രഖ്യാപനം അന്ധപരമ്പരകൊണ്ടു വളർന്നുനിന്നിരുന്ന അനേകം ദുർവാദങ്ങളുടെ ശാശ്വതനിരസനമായിരുന്നു- മതകലഹം നിരർത്ഥകമാണെന്നും സിദ്ധാന്തങ്ങളുടെവിശദാംശവ്യത്യാസങ്ങൾകൊണ്ടല്ലാ മനുഷ്യജീവിതത്തെ സമുൽക്കർഷത്തിലേക്ക് നയിക്കാനുള്ള ശക്തികൊണ്ടാണ് മതങ്ങൾ ബഹുമാനം അർഹിക്കുന്നതെന്നും അവിടുന്നു നിസ്സന്ദേഹമായി വിധിച്ചു- അദ്ധ്യാത്മമണ്ഡലജീവിയായ ഒരു തപോധനൻെറ രീതിയെക്കാൾ ഒരു രാജ്യതന്ത്രവിചക്ഷണൻെറയോ, ഒരു സാമൂഹികനേതാവിൻെറയോ പ്രവർത്തനമാണ് ഇത്തരം പരിപാടികളിൽ പ്രകടമാകുന്നതെന്നു തോന്നാം. എന്നാൽ ആത്മീയമായ ഉൽക്കർഷം ഭൗതികമായി അധഃസ്ഥിതിയിലും അന്ധതയിലും ആണ്ടുകിടക്കുന്ന ഒരു ജനസമൂഹത്തിനു ഉണ്ടാകാൻ വിഷമമാണെന്നുള്ള യാഥാർത്ഥ്യബോധമാണ് ശ്രീനാരായണധർമ്മപരിപാലനയോഗ സ്ഥാപനത്തിലും അതിനെ തുടർന്നുള്ള പരിപാടികളിലും വ്യക്തമാകുന്നതു്. അവിടത്തെ വിചാരങ്ങളും പരിപാടികളും എല്ലാം ദൂരവീക്ഷണമുള്ള ഒരു മഹാചിന്തകൻെറയും നേതാവിൻെറയും അഗാധബുദ്ധി

യെയാണ് പ്രസ്പഷ്ടമാക്കുന്നതു്. മഹാനായ ഒരു സന്യാസിയായും, സർവാദരണീയനായ ഒരു മഹാ നേതാവായും സന്മാർഗ്ഗോപദേഷ്ടാവായ പരമാചാര്യനായും അവിടുന്നു സമാർജ്ജിച്ച യശസ്സു ആഃരയും അത്ഭുതപ്പെടുത്തുന്നതാണ്. ദാർശികന്മാരിൽ ദാർശനികൻ, പദങ്ങൾകൊണ്ടു ഇന്ദ്രജാലവിദ്യ കാണിക്കുന്ന ഒരു കവീശ്വരൻ, അനേകം ഭാഷകളിലും വിഷയങ്ങളിലും അഗാധ പണ്ഡിതൻ, പരമവേദാന്തിയായ വിജ്ഞാനി, ജീവന്മുക്തനായ തപോധനൻ, ഫലിതപ്രിയനായ ഒരു രസികാഗ്രണി, ശാന്തിമാർഗ്ഗത്തിൽകൂടി പരിവർത്തനവിജയംനേടിയ വിപ്ലവകാരി എന്നിങ്ങനെ ഏതേതു നിലകളിലാണ് അവിടുന്നു നമ്മുടെ ബഹുമാനവും ആരാധനയും അവകാശപ്പെടാത്തതു്? ഇന്നാകട്ടെ ബഹുമുഖങ്ങളായ നിധികൾകൊണ്ടു അവിടുന്നു അത്ഭുതപ്രഭാവനായ ഒരു താപസനായും മഹാ നേതാവായും അവശജനോദ്ധാരകനായും കവിയായും പണ്ഡിതനായും ലോകാരാധനക്കവകാശിയായി ശാശ്വത യശോമൂർത്തിയായിത്തീർന്നിരിക്കുന്നു.

ഇവിടെ പറഞ്ഞ സോവനീറിൽ പണ്ഡിതശിരോമണി ശ്രീ. ബാലരാമപണിക്കർ എഴുതിയ ക്ഷേത്രങ്ങൾ എന്ന ലേഖനത്തിൽ ഒരിടത്തു പറയുന്നതു ഇങ്ങിനെയാണ്:

"വേദങ്ങൾപഠിക്കുവാനും പഠിപ്പിക്കുവാനും സംസ്കാരങ്ങൾ ഉൾക്കൊള്ളിക്കുവാനും ക്ഷേത്രങ്ങളിൽ ആരാധനാദികൾ ചെയ്യുവാനും ചെയ്യിപ്പിക്കുവാനും ഒരു ഹിന്ദുവിനുള്ള അധികാരാവകാശങ്ങൾ എല്ലാ ഹിന്ദുക്കൾക്കും ലഭിക്കത്തക്കവണ്ണം ക്ഷേത്രസ്ഥാപനങ്ങളെ വിനിയോഗിക്കുകയും ജാതി നിലനില്ക്കുന്നപക്ഷം അതിലെ പത്താംനമ്പർ ജാതിക്കാരനാകാതെ ഒന്നാം നമ്പർ ജാതിക്കാരായിതന്നെ വർത്തിക്കുകയും ജീവിക്കുകയും ചെയ്യുവാനും സം

~~6489~~
81089

ലടിച്ചുപ്രവർത്തിക്കുക എന്നതാണു ശ്രീനാരായണന്റെ പേരിൽ ഇന്നത്തെ അവശഹിന്ദുക്കളുടെ കർത്തവ്യം. ക്ഷേത്രപ്രതിഷ്ഠാപനാദികൾവഴി ശ്രീനാരായണഗുരു പ്രഖ്യാപിക്കുന്ന ഒരു മഹത്തായ സന്ദേശമുണ്ടു". അതു് ഹിന്ദുമതം വിശ്വസിക്കുന്ന ഒരാൾക്കുള്ള അധികാരാവകാശങ്ങൾ ഹിന്ദുമതം വിശ്വസിക്കുന്ന ആർക്കുമുണ്ടു്; ഉണ്ടായിരിക്കണമെന്നാണു്– ആ ലക്ഷ്യത്തിലേക്കു വിജയപൂർവ്വം സഞ്ചരിക്കുന്ന ഭൂരിപക്ഷക്കാരായ ഹിന്ദുക്കളെ, പര പരിഹാസ്യമായ അധഃകൃതത്വവും അസമത്വവും അവരിൽ ശേഷിക്കത്തക്കവണ്ണം പിടിച്ചുനിറുത്തുകയും പിന്നോക്കം തള്ളുകയും ചെയ്യുക എന്ന ജോലിയാണു് നിർമ്മതവാദികളും നിരീശ്വരവാദികളും ക്ഷേത്രനിഷേധികളും ചെയ്യുന്നതു്. സ്വാർത്ഥലാഭത്തിനുവേണ്ടി അങ്ങിനെയെല്ലാം ചെയ്യുന്ന സർവ്വജ്ഞമാനികളായ നിഷേധവാദികളെ കാണുമ്പോൾ വ്യസനിക്കാതിരിക്കുവാൻ കഴിയുമോ? ഒരു പുതുമക്കായി ദുർവ്യാഖ്യാനങ്ങൾ മുഖേന ഗുരുദ്രോഹവും ബഹുജനദ്രോഹവും ചെയ്യുന്നവരെ പ്രകൃതിയെങ്കിലും ശിക്ഷിക്കാതെ വിടുമോ? വേദങ്ങളെയും വേദാർത്ഥ പ്രതിപാദകങ്ങളായ ആഗമങ്ങളെയും പ്രമാണമാക്കി ഗുരു. ചെയ്തിരിക്കുന്ന ക്ഷേത്രസ്ഥാപനങ്ങൾ അവിടുത്തെ സർവ്വജ്ഞതയേയും ത്രികാലജ്ഞതയേയുമാണു് തെളിയിക്കുന്നതു്. XXX

ശ്രീ. ബാലരാമപണിക്കർ എഴുതിയ മേൽപറഞ്ഞ ലേഖനത്തിലൊരിടത്തു്:

"ശിവഗിരിയിലെ ശാരദാക്ഷേത്രത്തിലെ മണിനാദം കേട്ടുകൊണ്ടാണു് ഗുരു മഹാ സമാധിപ്രാപിച്ചതു്" എന്നു പറഞ്ഞിരിക്കുന്നതു് ശരിയല്ല.

ഇതുപോലെ ആ ലേഖനത്തിൽ പലതും തർക്കവിഷയമായതുണ്ടു്. കൂടാതെ ശ്രീമാൻ പണിക്കർ പറഞ്ഞിരിക്കുന്നതുപോലെ ക്ഷേത്രസ്ഥാപനംകൊണ്ടു എല്ലാമായി എന്നു് ശ്രീ

നാരായണഗുരു നിശ്ചയിച്ചിരുന്നില്ല. അരുവിപ്പുറത്തെ ശിവ പ്രതിഷ്ഠ നടത്തിയശേഷം ശിവഗിരിയിൽ ജ്ഞാനേശ്വരിയായ സരസ്വതി (ശാരദ)യെ സ്വാമി പ്രതിഷ്ഠിച്ചു. വൈദികന്മാരുടെ മന്ത്രതന്ത്രങ്ങളും പൂജകളും അവിടെ ഇല്ല– ഇതു രണ്ടാമത്തെ പടിയാണ്; മൂന്നാമത്തെ പ്രസ്ഥാനം ആലുവാ അദ്വൈതാശ്രമമാണ്. അവിടെ പ്രതിഷ്ഠയുമില്ല സങ്കല്പവുമില്ല. പ്രത്യാഹാരം, ധാരണ, ധ്യാനം എന്നീ നിലകളിൽക്കൂടി അദ്വൈതഭാവനയെ ഏകാഗ്രമാക്കാനുള്ള ഒരു നിശ്ശബ്ദനിലയാണ് അവിടെ വീക്ഷിക്കേണ്ടതു്.

ശ്രീകണ്ഠേശ്വരക്ഷേത്രത്തിന്റെ സോവനീറിൽ ഇടയാറന്മുള്ള ശ്രീ: കെ. എം. വറുഗീസിന്റെ ഒരു ലേഖനത്തിൽ "അഭിനവബുദ്ധൻ" എന്ന ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതു ഇവിടെ ഉദ്ധരിക്കാം.

"ആധുനികയുഗത്തിന്റെ നിർമ്മാതാക്കളിൽ സുസ്മരണീയനായ ഒരു ജഗദ്ഗുരുവിനെ ഭാരതം ലോകത്തിനു നൽകി; ശ്രീനാരായണൻ– സാക്ഷാൽ ബോധിസത്വന്റെ നവാവതാരം. വർണ്ണാശ്രമധർമ്മങ്ങൾ കൊണ്ടും ജാതിഭേദങ്ങൾ കൊണ്ടും ദൂഷിതമായ പൗരോഹിത്യമേധാവിത്വം കൊണ്ടും അന്ധവിശ്വാസാചാരങ്ങൾ കൊണ്ടും തളർന്ന ഭാരതത്തെ, (ലോകത്തെ) ഉദ്ധരിക്കുവാൻ പിറന്ന പുതിയ ശാന്തിസന്ദേശപ്രവാചകൻ! നാടും വീടും ഉപേക്ഷിച്ച് വനാന്തരങ്ങളിൽ തപസ്സുചെയ്തു സിദ്ധിച്ച ജ്ഞാനത്തേയും സിദ്ധികളേയും ലോകക്ഷേമത്തിന്നായി നിസ്വാർത്ഥം സമർപ്പണംചെയ്ത മഹാത്യാഗി! കർമ്മപടുവും നിർമ്മലചിത്തനുമായ ആ മഹാസിദ്ധൻ ഒരു യഥാർത്ഥ അദ്വൈതവാദിയായിരുന്നു. 'സർവ്വരും സോദരത്വേന വാഴുന്ന' ഒരു മാനവസമുദായത്തെ ലക്ഷ്യമാക്കി അവിടുന്നു പ്രവർത്തിച്ചു– ഉപനിഷത്തുകളിലും ബ്രഹ്മസൂത്രത്തിലും ഗീതയിലുമെല്ലാം സ്ഫുടിപ്പിച്ചിരിക്കുന്ന അദ്വൈതസിദ്ധാന്തത്തെ അ

ദ്ദേഹം ആത്മോപദേശശതകരൂപേണ ജനസാമാന്യത്തിനു സുഗ്രഹമാകുമാറു പ്രസ്ഫുടീകരിച്ചു പ്രദർശിപ്പിക്കുകമാത്രമല്ല സ്വജീവിതംമൂലം അതിന്റെ വിശദമായ ഒരു ഭാഷ്യം ചമയ്ക്കുകകൂടി ചെയ്തു.

മൈതാനപ്രസംഗങ്ങളോ, സംഘടനകളോ, സത്യഗ്രഹങ്ങളോ, പ്രക്ഷോഭണങ്ങളോ കൂടാതെ എത്ര നിശ്ശബ്ദമായിട്ടാണു ജാതിയെ ഹോമിച്ചൊഴിക്കുവാൻ അദ്ദേഹം മുതിർന്നതു്? നോക്കുക! എത്ര ശാന്തവും എന്നാൽ എത്ര തീക്ഷ്ണവും യുക്തിയുക്തവുമാണു് ജാതിയെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം:-

"മനുഷ്യാണാം മനുഷ്യത്വം
ജാതിർ ഗോത്വംഗവാംയഥാ:
നബ്രാഹ്മണാദിരസ്യൈവം
ഹാ! തത്വംവേത്തി കോപിനു"

പറച്ചിയിൽനിന്നു പണ്ടുപരാശരമഹാമുനി
പിറന്നു മറസൂത്രിച്ചമുനികൈവർത്ത കന്യയിൽ
ഒരു ജാതിയിൽനിന്നല്ലോപുറന്നീടുന്നു സന്തതി
നരസംഘമിതോർക്കുമ്പോളൊരു ജാതിയിലുള്ളതാം"

"ഒരു ദൈവം മനുഷ്യനു" എന്നുള്ള ശ്രീനാരായണസന്ദേശത്തെ ദൈവവിശ്വാസമുള്ളവരാരും എതിർക്കുകയില്ല. ഹിന്ദുവിന്റെ ഈശ്വരനും, ക്രിസ്ത്യാനിയുടെ ദൈവവും മുസ്ലിമിന്റെ അല്ലാവും ഒരാൾതന്നെ എന്നു ശ്രീനാരായണൻ മാനവസമുദായത്തെ വ്യക്തമായി ധരിപ്പിച്ചു; ഈ മനോഭാവവും വിശ്വാസവും ഓരോ മതക്കാർക്കും ഉണ്ടായാൽ മനുഷ്യസാഹോദര്യത്തെ നശിപ്പിക്കുന്ന പല കൊടുങ്കാററുകളും അടങ്ങും.

സ്വതന്ത്രഭാരതത്തിന്റെയും, സർവ്വരാഷ്ട്രീയസംസ്കാരസമിതിയിലെ മനുഷ്യാവകാശപ്രഖ്യാപനത്തിന്റെയും ആധാരശില

യായി ശ്രീനാരായണന്റെ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു എന്ന വിശിഷ്ട സന്ദേശം സ്വീകരിച്ചില്ലെങ്കിൽ അവയുടെ കർമ്മപരിപാടികളെല്ലാം വിഫലപ്പെടാനെ തരമുള്ളു. ഈ മഹാസന്ദേശത്തെ ആദരിച്ചു ആചരിക്കാത്തിടത്തോളംകാലം ഒരു ഏകലോകത്തെ സ്വപ്നംകാണുവാൻകൂടി സാദ്ധ്യമല്ല-"

ഇവിടെ പറഞ്ഞ സോവനിറിൽ ക്ഷേത്രസങ്കല്പം എന്ന ശീർഷകത്തിൽ ശ്രീ. സുകുമാരൻ പൊറ്റെക്കാട്ട എഴുതിയ ലേഖനത്തിൽ ഈഴവരുടെ ക്ഷേത്രങ്ങളെപ്പററി പറയുന്ന ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു് സന്ദർഭോചിതമാണു്.

ഈഴവർ കേരളത്തിലെ പ്രബലസമുദായമായിരുന്നു. സ്വന്തമായ ക്ഷേത്രങ്ങളും അവരുടേതായുണ്ടായിരുന്നു. ഈഴവാത്തി (ക്ഷുരകൻ) കളാണു് പുരോഹിതന്മാർ; നിത്യപൂജകളില്ല- ഭദ്രകാളിയാണു് സാമാന്യേന ദൈവം. അഞ്ചു തമ്പിരാക്കൾ എന്നറിയപ്പെടുന്ന പഞ്ചദൈവങ്ങളെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരമ്പലം ഇന്നും തിരുവിതാംകൂറിൽ മയ്യനാട്ടു് എന്ന സ്ഥലത്തുണ്ടു്. പല ക്ഷേത്രങ്ങളിലും നായന്മാരോടു ചേർന്നു ചില അവകാശങ്ങളുമുണ്ടു്- അപ്പോൾ നാരായണഗുരു ചെയ്തതു ക്ഷേത്രങ്ങളെ സംബന്ധിച്ച സങ്കല്പത്തിൽ സമൂലമായ ഒരു പരിവർത്തനം വരുത്തുകയായിരുന്നു എന്നു സിദ്ധിക്കുന്നു. അദ്വൈതദർശനത്തിന്റെ സമുന്നതമായ ചില മൂല്യങ്ങൾ ക്ഷേത്രങ്ങളിലൂടെ അദ്ദേഹം ആവിഷ്ക്കരിച്ചു- സാമാന്യജനത്തിന്റെ ബോധമണ്ഡലം വികാസപരിണാമങ്ങൾക്കു് വിധേയമാകുന്ന ക്രമത്തിലും പാകത്തിലും മാത്രമെ ക്ഷേത്രങ്ങളുടെ രൂപപരിവർത്തനത്തിനു ഗുരു മുതിർന്നുള്ളു. 1917-ൽ ഗുരു പുറപ്പെടുവിച്ച ഒരു വിളംബരം ഓരോ ശ്രീനാരായണഭക്തനും ഉരുവിട്ടു പഠിക്കേണ്ടതാണു്.

“ഇനി ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുതു്. പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം. ഒരു പൊതു ആരാധനാസ്ഥലത്തെങ്കിലും ജനങ്ങളെ ഒന്നിച്ചുചേർക്കുവാൻ ക്ഷേത്രങ്ങൾ വഴി കഴിയുമെന്നു തോന്നിയിരുന്നു അനുഭവം നേരെ മറിച്ചാണു്.”

ഉപദേശരൂപമായ ചില നിർദ്ദേശങ്ങൾ മാത്രമാണിതിലുള്ളതു്. ഇതിനു കാരണം പഴയ ഹൈന്ദവക്ഷേത്രങ്ങളുടെ എല്ലാമാലിന്യങ്ങളും ശ്രീനാരായണക്ഷേത്രങ്ങളുടെ പരിസരത്തിലും വ്യാപിച്ച കാഴ്ച കാണാൻ സൂക്ഷ്മനിരീക്ഷണപടുവായ ഗുരുവിനു തെല്ലും പ്രയാസം നേരിട്ടില്ല. * * *

ഇവിടെ പറഞ്ഞ വിളംബരത്തിനു് ഉപോൽബലകമായൊരു സംഭവം 1090ൽ മെഴുവേലിൽ നടന്നതു ഇവിടെ സന്ദർഭോചിതമായതുകൊണ്ടു്, അതു് ശിവഗിരി ശതവാർഷിക സ്മാരകഗ്രന്ഥത്തിൽനിന്നും ഉദ്ധരിക്കുന്നു.

ശ്രീ പന്തളം രാഘവപ്പണിക്കർ എഴുതിയതാണിതു്:– രാത്രി സമയത്തു് ഒരു ദിവസം മെഴുവേലിയിലെ ഏതാനും ഈഴവ പ്രമാണികൾ ഭംഗിയായി പണിയിച്ചു മിനുസമാക്കിയ ഒരു കരിങ്കൽ കഷണം തൃപ്പാദങ്ങളുടെ സന്നിധിയിൽ കൊണ്ടുവന്നു വെച്ചു്– “ഇതെന്തിനാണു് പുഴുങ്ങിത്തിന്നാൻ കൊള്ളാമൊ” എന്നാണു് സ്വാമി ചോദിച്ചതു്. ഒരാൾ മറുപടി പറഞ്ഞു ‘തൃപ്പാദങ്ങൾ ഇതു ശ്രീകോവിലിൽ പ്രതിഷ്ഠിക്കണം അതാണു് ഞങ്ങളുടെ ആഗ്രഹം” സ്വാമികൾ കല്പിച്ചതിങ്ങിനെയാണു് “അതല്ല ഇവിടെ ആവശ്യം; നിങ്ങൾ ഒരു ഹൈസ്കൂൾ സ്ഥാപിക്കണം; അതാ ആ കാണുന്ന കാവുവെട്ടിത്തെളിച്ചു അവിടെ വേണം വിദ്യാലയം സ്ഥാപിക്കാൻ” സ്വാമികളുടെ കല്പന മെഴുവേലിയിലെ ജനങ്ങൾ ശിരസാ വഹിച്ചതിൻെറ പരിണതഫലമായിട്ടാണു് മൂലൂരിൻെറ സ്മാരകമായി പത്മനാഭോദയം ഇംഗ്ലീഷ് ഹൈസ്കൂൾ അവിടെ തലയുയർത്തി വിജയിക്കുന്നതു്.

ശ്രീസ്വാമി ധർമ്മതീർത്ഥൻ എഴുതിയ "സമാധാനപ്രവാചകൻ" എന്ന പുസ്തകത്തിൽനിന്നാണു ചുവടെകാണുന്ന ഖണ്ഡികകൾ ഉദ്ധരിച്ചിരിക്കുന്നതു്.

## ഒരു ലോകഗുരു

ശ്രീനാരായണഗുരു വളരെ എളിയ നിലയിൽ ജനിച്ചു സമ്പത്തികശക്തിയുടെയോ മററുള്ളവരുടെ സ്വാധീനശക്തിയുടേയോ സഹായംകൂടാതെ ഒരു മനുഷ്യനു ഈ ലോകത്തിൽ പ്രാപിക്കാവുന്ന ഏററവും ഉൽകൃഷ്ടമായ സ്ഥാനത്തെ പ്രാപിച്ചു. കാളേജിൽ പഠിക്കാതെതന്നെ അദ്ദേഹം മഹാപണ്ഡിതനായിരുന്നു. മൂലധനം ഒന്നുമില്ലാതെ അനേകലക്ഷം സ്ഥാപനങ്ങളുടെ ജനയിതാവായി; പട്ടാളത്തിൻെറ പിൻബലം കൂടാതെ അദ്ദേഹം ഭൂപാലന്മാരെക്കാൾ പ്രബലനുമായി. അദ്ദേഹത്തിൻെറ വിദ്യയും ധനവും ശക്തിയും എല്ലാം പുറത്തെവിടെയുമല്ല– അദ്ദേഹത്തിൽതന്നെ ആയിരുന്നു. നമ്മുടെ ദൃഷ്ടിക്കു ഗോചരമല്ലാത്ത മഹത്തായ ആത്മീയസത്തയുടെ പ്രതിഭാവിശേഷമാണു സ്വാമിയിൽകൂടെ പ്രത്യക്ഷമായിരുന്നതു്.

ഗുരുദേവനെപ്പററി മേൽപ്രസ്താവിച്ച അഭിപ്രായം ഇപ്പോൾ ആദ്യമായി, അതും അദ്ദേഹത്തിൻെറ ഒരു ശിഷ്യൻ പുറപ്പെടുവിക്കുന്ന അമിതമായ ഒരു അവകാശമാണെന്നു ആരും തെററിദ്ധരിക്കരുതു്. അങ്ങിനെയല്ല–

സ്വാമി സമാധിസ്ഥനാകുന്നതിനു ഇരുപതിലധികം ആണ്ടുകൾക്കുമുൻപു നിഷ്പക്ഷനിലകൊണ്ടും യോഗ്യതകൊണ്ടും ഗണനീയരായ കോഴിക്കോട്ടെ ബ്രഹ്മവിദ്യാ സംഘക്കാർ അദ്ദേഹത്തിനു സമർപ്പിച്ച ഒരു സ്വാഗതപത്രത്തിൻെറ കാപ്പി ഇവിടെ ചേർക്കുന്നു.

# Welcome Address

by

**The members of the Theosophical Society**

Sankara Lodge - Calicut.

His Holiness Sree Narayana Guru Swami!

We the members of the Sankara Lodge, of the Theosophical Society Calicut, offer you our hearty welcome to Annie hall recognising in you a born leader of man- Genune descndent of the Ancient Saints of our Mother Land-A true Bramhmin Soul, Sent out by the guardians of humanity for the up-lifting and redemption of a community of whose spiritual interest those who call themselves high caste, have grown so sadly oblivious.

In the many Mahadeva Temples that are rising up on the coast by the magic of your inspiring personality, we see the up-welling of the divine force which herald the coming of the sixth sub-Race of the Aryan root Race-

we earnestly pray that your holy influence may grow from more to more and by showering every where peace and harmony bring about a speedy solution of the many social problems of our beloved Kerala-

We beg to subscribe our-selves your admirers and fellow workers-

The members of thc Sankara Lodge of the Theosophical Society.

Annie Hall Calicut. 28-12-1907.

## തർജ്ജിമ

ദിവ്യശ്രീ നാരായണഗുരുസ്വാമി അവർകൾക്കു്,

സ്വാമി!

അദ്ധ്യാത്മപരമായ ആവശ്യങ്ങളുടെ നിർവഹണം, ഉയ ന്നവരാണെന്നു സ്വയം അഭിമാനിച്ചുവരുന്ന ചില ജാതിക്കാരു ടെ തടസ്സം ഹേതുവായി ദയനീയമാകുംവിധം വിസ്മൃതമായി കഷ്ടപ്പെട്ടുവലയുന്ന ഒരു ജനവിഭാഗക്കാരുടെ ഉദ്ധാരണത്തിനും രക്ഷയ്ക്കുംവേണ്ടി, നമ്മളുടെ പിതൃക്കളായ പുരാതന ഋഷിസംഘ ത്തിൽനിന്നും അയക്കപ്പെട്ട ഒരു ഉൽകൃഷ്ടബ്രാഹ്മണാത്മാവും മനുഷ്യരുടെ നേതാവായിരിക്കാൻ വേണ്ടുന്ന സകല സദ്ഗുണ ങ്ങളും തികഞ്ഞ മഹാത്മാവും ദിവ്യനുമായിരിക്കുന്ന സ്വാമിയെ കോഴിക്കോട്ടെ തിയോസഫി സംഘക്കാരുടെ ശങ്കരാശ്രമംവക യായ ഈ ആനിഹാളിലേക്കു് സംഘാംഗങ്ങൾ ഹൃദയംഗമമാ യ ആദരവോടുകൂടി സ്വാഗതംചെയ്തുകൊള്ളുന്നു.

സ്വാമിയുടെ ആത്മതേജസ്സിന്റെ പ്രഭാവത്താൽ ഈ കേര ളക്കരയിൽ നിർമ്മിതങ്ങളായിക്കൊണ്ടുവരുന്ന നിരവധി ശിവ ക്ഷേത്രങ്ങളുടെ ആവിർഭാവത്തിൽ ഐശ്വർയ്യത്തിന്റെ ആരാമ ത്തെ ഉൾപ്പിരിവു സംസൃഷ്ടമാകാനുള്ള ദിവ്യശക്തികളുടെ പ്ര സരിപ്പിനെ ഞങ്ങൾ കാണുന്നു.

സ്വാമി ചെല്ലുന്നിടത്തെല്ലാം സമാധാനവും സ്വരചേർച്ച യും വർഷിച്ചുകൊണ്ടു നമ്മൾക്കെല്ലാം പ്രിയപ്പെട്ട ഈ കേരള ത്തിലെ വിഷമംപിടിച്ച സാമുദായികപ്രശ്നങ്ങൾക്കു പരിഹാരമു ണ്ടാക്കുന്ന സ്വാമിയുടെ പാവനമായ സ്വാധീനശക്തി മേൽക്കു മേൽ അഭിവൃദ്ധിപ്രാപിച്ചുകാണണമെന്നു ഞങ്ങൾ വിനയാന്വി തരായി പ്രാർത്ഥിച്ചുകൊള്ളുന്നു. സ്വാമിയെ സ്നേഹബഹുമാന മുള്ള സംഘാംഗങ്ങൾ

(ശങ്കര ലോഡ്ജ്) തിയോസോഫിക്കൽ സൊസൈററി,

കോഴിക്കോട്ടു്

## മനുഷ്യരുടെ നേതാവ്

ഗുരുദേവനു് ലോകത്തിലെ ഏററവും വിശിഷ്ടന്മാരുടെ കൂട്ടത്തിൽ ഒരു സ്ഥാനം ഞങ്ങൾ അവകാശപ്പെടുന്നു എന്നുള്ള സംഗതി മറച്ചുവയ്ക്കുന്നില്ല. അതായതു് സാധാരണ മനുഷ്യരുടെ കൂട്ടത്തിൽ അല്ല, സൂര്യനക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുന്നവരുടെ കൂട്ടത്തിൽ. രാജാക്കന്മാരുടേയും യുദ്ധവീരന്മാരുടേയും കൂട്ടത്തിലല്ല, ലോകപരിത്രാണാത്ഥം അവതരിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ. വെറും തത്വജ്ഞാനികളുടേയും ബുദ്ധിശാലികളുടേയും കൂട്ടത്തിലല്ല, ബുദ്ധൻ, ക്രിസ്തു, മുഹമ്മദ് മുതലായവരുടെ കൂട്ടത്തിൽ. അതുകൊണ്ടു് അദ്ദേഹത്തിൻെറ പ്രവത്തനങ്ങളുടെ യോഗ്യത നിശ്ചയിക്കുന്നതിനു് ഏററവും ഉൽകൃഷ്ടമായ പ്രമാണംപോലും അധികമായി എന്നു വരികയില്ല അദ്ദേഹത്തിൻെറ സന്ദേശത്തിൻെറ വ്യാപ്തി ഗ്രഹിക്കുന്നതിനു് നമ്മുടെ മനോവീക്ഷണത്തെ എത്രതന്നെ വിശാലമാക്കിയാലും അതു് അധികമായിരിക്കയില്ല. സാവ്വലൗകികമായ പ്രശ്നങ്ങളുടേയും അനേക ശതാബ്ദങ്ങളിൽക്കൂടിയുള്ള പരിവത്തനഗതിയുടേയും പ്രകാശത്തിൽ നാം അതിനെ പരിശോധിച്ചുനോക്കണം. ഗുരുദേവനെ വെറും ഒരു പരിഷ്കത്താവായോ ഒരു പ്രത്യേക സമുദായത്തിൻെറ മതഗുരുവായോ ഒരു മഹാപണ്ഡിതനും ബുദ്ധിശാലിയുമായോ അഥവാ അനേകം സ്ഥാപനങ്ങളുടെ ജനയിതാവായോ മാത്രം നാം വിചാരിക്കുന്നതായാൽ നാം നമ്മുടെ ചിന്താഗതിയെ സങ്കുചിതമാക്കിത്തീക്കുകയും ഇവയെക്കാൾ വലുതായ ഒരു പരമാത്ഥത്തെ നമ്മുടെ ദൃഷ്ടിയിൽനിന്നു മറയ്ക്കുകയുംചെയ്യുന്നതായിരിക്കും

# ഗുരുവിൻെറ തിരുവായ്മൊഴി

"x x x നമ്മെ വളരെ കാര്യമായി അന്വേഷിച്ചിരുന്ന രണ്ടുപേരെ (പാമ്പും പുലിയും) യാണ് വിട്ടുപിരിയേണ്ടതായിവന്നത്. x x x നാം അവിടെ ഗുഹയിലിരുന്ന നാൾമുതൽ രണ്ടുപേരും കാവൽക്കാരെപ്പോലെ രാത്രി വലത്തും ഇടത്തുമായി ശയിക്കും. x x സൂര്യോദയമാകുന്നതിനുമുൻപ് പാമ്പ് നമ്മുടെ ശരീരത്തിൽ ഇഴഞ്ഞു കയറി ഇറങ്ങി എങ്ങോട്ടെക്കോ പോകും. x x"

ശ്രീ മനക്കോടൻ കേശവൻവൈദ്യരുടെ
ലേഖനത്തിൽനിന്ന്

x x x അന്നൊരുദിവസം മാരാരിക്കുളത്തു പനമ്പുകാട്ടിൽ വേലായുധപണിക്കരുടെ വീട്ടിൽ സ്വാമികളോടൊത്തു ഞങ്ങളും താമസിക്കുകയാണ് x x x ഗൃഹസ്ഥധർമ്മത്തെ സംബന്ധിച്ചു തുപ്പാദങ്ങൾ അല്പം സംസാരിച്ചതു എന്നെപ്പററിതന്നെയാണെന്നു എനിക്കു തോന്നി. തുടർന്നു സ്വാമി സംസാരിച്ചതിങ്ങിനെയാണ്-

x x x ഇപ്പോൾ നമ്മെ ഒരു കാരണവരാക്കിയിരിക്കയാണ്- കാരണവർ അനന്തിരവൎക്കു വേണ്ടതെല്ലാം ഉണ്ടാക്കികൊടുക്കണം. അവൎക്കൊരു ജോലിയും ചുമതലയും വേണ്ടാ. പള്ളിക്കൂടം ഉണ്ടാക്കികൊടുക്കണം; പണമുണ്ടാക്കണം എന്നുവേണ്ടാ, എല്ലാം കാരണവർത

ന്നെ അന്വേഷിച്ചുകൊള്ളണം.x x x നാം മരുതാമല യിലെ ഒരു ഗുഹയിൽ നമ്മുടെ കാലം നോക്കി ഇരിക്ക യായിരുന്നു, അവിടെനിന്നും ഇങ്ങോട്ടുപോന്നു. എന്റെ രണ്ടു കൂട്ടുകാരെ അവിടെ ഉപേക്ഷിച്ചാണു് പോന്നതു് അതിലിപ്പോഴും മനസ്ഥാപമുണ്ടു്.x x x

അത്ഭുതമുളവാക്കുന്ന ഈ തിരശ്ശീലക്കപ്പുറമുള്ള ജീവിതസ ത്യങ്ങളെ വിശദീകരിച്ചറിയുവാനുള്ള എന്റെ ജിജ്ഞാസയെ ഞാൻ ധൈര്യമവലംബിച്ചു പ്രകടമാക്കുകതന്നെ ചെയ്തു.

അപ്പോൾ തൃപ്പാദങ്ങൾ ഇങ്ങിടെ തുടർന്നു:- ഒരു പുലിയും പാമ്പുമായിരുന്നു ആ രണ്ടു സ്നേഹിതന്മാർ. നാം അവിടെ ഗുഹയിലിരുന്ന നാൾമുതൽ രണ്ടുപേരും കാവൽക്കാരെപ്പോലെ രാത്രി വലത്തും ഇടത്തുമായി ശ യിക്കും. സൂര്യോദയമാകുന്നതിനുമുൻപു് പാമ്പു് നമ്മു ടെ ശരീരത്തിൽ ഇഴഞ്ഞുകയറി ഇറങ്ങി എങ്ങോട്ടെ ക്കോ പോകും. പുലിയും നമ്മെ പ്രദക്ഷിണംചെയ്തു പാ ദത്തിൽമുഖംകാണിച്ചു ആ ഗുഹവിട്ടുപോകും. പകൽ ഇ ടവിട്ടു രണ്ടുമൂന്നു തവണ അവർ വന്നു അവിടെയൊക്കെ ചുററിത്തിരിഞ്ഞുപോകും. പിന്നീടു് കണിശമായി സ ന്ധ്യാനേരത്തു രണ്ടുപേരും ഹാജരാകും. ഇങ്ങിനെ വള രെ കാര്യമായി നമ്മെ അന്വേഷിച്ചിരുന്ന രണ്ടുപേരെ യാണു് വിട്ടുപിരിയേണ്ടതായി വന്നതു്.x x x

ശതവർഷങ്ങൾക്കുമുൻപെ
ഒരു സിദ്ധൻ പാടിയ പാട്ടിൻെറ
പ്രത്യക്ഷാർത്ഥമാണു്

# മരുത്വാമലയിലെ നാരായണഗുരു

---

ശിവശതകത്തിലെ ഒരു ശ്ലോകമാണു് ഇവിടെ
പ്രത്യക്ഷാർത്ഥമായി പ്രകാശിച്ചിരിക്കുന്നതു്

**ശ്രീ നാരായണഗുരുവിൻെറ തപശ്ചര്യാകാലജീവിതത്തെ പററി ആർക്കും വിവരമില്ലാതിരിക്കുന്ന തമസിനലക്കു് തൃപ്പാദങ്ങളുടെ അധരപുടങ്ങളിൽനിന്നുതന്നെ വന്നിരിക്കുന്ന അത്യുത്കൃഷ്ടകരമായ ഈ അനുഭവവസ്തുതകളെ സൂക്ഷിച്ചിരിക്കേണ്ടതാണു്.**

പുലിപ്പാലിനുവേണ്ടി പുലികളെ കൊണ്ടുവരികയും ഒന്നിൻെറ പുറത്തു് സവാരിചെയ്യുകയും ചെയ്തിരിക്കുന്ന ശ്രീ അയ്യപ്പസ്വാമിയുടെ പ്രേരണയും ആജ്ഞാശക്തിയും ആ ജന്തുക്കളിൽ ചെലുത്തിയിരുന്നു. ഇവിടെ കാര്യം നേരെ മറിച്ചാണു്. ശ്രീനാരായണഗുരുവിനു കാവല്ക്കാരായി ഗുഹാമുഖത്തു് പുലിയും പാമ്പും വളരെനാൾ അനുഷ്ഠിച്ചിരുന്നസേവനം ആരുടേയെങ്കിലും പ്രേരണയുടെ ഫലമോ അല്ലെങ്കിൽ മറെറാരാളുടെ നിയന്ത്രണത്താലോ ആയിരുന്നില്ല. ഇവിടെ യോഗി നിസ്സംഗനാണു്. തൻെറ കാവലിനു വന്നു കിടക്കുന്നവരെപ്പററി യോഗി ചിന്തിച്ചിരുന്നില്ല. സ്വാമിതന്നെ പറയാതെ നമ്മൾക്കു് ഈ കഥ അറിയാനും പാടില്ലല്ലോ. എന്നാൽ ഈ രണ്ടു സ്നേഹിതന്മാർ, ആകാരത്തിൽ പാ

മ്പും പുലിയുംതന്നെ എങ്കിലും ആ ശരീരങ്ങളുടെ ഉള്ളിലിരുന്നതു ദിവ്യന്മാരായ രണ്ടു വ്യക്തികളായിരിക്കണമെന്ന് ഹൈന്ദവമതവിശ്വാസികളായവർക്കു് ഊഹിക്കുന്നതിൽ തെററുവരികയില്ല. ഇവിടെ പാമ്പും പുലിയും കാവൽകിടന്നിരുന്നതു മലയിലുള്ള മരുന്നിൻെറ ഇരുഭാഗത്തുമായിരുന്നു. ആ മരുന്നു മൂന്നാണ്. ഇതിൻെറ വിശദീകരണമാണ് ഇന്നാവശ്യപ്പെടുന്നതു്. "മലയിതിലുണ്ടു മരുന്നുമൂന്ന്" എന്നുതുടങ്ങിയ പാടൽ, ഗുരുസ്വാമി ജനിക്കുന്നതിനു വളരേമുൻപു് ഒരു സിദ്ധൻ തമിഴിൽ പാടിയതാണല്ലോ.

"മലയിതിലുണ്ടു മരുന്നുമൂന്നു
പാമ്പും പുലിയുമതിന്നിരുപാടുമുണ്ടു കാവൽ
പുലയനെടുത്തു ഭുജിച്ചുപാതിയിന്നും
വിലസതി നീയുമെടുത്തുകൊൾക നെഞ്ചേ!"

ശിവശതകത്തിലുള്ള ഒരു ശ്ലോകമാണിതു്. ഇതൊരു തമിഴു് പാടലിൻെറ തർജ്ജിമയുമാണു്

## ദൃശ്യസത്യം

പുലിയും പാമ്പും കാവൽക്കാരായിട്ടുകൂടി ഇരിക്കുന്ന സ്വരൂപമാണ് മൂന്നു മരുന്നുകൾ ഉൾക്കൊള്ളുന്നതു്. ഈ സ്വരൂപത്തിൻെറ തിരുനാമം ഒരു മരുന്നാണു്. രണ്ടാമത്തെ മരുന്നു ആ സ്വരൂപത്തിൻെറ ജീവതാരകമായ അനുകമ്പയാണു്. മൂന്നാമത്തെ മരുന്നു ആ സ്വരൂപധ്യാനവുമാണു്.

---

"മരുത്വാമലയിലെ നാരായണഗുരു" എന്നൊരു പുസ്തകം ശ്രീനാ- ധർമ്മപ്രചരണസഭയുടെ 94-ാം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. വിശദവിവരങ്ങൾ ആ പുസ്തകത്തിൽനിന്നും ലഭിക്കുന്നതാണു്.

# അൽഭുതകൃത്യങ്ങൾ

1123-ലെ ശിവഗിരി തീർത്ഥാടനസമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ച Late Dr. വി. ഐ. രാമൻ (L. R. C. P.; M. R. C. S., L M) അവർകൾ ചെയ്ത പ്രസംഗത്തിൽ ഒരിടത്തു് സ്വാമി തൃപ്പാദങ്ങളുടെ ആ ജ്ഞാശക്തിയെപ്പററി പറഞ്ഞിരിക്കുന്നതു് ഇവിടെ ഉദ്ധരിക്കുന്നു:-

"X X ഒരു ഡാക്ടർ എന്ന നിലയ്ക്കു് എന്നെ അത്യധികം ആകർഷിച്ചതു ശ്രീനാരായണഗുരുസ്വാമികളുടെ ആതുരശുശ്രൂഷാതല്പരതയും അനന്യസാധാരണമായ ചികിത്സാവൈദഗ്ദ്ധ്യവുമായിരുന്നു. സ്വാമികളുടെ ശബ്ദശ്രവണത്താലും, സ്പർശനം കൊണ്ടും മാത്രം പല ഭയങ്കരവ്യാധികളും, അപ്രത്യക്ഷമായിട്ടുണ്ടെന്നു പറയുമ്പോൾ ഇന്നത്തെ യുക്തിവാദികൾ നെററിചുളിച്ചേക്കാം X X X"

സ്വാമിയുടെ ആജ്ഞാശക്തിയും സങ്കല്പശക്തിയും ഇവിടെനിന്നു പഠിച്ച ഗ്രന്ഥങ്ങളിൽനിന്നും സമ്പാദിച്ചതായിരുന്നില്ല-യഥാർത്ഥവൈരാഗ്യവും മോക്ഷേച്ഛയുടെ തീവ്രമായ ധ്യാനവും ഏകലക്ഷ്യത്തിൽ കേന്ദ്രീകരിക്കുമ്പോൾ പ്രകൃത്യംബയുടെ അനുഗ്രഹത്താൽ ആത്മസാക്ഷാൽകാരമുണ്ടാകുന്നു. ഈ ആത്മസാക്ഷാൽകാരംതന്നെ ഈശ്വരസാക്ഷാൽകാരമെന്നു പറയുന്നതു്. എല്ലാ യോഗീശ്വരന്മാരുടെയും ഗുരുവായ പരമേശ്വരൻ പ്രസാദിക്കുന്ന അവസ്ഥാവിശേഷത്തെയാണു് ഇവിടെ സാക്ഷാൽകാരമെന്നു പറഞ്ഞിരിക്കുന്നതു്.

മരുത്വാമലയിലെ ഗുഹയിൽനിന്നും ഈശ്വരസാക്ഷാൽകാരമുണ്ടായപ്പോൾ, പ്രകൃതിശക്തികളെ കീഴടക്കാനുള്ള ശക്തീവിശേഷങ്ങളും സർവജ്ഞത്വവും ശ്രീനാരായണഗുരുവിനു സിദ്ധിച്ചു- ഇതിൻെറ ഐശ്വര്യമാണു് ജനങ്ങൾ സ്വാമിയിൽ ക

ണ്ടിരുന്നതു്. അത്രയുമല്ല, വേദനഅനുഭവിച്ചിരുന്ന നിരവധി വ്യാധിഗ്രസ്ഥൎക്കു പെട്ടെന്നു് ആശ്വാസം ലഭിച്ചപ്പോഠം സ്വാമിയെപ്പററിയുള്ള മഹത്വത്തെ അവരാണ് നാടുമുഴവനും പരത്തിയിരുന്നതു്. ഇന്നത്തെപോലെ ആ കാലത്തു (എഴുപതുവൎഷങ്ങഠക്കു മുൻപു) പത്രങ്ങളും ഉണ്ടായിരുന്നില്ല. ആത്മീയശക്തി, ഇന്നത്തെ യുക്തിവാദികളും നാസ്തികരായ എഴുത്തുകാരും വിചാരിക്കുന്നതുപോലെ ഗ്രന്ഥപഠനത്തിൽനിന്നും സംഭൃതമാകുന്നില്ല--

മനുഷ്യബുദ്ധി സാധാരണനിലയിൽ എത്രമേൽ ഉൽകൃഷ്ടമായാലും, ആത്മീയപുരുഷന്റെ സന്നിധാനത്തിൽ നിഷ്പ്രഭമാകുന്നതു ഞങ്ങഠം കണ്ടിട്ടുണ്ടു്-

സൂൎയ്യരശ്മിയേല്ക്കുമ്പോഠം സൂൎയ്യകാന്തിക്കല്ലിനും ചൂടുണ്ടാകുന്നതുപോലെ ആത്മീയസംയോജനമാണ് ഒരു യോഗിയെ ദിവ്യാത്മാവാക്കുന്നതു്. ഈ വിഷയത്തെ പഠിക്കുകയും വിശ്വസിക്കുകയും ചെയ്യാത്ത വിദ്വാന്മാരെല്ലാം യോഗിയുടെ അത്ഭുതകൎമ്മങ്ങളെപ്പററി കേവലമായിട്ടാണ് സംസാരിക്കുക ഇത്തരത്തിലുള്ള യുക്തിവാദികഠം സ്വന്തം അഹങ്കാരത്തെ സ്ഥാപിക്കുന്നതിവേണ്ടി, ത്യാഗസമൃദ്ധമായ ഒരു ഉൽകൃഷ്ടസംസ്കാരത്തെ കുഴിച്ചുമൂടികളയാനുള്ള ക്ഷുദ്രവാസനയാണ് അവരുടെ സാഹിത്യങ്ങളിൽകൂടി അണിനിരത്തുന്നതു്.

### ജന്മാന്തരക്കാൎയ്യങ്ങഠം

ഒരു മനുഷ്യൻ യോഗിയോ, പുണ്യവാളനോ ആകുന്നതു മനുഷ്യന്റെ ഏതെങ്കിലും സൎട്ടിഫിക്കെററുകൊണ്ടാണെന്നു വിശ്വസിക്കുന്നതും ആ രീതിയിൽ ആത്മീയതത്വങ്ങളെ വിമൎശിക്കുന്നതും മനുഷ്യനിച്ചിരിക്കുന്ന അഹങ്കാരപ്രതാപങ്ങളോടുകൂടിയ മനുഷ്യത്വത്തിന്റെ സ്വഭാവംതന്നെയാണു്.

നിരഹങ്കാരശുദ്ധമായ സാത്വിക ആത്മജ്ഞാനത്തെ സംബന്ധിച്ചുള്ള അറിവുകേടും അന്ധവിശ്വാസ

വുമാണ് എല്ലാററിൻെറയും നാഥൻ മനുഷ്യൻതന്നെ യാണെന്നു സ്ഥാപിക്കുവാൻ യുക്തിവാദരഥത്തിലേറി നാസ്തികൻ യുദ്ധത്തിനു വരുന്നതു്.

ജന്മാന്തരകാര്യങ്ങൾ അയാൾ വിശ്വസിക്കാത്തതാണ് ഈ അപഥസഞ്ചാരത്തിനിടയാകുന്നതു്. കാലവും ദേശവും ഒന്നാണ് എന്നുള്ള ഐനിസ്റ്റൻെറ തീയറിയെ മനസ്സിലാക്കാത്ത കാലത്തോളം പുനർജന്മസിദ്ധാന്തം യുക്തിവാദികൾക്ക് ദഹിക്കുന്ന വസ്തുവല്ല ഒന്നുകിൽ വിശ്വസിക്കുക, അല്ലെങ്കിൽ സമാധാനമായി ചിന്തിച്ചു കാര്യകാരണബന്ധത്തെ കണ്ടുപിടിക്കുക; ഇങ്ങിനെ രണ്ടുവഴിയാണ് ജന്മാന്തരകാര്യങ്ങളെക്കുറിച്ചുള്ളതു്.

പുഴയിലിറങ്ങി നീന്തണമെന്നു വിചാരിക്കുന്നവൻ കരയിലുള്ള മണലിൽകിടന്നുരുണ്ടു നീന്തൽ പഠിക്കുവാനാകാത്തതുപോലെ, അവധിയോട്ടം നാശത്തോട്ടംകൂടിയ മാനുഷികമായ ബോധത്തിൽനിന്നു് ആത്മപ്രകാശമുണ്ടാകുന്നില്ല.

എന്നാൽ ആത്മീയഗുരുക്കന്മാരെ വിശ്വസിക്കുന്നതിൽനിന്നും അവരെ സേവിക്കുന്നതിൽനിന്നും നേരിയ പ്രകാശം ലഭിച്ചെന്നു വരാം മനുഷ്യനുള്ള വ്യക്തിത്വം ബാഹ്യാഭ്യന്തരമായി സ്ഥിതിചെയ്യുന്നു എന്നുള്ള യഥാർത്ഥജ്ഞാനം വേദങ്ങളിൽകൂടി ഗ്രഹിക്കുവാൻ പ്രയാസമാണ്; വ്യാഖ്യാനത്തിലുള്ള തകരാറാണ് ഇതിലുള്ള വിഷമം.

ആദിമമായ വ്യക്തിത്വത്തിനു നാശമില്ലാതിരിക്കയും അതിനെ കവർചെയ്തിരിക്കുന്ന വ്യക്തിത്വം ജനിക്കയും മരിക്കയും ചെയ്യുന്നു എന്നുള്ള നിത്യസത്യം ശ്രീനാരായണഗുരു തൻെറ കവിതകളിൽകൂടി വെളിപ്പെടുത്തിട്ടുണ്ട്. തൃപ്പാദങ്ങളുടെ സ്വാനുഭവഗീതിയിലാണ് പരഹംസൻെറ നിലയെപ്പററിയും മറവും തുറന്നുപാടിയിരിക്കുന്നതു്.

# ഈശ്വരപ്രതീതി

ഭുവനൈകപണ്ഡിതനെന്നു ശ്രീമദ്‌വിവേകാനന്ദ സ്വാമികളാൽ പുകഴ്ത്തപ്പെട്ട ശ്രീമാൻ പി. സുന്ദരം പിള്ള എം. എ. ശ്രീനാരായണഗുരുവുമായി സംവാദം ചെയ്തിട്ടുണ്ടായിരുന്നു.

ഒടുവിൽ അദ്ദേഹം ശരീരംവിടുന്നതുവരെ സ്വാമിപാടിയ സ്വാനുഭവ ഗീതങ്ങൾ പാരായണംചെയ്തുകൊണ്ടിരുന്നു എന്നറിയുന്നു.

ലോകമഹാകവി രവീന്ദ്രനാഥടാഗൂർ സ്വാമിയെ സന്ദർശിച്ചശേഷം ചെയ്തിരുന്ന ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നതു ഇവിടെ ചേർക്കാം:

"ഞാൻ ലോകത്തിൻെറ പല ഭാഗത്തും സഞ്ചരിച്ചുവരികയാണു്; ഇതിനിടയ്ക്കു പല സിദ്ധന്മാരെയും മഹർഷിമാരെയും കണ്ടിട്ടുണ്ടു്; എന്നാൽ മലയാളത്തിലെ നാരായണഗുരുസ്വാമികളെക്കാൾ മികച്ച, അദ്ദേഹത്തിനോടു തുല്യനായ ഒരു മഹാപുരുഷനേയും കാണ്മാൻ എനിക്കു സാധിച്ചിട്ടില്ല. അനന്തതയിലേക്കു് നീട്ടിയിരിക്കുന്ന ആ യോഗനയനങ്ങളും ഈശ്വരചൈതന്യം തുളുമ്പുന്ന ആ മുഖതേജസ്സും ഞാൻ ഒരുകാലത്തും മറക്കുന്നതല്ല x x x"

ടാഗൂർ ശിവിഗിരിമഠത്തിൽവെച്ചായിരുന്നു ഗുരുസ്വാമിയെ സന്ദർശിച്ചിരുന്നതു്; അതിൻെറശേഷം ഗാന്ധിജിയും ശിവിഗിരിമഠത്തിൽവെച്ചു സ്വാമിയുമായി സംവാദം ചെയ്തിട്ടുണ്ടു്.

ഗാന്ധിജി തിരുവനന്തപുരത്തുവെച്ചു ചെയ്തിരുന്ന പ്രസംഗത്തിൽ "ശ്രീനാരായണഗുരുവിനെ സന്ദർശിക്ക

വാനും തമ്മിൽ സംസാരിക്കുവാനും സാധിച്ചതു എൻെറ ജീവിതത്തിലെ പരമഭാഗ്യമായി ഞാൻ വിചാരിക്കുന്നു" എന്നു പറഞ്ഞിട്ടുണ്ടു്.

ഇങ്ങിനെ സ്വാമിയെ ദർശിച്ചിരുന്ന മഹാപണ്ഡിതന്മാരും, കവികളും, ഭക്തന്മാരും, സന്ന്യാസിമാരും, യോഗികളും എല്ലാം നമ്രശിരസ്കരായിത്തീർന്നതു ഈശ്വരപ്രതീതി ആ വ്യക്തിത്വത്തിൽ സദാ ഭാസിച്ചുനില്ക്കുന്നതുകൊണ്ടായിരുന്നു.

ലോകകാര്യങ്ങളിൽമാത്രം വ്യവഹരിക്കാനുള്ള അല്പംചില സിദ്ധികൾ മിക്ക യോഗിമാൎക്കും ഉണ്ടാകാറുണ്ടു്. ഒരു വ്യക്തിയുടെ സ്വന്തം അനുഭവത്തെ മാററിമറിക്കാൻ ഏതൊരു സിദ്ധനും സാദ്ധ്യമല്ലെന്നുള്ള കർമ്മസത്യത്തെ ദൃഢമായി വിശ്വസിക്കുന്നവനാണു് യഥാൎത്ഥ മനുഷ്യൻ അവൻ ഊർദ്ധ്വഗതിയിൽ കൂടി ആത്മീയമായ ചിദ്രൂപദർശനത്തിനർഹനാകുകയും ചെയ്യും. മനുഷ്യരൂപംതന്നെയാണു് ഈശ്വരൻെറ സഗുണമായ ഭാവമെന്നു് വിചിന്താരഹിതമായി വിശ്വസിക്കാതെ ആത്മീയലോകത്തിലേക്കു് ആൎക്കും പ്രവേശനമില്ല.

ശ്രീരാമകൃഷ്ണദേവൻെറ വ്യക്തിത്വം ഉണ്ടായിരുന്നില്ലെങ്കിൽ നരേന്ദ്രൻ ഒരിക്കലും ഒരു വിവേകാനന്ദനായിത്തീരുമായിരുന്നില്ല.

അന്തമില്ലാത്ത സമുദ്രത്തെപ്പോലെ ചിന്തയ്ക്കപ്പുറമുള്ള ഈശ്വരാകാരം നമുക്കു ഇവിടെ കൂടക്കൂടെ ജനനമെടുത്തുകൊണ്ടിരിക്കുന്ന ദൈവികപുരുഷന്മാരുടെ മുഖേനയാണു് ഗ്രഹിക്കുവാൻ സാധിക്കുന്നതു്. ഇവിടെപറഞ്ഞ വിവരണങ്ങളിൽനിന്നു് മനസ്സിലാക്കേണ്ടതു ശ്രീനാരായണവിഗ്രഹം മരണമില്ലാത്ത പരിശുദ്ധാത്മാവിൻെറ താല്ക്കാലികശരീരംമാത്രമായിരുന്നു എന്നാണു്; എന്നാൽ ഗുരുവിൻെറ ലോകസേവനത്തിനുമുൻപുള്ള മരുത്വാമലയിലെ വിഗ്രഹമാണു് ഉപാസകന്മാൎക്കു ഏററവുംവേഗം ഏകാഗ്രതയെപ്രദാനംചെയ്യുവാൻ ശക്തമായിരിക്കുന്നതു്.

# ഒരു മഹാസിദ്ധൻ

(അത്ഭുതകൃത്യങ്ങൾ എന്ന ശീർഷകത്തിൽ ശ്രീ സ്വാമി ധർമ്മതീർത്ഥൻ B. A. L. L. B എഴുതിയ ഉപന്യാസത്തിൽനിന്നാണു് ചില ഭാഗങ്ങൾ ചുവടെ ഉദ്ധരിക്കുന്നതു്.)

x x x അരുവിപ്പുറത്തു അത്ഭുതസിദ്ധിയുള്ള ഒരു മഹാസിദ്ധൻ ഇരിക്കുന്നുണ്ടു എന്നുള്ള വാർത്ത എങ്ങും പരന്നു; നിരവധി ജനങ്ങൾ അവിടെ ചെല്ലുകയും അവരുടെ വ്യാധികൾക്കു് പെട്ടെന്നു ശമനംകിട്ടുകയും ചെയ്തിരുന്നു. ജീവിതകാലം മുഴുവൻ ഗുരുദേവൻ പ്രദർശിപ്പിച്ചിട്ടുള്ള അത്ഭുതസിദ്ധികൾക്കു് കണക്കില്ല; കുരുടന്മാക്കു കാഴ്ചലഭിച്ചിട്ടുണ്ടു്, കുഷ്ഠരോഗികൾ സുഖപ്പെട്ടിട്ടുണ്ടു്, മദ്യപാനികൾ സദ്‌വൃത്തരായിട്ടുണ്ടു്, മുടന്തന്മാർ നടക്കുവാൻ പ്രാപ്തരായിട്ടുണ്ടു്, ഭൂതപ്രേതങ്ങൾ ഒഴിഞ്ഞുപോയിട്ടുണ്ടു്, ഭ്രാന്തന്മാരുടെ ബുദ്ധിഭ്രമം നീങ്ങിയിട്ടുണ്ടു്. ചിലപ്പോൾ എഴുത്തു കൊടുത്തയച്ചു ചാത്തനേയും ഗന്ധർവ്വന്മാരെയും പറഞ്ഞയച്ചിട്ടുണ്ടു്; മഴയില്ലാതെ ജനങ്ങൾ പരവശരായിരുന്നകാലത്തു രാമനാഥപുരത്തും, കൊളത്തൂരിലും തലശ്ശേരിയിലും സ്വാമി മഴപെയ്യിച്ചിട്ടുണ്ടു്. കുറെ ആളുകൾ കുളിച്ചു വെളിസ്ഥലത്തുനിന്നു പ്രാർത്ഥിച്ചാൽ മഴപെയ്യുന്ന ഒരു പ്രാർത്ഥന സ്വാമിരചിച്ചുകൊടുത്തിട്ടുണ്ടു്, ഈ മഴമന്ത്രം പലേ സ്ഥലത്തും അനുഭവപ്പെട്ടിട്ടുള്ളതായി അറിയുന്നുണ്ടു് x x x രോഗബാധിതനായ സ്വാമി അവശനിലയിലിരിക്കുമ്പോഴും മററുള്ളവരെ ബാധിച്ച മഹാവ്യാധികളെ മാററുവാനും, ഒവരം വാക്കുപയോഗിച്ചു ഭൂതപ്രേതങ്ങളെ ഒഴിപ്പിക്കുവാനും ഗുരുദേവനു കഴിവുണ്ടെന്നു ലോകക്കു അനുഭവപ്പെട്ടിരുന്നു പ്രാണൻ വിടുന്നതുവരെ ഈ മഹത്വത്തിനു ഒരു കുറവും വന്നിരുന്നില്ല.

# ആചാരപരിഷ്കരണം

കേരളത്തിലെ സാമുദായികമായ ആചാരങ്ങളിൽ ഏററവും നാണംകെട്ട താലികെട്ടുകല്യാണം എന്ന ഒരനാവശ്യ ആചാരത്തെ സ്വാമി നേരിട്ടു കല്പിച്ചുതന്നെ നിറുത്തലാക്കിയിരുന്ന ഒരു സംഭവമാണിവിടെ വിവരിക്കുന്നതു്.

"അവസാനനിമിഷത്തിൽ സ്വാമി ഒരാളെ മാനസാന്തരപ്പെടുത്തിയിട്ടുള്ള ഒരു സംഭവമുണ്ടു്, ഒരു ധനികൻ അയാളുടെ പുത്രിമാരുടെയും വേറെ കുറെ പെൺകുട്ടികളുടെയും താലികെട്ടു കല്ല്യാണം വളരെ ആഘോഷപൂർവ്വം നടത്തുവാൻ ഏർപ്പാടുചെയ്തിരുന്നു. ഇതുസംബന്ധമായ സദ്യയും കളികളും സാധാരണ നാലുദിവസം മുഴുവൻ ഉണ്ടായിരിക്കും. ഇവകൾക്കും അലങ്കാരങ്ങൾക്കുമായി ഒരു വലിയ സംഖ്യ ചിലവാക്കുകയും ചെയ്യും. വീട്ടിലെ കാരണവർ അനേകദിവസം ബുദ്ധിമുട്ടി ആലോചനകൾ കഴിച്ചിട്ടാണ് താലികെട്ടു നിശ്ചയിക്കുക. ഇവിടെ വിഷയമായിരിക്കുന്ന താലികെട്ടിനെ സംബന്ധിച്ചും അതെല്ലാം നടത്തിയിരുന്നു. അവസാനംവരെയുള്ള സകല ഏർപ്പാടുകളും പൂർത്തിയായിരുന്നു. ബന്ധുമിത്രാദികൾ ദൂരസ്ഥലങ്ങളിൽനിന്നു വന്നുചേർന്നിരുന്നു. അതിഥികളും ആഗതരായിരുന്നു. പൂർവ്വാചാരമായ താലികെട്ടുകർമ്മത്തിനായി പെൺകുട്ടികൾ സഭാമദ്ധ്യത്തിൽ നിരന്നിരുന്നു. ഗ്രാമത്തിലുള്ള ജനങ്ങളെല്ലാം അവിടെ കൂടിയിരുന്നു. എല്ലാപേരും മുഹൂർത്തം അടുത്തെന്നുവിചാരിച്ചു് ബദ്ധശ്രദ്ധരായിരിക്കയായിരുന്നു. ജോത്സ്യൻ സമയം ഉച്ചരിക്കേണ്ട താമസമേയുണ്ടായിരുന്നുള്ളു. അപ്പോൾ താലികെട്ടു് നടക്കും.

ആ സന്ദർഭത്തിലാണ് ഗുരുദേവൻ അവിടെ സന്നിഹിതരായതു്. അവിചാരിതമായി വന്നു ബഹുമാന്യാതിഥിയെ വണങ്ങുവാനായി സകലരും എണീററുനിന്നു.

ജനങ്ങൾ പരിഭ്രമത്തോടുകൂടി സംസാരിക്കാനും എന്തൊക്കെയാണ് സംഭവിക്കാൻപോകുന്നതെന്നു് വിചാരിക്കാനും തുടങ്ങി ഗുരുദേവൻ എന്തുചെയ്യുവാനാണ് നിശ്ചയിച്ചിട്ടുള്ളതു്? താലികെട്ടിനെ വിരോധിച്ചു് ആ അടിയന്തിരം മുഴുവൻ മ്ലാനമാക്കിത്തീക്കുമോ? ഇല്ല അദ്ദേഹം തൻെറ സാന്നിദ്ധ്യത്താൽ ആ സഭയെ അനുഗ്രഹിച്ചു; സ്വല്പനിമിഷത്തിനുള്ളിൽ വീട്ടിലെ കാരണവർ ഗുരുദേവൻെറ പാദത്തിൽ നമസ്കരിച്ചു് കല്പനപോലെ ചെയ്യാമെന്നു പറഞ്ഞു എന്താണ് തൻെറ ഇഷ്ടമെന്നു് ഗുരുദേവൻ വ്യക്തമാക്കി. ലജ്ജാവഹമായ താലികെട്ടുകമ്മം ഉപേക്ഷിക്കണം ഗുരുദേവൻ കാരണവരെ വിളിച്ചു് ഇപ്രകാരം പറഞ്ഞു.

ഗുരുദേവൻ— താലികെട്ടുകർമ്മം ആവശ്യമില്ല നാം അതു പലതവണ പറഞ്ഞിട്ടുണ്ടെങ്കിലും നിങ്ങൾ എന്തുകൊണ്ടാണ് ശ്രദ്ധിക്കാത്തതു്? നിങ്ങളുടെ നന്മയെ ഉദ്ദേശിച്ചാണ് നാം പറയുന്നതു്. നാം പറയുന്നതിൽ വിശ്വാസമുണ്ടെങ്കിൽ ഈ കർമ്മം നടത്തരുതു്.

കാരണവർ— തൃപ്പാദങ്ങൾ കല്പിക്കുന്നതുപോലെ ചെയ്യാം ഇനിമേൽ ഈ കുടുംബത്തിൽ താലികെട്ടു് നടത്തില്ല

ഗുരുദേവൻ— അതുപോരാ താലികെട്ടു് അനാവശ്യമാണെന്നു ബോദ്ധ്യമായാൽ ഇപ്പോൾതന്നെ വേണ്ടെന്നുവയ്ക്കാമല്ലോ. അതിൽ ഒരത്ഥവുമില്ല. വേണ്ടെന്നുവെച്ചാൽ ഒരു ദോഷവുമില്ല.

കാരണവർ— ഈ അവസാനനിമിഷത്തിൽ ഉപേക്ഷിക്കുന്നതു് കുട്ടികളുടെ രക്ഷാകർത്താക്കന്മാക്കും ഇവിടെ കൂടിയിട്ടുള്ളവക്കും സമ്മതമാകുമോ എന്നറിഞ്ഞുകൂടാ

ഗുരുദേവൻ— നിങ്ങൾക്കു സമ്മതമാണോ? ശേഷമുള്ളവരെ നാം സമ്മതിപ്പിക്കാം.

കാരണവർ– എനിക്കു പൂർണ്ണസമ്മതമാണ്; തൃപ്പാദങ്ങൾ കല്പിക്കുന്നതുപോലെ ചെയ്യാം.

ഗുരുദേവൻ– സമ്മതമാണല്ലോ. അതുമതി.

ഗുരുദേവൻ കുട്ടികളുടെ രക്ഷിതാക്കന്മാരെ വിളിച്ചു വിവരം പറഞ്ഞു. അവരെല്ലാം തൃപ്പാദങ്ങളുടെ കല്പനപോലെ ചെയ്യാമെന്നു സമ്മതിച്ചു. വിപ്ലവകരമായ ഈ മാററം വരുത്തുന്നതിനു് സ്ത്രീകൾ പ്രത്യേകിച്ചും ഔൽസുക്യം പ്രദർശിപ്പിച്ചതു് എല്ലാവർക്കും വിസ്മയത്തെ ഉളവാക്കി. ഗുരുദേവൻ കുട്ടികളെ വിളിച്ചു് അനുഗ്രഹിച്ചു് പൊയ്ക്കൊള്ളാൻ പറഞ്ഞു. പരിഹാസ്യമായ കെട്ടുകർമ്മം ഗുരുദേവന്റെ ആജ്ഞപ്രകാരം ഉപേക്ഷിച്ചിരിക്കുന്നുവെന്നും മേലിൽ ആരും അതു നടത്തുകയില്ലെന്നു ഗുരുദേവൻ വിശ്വസിക്കുന്നുവെന്നും ഒരു അന്തേവാസി സദസ്യരോടു പറഞ്ഞു മനസ്സിലാക്കി ആ നിശ്ചയത്തെ എല്ലാവരും നിശ്ശബ്ദമായി സ്വീകരിച്ചു. അടിയന്തിരത്തിന്റെ മററു ചടങ്ങുകളെല്ലാം മുടങ്ങാതെ നടന്നു. അധികതാമസംകൂടാതെ സമുദായം ഒട്ടാകെ ഈ പരിഷ്കാരത്തെ അംഗീകരിച്ചു. ഇതുപോലെ സമുദായത്തെ ബാധിച്ചിരുന്ന മററു ദോഷങ്ങളും ഓരോന്നായി ബഹിഷ്കരിച്ചു. ഗുരുദേവന്റെ ഇച്ഛ എന്താണെന്നു പറഞ്ഞാൽ മതിയായിരുന്നു, അപ്പോൾ അതു നടപ്പിൽവരുത്താനായി രാജ്യത്തിന്റെ നാനാഭാഗത്തും ജനങ്ങൾ സംഘംചേർന്നു് അതു നിർവ്വഹിക്കുമായിരുന്നു X X X"

ആചാരപരിഷ്കരണം ഒരു ചെറിയ കാര്യമല്ല– ഒരു രാജകീയശാസനത്താൽമാത്രം വേണ്ടെന്നുവെക്കാവുന്ന ദുഷ്കരമായ ഒരു നിരസനമായിരുന്നു അതു എന്നു സ്വാമിയുടെ കല്പനകൾ ജനങ്ങൾ സ്വീകരിച്ചിരിക്കുന്നതിൽനിന്നും ഗ്രഹിക്കാനുള്ള ഒരു സാധനപാഠമാണ്–

സ്വാമിയുടെ ആജ്ഞാശക്തിയുടെ വൈഭവം അതു് അടുത്തറിഞ്ഞിരുന്ന സകല മനുഷ്യർക്കും അറിയാവുന്ന ഒരു വെറും

പരമാൎത്ഥമായിരുന്നു. മാനുഷികമായ പ്രവൎത്തനങ്ങൾക്ക് തെളിവും അനുഭവങ്ങൾ വസ്തുനിഷ്ഠവുമായിരിക്കുമ്പോൾ ഒരു യോഗിയുടെ സങ്കല്പശക്തി മറെറാരാളിൽ എങ്ങിനെ ആശ്ചൎയ്യഫലം നൽകുന്നു എന്നുള്ള വസ്തുത എപ്പോഴും ഒരു ചിന്താവിഷയമാണ്. പക്ഷെ മനുഷ്യബുദ്ധിക്ക് ഗോചരമല്ലാത്ത ശക്തിവിശേഷങ്ങൾ ആകാശഭൂതത്തി (Space) ൽ അടങ്ങിയിരിക്കുന്നുണ്ടെന്നും ആ ശക്തികളുമായി സമ്പൎക്കമുള്ള മനസികശക്തി പ്രയോഗിക്കുമ്പോൾ നിൎദ്ദിഷ്ടമായ സ്ഥാനത്തു ഗുണമോ ദോഷമോ അനുഭവപ്പെടുന്നു എന്നും ഇന്ത്യയിലെ യോഗികൾക്കു് അ.ിവുള്ള സത്യാവസ്ഥകളാകുന്നു x x x

## യുക്തിവാദികൾക്കു് ഒരു മറുപടി

62 മേയ് 6-ാംനു- ത്തെ 8-ാം ലക്കം മാതൃഭൂമി ആഴ്ചപതിപ്പിൽ "വായനക്കാർ എഴുതുന്നു" എന്ന കാളത്തിൽ ശ്രീ. ഗോമസ്സ് എസ്. ജെ. എഴുതിയ ഒരു കുറിപ്പിൽ കാണുന്നതു അത്ഭുതകരമായ രോഗശാന്തിയെ സംബന്ധിക്കുന്ന ചില വസ്തുതകളാകുന്നു x x x ലൂർദ്ദിലെ പ്രകൃത്യതീതശക്തിയെപ്പററി പ്രസിദ്ധ ശാസ്ത്രജ്ഞന്മാർ വളരെയധികം വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട് x x x 40 അംഗങ്ങളുള്ള ഒരു അന്താരാഷ്ട്രീയ വൈദ്യസമിതി അവിടെ പ്രവർത്തിച്ചുവരുന്നു ശാസ്ത്രീയദൃഷ്ടിയിൽ രോഗശമനകാരണം കണ്ടുപിടിയ്ക്കുവാൻ സാദ്ധ്യമല്ല എന്നു് ആ കമ്മിററിയുടെ തീരുമാനമാണ് ഒരു രോഗശാന്തിയുടെ "അത്ഭുത"ത്തിന്റെ ആദ്യപടി.

x x x പതിനായിരത്തിൽപരം രോഗശമനങ്ങൾ വൈദ്യശാസ്ത്രപരമായി അനിർവചനീയമെന്നു ഡാക്ടർമാർ പ്രസ്താവിച്ചിട്ടുണ്ട്. ആയിരക്കണക്കിനു ഡാക്ടർമാർക്കു തലവേദനയുണ്ടാക്കുന്ന ഈ രോഗശമനവസ്തുതകളെ വെറും യാദൃശ്ചികമെന്നുപറഞ്ഞു തള്ളിക്കളയുവാൻ യുക്തി സമ്മതിക്കുമോ? ഈ കുറിപ്പു ഏപ്രിൽ 18-ാംനു- യിലെ ആഴ്ചപ്പതിപ്പിൽ ശ്രീ. എം

സി. ജോസപ്പ് എഴുതിയ ലേഖനത്തിനു ഒരു ഖണ്ഡനം എന്നതു പോലെയാണു് കാണുന്നതു്.

സിദ്ധന്മാരുടെ അത്ഭുതശക്തിയെ സംബന്ധിച്ചു ഇന്ത്യയിൽ സംശയിക്കുന്നവർ ഒരു പ്രത്യേക വിഭാഗത്തിൽപെട്ട നാസ്തികവാദികൾ മാത്രമാണ്. അതിനെ ആരും അത്ര വിലവെയ്ക്കുന്നുമില്ല-

എന്നാൽ ശ്രീനാരായണഗുരുവിൻെറ അത്ഭുതസിദ്ധികളെ നിരാകരിച്ചിരിക്കുന്ന ഒരു പുസ്തകം സ്വാമിയുടെ പഴയ ശിഷ്യസംഘം 1954-ൽ ശതവാർഷികത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. The Guru എന്ന ശീർഷകത്തിലുള്ള ആ പുസ്തകത്തിൽ നിന്നു ഒരു ഖണ്ഡികമാത്രം ഇവിടെ ഉദ്ധരിക്കാം.

"*** Guru's life are quoted to show that he had much supernatural powers that he could work miracles like christ by curing diseases physical and mental ***

Man has a tendeny to call something a miracle if he is not able to explain it- The Guru was wellversed in the Indian system of medicine-Ayurveda *** He was one who had studied more than many others and had cured diseases by using such knowledge ***"

(തർജ്ജിമ)

ഗുരുവിൻെറ ചില ചരിത്രകാരന്മാർ അദ്ദേഹത്തിനു അമാനുഷികമായ പ്രകൃത്യതീതശക്തികളുണ്ടായിരുന്നു എന്നും ക്രിസ്തുവിനെപ്പോലെ മാനസികമായും ശാരീരികമായും ഉള്ള മഹാവ്യാധികളെ അദ്ദേഹം സ്വസ്ഥമാക്കിയിരുന്നു എന്നും രേഖപ്പെ

ടുത്തിയിരിക്കുന്നു; ഒരു അനുഭവത്തെ തെളിയിക്കുവാൻ കഴിവി ല്ലാതെവരുന്ന സന്ദർഭത്തിൽ അതൊരു അത്ഭുതമായിരുന്നു എന്നു പറഞ്ഞു നില്ക്കാനുള്ളൊരു വഴക്കം ചിലക്കുണ്ട്. ശ്രീനാരായ ണഗുരു ആയുർവേദത്തിലെ ഇന്ത്യൻ ചികിത്സാരീതിയിലും ഔ ഷധങ്ങളിലും വളരെ വൈദഗ്ധ്യം നേടിയിരുന്നതുകൊണ്ടും അ ദ്ദേഹം ആ വിഷയത്തിൽ മററാരേക്കാളും അധികം പഠിച്ചിരു ന്നതുകൊണ്ടും അദ്ദേഹം രോഗങ്ങളെ മാററിയിരുന്നതു തൻെറ അസാമാന്യമായ ജ്ഞാനംകൊണ്ടായിരുന്നു. ഇതിനെ അത്ഭുത മെന്നു പറയുമ്പോൾ നമ്മൾ അദ്ദേഹത്തെ തരംതാഴ്ത്തുകയാണ് ചെയ്യുന്നതു് x x x

ആയിരത്തിഒരുനൂററിനാലിനുശേഷം ജനിച്ചുവളർന്നിട്ടു ള്ള ഇന്നത്തെ യുവജനങ്ങൾക്കു് ഈ പ്രസ്താവന വളരെ യുക്തി യുക്തമെന്നു തോന്നാതിരിക്കയില്ല- കാരണം അവർക്കു ഗുരു വിനെപ്പററി കേട്ടറിവും പുസ്തകങ്ങളിൽക്കൂടിയുള്ള അറിവുംമാത്ര മെ ഉള്ളു. ഗുരുവിനെ നേരിട്ടുകാണുകയും യാഥാർത്ഥ്യങ്ങളെ അറിയുകയും ചെയ്തിട്ടുള്ള സന്യാസിശിഷ്യന്മാർപോലും ഇന്നു വിരലിനു എണ്ണാൻമാത്രമെ ഉള്ളു.

അങ്ങിനെയുള്ള ശിഷ്യന്മാരുടെ സംഘത്തിൽനിന്നു ഇത്ത രത്തിലൊരു പുസ്തകം പ്രചരിപ്പിക്കുമ്പോൾ ആ പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ ശ്രീനാരായണഗുരു ഒരു മഹാ ജ്ഞാനിയായിരുന്നു എന്നല്ലാതെ ദൈവികമായി അദ്ദേഹത്തി ൻെറ ജീവിതത്തിൽ ഒന്നും ഉണ്ടായിരുന്നില്ല എന്നുള്ള പ്രസ്താവന യെ സ്വീകരിക്കാനുള്ള ഭൗതികപക്ഷക്കാരാണ് ഇന്നു ബഹുഭൂ രിപക്ഷവും എന്നു കാണാവുന്നതാണ്.

ഈ ദുർഘടസന്ധിയിൽ ഇത്തരമൊരു പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്ന സന്യാസിമാരെ ചോദ്യംചെ യ്യേണ്ടതല്ലയോ?

# ആലുവായിലെ
# സർവ മത സമ്മേളനം

ആലുവാ അദ്വൈതാശ്രമത്തിൽനിന്നാണ് ഗുരുവിന്റെ പ്രധാന ഉപദേശങ്ങളെല്ലാം പുറത്തേക്കുവന്നതു്. 1924-(1099) ൽ ആലുവാ അദ്വൈതാശ്രമത്തിൽവെച്ചു്, മദ്രാസ്സ് ഹൈകോർട്ടു് ജഡ്ജിയായിരുന്ന സർ സദാശിവഅയ്യരുടെ അദ്ധ്യക്ഷതിയിലൊരു സമ്മേളനം നടന്നു

ഒരു ഫ്ളാററ്ഫാറത്തിൽ പല മതപ്രാസംഗികന്മാർക്കും സ്ഥാനം അനുവദിച്ചുകൊണ്ടു ഇന്ത്യയിൽ ഒന്നാമതായി നടന്ന ഒരു മതമഹാസമ്മേളനമായിരുന്നു അതു്.

സമ്മേളനപ്പന്തലിനു മുൻവശത്തിൽ "വാദിക്കാനും ജയിക്കാനുമല്ല- അറിയാനും അറിയിക്കാനും" എന്നു് വലിയ അക്ഷരങ്ങളിൽ സ്വാമിയുടെ സന്ദേശം എഴുതിവെയ്പിച്ചിരുന്നു. കേൾവികേട്ട പല മതപണ്ഡിതന്മാരും ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അന്നു സത്യവ്രതസ്വാമികൾ ചെയ്തിരുന്ന ഉജ്വലമായ സ്വാഗതപ്രസംഗം അടുത്ത പേജിൽ ചേർക്കുന്നുണ്ടു്; പരമോൽകൃഷ്ടവും ലോകോത്തരവുമായ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു എന്ന സനാതനധർമ്മോപദേശത്തെ ആ സദസ്സിലാണ് പ്രഖ്യാപനം ചെയ്തിരുന്നതു്. 1102-ൽ ശ്രീ സി. വി. കുഞ്ഞുരാമനും ഗുരുദേവനുമായുണ്ടായ സംവാദത്തിൽ "ഒരു മതം" എന്ന കല്പനയുടെ ശരിയായ വ്യാഖ്യാനം സ്വാമിയുടെ തിരുവായ്മൊഴിയായി വന്നിട്ടുള്ളതും അടുത്ത പേജുകളിൽ ചേർത്തിട്ടുണ്ടു്.

സർവമതസമ്മേളനത്തിന്റെ പ്രയോജനം മനസ്സിലാക്കിയതുകൊണ്ടു എല്ലാ കൊല്ലങ്ങളിലും ശിവരാത്രിദിവസം ആലുവായിൽ മതസമ്മേളനം നടത്തിവരുന്നു എങ്കിലും 1136 ലെ സർവമതസമ്മേളനം അന്നത്തെ ചീഫ് ജസ്റ്റീസ് കെ ശങ്കരൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരുന്നതു 1099 ലെ സമ്മേളനത്തെ അനുസ്മരിപ്പിക്കത്തക്കതായിരുന്നു എന്നു പത്രങ്ങളിൽ റിപ്പോർട്ടുകൾ വന്നിരുന്നതാണ്.

ഇന്ത്യയിൽ ആദ്യമായി നടന്ന സർവമതസമ്മേളനത്തിൽ ശ്രീ സ്വാമി സത്യവ്രതൻ ചെയ്തിരുന്ന സ്വാഗതപ്രസംഗത്തിൽനിന്നു് ഉദ്ധരിച്ചതു്.

"ഭഗവാൻ ശ്രീനാരായണപരമഹംസൻ ചിരന്തനമായ തപസ്സും നിത്യമായ ബ്രഹ്മചര്യവും അനുഷ്ഠിച്ച് അദ്ധ്യാത്മതത്വചിന്തകളിൽ ഏത്തബുദ്ധിയായി കേരളീയ ജനതാമദ്ധ്യത്തിൽ സ്വജീവിതം നയിച്ചുവരുന്ന ഒരു അത്യുത്തമനായ മതോപദേഷ്ടാവാണെന്നുള്ള വിവരം സർവ്വസമ്മതമാണല്ലോ. പാവനചരിതനായ ആ പരമഹംസൻെറ മതതത്വവിചാരണകളിൽ ഒരു നിഷ്ഠയുണ്ടായിരുന്നതു് അവിടുന്നുതന്നെ മനസ്സിനോട് പദ്യരൂപവും പ്രാർത്ഥനാരൂപവുമായി ഇങ്ങിനെ അരുളിചെയ്തിട്ടുണ്ട്."

"പല മതസാരവുമേകമെന്നുപാരാ-
തുലകി ലൊരാനയി ലന്ധരെന്നപോലെ
പലവിധയുക്തിപറഞ്ഞുപാമരന്മാ-
രലവതു ക ണ്ടലയാതമന്നിടേണം."

ഗുരുദേവൻ ഒരു ഹിന്ദുവായി ജനിച്ച് മററുള്ളവരുടെ ദൃഷ്ട്യാ ഒരു ഹിന്ദുവായി ജീവിക്കുന്നു. എങ്കിലും അഹിന്ദുമതസിദ്ധാന്തങ്ങളേയും ഗ്രഹിക്കാവുന്നിടത്തോളം ഗ്രഹിച്ച സകല മതങ്ങളുടേയും പരമോദ്ദേശം ഒന്നുതന്നെയെന്നും, ഏതു മനുഷ്യനേയും ലോകത്തിനു ഉപകാരമുള്ള ഒരു ഉത്തമ പൗരനാക്കിയോ, സംസാരബന്ധവിമുക്തനായ മുമുക്ഷുവാക്കിയോ തീർക്കുന്നതിനു് ഏതു മതത്തിനും ശക്തിയുണ്ടെന്നും ആഭ്യന്തരതത്വങ്ങളെ സംബന്ധിച്ചല്ലാ, കേവലം ബാഹ്യമായ ചില ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ച മാത്രമാണു് മതകലഹങ്ങൾ എന്നും അറിഞ്ഞു സ്വശിഷ്യന്മാരോടും

സ്വഭക്തന്മാരോടും അതിനെതന്നെ ഉപദേശിച്ചു വരി കയാണു ചെയ്യുന്നതെന്നു് അവിടത്തെ അടുത്തു പരി ചയമുള്ള ആരോടും ഞാൻ വിശേഷിച്ചു പറയണമെ ന്നില്ലല്ലോ. അതിനെ അടിസ്ഥാനമാക്കി—"ഒരുജാതി ഒരു മതം ഒരു ദൈവം മനുഷ്യനു്" എന്നു ഗുരുദേവൻ അരുളിചെയ്തിട്ടുള്ള ധർമ്മോപദേശത്തെ സ്വശിഷ്യന്മാർ ഇപ്പോൾ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുകയും ചെ യ്തിരിക്കുന്നു. രാഷ്ട്രം, ഭാഷ മുതലായ ഭേദ ങ്ങൾക്കു പുറമേ മതം, ജാതി മുതലായ ഭേദങ്ങൾ നിമി ത്തം സാഹോദര്യവും സമുദായബന്ധവും ശിഥിലമാ യിരിക്കുന്ന ആധുനികലോകം സനാതനമായ ഈ ധ ർമ്മോപദേശത്തെ ഇന്നോ, നാളയോ ഇനി ഒരു നൂ റ്റാണ്ടു കഴിഞ്ഞിട്ടോ, ഒരു ആയിരത്താണ്ടു കഴിഞ്ഞി ട്ടോ സ്വീകരിക്കുന്നതെന്നു നിശ്ചയമില്ലെങ്കിലും "ജാതി മതഭേദം" നിമിത്തമായ അസ്വാസ്ഥ്യതയുടെ ശമനം ഈ ഉപദേശസ്വീകരണത്താലല്ലാതെ ലോകത്തിൽ സംഭവിക്കയില്ലെന്നുള്ളതു് നിർവിവാദം തന്നെയെന്നു് ആലോചനാബുദ്ധിയുള്ള ആർക്കും അനായാസേന ഗ്ര ഹിക്കാവുന്നതാകുന്നു. ഈ ഉപദേശം എത്ര പാവ നവും പരമാർത്ഥവുമെന്നു ശിഷ്യന്മാർക്കു് പൂർണ്ണബോധം വരുത്തുവാൻ ഏതാദൃശ്യമായ ഒരു മതമഹാസമ്മേളനം ഉപയുക്തമായിത്തീരുമെന്നു കണ്ടിട്ടാണു് ഈ സമ്മേ ളനം ഉണ്ടാക്കണമെന്നു ഭഗവാൻ ശ്രീനാരായണപരമ ഹംസർ അവിടത്തെ അന്തേവാസികളായ ഞങ്ങളെ പ്രോത്സാഹിപ്പിച്ചതു്.

ഈ സമ്മേളനത്തെ സംബന്ധിച്ചു ഞങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ "അറിയാനും അറിയിക്കാനുമാണ്; വാദിക്കാനും ജയിക്കാനും അല്ല" ഈ സമ്മേളനമെന്നു പ്രത്യേകം പ്രസ്താവിച്ചിരുന്നതു മഹാജനങ്ങൾ ഓൎമ്മയല്ലോ. സൃഷ്ടിയുടെ അപൂൎണ്ണതയാലോ പ്രകൃതിനിയമങ്ങളെ തെററിനടക്കാനുള്ള പ്രലോഭനങ്ങളാലോ മനുഷ്യന് കായികമായും മാനസികമായും പല രോഗങ്ങളും വന്നു സംഭവിക്കുകയും അവ സന്തതികളിൽ പരമ്പരയായി പകൎന്നുപോകയും ചെയ്യുന്നുണ്ട്. കായികങ്ങളായ രോഗങ്ങളുടെ നിദാനവും നിവാരണോപായങ്ങളും അറിഞ്ഞവരെ വൈദ്യന്മാരെന്നും, മാനസികങ്ങളായ രോഗങ്ങളുടെ നിദാനവും നിവാരണോപായങ്ങളും അറിഞ്ഞവരെ വൈദികന്മാരെന്നും നാം പറഞ്ഞുവരുന്നു. കായികരോഗങ്ങളുടെ നിവാരണത്തിനു ഹൈഡ്രോപ്പതി, ഹോമിയോപ്പതി, അലോപ്പതി, ആൎയ്യവൈദ്യം, യൂനാനിവൈദ്യം മുതലായ ചികിത്സാക്രമങ്ങൾ ഏൎപ്പെട്ടിട്ടുണ്ടല്ലോ. ഈ ചികിത്സാക്രമങ്ങളിൽ ഓരോന്നു വശമാക്കിയ വൈദ്യന്മാർ അതാതു ചികിത്സാക്രമങ്ങൾ മററുള്ളവയെ അപേക്ഷിച്ചു ശ്രേഷ്ഠമെന്നു ഉൽഘോഷിക്കാറുണ്ടെങ്കിലും രോഗാൎത്തനായ മനുഷ്യൻ തൻെറ പിതാക്കന്മാർ പരമ്പരയായി ഉപയോഗിച്ചുവന്നിരുന്ന ചികിത്സാക്രമം ഏതൊന്നോ ആ ചികിത്സാക്രമം ഉത്ഭവിച്ച ദേശം ഏതെന്നോ, അതു കണ്ടുപിടിച്ച ദിവ്യവൈദ്യൻ ആരെന്നോ ആലോചിക്കാതെ ഏതുചികിത്സാക്രമം അനുസരിച്ചുള്ള ഔഷ

ധവും രോഗശമനത്തിനായി ഉപയോഗിക്കുകതന്നെ ചെയ്യുന്നു. പാശ്ചാത്യന്മാരായ ക്രൈസ്തവഭിഷഗ്വരന്മാരുടെ ചികിത്സാസമ്പ്രദായമാണു് അലോപ്പതി എന്നുള്ള വിചാരത്താൽ അതു പഠിക്കുന്നതിനോ പ്രയോഗിക്കുന്നതിനോ ഒരു ഹിന്ദുഭിഷഗ്വരൻ മടിക്കുന്നില്ല. അതുപോലെതന്നെ ആയുൎവൈദ്യം ഹിന്ദുക്കളുടെ വൈദ്യമാണെന്നു പറഞ്ഞു വയ്ക്കര മൂസ്സിൻെറ ചികിത്സയെ ക്രിസ്ത്യാനികളാരും ഉപേക്ഷിക്കുന്നില്ല. അഷ്ടാംഗഹൃദയം ഒരു ബൌദ്ധമതഗ്രന്ഥമായതു കൊണ്ടു്. ഏകാദശിക്കു വായിച്ചുകൂടായെന്നു മലയാളബ്രാഹ്മണർ ഒരു കടുത്ത ഭ്രഷ്ടു് അതിനു കല്പിച്ചിട്ടുണ്ടെങ്കിലും അവർ അഷ്ടാംഗഹൃദയം വായിക്കാതെയോ വായുമുട്ടൽ വരുന്നതു ഏകാദശിനാളിൽ ആണെങ്കിൽ അന്നു ധന്വന്തരിഗുളിക സേവിക്കാതെയോ ഇരിക്കുന്നില്ല. കായികരോഗങ്ങൾക്കു ചികിത്സാക്രമം ഏതു മതക്കാരനായ വൈദ്യൻേറതു എന്നു അന്വേഷിക്കാതെ രോഗശമനത്തിനു ഫലസിദ്ധിയുള്ള ഏതു ഔഷധവും സേവിക്കുന്നതിനു മനുഷ്യൻ മടിക്കേണ്ടതില്ലെങ്കിൽ മാനസികരോഗത്തിൻെറ വിഷയത്തിൽ ആ പ്രമാണം എന്തുകൊണ്ടു സ്വീകരിച്ചുകൂടാ എന്നുള്ള ചോദ്യത്തിനു ഉത്തരം പറവാൻ മാനസികരോഗചികിത്സകന്മാരായ വൈദികന്മാൎക്കു ഒരു ചുമതലയുണ്ടെന്നു സമ്മതിച്ചേ തീരൂ. സോക്രട്ടീസും, സ്പെൻസരും, കാൻറും, സ്വീഡൻബർഗ്ഗും യൂറോപ്യന്മാരായതുകൊണ്ടു് അവരുടെ തത്വജ്ഞാനഗ്രന്ഥങ്ങൾ വായിച്ചു തത്വാന്വേഷണം

ചെയ്യുന്നതിന്ന ഹിന്ദുക്കൾക്കോ ബാദരായണാചാൎയ്യരും ശങ്കരാചാൎയ്യരും ഹിന്ദുക്കളായതുകൊണ്ടു അവരുടെ തത്വജ്ഞാനഗ്രന്ഥങ്ങൾ വായിച്ചു തത്വാന്വേഷണം ചെയ്യുന്നതിന്ന യൂറോപ്യന്മാൎക്കോ ഒരു മടിയുമില്ല- തത്വജ്ഞാനഗ്രന്ഥങ്ങൾ മനശ്ശാസ്ത്രഗ്രന്ഥങ്ങൾ ധൎമ്മശാസ്ത്രഗ്രന്ഥങ്ങൾ ഇവ ഏതു മതക്കാരന്റേതായിരുന്നാലും മററ് ഏതു മതക്കാരനും വായിച്ചു തത്വം ഗ്രഹിക്കാം- ഈ മൂന്നുതരം ഗ്രന്ഥങ്ങളും വെളിപ്പെടുത്തുന്ന തത്വങ്ങളുടെ കലർപ്പില്ലെങ്കിൽ കേവലം നിൎജ്ജീവങ്ങളായി തീരുന്ന മതഗ്രന്ഥങ്ങൾ ഒരു മതക്കാരന്റേതു മറെറാരു മതക്കാരന്ന എന്തുകൊണ്ടു വായിച്ചു തത്വം ഗ്രഹിച്ചുകൂടാ എന്നും അങ്ങനെ ഗ്രഹിച്ച തത്വങ്ങൾ എന്തുകൊണ്ടു ജീവിതകൃത്യങ്ങളിൽ പ്രായോഗികമാക്കി തീൎത്തുകൂടാ എന്നും ശ്രീനാരായണ ശിഷ്യന്മാരായ ഞങ്ങൾക്കു വളരെ സംശയമുണ്ടു്. ദർശനങ്ങൾ, ശാസ്ത്രങ്ങൾ, കലാവിദ്യകൾ മുതലായി വിജ്ഞാനവൎദ്ധനയ്ക്കു ഉപയുക്തങ്ങളായ ഗ്രന്ഥങ്ങൾ ദേശഭേദവും മതഭേദവും ജാതിഭേദവും ഗണിക്കാതെ എല്ലാ മതക്കാരും മനുഷ്യജാതിയുടെ പൊതുസ്വത്തായി അവയെ ഗണിക്കുകയും വിജ്ഞാനാഭിവൃദ്ധിക്കായി അവയെ കൈകാൎയ്യംചെയ്യുകയും ചെയ്യുന്നതുപോലെ അദ്ധ്യാത്മവിദ്യാ പ്രതിപാദകമായ മതഗ്രന്ഥങ്ങളും മനുഷ്യജാതിയുടെ പൊതുസ്വത്തായി ഗണിക്കുകയും ജ്ഞാനാഭിവൃദ്ധിക്കായി അവയെ കൈകാൎയ്യം ചെയ്യുകയും ചെയ്യാമെന്നാണു് ഞങ്ങളുടെ വിനീതമായ വിശ്വാസം. ഈ വിശ്വാസം അബദ്ധമാണെന്നു ആരെ

ങ്കിലും സയുക്തികം മൂണ്ടിക്കാണിച്ചു തന്നാലതിനെ പ്പററി പുനരാലോചന ചെയ്യുന്നതിന്ന ഞങ്ങൾ സാദരം സന്നദ്ധരാണെന്നുള്ള വിവരവും പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ പ്രകൃതത്തിൽ മററൊരു സംഗതികൂടെ നാം ഏററവും ഗൗരവമായി ആലോചിക്കേണ്ടതായിട്ടുണ്ടു്. മനുഷ്യൻ ചിന്താശീലമുള്ള ഒരു ജീവിയാകുന്നു. ശരീരത്തെ പ്രവൃത്തിരഹിതമാക്കി സ്വസ്ഥതയിൽ വച്ചുകൊണ്ടിരിക്കുന്നതിന്ന നമുക്ക കഴിയുമെങ്കിലും എത്ര ഉദാസീനമായ അവസ്ഥയിലും മനസ്സിനെ പ്രവൃത്തിരഹിതമാക്കി വച്ചുകൊണ്ടിരിക്കുവാൻ നമുക്ക കഴിയുന്നില്ല. ശിശുക്കൾ ആകാശത്തിൽ നോക്കി വിസ്മയിക്കുകയും. "അതെന്തു് ഇതെന്തു്" എന്നു ജിജ്ഞാസയോടുകൂടെ ഓരോന്നു ചോദിക്കുകയും ശരിയോ തെററോ ആയ ഉത്തരംകൊണ്ടു തൃപ്തിപ്പെടുകയും വീണ്ടും ചോദ്യങ്ങൾ തുടരുകയും ചെയ്യുന്നതുപോലെ ലോകത്തിൻെറ. ശൈശവാവസ്ഥയിൽ തുടങ്ങി മനുഷ്യജാതി, "ഈ പ്രപഞ്ചം എങ്ങിനെ ഉണ്ടായി ഇതെങ്ങിനെ നില്ക്കുന്നു, എങ്ങിനെ അവസാനിക്കുന്നു" എന്നു ചോദിപ്പാനും, അവയ്ക്കു് ശരിയെങ്കിലും തെറെറങ്കിലും ഒരു ഉത്തരം കണ്ടുപിടിക്കാനും, കണ്ടുപിടിച്ച ഉത്തരങ്ങൾ ശരിയോ എന്നു പരിശോധിക്കാൻവേണ്ടി വീണ്ടും വീണ്ടും ചോദ്യങ്ങൾ ചോദിക്കാനും തുടങ്ങി. ഈ ചോദ്യങ്ങൾക്കു ലഭിച്ച ഉത്തരങ്ങളിൽവച്ചു് ഏററവും വിസ്മയാവഹങ്ങളായ ചില ഉത്തരങ്ങളാണു്. ഈശ്വരനേയും, ആത്മാവിനേയും, പുനജ്ജന്മത്തേയും, കമ്മഫലത്തേ

യ്യും, സ്വൎഗ്ഗനരകങ്ങളേയും, സംസാരത്തേയും, നിൎവ്വാ ണത്തേയും കുറിച്ചുള്ള ഉത്തരങ്ങൾ. മനുഷ്യൻ അക്ഷര വിദ്യ കണ്ടുപിടിക്കുന്നതിനു മുമ്പായി അവനു ലഭി ച്ചിട്ടുള്ള ഉത്തരങ്ങളിൽ എത്രയോ എണ്ണം നമുക്കു പിന്തുടൎച്ചയായി ലഭിക്കാതെ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. എങ്കിലും നമുക്കു ജീവിതാവധിഅനുഭവിച്ചു സുഖിക്കുവാ ൻവേണ്ടതിൽ തുലോം അധികം ഉത്തരങ്ങൾ പിതൃസ്വ മായി ശേഷിച്ചിട്ടുണ്ട്. ഇങ്ങനെ ശേഷിച്ച പ്രശ്നോ ത്തരഭണ്ഡാരമായ പിതൃസ്വത്താണു് ലോകത്തിൽ ഇന്നുള്ള സകല മതഗ്രന്ഥങ്ങളും. അവ മനുഷ്യ ജാതിക്കു പൊതുവിലുള്ള പിതൃസ്വത്താകുന്നതല്ലാതെ അവ ശാഖാവീതം ഭാഗംവച്ചു ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന കൈവശക്കാർ പറയുംപോലെയോ ഭാവിക്കുംപോലയോ ഓരോ പ്രത്യേക മതക്കാരുടെ പ്രത്യേകസ്വത്തുകൾ ആകുന്നതല്ല. പൂൎവ്വപിതാക്ക ന്മാരെക്കുറിച്ചുള്ള ഭക്തിബഹുമാനാദരങ്ങളോടുകൂടി ഈ പിതൃസ്വത്തു മനുഷ്യജാതി പൊതുവേ അനുഭവിച്ചു് ആത്മസുഖം അനുഭവിക്കേണ്ടതായിരിക്കേ അവയുടെ ഒരോ ഭാഗം ഒരോ ശാഖക്കാൎക്കു കൈവശപ്പെടുത്തി വച്ചുകൊണ്ടു ശേഷം ശാഖക്കാൎക്കു അസുഖം ഉണ്ടാകുന്ന വിധം അതിനെ വിനിയോഗിക്കുന്നതു് സൎവ്വസന്തതി കൾക്കുമായി സങ്കല്പിച്ചു ആസ്വത്തു സമ്പാദിച്ച പൂൎവ്വ പിതാക്കന്മാൎക്കു തന്നെ ഹിതകരമായ ഒരു കാൎയ്യമായിരി ക്കുമോ? തത്വജ്ഞാനത്തിനും, ശാസ്ത്രജ്ഞാനത്തിനും യുക്തിവാദകുശലതയ്ക്കും ഇപ്പോഴത്തെപ്പോലെ അഭി

വൃദ്ധിഉണ്ടായിട്ടില്ലായിരുന്ന കാലങ്ങളിൽ ജീവിച്ചിരുന്ന ബുദ്ധിമാന്മാരും ചിന്തകന്മാരും ഊഹാപോഹങ്ങൾകൊണ്ടും പരീക്ഷ കൂടാതെയുള്ള നിരീക്ഷണംകൊണ്ടും കണ്ടുപിടിച്ച അദ്ധ്യാത്മപരങ്ങളായ പ്രശ്നോത്തരങ്ങൾഎല്ലാ മതഭണ്ഡാരങ്ങളിലും കലൻകിടപ്പുണ്ടു്. വാസ്തവമെന്നു വളരെക്കാലം വിശ്വസിച്ചിരുന്ന ചില സിദ്ധാന്തങ്ങൾ അനന്തരകാലങ്ങളിൽ ഖണ്ഡിക്കപ്പെട്ടുപോയതായും നാം കാണുന്നുണ്ടു്. ആത്മതത്വപ്രതിപാദകങ്ങളായും അല്ലാതെയുമുള്ള പൌരണികന്മാരുടെ അർത്ഥവാദകഥകൾ കവികളുടെ ഭാവനാശക്തിയിൽകൂടി അണുപ്രാണികൾ ഭൂതക്കണ്ണാടിയിൽ കൂടിയെന്നപോലെ സഹസ്രഗുണഗരിമാവു കൈക്കൊണ്ടു് ആധുനീകന്മാർക്കു അസംബന്ധമെന്നു് തോന്നാവുന്ന രൂപത്തെ പ്രാപിച്ചു മതഗ്രന്ഥങ്ങളിൽ കലൻകിടപ്പുണ്ടു്. ഒരു കഥാബീജംതന്നെ ദേശാദിഗ്ക്രമണംചെയ്തു പല മതഗ്രന്ഥങ്ങളിലും പല പരിണതിയെ പ്രാപിച്ചു കിടക്കുന്നതായും നാം കാണുന്നുണ്ടു്. പൌരാണികന്മാരിൽ പലക്കും പരിചയമുള്ള ഒരു ചെറിയ ദൃഷ്ടാന്തം മാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. ദിനരാത്രങ്ങൾ, മാസങ്ങൾ ഋതുക്കൾ സംവത്സരങ്ങൾ മുതലായ കാലഭേദങ്ങൾ എല്ലാം ഭൂഭ്രമണം നിമിത്തം സൂൎയ്യനുണ്ടാകുന്ന സ്ഥിതിഭേദത്താൽ സംഭവിക്കുന്നതാണെന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ നിൎണ്ണയിച്ചു. സൂൎയ്യനിൽ നിന്നു കാലമുണ്ടാകുന്നു എന്നുള്ള ജ്യൗതിഷികസിദ്ധാന്തം ഒരു അർത്ഥവാദ കഥാബീജമായപ്പോൾ

സൂയ്യന്റെ മകനാണു് കാലനെന്നും ജീവശക്തികൾക്ക ക്ഷയം സംഭവിക്കുന്ന കാലം വരുമ്പോൾ മരണം സംഭവിക്കുന്നു എന്നുള്ള വസ്തുതകൂടെ ചേത്തു സൂയ്യപുത്രനായ കാലൻ നമ്മെ മരിപ്പിക്കുന്ന പിതൃപതി എന്ന കഥയുണ്ടായി. മരണം നമുക്കു ഹിതകരമായ ഒരു സംഭവമല്ല. അഹിതകരനായ കാലനു ഭയങ്കരസ്വരൂപം കല്പിച്ചു് കറുത്ത നിറവും മഹിഷവാഹനവുമാക്കി- കയറും കാരിരുമ്പുലക്കയും ആയുധമായും സങ്കല്പിച്ചു. ഇങ്ങനെ പിതൃപതിയായ കാലനു്, പിതൃക്കൾക്കു അവരുടെ ജീവിതകാലത്തിൽ അവർ അനുഷ്ഠിച്ച ധമ്മാധമ്മങ്ങൾക്കു അനുരൂപമായ ശിക്ഷാരക്ഷകൾ നൽകാനുള്ള അധികാരംകൂടെ നൽകാഞ്ഞാൽ കഥ പൂത്തിയാകയില്ലല്ലോ എന്നു കരുതി കാലനെ ധമ്മരാജാവായി അഭിഷേകവും കഴിച്ചു. രാജാവായാൽ ഒരു വലിയ മേലെഴുത്തുപിള്ളയെ കൂടാതെ കഴികയില്ലല്ലോ. മനശ്ശാസ്ത്രപ്രകാരം മനസ്സു സകല കമ്മങ്ങളുടേയും ചിത്രത്തെ ഗോപനം ചെയ്തുവെയ്ക്കുന്ന ഒരു വസ്തുവാണു്. ആ മനസ്സുതന്നെയാണു് താന്താങ്ങളുടെ ധമ്മാധമ്മകമ്മങ്ങൾക്കു അനുരൂപമായ സുഖദുഃഖങ്ങൾ മനുഷ്യനെ അനുഭവിപ്പിക്കുന്നതു്. കമ്മചിത്രങ്ങളെ ഗോപനംചെയ്യുന്ന മനസ്സിനെ ചിത്രഗുപ്തനാക്കി, യമധമ്മരാജാവിന്റെ വലിയ മേലെഴുത്തു പിള്ളയായും നിയമിച്ചു. രാജാവിനു രാഷ്ട്രവും രാജധാനിയും കിങ്കരന്മാരും കച്ചേരികളും വേണമെന്നുള്ള വ്യവസ്ഥ അനുസരിച്ചു വേണ്ട സാമഗ്രികളെല്ലാം മുറയ്ക്കു ശേഖരിച്ചു

പ്പോൾ അതിവിസ്തീൎണ്ണമായ നരകസാമ്രാജ്യം വിഭവ സംപൂൎണ്ണമായി. കാലനെക്കുറിച്ചുള്ള ഈ കഥ അസീരിയന്മാരുടെ പുരാണത്തിൽ ചേൎന്നപ്പോൾ മറെറാരു രൂപഭേദം സംഭവിച്ചു. ഹിന്ദുക്കൾക്കു കാലൻ സൂൎയ്യപുത്രനായ യമനാണു്- അസീരിയന്മാൎക്കു് കാലൻ നവഗ്രഹങ്ങളിലൊന്നായ ശനിയാണു്. സൂൎയ്യനു് പുത്രനുണ്ടാകുമ്പോൾ ഒരു ഭാൎയ്യയും ആവശ്യമാണല്ലോ. സൂൎയ്യന്റെ ഭാൎയ്യ ഛായ ആണു്. ഛായാപുത്രനാണു് ശനി. ഹിന്ദുക്കളുടെ കാലനും, അസീരിയന്മാരുടെ കാലനും തമ്മിൽ സ്വല്പമെ വ്യത്യാസമുള്ളു. ഹിന്ദുക്കളുടെ കാലൻ സൂൎയ്യപുത്രനും അസീരിയന്മാരുടെ കാലൻ സൂൎയ്യന്റെ ഭാൎയ്യയുടെ പുത്രനുമാണു്- ഛായാപുത്രനായ ശനിക്കു് കാലൻ എന്ന പൎയ്യായം സംസ്കൃതത്തിൽ പ്രസിദ്ധമാണെങ്കിലും കാലനും ശനിയും ഹിന്ദുക്കൾക്കു് ഒരു ദേവനമല്ല; അവർ തമ്മിൽ ജ്യേഷ്ഠാനുജന്മാരുമല്ല. എന്നാൽ ഹിന്ദുക്കളുടെ കാലന്റെ ജോലി തന്നെയാണു് അസീരിയന്മാരുടെ ശനിയുടേയും ജോലി. ശനിയാഴ്ച ശനിയുടെ ദിവസമായതുകൊണ്ടു് അസീരിയന്മാൎക്കു അതൊരു ദുൎദ്ദിനമായി തീൎന്നു. യാതൊരു ശുഭകൎമ്മത്തിനും ആ ദിവസം കൊള്ളുകയില്ലെന്നു അസീരിയന്മാരുടെ ഇടയിൽ വിശ്വാസം പരന്നപ്പോൾ ആ ദിവസം യാതൊരു വേലയും ചെയ്യാതെ സ്വസ്ഥമായിരിക്കുവാനുള്ള ശപിക്കപ്പെട്ട ദിവസമായി. ഈ ശനിയാഴ്ച യഹൂദന്മാൎക്കു പരിശുദ്ധമായ സാബത്തു് ആയി തീൎന്നതും ക്രിസ്ത്യാനികൾക്കു സാബത്തു് ഞായ

റാഷ്ട്ര ആയി തീൎന്നതും എല്ലാവരും അറിഞ്ഞിരിക്കുന്ന കാൎയ്യമാണല്ലോ. ഒരു അൎത്ഥവാദകഥ പല രൂപാന്തരത്തെ കൈക്കൊണ്ടു പല മതക്കാരുടെ ഇടയിൽ പല തരം വിശ്വാസങ്ങൾക്കും ആ വിശ്വാസം അനുസരിച്ച് പലതരം ആചാരങ്ങൾക്കും എങ്ങനെ ഇടവരുത്തുന്നു എന്നു് ഈ ദൃഷ്ടാന്തത്തിൽനിന്നു നമുക്കു ഏകദേശം മനസ്സിലാക്കാൻ കഴിയുന്നതാണു്. ഓരോ മതക്കാരുടേയും പുരാണകഥകളിൽ നവീനന്മാരുടെ ശാസ്ത്രജ്ഞാനവും യുക്തിവാദകുശലതയുംകൊണ്ടു് പരിശോധിച്ചു നോക്കുമ്പോൾ അയുക്തികങ്ങളും അസംഭവ്യങ്ങളും ആയി തോന്നാവുന്ന പല കഥകളും ഉണ്ടെങ്കിലും അവ എല്ലാവരുടെയും പുരാണങ്ങൾക്കുമുള്ള ഒരുസാമാന്യലക്ഷണമാണെന്നു സമ്മതിക്കാനുള്ള ഔദാൎയ്യബുദ്ധി ഇല്ലാത്തതു നിമിത്തം സംഭവിക്കുന്ന മതകലഹങ്ങൾ എത്രയെന്നുള്ളതിനു യാതോരവസാനവുമില്ല. മതമത്സരത്തിൻെറ ഒരു ചെറിയ ദൃഷ്ടാന്തം എൻെറ ഒരു സ്നേഹിതൻ പറഞ്ഞതിനെ ഞാൻ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ - ഒരിക്കൽ ആ സ്നേഹിതൻ തീവണ്ടിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ മഹാവിഷ്ണുവിൻെറ പ്രളയാനന്തര ശയനത്തെക്കുറിച്ചു മറെറാരു സ്നേഹിതനുമായി സംസാരിക്കാൻ ഇടവന്നു. അവരുടെ സംഭാഷണം കേട്ടുകൊണ്ടിരുന്ന രണ്ടു ക്രൈസ്തവ സഹോദരന്മാർ എൻെറ സ്നേഹിതനോടു ചോദിച്ചു:—"എന്താണു് നിങ്ങളുടെ മഹാവിഷ്ണുവിനു വെള്ളത്തിൽ കിടക്കുമ്പോൾ ഒരു ആലിലകൂടെ താങ്ങായി വേണ്ടിവന്നതു്: അതില്ലെ

കിൽ വിഷ്ണു വെള്ളത്തിൽമുങ്ങി ചത്തു പോകുമോ?'' ഈ ചോദ്യത്തിനു സ്നേഹിതൻ ഉടൻതന്നെ പ്രത്യുത്തരം പറഞ്ഞു:— ''ആദിയിൽ ഭൂമി ഇരുളും പാഴുമായിരുന്ന കാലത്തു് എന്താണു് നിങ്ങളുടെ യഹോവായുടെ ആത്മാവു് വെള്ളങ്ങളുടെ മുകളിൽ ആവസിച്ചിരുന്നതു്? വെള്ളങ്ങളുടെ തഴെആയാൽ ശ്വാസംമുട്ടി ചത്തുപോകുമെന്നു് വിചാരിച്ചാണോ''? ഈ ഉക്തിപ്രത്യുക്തികളെക്കൊണ്ടു് പരസ്പരം പൌരാണികവിശ്വാസങ്ങളെ പരിഹസിച്ച സ്നേഹിതന്മാർ അവരുടെ മതങ്ങളിൽ പ്രത്യക്ഷത്തിൽ ഭിന്നമായിക്കാണുന്ന ഈ ലോകോല്പത്തികഥയുടെ അത്ഭുതകരമായ സാമ്യത്തെ കുറിച്ചു് അത്ഭുതപ്പെട്ടില്ലല്ലോ എന്നാണു് നാം അത്ഭുതപ്പെടേണ്ടതായിരിക്കുന്നതു്.

മതകലഹങ്ങളുടെ പ്രാചീനഭയങ്കര സ്വഭാവത്തിനും ഇപ്പോഴത്തെ സുഖകരമല്ലാത്ത മത്സരത്തിനും തമ്മിൽ വലുതായ വ്യത്യാസമുണ്ടെന്നു് നാം ആശ്വസിച്ചേതീരു. സാമ്രാജ്യശക്തികളുടെ സഹായത്തോടുകൂടെ മതപ്രചരണം നടത്തിവന്ന പ്രാചീന പുരോഹിതരാജാക്കന്മാർ മതത്തിൻെറ നാമധേയത്തിൽ നടത്തിയിട്ടുള്ള സമരവൃത്താന്തങ്ങൾ എല്ലാ മതചരിത്രത്തെയും ഏറെക്കുറെ മലിനമാക്കിത്തീർത്തിട്ടുണ്ടു്. എന്നാൽ പുരോഹിതാധികാരവും രാജാധികാരവും ഏകത്ര ലയിച്ചിരിക്കുന്നതു് ആപൽക്കരമെന്നു മനസ്സിലാക്കി ആധുനികപരിഷ്കൃത ജനസമുദായങ്ങളെല്ലാം ആ രണ്ടധികാരങ്ങളേയും തമ്മിൽ വേർപെടുത്തി. മതവിഷയമായ കാര്യങ്ങളിൽ

ഗവൺമെൻറുകൾ നിഷ്പക്ഷനില അനുവർത്തിക്കണമെന്നുള്ളതു് പ്രവീനരാജ്യമീമാംസയിലെ നിഷ്കൃഷ്ടയേറിയ ഒരു സിദ്ധാന്തമായപ്പോൾ മതസമരങ്ങളിലും തന്മൂലമുള്ള അനർത്ഥങ്ങളിലുംനിന്നു മനുഷ്യജാതിക്കു മോചനം ലഭിച്ചു. ഭിന്നമതങ്ങൾ തമ്മിലുള്ള പിന്നത്തെ മത്സരരീതി ഓരോ മതസാഹിത്യത്തിലും കലർന്നുകിടക്കുന്ന ഇതിഹാസ കഥകളുടെ അയുക്തിയേയും അസംഭാവ്യതയേയുംകുറിച്ചു് കഴിയുന്നത്ര ശക്തിയേറിയ ഭാഷയിലും ചിലപ്പോൾ ആഭാസമെന്നു പറയാവുന്ന രീതിയിലും പുസ്തകങ്ങളും ലഘുലേഖനങ്ങളും പരസ്യം ചെയ്തും, മിക്കവാറും അതേരീതിയിൽതന്നെ പ്രസംഗങ്ങൾ ചെയ്തും പരമതദൂഷണംചെയ്തു കഴികയായിരുന്നു. ഈ പ്രസ്ഥാനംമൂലം എല്ലാ മതങ്ങളുടേയും ദോഷഭാഗങ്ങൾ എല്ലാവൎക്കും മനസ്സിലാകുവാനും ഗുണഭാഗങ്ങൾ മങ്ങി മതവിശ്വാസം സാമാന്യജനങ്ങളിൽ വിരളമായിത്തീരുവാനും ഇടവന്നു. ഈ ദശയും കടന്നു ഇപ്പോഴത്തെ മതമത്സരരീതി പുറമേ ശാന്തമെങ്കിലും അകമേ അസുഖകരമായ മറെറാരു വഴിക്കായിത്തീൎന്നിട്ടുണ്ടു്. മതപരിവൎത്തന സംരംഭംകൊണ്ടുള്ള അസുഖം ഇൻഡ്യയിൽ ഹിന്ദുക്കൾമാത്രം അനുഭവിച്ചിരുന്നതു് മതാഭിമാനികളായ ചില ഹൈന്ദവനേതാക്കളുടെ ഉത്സാഹത്താൽ ഇപ്പോൾ അഹിന്ദുക്കളും അനുഭവിച്ചു തുടങ്ങിയിരിക്കുന്നു- ശാസ്ത്രജ്ഞാനത്തിനും തത്വജ്ഞാനത്തിനും പരിഷ്കാരത്തിനും എത്രതന്നെ പ്രചാരവും അഭിവൃദ്ധിയും ഉണ്ടായിട്ടും മതപരിവൎത്തനവിഷയത്തിൽ ഇത്ര വലിയ

സംരംഭം എല്ലാ മതക്കാൎക്കും ഉണ്ടാവാനുള്ള യഥാൎത്ഥ കാരണം എന്തെന്നു് അന്വേഷിക്കുന്നതു രസാവഹമായിരിക്കും.

മതം ഒരു അദ്ധ്യാത്മകാൎയ്യമാണെന്നാകുന്നു എല്ലാവരും പറകയും വിശ്വസിക്കുകയും ചെയ്തുവരുന്നതു്. എല്ലാ മതസ്ഥാപകന്മാരും തങ്ങളുടെ മതത്തെ മോക്ഷമാൎഗ്ഗമായിട്ടുതന്നെയാണു് തങ്ങളുടെ ശിഷ്യന്മാൎക്കു് ഉപദേശിച്ചു തുടങ്ങിയതു്. സകല മോഹങ്ങളും പരിത്യജിച്ചവനു് മാത്രമേ നിൎവ്വാണമുള്ളുവെന്നു ബുദ്ധമുനി നിഷ്കൎഷയായി ഉപദേശിച്ചു. "സൎവ്വത്തെയും ഉപേക്ഷിച്ചു് എന്റെ പിന്നാലെ വരുവിൻ" എന്നു ക്രിസ്തു തന്റെ ശിഷ്യന്മാരെ വിളിച്ചു. ത്യാഗിക്കല്ലാതെ മോക്ഷമില്ലെന്നുള്ളതു ഹിന്ദുമതത്തിലെ ഏതു ശാഖക്കാൎക്കുമുള്ള നിൎവ്വിവാദമായ സിദ്ധാന്തമാകുന്നു.

ഗന്ധകാമ്ലം കണ്ടുപിടിക്കുന്നതു ശാസ്ത്രജ്ഞനാണു്. എന്നാൽ മൂലധനം മുടക്കി അതുധാരാളമായി സംഭരിച്ചു ലോകമെല്ലാം വിതരണംചെയ്തു് ആദായമുണ്ടാക്കുന്നതു് മുതലാളന്മാരാണു്. ശാസ്ത്രതത്വങ്ങളെ എന്നപോലെ തന്നെ അദ്ധ്യാത്മതത്വങ്ങളേയും മോക്ഷമാൎഗ്ഗങ്ങളേയും അവ കണ്ടുപിടിച്ച മഹാത്മാക്കളല്ലെങ്കിലും, കൊണ്ടുനടന്ന ബുദ്ധിമാന്മാർ അത്യന്തം ആദായകരങ്ങളായ വാണിജ്യസാധനങ്ങളാക്കി 'ഉത്തമംകൃഷി വിദ്യ' എന്നുള്ള പ്രമാണത്തെ 'മദ്ധ്യമം കൃഷിവാണിജ്യം' എന്നാക്കാതെ വ്യഭിചരിപ്പിച്ചു ആദായമുണ്ടാക്കിത്തീൎത്തു. ഈ ബുദ്ധിമാന്മാരാണു് പുരോഹിതന്മാരെന്നു് ലോക

ത്തിൽ പ്രസിദ്ധന്മാരായി തീർന്നവർ. എല്ലാവരും അ ങ്ങനെയുള്ളവരെന്നു ഞാൻ പറയുന്നില്ല; വളരെപ്പേർ അങ്ങനെയുള്ളവരാണു്. മതസ്ഥാപകന്മാരായ മഹാ ത്മാക്കളുടെ അദ്ധ്യാത്മസിദ്ധാന്തങ്ങൾ ജനസമ്മ തങ്ങളായി തീൎന്നു വെന്നു കണ്ടപ്പോൾ ആ സിദ്ധാന്തങ്ങ ളെ ജനങ്ങൾക്കുപദേശിക്കുവാനുള്ള പാവനമായ ജോലി കൈയേററ പുരോഹിതന്മാർ ആ ജോലി അത്യന്തം ആ ദായകരമായ ഒരു "ഉത്തമം കുശലം വിദ്യ"യെന്നു് അനാ യാസേന മനസ്സിലാക്കി. എങ്ങനെയുള്ള ഏർപ്പാടുകൾ എല്ലാം ഉണ്ടാക്കിയാൽ ആ ജോലി അധികം അധികം ആദായകരമാക്കിത്തീൎക്കാമോ അങ്ങനെയുള്ള ഏർപ്പാടു കളെല്ലാം അവർ ഉണ്ടാക്കിത്തീൎത്തു. മതങ്ങളോടു അനു ബന്ധിച്ചുണ്ടായിട്ടുള്ള മിക്കതന്ത്രമന്ത്രാദികളുടെയും വി ശ്വാസാചാരങ്ങളുടെയും എല്ലാം ആഗമം ഇങ്ങനെയാകു ന്നു. ജ്ഞാനോപദേശം ചെയ്യുകയെന്നുള്ളിടത്തോളം കൊ ണ്ടുപുരോഹിതന്മാരുടെ ജോലി അവസാനിച്ചിരുന്ന വെങ്കിൽ മതനിമിത്തമായുള്ള ഭിന്നിപ്പുകൾ ഇന്നു ജ നസമുദായത്തിൽ ഇത്രമാത്രം അസ്വാസ്ഥ്യകാരണമാ യി തീരുകയില്ലായിരുന്നു. എന്നാൽ ജ്ഞാനോപദേശം ഒരു 'കുശലംവിദ്യ'യായി ചമഞ്ഞപ്പോൾ വണിക്കുകൾ അവരുടെ ചരക്കു ചിലവാക്കുവാൻ അധികം പററു വരവുകാരെ ഉണ്ടാക്കുന്നതിനു ശ്രമിക്കുന്ന മാതിരി യിൽ, പുരോഹിതന്മാരും അവരുടെ മതത്തിൽ പററി നിൽക്കുന്നവരായ ജനങ്ങളുടെ സംഖ്യ വൎദ്ധിപ്പിക്കാൻ ശ്രമം തുടങ്ങി. ഒരുമതത്തിൽ എത്രകണ്ടു ജനങ്ങൾ വൎദ്ധിക്കുന്നുവോ അത്രകണ്ടു ആ മതത്തിനു ശക്തി വൎദ്ധി

ക്കുന്നു. ശക്തിവൎദ്ധിച്ച മതം മുക്തിമാൎഗ്ഗങ്ങളിൽ വച്ചു മുഖ്യമായ മതമെന്നു വന്നപ്പോൾ മുക്തിമാൎഗ്ഗത്തിന്റെ യുക്തമാൎഗ്ഗത്തിലേക്കു് മനുഷ്യബുദ്ധിക്കു് പ്രവേശനമേ ഇല്ലാതായിതീൎന്നു. മഹാത്മാക്കളായ മതസ്ഥാപകന്മാർ പാരത്രികമായ മോക്ഷമാൎഗ്ഗത്തിനു ഉപയോഗിച്ച അദ്ധ്യാത്മജ്ഞാനം, കേവലം ലൌകികമായ സമുദായശക്തി വൎദ്ധനക്കായി പുരോഹിതന്മാർ ഉപയോഗിച്ചുതുടങ്ങി. മതം ഒരു അദ്ധ്യാത്മകാൎയ്യമെന്നുള്ള അവസ്ഥ വിട്ടു കേവലം ഒരു സമുദായകാൎയ്യമായി അധഃപതിച്ചുതുടങ്ങിയതു് ഇന്നോ ഇന്നലയോ അല്ല. ചരിത്രാരംഭകാലംമുതൽക്കേ അവസ്ഥ ഇതായിരുന്നുവെന്നും ചരിത്രപണ്ഡിതന്മാർ മുക്തകണ്ഠം ഘോഷിക്കുന്നു. രാജാക്കന്മാൎക്കു അവരുടെ സാമ്രാജ്യം ലോകംമുഴുവൻ വ്യാപിപ്പിച്ചു ഭൂഗോളം മുഴുവൻ ഏകഛത്രാധിപത്യമാക്കിത്തീൎക്കണമെന്നു് ആഗ്രഹമുള്ളതുപോലെതന്നെ മതാദ്ധ്യക്ഷന്മാൎക്കും ലോകം മുഴുവൻ ഏകമതസാമ്രാജ്യമാക്കിത്തീൎക്കണമെന്നു് ആഗ്രഹമുള്ളതുപോലെ തോന്നുന്നു. രാജാക്കന്മാരുടെ സാമ്രാജ്യമോഹം യുദ്ധങ്ങൾക്കും ഛിദ്രങ്ങൾക്കും ഇടവരുത്തുന്നതുപോലെതന്നെ മതാദ്ധ്യക്ഷന്മാരുടെ സാമ്രാജ്യമോഹവും യുദ്ധങ്ങൾക്കും ഛിദ്രങ്ങൾക്കും ഇടവരുത്തുന്നു. ഒരു സാമ്രാജ്യം അന്യരാജ്യസാമ്രാജ്യങ്ങളിൽ നിന്നു് അതിൎത്തിനിൎണ്ണയിച്ചു വേൎതിരിക്കുന്നതുമൂലം രാജ്യകലഹങ്ങൾ ചിലകാലങ്ങളിലേ സംഭവിക്കാറുള്ളുവെന്നൊരാശ്വാസമുണ്ടു്. മതസാമ്രാജ്യത്തിനു ദേശാതിൎത്തിനിൎണ്ണയമേയില്ല. തൻമൂലം എല്ലാ മതസാമ്രാജ്യ

ങ്ങളും ചുഴലിക്കാററിലെ തിരമാലകളെപ്പോലെ പര സ്പരം ആക്രമിച്ചു് എപ്പോഴെന്നില്ലാതെ അസ്വ സ്ഥതയുണ്ടാകുന്നു. ഈ അവസ്ഥയിൽനിന്നു് മനു ഷ്യസമുദായത്തിനു മോചനംലഭിക്കണമെങ്കിൽ മതം ഒരു സമുദായകാര്യമെന്ന നിലവിട്ടു് അതു കേവലം ഒരു അദ്ധ്യാത്മകാര്യമായിത്തീരണം. അങ്ങനെ തീര ണമെങ്കിൽ ഒരു ഹിന്ദുവിൻെറ മകനായതുകൊണ്ടു് ഒരുവൻ ഹിന്ദുവായിത്തീരുന്നു എന്നുള്ള ഗണന വിട്ടു്, ഹിന്ദുമതം വിശ്വസിച്ചവനായതുകൊണ്ടു് അ വൻ ഹിന്ദുവായിത്തീരുന്നുവെന്നുള്ള അവസ്ഥ വരണം. ഇൻഡ്യയിൽ ഇരുപത്താറുകോടി ഹിന്ദുക്കൾ ഉണ്ടു്. അവരിൽ എത്രപേൎക്കു ഹിന്ദുമതത്തിലെ അദ്ധ്യാത്മോ പദേശങ്ങളെ പററി അറിവുണ്ടു്? എങ്കിലും മത ബോധം ലേശമില്ലാത്ത ജനങ്ങളെക്കൂടി കണക്കാക്കി ഹിന്ദുക്കളുടെ സംഖ്യ നിർണ്ണയിക്കുകയും അറിവില്ലായ്മ മൂലം അവർ കാണിക്കുന്ന ഗോഷ്ടികൾക്കൂടി ഹിന്ദുക്ക ളുടെ മതമാണെന്നു ഗണിക്കുകയും ചെയ്തുകൊണ്ടു് ഹിന്ദുമതം ദുഷിച്ചുപോയി എന്നു് എല്ലാവരുടെയും നിലവിളിക്കു നിദാനമായ ദോഷകോപം എത്രയും വ്യ ക്തമാണു്. ഓരോ മതത്തിൻേറയും പേരും പറഞ്ഞു നടക്കുന്നവരിൽ ഭൂരിഭാഗവും അവരുടെ വലിയച്ഛ ൻെറ മതത്തിൻെറ പേരു പറയുകയല്ലാതെ തങ്ങ ളുടെ മതത്തിൻെറ പേരു പറയുകയല്ല ചെയ്യുന്നതു്. ആത്മജ്ഞാന വർദ്ധനയ്ക്കു അദ്ധ്വാനിക്കേണ്ട മതോ പദേഷ്ടാക്കന്മാർ അവരുടെ ബുദ്ധിയേയും ശക്തിയേ യും ധനത്തേയും സമുദായ സാമ്രാജ്യം വിപുലമാക്കാ

ന്നുള്ള അദ്ധ്വാനത്തിൽ വിനിയോഗിച്ചതിന്റെ അനിഷ്ടഫലമാണു് നാം ഇന്നു കാണുന്നതു്.

ഇതിന്നു നിവാരണോപായം ഒന്നേയുള്ളു. ലോകത്തിൽ ഇതേവരെയുണ്ടായിട്ടുള്ള മതങ്ങളിൽവെച്ചു് ഏററവും ശ്രേഷ്ഠം ഏതെന്നു രാമനുവേണ്ടി കൃഷ്ണൻ തീരുമാനിക്കുന്ന സമ്പ്രദായം ഉപേക്ഷിച്ചു് ഭിന്നമതങ്ങൾ പഠിച്ചറിഞ്ഞശേഷം രാമനുവേണ്ടി രാമനും കൃഷ്ണനുവേണ്ടി കൃഷ്ണനും തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം രാമകൃഷ്ണന്മാൎക്കു നൽകണം. എന്നാൽ രാമകൃഷ്ണന്മാൎക്കു ഈ തീരുമാനം വിവേകപൂർവ്വം ചെയ്യുന്നതിനുള്ള പൂർണ്ണമായ സൗകൎയ്യം. നാം ഉണ്ടാക്കികൊടുക്കേണ്ടതാണു്, എല്ലാ മതങ്ങളും എല്ലാവൎക്കും പഠിക്കുവാനുള്ള സ്ഥാപനങ്ങളെ ഉണ്ടാക്കുകയും ഓരോ മതത്തിലും പ്രത്യേക വിദഗ്ദ്ധതയുള്ളവരെ അതാതു മതം വെളിപ്പെടുത്തുന്ന അദ്ധ്യാത്മ തത്വങ്ങളേയും മുക്തിമാർഗ്ഗത്തേയും വിശദീകരിച്ചുകൊടുക്കുന്ന ഉപദേഷ്ടാക്കന്മാരായി നിയോഗിക്കുകയും വേണം. ഈ അഭിപ്രായം ശ്രീനാരായണ പരമഹംസൎക്കു് വളരെനാൾ മുമ്പേ ഉണ്ടായിരുന്നതാണെങ്കിലും അതിനെ പരസ്യമായി പ്രഖ്യാപനം ചെയ്യുന്നതിനുള്ള ഒരു സമുചിത സന്ദർഭത്തെ അവിടുന്നു പ്രതീക്ഷിച്ചിരിക്കയായിരുന്നു.

"വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണു്" ഈ സമ്മേളനമെന്നു ഞങ്ങൾ വിജ്ഞാപനം ചെയ്തിരിക്കുന്നതു് എന്തുകൊണ്ടെന്നു് മഹാജനങ്ങൾക്കുഇപ്പോൾ വിശദമായെന്നു വിശ്വസിക്കുന്നു.

ഗുരു ലോകത്തിനു നൽകിയ

പ്രൗഢഗംഭീരങ്ങളും പക്ഷെ ലളിതങ്ങളുമായ

# ധർമ്മോപദേശങ്ങൾ

1906 ഇടവം 2-ാംനു- ആലുവാവെച്ചു കൂടിയ കേരള സഹോദര സമ്മേളനത്തിൽവെച്ചു ചുവടെ പറയുന്ന സന്ദേശം സ്വാമി സ്വന്തം കൈപ്പടയിൽ എഴുതി ശ്രീ സഹോദരൻ കെ അയ്യപ്പൻ (Eate Minister) അവർകളെ ഏല്പിച്ചിരുന്നതാണു്.

"മനുഷ്യരുടെ വേഷം, ഭാഷ, മതം മുതലായവ എങ്ങിനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ടു അന്യോന്യം വിവാഹവും പന്തിഭോജനവും നടത്തുന്നതുകൊണ്ടു യാതൊരു ദോഷവുമില്ല."

2

തൃശ്ശൂരിലെ അദ്വൈതാശ്രമത്തിൽ ഗുരുദേവൻ വിശ്രമിച്ചിരിക്കുമ്പോൾ അവിടെ ആഗതനായ സാംബവർ മഹാജന സംഘത്തിലെ ഒരു ലീഡറുമായി സംസാരിച്ചുകൊണ്ടിരുന്നു. ആ സംവാദത്തിൽവന്ന ഒരു പ്രയോഗമാണു്:—

മതം എന്തായാലും വിരോധമില്ലല്ലൊ; മനുഷ്യൻ നന്നായാൽ മതി എന്നുള്ള സാരോപദേശം

3

ആലുവാ അദ്വൈതാശ്രമത്തിൽ ഒരു മാവിൻചുവട്ടിൽ ഗുരുസ്വാമി വിശ്രമിക്കയായിരുന്നു; ഒരു പത്രപ്രവർത്തകൻ അടുത്തുവന്നുനിന്നു; എന്തൊ സംസാരിച്ചു.

ഗുരുദേവൻ:—എഴുത്തുകുത്തുകളിൽ ജാതികാട്ടരുതു; മതം ഇഷ്ടംപോലെ പറയുവാനും ഒന്നും ഇല്ലെന്നു പറയുവാനും സ്വാതന്ത്ര്യം വേണം. പരിശ്രമിച്ചാൽ സർക്കാരിൽനിന്നു വിരോ

ധം പറയുകയില്ല. "മനുഷ്യനു ജാതിയില്ല" എന്നു നാം പറഞ്ഞതായി എഴുതിവെക്കണം.

പത്രാധിപർ:—മഹാത്മാഗാന്ധി വർണ്ണാശ്രമം നല്ലതാണെന്നാണ് അഭിപ്രായപ്പെടുന്നതു്- ഗാന്ധിജിയുടെ അഭിപ്രായം മൂലം യാഥാസ്ഥിതികൾക്കു കുറെ ശക്തികൂടീയിട്ടുള്ള.

ഗുരു:—വർണ്ണം എന്നാൽ ഗാന്ധി പറയുന്നതെന്താണ്?

പത്രാ:—വർണവും ജാതിയുമായി സംബന്ധമില്ല; വർണം ജാതിയല്ലെന്നു ഗാന്ധിജി പറയുന്നു.

ഗുരു:—ഗുണകർമ്മങ്ങളെ അടിസ്ഥാനമാക്കിയായിരിക്കാം, ഗുണകർമ്മങ്ങളിൽ സ്ഥായിയായി ഒന്നും ഇല്ലല്ലൊ; അതു എപ്പോഴും മാറിക്കൊണ്ടിരിക്കും- ഒരാളുടെ ഗുണകർമ്മങ്ങൾ തന്നെമാറും- അപ്പോൾ പിന്നെ എങ്ങിനെ വർണ്ണം നിശ്ചയിക്കാം x x x x എന്താണ് ഗാന്ധി ഇങ്ങിനെ പറയുന്നതു? നല്ലതുപോലെ ആലോചിട്ടില്ലായിരിക്കാം x x x ജാതി ഉണ്ടെന്നു വിചാരിക്കുന്നതുകൊണ്ടു ദോഷമല്ലാതെ എന്താണു ഗുണമുള്ളതു്? മഹാ കഷ്ടം, ഇനിയും ഈ വിശ്വാസം നീങ്ങിയിട്ടില്ലല്ലൊ.

പത്രാ:—ജാത്യാചാരമനുസരിച്ചു മകനു അച്ഛൻെറ തൊഴിലിൽ സാധാരണ വാസന കാണും എന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നതു്.

ഗുരു:—അപ്പോൾ ശാസ്ത്രജ്ഞന്മാർ നമ്മെ താങ്ങുകയാണ് ചെയ്യുന്നതു്; ജാതി ഇല്ലെങ്കിലും വാസനകൊണ്ടു അച്ഛൻെറ തൊഴിൽ മകൻ ശീലിക്കും—നിർബന്ധിക്കേണ്ട ആവശ്യമില്ല—പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കാമല്ലൊ x x x ഇഷ്ടം പോലെയുള്ള ജോലിയെടുക്കുവാനും പഠിക്കുവാനും എല്ലാവർക്കും സ്വാതന്ത്ര്യം വേണം—ഒന്നു മാത്രമെ പഠിക്കാവു എന്നു വെക്കരുതു്. എല്ലാവർക്കും എന്തും പഠിക്കയും ശീലിക്കയും ചെയ്യുവാൻവിരോധം ഉണ്ടായിരിക്കരുതു്.

പത്രാ:—അങ്ങിനെ സ്വാതന്ത്ര്യം അനുവദിച്ചാൽ മത്സരം വദ്ധിക്കുമത്രെ—അതുകൊണ്ടു് പിന്നീട്ടു് ലോകർക്കധികം ഉപദ്രവമുണ്ടാകുമെന്നു പറയുന്നു.

ഗുരു:—ഇതു ജാതി ഉണ്ടാക്കിയവരുടെ വാദമായിരിക്കാം. ജാതികൊണ്ടു ഗുണമനുഭവിക്കുന്നവർ അങ്ങിനെയൊക്കെ പറയും X X മനുഷ്യൻ ജീവിക്കുന്നതു ജാതിക്കും ലോകത്തിനും സുഖത്തിനും വേണ്ടിയാണൊ അതൊ ഇതെല്ലാം മനുഷ്യനു വേണ്ടിയൊ? മനുഷ്യൻ കെട്ടുപോയാൽ ലോകത്തിൽ സുഖമുണ്ടായിട്ടു എന്തുകാര്യം?—ജാതി ഉണ്ടെന്നു വിചാരിക്കുന്നതു വിഢിത്തമാണു്.

X X X X X

ജാതി ചോദിക്കരുതു്—വിചാരിക്കരുതു്—പറയരുതു്.

4

പഞ്ചശുദ്ധി അഥവാ ശുദ്ധിപഞ്ചകം

1. ഗൃഹശുദ്ധി 2. കർമ്മശുദ്ധി 3 ശരീരശുദ്ധി
4. വാക്ശുദ്ധി 5. മനശ്ശുദ്ധി.

5

"ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്"

ശ്രീനാരായണഗുരുവിൻെറ ജന്മോദ്ദേശം മേൽപറഞ്ഞ ധർമ്മോപദേശത്തെ ലോകത്തിനു സംഭാവന ചെയ്യുന്നതിനു വേണ്ടിയായിരുന്നു എന്നു തീൎത്തുപറയുവാൻതക്കവണ്ണം ആ മഹാവാക്യം സർവോൽകൃഷ്ടമായി വിജയിക്കുന്നുണ്ടു്.

ഇംഗ്ലീഷിൽ

One Race One Creed One Supreme being for Man.

ഇങ്ങിനെ തർജിമ ചെയ്താൽ മാത്രമെ ആ ഉപദേശത്തിൻെറ വിപുലമായ അൎത്ഥവ്യാപ്തി ലഭിക്കുന്നുള്ളു സങ്കുചിതമായ അൎത്ഥം വരുന്ന മററു തർജിമകറം സ്വീകാര്യയോഗ്യങ്ങളല്ല.

## മതസമ്മേളനത്തിനു ശേഷം

ആലുവായിലെ സമ്മേളനത്തിനുശേഷം ചില തിരക്കിട്ട പരിപാടികളെയാണ് നാം കാണുന്നതു്. സ്വാമിയുടെ ശരീരത്യാഗത്തിനുള്ള കാലമടുത്തിരിക്കുന്നു എന്നു ഒരു ബുദ്ധിമാനു ആ പരിപാടികളിൽനിന്നു മനസ്സിലാക്കാൻ കഴിയും.

1101 കന്നി 11-ാംനു- ശിവഗിരി മഠത്തിൽവെച്ചു ശ്രീ ബോധാനന്ദ സ്വാമികളെ സ്വാമി തൻെറ അനന്തരഗാമിയായി അഭിഷേകം ചെയ്തു. പിന്നീട് 1101-ൽ തന്നെ സ്വാമിയുടെ പേരിലിരിക്കുന്ന ധർമ്മസ്ഥാപനങ്ങളുടെ ഭാവി ഭരണത്തെ സംബന്ധിക്കുന്ന ഒരു വിൽപത്രം എഴുതി നാവായിക്കുളത്തു രജിസ്റ്റർ ചെയ്തുവെച്ചു.

S. N. D. P. യോഗത്തിനു ശാഖായോഗങ്ങളോടുകൂടിയ സംഘടന വേണമെന്നുള്ള തീരുമാനത്തിന്മേൽ 1102 മകരം 17-ാംനു- വക്കലെ ശിവഗിരി മഠത്തിലൊരു യോഗം കൂടിയിരുന്നു ശ്രീ. ടി. കെ. മാധവൻ യോഗത്തിൻെറ സംഘടനാ സെക്രട്ടറിയായിരുന്നു- യോഗാംഗങ്ങൾക്കു് കൊടുക്കുന്ന രശീതു ബുക്കിൻെറ ഒരു പ്രതി സ്വാമിതന്നെ തൃക്കൈകൊണ്ടെടുത്തു ശ്രീ. മാധവൻെറ കയ്യിൽ കൊടുത്തനുഗ്രഹിച്ചു ശ്രീ. മാധവൻ ശാഖായോഗങ്ങളെ സ്ഥാപിക്കുകയും ചെയ്തു.

---

# ഒരു സംഘസന്ദേശം

1102 മേടം 26-ാം നു- പള്ളാത്തുരുത്തുവെച്ചു കൂടിയ S. N. D. P. യോഗത്തിൻെറ 24-ാമത്തെ വാർഷിക യോഗത്തിൽ തൃപ്പാദങ്ങളുടെ സാന്നിധ്യമുണ്ടായിരുന്നു. ജാതി, മതം, എന്നീ വലയങ്ങൾക്കുള്ളിൽ ഞെരുങ്ങി ജീവിക്കുന്ന സകല മനുഷ്യർക്കും ആശ്വാസം നല്കുന്ന ഒരു സംഘസന്ദേശം സ്വാമി യോഗത്തിനു സംഭാവന ചെയ്തിരുന്നു.

"X X X സംഘടനയുടെ ഉദ്ദേശം, ഒരു പ്രത്യേക വർഗക്കാരെ മാത്രം ചേർത്തു ഒരു സമുദായത്തെ സൃഷ്ടിക്കാനായിരിക്കരുതു് നമ്മുടെ സമുദായ സംഘടന എല്ലാ മനുഷ്യരേയും ഒന്നായി ചേർക്കുന്നതായിരിക്കണം.

മതം വിശ്വാസസ്വാതന്ത്ര്യത്തെ അനുവദിക്കുന്നതും സംസ്കൃതബുദ്ധികൾക്കെല്ലാം സ്വീകാര്യവും മനുഷ്യരെ ഉത്തമമായൊരു ആദർശത്തിലേക്കു് നയിക്കുന്നതും ആയിരിക്കണം "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു്" എന്നുള്ള സനാതനധർമ്മം അത്തിനെയുള്ളൊരു മതമാകുന്നു ഈ സനാതനധർമ്മത്തിൽ വിശ്വസിക്കുന്നവരെയെല്ലാം ഒന്നായി ചേർക്കുന്നതു സംഘടനയ്ക്കു് ഏററവും ഉത്തമമായ രീതി ആയിരിക്കുമെന്നു നമുക്കു തോന്നുന്നു X X X മതപരിഷ്കാരം ഇന്നുള്ള ഏതെങ്കിലും ഒരു മതസംഘത്തെ ഉപേക്ഷിച്ചു മററൊരു മതസംഘത്തിൽ ചേരുന്ന ശ്രമം മാത്രമായി കലാശിക്കരുതു് X X X"

മനസ്സിനു വിശാലത്വവരുമ്പോൾ മാത്രമെ മതത്തിൻെറ ഉപദേശമാർഗ്ഗങ്ങളിലേക്കു് കടക്കുവാൻ മനുഷ്യൻ അർഹനാകുന്നുള്ളു. ഇന്നുള്ള മതക്കാർ, അവരവരുടെ കുടുംബത്തിൻെറ മതാചാരങ്ങളെ പകർത്തുകമാത്രമാണു് ചെയ്തുവരുന്നതു്.

ഗുരുദേവനും ശ്രീ. സി. വി. കുഞ്ഞുരാമനുമായുണ്ടായ മതസംബന്ധമായ സംവാദം ചുവടെകാണുന്ന രൂപത്തിൽ എഴുതിയശേഷം ശ്രീ. സത്യവ്രതസ്വാമികൾ മുഖേന തൃപ്പാദങ്ങളെ കേൾപ്പിച്ചു പ്രസിദ്ധീകരണത്തിനു അനുമതി ലഭിച്ചിരുന്നതാണ്.

## 'ഒരുമതം' സംബന്ധിച്ച് സംവാദം

സി വി:- 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു'' എന്നുള്ള തൃപ്പാദങ്ങളുടെ ധർമ്മോപദേശം ശിഷ്യസംഘം ഇപ്പോൾ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കയാണ്. എന്നാൽ ഇതു ശരിയായ ധർമ്മോപദേശംതന്നെയോ എന്നു പലരും സംശയിക്കുകയും ചിലർ അതിനെ ആക്ഷേപിക്കുകയും ചെയ്യുന്നു. മഹാത്മാഗാന്ധി ഈ ആശ്രമം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിനു ഇതിലുള്ള വിപ്രതിപത്തി പ്രസ്താവിക്കുകയുമുണ്ടായി. അതു മാത്രമല്ല. പലരും ഈ ഉപദേശത്തെ പലപ്രകാരത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഈ വ്യാഖ്യാനങ്ങളിൽ പലതും കേട്ടിട്ട് 'വ്യാഖ്യാതാക്കന്മാരിൽ നിന്നും എന്നെ രക്ഷിക്കണേ' എന്നു ആശാൻ (കുമാരനാശാൻ) പ്രാർത്ഥിച്ചതല്ലാതെ, ശരിയായ വ്യാഖ്യാനം എന്തെന്നു് അദ്ദേഹവും പറഞ്ഞിട്ടില്ല. തൃപ്പാദങ്ങൾ ഇതിനു ശരിയായ ഒരു വ്യാഖ്യാനം അരുളിച്ചെയ്തെങ്കിലല്ലാതെ എത്ര യുക്തിയുക്തമായി ഞങ്ങളൊക്കെ വ്യാഖ്യാനിച്ചാലും ജനങ്ങൾ അതിൽ പൊതുവേ തൃപ്തരായിത്തീരുന്നതല്ല.

സ്വാമി:- കുഞ്ഞുരാമൻ ഇതിനെ എങ്ങിനെയാണ് വ്യാഖ്യാനിക്കുന്നതു്?

സി വി:- "ഒരുജാതി മനുഷ്യനു്" എന്നതിൻെറ വ്യാഖ്യാനം സുഗമമായിത്തോന്നുന്നുണ്ടു്.

"മനുഷ്യാണാം മനുഷ്യത്വം
ജാതി, ർഗ്ഗോത്വം ഗവാം യഥാ"

എന്നു തൃപ്പാദങ്ങൾതന്നെ അരുളിച്ചെയ്തിട്ടുള്ളതുകൊണ്ടും മനുഷ്യത്വംകൊണ്ടു മനുഷ്യരെല്ലാം ഒരു ജാതിയെന്നുള്ളതിൽ ആക്കും വിപ്രതിപത്തി ഉണ്ടാവാൻ ന്യായമില്ലാത്തതുകൊണ്ടും അതിനെപ്പററി ആക്ഷേപം ഒന്നുമില്ല "ഒരു ദൈവം മനുഷ്യനു്" എന്നതിനെ ദൈവവിശ്വാസമുള്ളവർക്കു ആക്ഷേപിക്കാൻ നിവൃത്തിയില്ല. "ഒരു മതം" എന്നതിനെപ്പററിയാണു് എല്ലാപേർക്കും സംശയം.

"പല മതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പല പല യുക്തിപറഞ്ഞു പാമരന്മാർ"

അലയുന്നു, എന്നു തൃപ്പാദങ്ങൾ അരുളിച്ചെയ്തിട്ടുള്ളതു് ഈ സംശയനിവൃത്തിക്കു വേണ്ടിടത്തോളം പയ്യാപ്തമാകാത്തതുകൊണ്ടാണു് ഒരു വ്യാഖ്യാനം ആവശ്യമായിവന്നിരിക്കുന്നതു്.

സ്വാമി:- 'പലമതസാരവുമേക' മെന്നതിനെപ്പററി ആക്കെങ്കിലും ആക്ഷേപമുണ്ടോ?

സി. വി:- അതിലും ആക്ഷേപമുണ്ടെന്നു വാദിക്കാവുന്നതാണു്. ആസ്തികമതത്തിൻെറയും നാസ്തികമതത്തിൻെറയും സാരം ഒന്നല്ലല്ലോ.

സ്വാമി:- മതമെന്ന വാക്കിൻെറ നാനാത്ഥമാണു് ഈ ഭ്രമത്തെ ഉണ്ടാക്കുന്നതു്. നാസ്തികവാദം ചില വ്യക്തികൾ പുറപ്പെടുവിച്ചിട്ടുള്ള 'അഭിപ്രായങ്ങൾ' മാത്രമാണു്. അതു ഒരിക്കലും ഒരു ജനസമുദായത്തിൻെറ മതമായി ഇരുന്നിട്ടില്ല.

സി. വി:— ബുദ്ധമതത്തേയും ചിലർ നാസ്തികമതമെന്നു പറയു ന്നുണ്ട്.

സ്വാമി:— അതു ശരിയാണോ? നിങ്ങളൊക്കെ ബുദ്ധമതപക്ഷ ക്കാരല്ലേ?

സി. വി:— ഈശ്വരവിശ്വാസം എന്നാൽ ആരെക്കുറിച്ചു, അ ല്ലെങ്കിൽ എന്തിനെക്കുറിച്ചുള്ള വിശ്വാസമെന്നു്, തങ്ങളു ടെ വിശ്വാസത്തെക്കുറിച്ചുതന്നെ സൂക്ഷ്മബോധമില്ലാത്തവ രുടെ ആക്ഷേപമാണ് ഇതെന്നാണ് ഞാൻ അറിഞ്ഞിട ത്തോളം ബുദ്ധമതത്തെക്കുറിച്ചു എനിക്കുള്ള വിശ്വാസം.

സ്വാമി:— ബുദ്ധമതം നാസ്തികമതമായിരിക്കാൻ ഇടയില്ല ശുദ്ധ നാസ്തികമതത്തിൽ ഇത്രവലിയ ഒരു ജനസമുദായത്തി നു് ഇത്ര ദീർഘകാലം വിശ്വാസം നിലനില്ക്കുക എന്നുള്ള തു് സംഭാവ്യമല്ല. കുഞ്ഞുരാമൻ നാസ്തികനോ ആസ്തിക നോ എന്നു് ഇപ്പോഴുള്ള വിശ്വാസത്തെ അപഗ്രഥനം ചെയ്തു് തീർച്ചപ്പെടുത്തിയിട്ടുണ്ടോ?

സി. വി:— ഉണ്ടു്. എന്റെ ദൃഢമായ വിശ്വാസം ഇതേവരെ ഞാൻ ആസ്തികൻ എന്നാണ്.

സ്വാമി:— നാസ്തികവാദം ചെയ്തുവരുന്ന എന്നു കേട്ടിട്ടുണ്ടു്.

സി. വി:— എന്നെക്കുറിച്ചു് അങ്ങനെ കേട്ടതു് അത്ഭുതമല്ല. നാസ്തികന്മാരെ ഖണ്ഡിക്കാൻ ശ്രമിച്ചിട്ടുള്ള ആസ്തികരോ ടും ഞാൻ വാദിച്ചിട്ടുണ്ടു്.

സ്വാമി:— വാദത്തിനുവേണ്ടി വാദിക്കരുതു്. സംശയനിവൃ ത്തിക്കും തത്വപ്രകാശനത്തിനും വേണ്ടി വാദിക്കാം. ആസ്തി കമതങ്ങൾക്കു ബാഹ്യരൂപത്തിലല്ലാതെ ആഭ്യന്തരരൂപ ത്തിൽ വ്യത്യാസമുണ്ടോ?

സി. വി:— ചില സംഗതികൾ ആലോചിച്ചാൽ ആഭ്യന്തരരൂ പത്തിലും വ്യത്യാസമുണ്ടെന്നു് പറയേണ്ടിയിരിക്കുന്നു.

സ്വാമി:— എന്താണ് വ്യത്യാസം?

സി. വി:- ഈ പ്രപഞ്ചം ഒരു സ്രഷ്ടാവു് സൃഷ്ടിച്ചതാണെന്നും അതല്ല ബ്രഹ്മത്തിൽനിന്നും പരിണാമവാദികൾ പറയും പോലെ ആകാശം, വായു, അഗ്നി ഇത്യാദി പഞ്ചഭൂതങ്ങൾ ഉണ്ടായി, അവയുടെ അന്യോന്യസംശ്രയത്താലും സംശ്രയീഭാവത്താലും കാലാന്തരത്തിൽ ഉണ്ടായിവന്നതാണെന്നും അതുപോലെതന്നെ ആത്മാവു് ശൂന്യത്തിൽനിന്നു സ്രഷ്ടാവു് സൃഷ്ടിച്ചതാണെന്നും, അതല്ല ബ്രഹ്മത്തിൻെറതന്നെ അംശം അഥവാ ബ്രഹ്മംതന്നെ ആണെന്നും; പുനജ്ജന്മം ഉണ്ടെന്നും ഇല്ലെന്നും, കമ്മവിശ്വാസം ശരിയാണെന്നും അല്ലെന്നും മതങ്ങൾ ആഭ്യന്തരതത്വങ്ങളിൽതന്നെ ഭിന്നങ്ങളായി കാണപ്പെടുന്നുണ്ടു്.

സ്വാമി: -തത്വങ്ങളിൽ ഭിന്നതയുണ്ടെങ്കിലും ഈ ഭിന്നമതങ്ങളുടെ ഉദ്ദേശങ്ങളിൽ ഭിന്നതയുണ്ടോ?

സി. വി:- അതിലും ഭിന്നതയുണ്ടെന്നു പറയാം. ചിലതു സ്വർഗ്ഗപ്രാപ്തിമാത്രം ആദർശമായും, മററു ചിലതു സ്വർഗ്ഗത്തെക്കാൾ ഉപരിയായ മോക്ഷപ്രാപ്തി ആദർശമായും സ്വീകരിച്ചിരിക്കുന്നു.

സ്വാമി:- സ്വർഗ്ഗാനുഭൂതിയുണ്ടായ ഒരുവനു് അതിലും ഉപരിയായ ഒരു സ്ഥാനമുണ്ടെന്ന തത്വാവബോധം ഉണ്ടാവില്ലേ?

സി. വി:- ഉണ്ടാവേണ്ടതാണു്.

സ്വാമി:- ഉണ്ടാവും, നിശ്ചയമായും ഉണ്ടാവും; മോക്ഷത്തെപ്പററി പ്രതിപാദിക്കുന്ന മതങ്ങൾ സ്വർഗ്ഗത്തെ നിഷേധിക്കുന്നില്ലല്ലോ. ഭൂലോകം, ഭുവർലോകം മുതലായി ഊർദ്ധ്വഗതിക്കു ഏഴുലോകങ്ങളും, അനന്തരം സാലോക്യ, സാമീപ്യ, സാരൂപ്യ, സായൂജ്യങ്ങളുമല്ലേ മോക്ഷത്തിലേക്കുള്ള പടികളായി വച്ചിരിക്കുന്നതു്? ഇതിൽ ഏതെങ്കിലും ഒരു പടിയിൽ പ്രവേശിച്ചവനു അടുത്ത പടിയിലേക്കു താല്പര്യം ഉണ്ടാകാതിരിക്കുമോ?

സി. ഈ എല്ലാ പടികളും എല്ലാ മതക്കാരും സമ്മതിക്കുന്നില്ല.

സ്വാമി:- അതുകൊണ്ടെന്താണ്? ഊൎദ്ധ്വഗതിയല്ലാതെ അധോഗതിയെ ഏതെങ്കിലും മതം ഉപദേശിക്കുന്നുണ്ടോ?

സി വി:- അതില്ല.

സ്വാമി:- എല്ലാ മതങ്ങളുടേയും ഉദ്ദേശ്യം ഒന്നുതന്നെ. നദികൾ സമുദ്രത്തിൽ ചേൎന്നാൽ പിന്നെ തിരക്കുഴിയെന്നും നടുക്കടലെന്നും ഉണ്ടോ? ജീവാത്മാക്കൾക്കു ഊൎദ്ധ്വമുഖത്വം ഉണ്ടാകുവാനുള്ള അധികാരമേ മതങ്ങൾക്കുള്ളു. അതു ഞാപിക്കഴിഞ്ഞാൽ സൂക്ഷ്മം അവർ താനേ അന്വേഷിച്ചു കണ്ടെത്തിക്കൊള്ളും. സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാൎഗ്ഗദൎശികൾമാത്രമാണ് മതങ്ങൾ. സൂക്ഷ്മം അറിഞ്ഞവനു മതം പ്രമാണമല്ല. മതത്തിന് അവൻ പ്രമാണമാണ്. ബുദ്ധമതം പഠിച്ചാണോ ബുദ്ധൻ നിൎവാണമാൎഗ്ഗം ഉപദേശിച്ചതു? ബുദ്ധൻ നിൎവാണമാൎഗ്ഗം ആരാഞ്ഞറിഞ്ഞു ആ മാൎഗ്ഗം ഉപദേശിച്ചു. അതു പിന്നീട് ബുദ്ധമതമായി. ബുദ്ധന് ബുദ്ധമതംകൊണ്ടു പ്രയോജനമുണ്ടോ?

സി വ:- ഇല്ല.

സ്വാമി:- ക്രിസ്തുവിനു ക്രിസ്തുമതംകൊണ്ടും പ്രയോജനമില്ല. അതുപോലെ മററു മതങ്ങളെ കുറിച്ചും പറയാവുന്നതാണ്. എന്നാൽ ബുദ്ധമതംകൊണ്ടു ബുദ്ധമതക്കാൎക്കും ക്രിസ്തുമതംകൊണ്ടു ക്രിസ്തുമതക്കാൎക്കും പ്രയോജനമുണ്ട്. അതുപോലെ എല്ലാ മതങ്ങളും അതാതു മതാനുയായികൾക്കു പ്രയോജനമുള്ളവതന്നെ.

സി. വി:- ഹിന്തുക്കൾ ഇങ്ങനെ അല്ലല്ലോ പറയുന്നതു്.

സ്വാമി:- അവർ പിന്നെ എങ്ങനെ പറയുന്നു?

സി. വി:- അവർ വേദം പ്രമാണമാക്കിപ്പറയുന്നു. വേദം അപൌരുഷേയമാണ്. അതു ബ്രഹ്മമുഖത്തുനിന്നും പുറപ്പെട്ടതാണ്. അതിനാൽ വേദത്തിനുമീതെ ഒരു പ്രമാണപ്പ

രുഷൻ ഉണ്ടാവാൻ പാടില്ല എന്നാണ് അവർ വാദിക്കു ന്നതു്.

സ്വാമി:— ക്രിസ്ത്യാനികൾ അവരുടെ പത്തു കല്പനയെക്കുറിച്ചു എന്തുപറയുന്നു? അതും ദൈവത്തിൽനിന്നും പുറപ്പെട്ടതാണെന്നല്ലേ?

സി. വി:— അങ്ങനെതന്നെയാണ്.

സ്വാമി:— യഹോവാവും് എബ്രായഭാഷയും ബ്രഹ്മാവിനു പ്രാചീന സംസ്കൃതഭാഷയുമേ നിശ്ചയമുണ്ടായിരുന്നുള്ളോ? വേദം അപൌരുഷേയം എന്നു പറയുന്നതിനു വേദമന്ത്രങ്ങളുടെ എല്ലാററിൻേറയും കർത്താക്കന്മാർ ആരെന്നു് നമുക്കു നിശ്ചയമില്ലെന്ന അർത്ഥമാകുണ്ടു. വേദപ്രതിപാദിതങ്ങളായ തത്വങ്ങൾ അപൌരുഷേയങ്ങളാണെന്നും അർത്ഥമാക്കാം.

സി. വി:— വേദത്തിൻെറ പ്രാമാണ്യത്തെ ബുദ്ധമുനി നിഷേധിച്ചിട്ടുണ്ടു് മുണ്ഡകോപനിഷത്തും വേദം അപ്രധാന ശാസ്ത്രമെന്നു പറയുന്നു.

സ്വാമി:— ഒന്നിനേയും ഇതുമാത്രം ശരിയെന്നു പ്രമാണമാക്കേണ്ടാ. എല്ലാററിനേയും ശരി ഏതെന്നുള്ള അന്വേഷണത്തിനു ഉപകരണമാക്കാം; അന്വേഷണബുദ്ധിയും ജ്ഞാനതൃഷ്ണയുമുള്ളവരെ സംബന്ധിച്ചുമാത്രമേ ഈ ഉപദേശം സാധുവാകയുള്ളു സാമാന്യജനങ്ങൾക്കു അവർ വിശ്വസിക്കുന്ന മതത്തിനു് ആധാരമായ ഗ്രന്ഥം പ്രമാണമായിത്തന്നെ ഇരിക്കണം.

സി. വി:— അങ്ങനെ പ്രമാണമാക്കുന്ന ഗ്രന്ഥങ്ങളിൽ ധർമ്മവിരുദ്ധമായ ഉപദേശങ്ങൾ ഉണ്ടെങ്കിൻ സാമാന്യജനങ്ങൾ അതും വിശ്വസിക്കാൻ ഇടവരുമല്ലോ.

സ്വാമി:— അങ്ങനെ വരാതിരിക്കാൻ മതഗുരുക്കന്മാർ സൂക്ഷിക്കേണ്ടതാണ്. ദയാനന്ദസരസ്വതി വേദം പ്രമാണമാ

ക്കന്നുണ്ടെങ്കിലും വേദത്തിൽ അസംബന്ധമായുള്ള ഭാഗം കൃത്രിമമെന്നു തള്ളിക്കളയുന്നില്ലേ? അങ്ങനെയാണ് എല്ലാ മതാചാര്യന്മാരും ചെയ്യുന്നതു്.

സി. വി:- ത്യാജ്യഗ്രാഹ്യവിവേചനത്തോടുകൂടി എല്ലാ മതഗ്രന്ഥങ്ങളും പഠിക്കണമെന്നാണ് തൃപ്പാദങ്ങളുടെ ഉപദേശമെന്നു ഞാൻ മനസ്സിലാക്കട്ടെയോ? അതു ശരിയായിരിക്കുമോ?

സ്വാമി:- നമ്മുടെ ഉപദേശസാരം അതുതന്നെയാണ്. ആലുവാ വെച്ചുകൂടിയ സർവമതസമ്മേളനാവസരത്തിൽ നാം അതു പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജ്യങ്ങൾതമ്മിലും സമുദായങ്ങൾ തമ്മിലുമുള്ള ശണ്ഠ, ഒന്നു മററൊന്നിനെ തോല്പിക്കുമ്പോൾ അവസാനിക്കും. മതങ്ങൾതമ്മിൽ പൊരുതാൽ ഒടുങ്ങാത്തതുകൊണ്ടു് ഒന്നിനു മററൊന്നിനെ തോല്പിക്കാൻ കഴികയില്ല. ഈ മതപ്പോരിനു അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാന തത്വങ്ങളിൽ അവയ്ക്കുതമ്മിൽ സാരമായ വ്യത്യാസമില്ലെന്നു വെളിപ്പെടുന്നതാണ്. അങ്ങനെ വെളിപ്പെട്ടുകിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന ഏകമതം

സി. വി:- ഇനിയും ഒരു സംശയംകൂടിയുണ്ടു്,

സ്വാമി:- എന്താണ്'

സി വി:- മതപരിവത്തനോൽസാഹം സമുദായത്തിൽ ഇപ്പോൾ വർദ്ധിച്ചുവരുന്നുണ്ടു്. ചിലർ ബുദ്ധമതം നന്നെന്നും ചിലർ ക്രിസ്തുമതം നന്നെന്നും ചിലർ ആര്യസമാജം നന്നെന്നും ഇങ്ങനെ ഉത്സാഹം പല വഴിക്കാണു് കണ്ടുവരുന്നതു്. മതപരിവത്തനം ആവശ്യമില്ലെന്നു പറയുന്നവരും ഉണ്ടു്.

സ്വാമി:- മതത്തിനു ആഭ്യന്തരവും ബാഹ്യവുമായ രണ്ടു വശങ്ങൾ ഉണ്ടു്. ഇവയിൽ ഏതിനാണ് പരിവർത്തനം വേണമെന്നു പറയുന്നതു്? ബാഹ്യമായ മാററത്തിനാണ് ഉത്സാഹമെങ്കിൽ അതു മതപരിവർത്തനമല്ല, സമുദായപരിവർത്തനമാണ്. ആഭ്യന്തരമതത്തിനു പരിവർത്തനം ചിന്താശീലമുള്ള ഓരോ വ്യക്തികളിലും ക്രമേണ സംഭവിച്ചുകൊണ്ടുതന്നെയിരിക്കുന്നു. അതു വിജ്ഞാനവർദ്ധനയോടുകൂടി സ്വാഭാവികമായി മാറുകയല്ലാതെ ആക്കും മാറുവാൻ കഴിയുന്നതല്ല. ഹിന്തുമതം, ക്രിസ്തുമതം എന്നിങ്ങനെ പ്രത്യേക നാമങ്ങളാൽ അറിയപ്പെടുന്ന മതങ്ങളിൽ ചേർന്നിരിക്കുന്നവരിൽ ഒരാൾക്കു ആ മതത്തിൽ വിശ്വാസമില്ലെന്നുവന്നാൽ അയാൾ ആ മതം മാറുകതന്നെയാണ് വേണ്ടതു്. വിശ്വാസമില്ലാത്ത മതത്തിൽ ഇരിക്കുന്നതു് ഭീരുതയും കപടവുമാണ്. അവൻ മതംമാറുന്നതു് അവനും നന്നാണ്; അവനു വിശ്വാസമില്ലാത്തതായ മതത്തിനും നന്നാണ്. ഒരു മതത്തിനും ആ മതത്തിൽ അവിശ്വാസികളുടെ സംഖ്യ വർദ്ധിക്കുന്നതു ശ്രേയസ്കരമല്ലല്ലോ.

സി. വി:- ഹിന്തുമതത്തിൽതന്നെ ഇരിക്കണമെന്നു പറയുന്നവർ ഇപ്പോഴത്തെ ഹിന്തുമതം നന്നല്ലെന്നും പറയുന്നുണ്ടു്.

സ്വാമി:- അപ്പോൾ അവർ ഹിന്തുക്കൾക്കു മാത്രമല്ല, ഹിന്തുമതത്തിനുംകൂടി പരിവർത്തനംവേണമെന്നു പറയുകയാണ്. ഹിന്തുമതം എന്നു ഒരു മതംമ ഇല്ലല്ലോ. ഹിന്തുസ്ഥാനനിവാസികളെ ഹിന്തുക്കൾ എന്നു വിദേശീയർ പറഞ്ഞുവന്നു. ഹിന്തുസ്ഥാനനിവാസികളുടെ മതം ഹിന്തുമതം എന്നാണെങ്കിൽ ഹിന്തുസ്ഥാനത്തെ ഇപ്പോൾ അധിവസിക്കുന്ന ക്രിസ്ത്യാനികളുടേയും മുഹമ്മദീയരുടേയും മതങ്ങളും ഹിന്തുമതംതന്നെയാണ്. അങ്ങനെ ആരും പറയുന്നുമില്ല. സമ്മതിക്കുന്നുമില്ല. ഇപ്പോൾ ഹിന്തുമതമെന്നു പറയുന്നതു്

ക്രിസ്തുമതം മുഹമ്മദ്മതം മുതലായി ഹിന്തുസ്ഥാനത്തിന്നു വെളിയിൽനിന്നു വന്ന മതങ്ങൾ ഒഴിച്ചു ഹിന്തുസ്ഥാനത്തിൽതന്നെ ഉത്ഭവിച്ചിട്ടുള്ള മതങ്ങൾക്കുള്ള ഒരു പൊതുപ്പേരാകുന്നു. അതുകൊണ്ടാണ് ബുദ്ധമതം ജൈനമതം മുതലായവയും ഹിന്തുമതംതന്നെയെന്നു ചിലർ പറയുന്നതു്. വൈദികമതം, പൌരാണികമതം, സാംഖ്യമതം, വൈശേഷികമതം, മീമാംസകമതം, ദ്വൈതമതം, അദ്വൈതമതം, വിശിഷ്ടാദ്വൈതമതം, ശൈവമതം, ശാക്തേയമതം, വൈഷ്ണവമതം എന്നിങ്ങനെ പ്രത്യക്ഷത്തിൽ വിഭിന്നങ്ങളായിരിക്കുന്ന അനേക മതങ്ങൾക്ക് എല്ലാററിനുംകൂടി ഹിന്തുമതംഎന്നു ഒരു പൊതുപ്പേരു പറയുന്നതു യുക്തിഹീനമല്ലെങ്കിൽ മനുഷ്യജാതിക്കെല്ലാററിനും മോക്ഷപ്രാപ്തിക്കുപയുക്തങ്ങളായി ദേശകാലാവസ്ഥകൾ അനുസരിച്ചു ഒരോ ആചാര്യന്മാർ ഈഷദീഷൽഭേദങ്ങളോടുകൂടി ഉപദേശിച്ചിട്ടുള്ള എല്ലാ മതങ്ങൾക്കുംകൂടി ഏകമായലക്ഷ്യത്തോടു കൂടിയ "ഏകമതം" എന്നു പറയുന്നതിൽ എന്തിനാണ് യുക്തിഹീനതയെ സംശയിക്കുന്നതു്.

സി. വി:- ഈ വിഷയത്തിൽ പ്രമാദംകൊണ്ടുള്ള വഴക്കുകൾ ഹിന്തുക്കൾക്കു മാത്രമല്ല അഹിന്തുക്കൾക്കുംഉണ്ടു്. ക്രിസ്തുവിന്നു മുമ്പുള്ള മോശയുടെയും ശലോമന്റെയും ക്രിസ്തുവിന്നു പിൻപുള്ള സെൻറ് പാളിന്റെയും ഉപദേശങ്ങളും കൂടി ക്രിസ്തുമതം എന്നു ഒരുഒററപ്പേരിനകത്തു അടക്കുകയാണ് ക്രിസ്തുമതം ചെയ്തിരിക്കുന്നതു്.

സ്വാമി:-ഏറെക്കുറെ എല്ലാ മതക്കാരും അങ്ങിനെതന്നെ ചെയ്തിരിക്കുന്നു. ഒരു മതാചാര്യന്റെ പേരിൽ പലെ ആചാര്യന്മാരുടെ ഉപദേശങ്ങൾ അടക്കി അതിനെ ഒരു മതമെന്നു പേർ വിളിക്കാമെങ്കിൽ, പലപല ആചാര്യന്മാരാൽ സ്ഥാ

പിതങ്ങളായ എല്ലാ മതങ്ങളേയും ചേൎത്തു അതിനു ഒരു മതമെന്നോ, ഏകമതമെന്നോ, മനുഷ്യമതമെന്നോ, മാനവധൎമ്മമെന്നോ എന്തുകൊണ്ടു ഒരു പൊതുപ്പേരിട്ടുകൂടാ? അങ്ങനെ ചെയ്യുന്നതു യുക്തിഭംഗവും അസംബന്ധവുമാണെങ്കിൽ ഈ അസംബന്ധവും യുക്തിഭംഗവും ഇപ്പോഠം പ്രചാരത്തിലിരിക്കുന്ന എല്ലാ മതങ്ങഠംക്കും ഏറെക്കുറെ സംഭവിച്ചുകഴിഞ്ഞിരിക്കയാണ്. ഏകത്വത്തിൽ നാനാത്വവും, നാനാത്വത്തിൽ ഏകത്വവും അവനവൻെറ മതത്തെ സംബന്ധിച്ചു ചാതുൎയ്യത്തോടെ പ്രസംഗിക്കുന്നവൎക്ക മനുഷ്യജാതിയുടെ മതത്തെ പൊതുവിൽ എടുത്തു അതിൻെറ ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും കാൺമാൻ കഴിയാതെവന്നതു ആശ്ചൎയ്യമായിരിക്കുന്നു. മഹാത്മജി ഇവിടെ വന്നപ്പോഠം ചെയ്ത പ്രസംഗത്തിൽ ആശ്രമമുററത്തു നിൽക്കുന്ന ഒരു മാവിനെ ചൂണ്ടിക്കാണിച്ചു് അതിൻെറ ശാഖകളും ഇലകളും എങ്ങനെ ഒന്നിനൊന്നു ഭിന്നമായിരിക്കുന്നോ അതുപോലെ മനുഷ്യരിലുള്ള വ്യക്തികളും ഭിന്നമായിരിക്കും; ഈ ഭിന്നത ഉള്ള കാലത്തോളം മനുഷ്യരുടെ മതങ്ങളും ഭിന്നങ്ങളായിരിക്കാനേ നിവൃത്തിയുള്ളു; എന്നു പറയുകയുണ്ടായി. ശരിയാണ് മഹാത്മജി പറഞ്ഞതു്. എന്നാൽ നൈയായികദൃഷ്ട്യാ അതിനെ പരിശോധിക്കുന്നതായാൽ ഓരോ വ്യക്തിക്കും ഓരോ മതമുണ്ടെന്നു സമ്മതിക്കേണ്ടിവരും. അങ്ങനെ ആയാൽ ഹിന്ദുവായ രാമനും ഹിന്ദുവായ കൃഷ്ണനും ഒരു മതമല്ല വിശ്വസിക്കുന്നതു്; ഇരുപതുകോടി ഹിന്ദുക്കഠംക്ക് ഇരുപതുകോടി മതങ്ങഠം ഉണ്ടെന്നും വന്നുകൂടും. വാസ്തവം അതുതന്നെയാണെങ്കിലും ചില സാമാന്യലക്ഷണങ്ങഠം ഈ ഇരുപതുകോടിയുടേയും വിശ്വാസങ്ങളിൽ ഉള്ളതുകൊണ്ടു് അവരെ ഒരു മതക്കാരെന്നു പറയുന്നു. അതുപോലെ എല്ലാ മതക്കാരുടെയും വിശ്വാസങ്ങഠംക്കു ചില

സാമാന്യലക്ഷണങ്ങൾ ഉള്ളതുകൊണ്ട് മനുഷ്യരെല്ലാം ഒരു മതക്കാർതന്നെയാണ്. സനാതനമായ ഏതെങ്കിലും ധർമ്മത്തേയോ സത്യത്തേയോ അടിസ്ഥാനപ്പെടുത്തിയല്ലാതെ യാതൊരു മതത്തിനും നിലനിൽക്കുവാൻ കഴിയുന്നതല്ല. സാഹോദര്യത്തിനു മുഹമ്മദുമതവും, സ്നേഹത്തിനും ക്രിസ്തുമതവും മുഖ്യത കല്പിക്കുന്നു. എന്നാൽ, സാഹോദര്യം സ്നേഹത്തേയും സ്നേഹം സാഹോദര്യത്തേയും ആശ്രയിച്ചിരിക്കുന്നു എന്നറിയാതെ സാഹോദര്യമാണ് ശ്രേഷ്ഠം, അതല്ല സ്നേഹമാണ് ശ്രേഷ്ഠം എന്നു വിവാദമുണ്ടാകുന്നു എങ്കിൽ അതിനെ വൃഥാ വിവാദമെന്നല്ലാതെ പറയാൻ തരമുണ്ടോ? സനാതനധർമ്മങ്ങൾ തുല്യപ്രധാനങ്ങളാണ്. ദേശകാലാവസ്ഥകളാൽ നേരിടുന്ന ആവശ്യങ്ങൾ അനുസരിച്ച് അവയിൽ ഏതെങ്കിലും ഒന്നിനു മുഖ്യത കല്പിക്കേണ്ടതു ആവശ്യമായി വരും. ഹിംസ കലശലായിരിക്കുന്ന ദേശകാലങ്ങളിൽ അഹിംസാധർമ്മത്തിനു ജഗത്ഗുരുക്കന്മാർ മററു ധർമ്മങ്ങളേക്കാൾ മുഖ്യത കല്പിക്കും. ബുദ്ധൻെറ കാലത്ത് ഹിംസ കലശലായിരുന്നു അതിനാൽ അഹിംസാധർമ്മത്തിനു ബുദ്ധൻ മുഖ്യത കല്പിച്ചു നബിയുടെ കാലത്തു അറേബിയായിൽ സാഹോദര്യത്തിനു മുഖ്യത കല്പിക്കേണ്ടതു ആവശ്യമായിരുന്നിരിക്കാം. അതിനാൽ അദ്ദേഹത്തിൻെറ മതത്തിൽ സാഹോദര്യത്തിനു മുഖ്യത കാണുന്നു.

സ്വാമി തുടർന്നു പറഞ്ഞു:

ഇന്ന് ഇന്ത്യയുടെ ആവശ്യം എന്താണ്? ജാതികൾ തമ്മിലും മതങ്ങൾ തമ്മിലും ഉള്ള മത്സരത്തിൽനിന്നു മോചനം. സമബുദ്ധിയോടും സമഭക്തിയോടുംകൂടി എല്ലാ മതങ്ങളേയും എല്ലാവരും പഠിച്ചറിവാനും, ലഭിച്ച അറിവിനെ പരസ്പ

രം സ്നേഹപൂർവ്വം വിനിമയംചെയ്യാനും ശ്രമിക്കട്ടെ. മത്സരം മതംനിമിത്തമല്ല, മദംനിമിത്തമാണെന്നു അപ്പോൾ മനസ്സിലാകും. മതപരിവർത്തനോത്സാഹവും അപ്പോൾ അസ്തമിക്കും.

സി വി:– അങ്ങനെയാണെങ്കിൽ തൃപ്പാദങ്ങളുടെ ശിഷ്യസംഘത്തിൽ ഹിന്തുമതവിശ്വാസികളും, ബുദ്ധമതവിശ്വാസികളും, ക്രിസ്തുമതവിശ്വാസികളും, മുഹമ്മദുമതവിശ്വാസികളും പ്രവേശനം അനുവദിക്കേണ്ടതാണല്ലോ.

സ്വാമി:– നമുക്ക് അതിനു യാതൊരു വിരോധവുമില്ല

സി. വി:– എനിക്കു മററു മതങ്ങളേക്കാൾ ബുദ്ധമതത്തെയാണ് അധികം വിശ്വാസവും അധികം ബഹുമാനവും ഉള്ളതു്.

സ്വാമി:– അതുകൊണ്ടു അന്യമതദ്വേഷമില്ലല്ലോ.

സി. വി:– തീരെയില്ല.

സ്വാമി:– ബുദ്ധമതഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടോ?

സി. വി:– തർജ്ജിമകൾ വായിച്ചിട്ടുണ്ടു്.

സ്വാമി:– കാര്യം ഗ്രഹിക്കാൻ തർജ്ജിമയും മതിയാകുന്നതാണു്.

സി. വി:– മൂലഗ്രന്ഥങ്ങൾതന്നെ വായിച്ചു പഠിക്കണമെന്നു ഞാൻ തീർച്ചയാക്കിയിരിക്കുകയാണു്.

സ്വാമി:– എന്താണ് ബുദ്ധമതത്തോടു ഇത്ര പ്രതിപത്തി?

സി. വി:– ഈ കാലദേശാവസ്ഥയ്ക്കു് ബുദ്ധമുനിയുടെ ധർമ്മോപദേശങ്ങളിൽ പ്രതിപത്തി വരാതിരിക്കാൻ നിവൃത്തിയില്ല ജാതിമത്സരങ്ങളിലും മതമത്സരങ്ങളിലും അന്ധാചാരങ്ങളിലുംനിന്നു ജനങ്ങൾക്കു് മോചനമുണ്ടാവാൻ മററു എല്ലാ മതങ്ങളെക്കാളും ബുദ്ധമതംതന്നെ നന്നെന്നാണ് എൻെറ ബലമായ വിശ്വാസം.

സ്വാമി:- നമ്മുടെ സന്യാസി സംഘത്തിൽക്കൂടെ ചേരാമെന്നു വിചാരിക്കുന്നുണ്ടോ?

സി. വി:- ചേരണമെന്നു താല്പര്യമുണ്ട്, ബുദ്ധമതപ്രകാരമുള്ള സന്യാസമാണെങ്കിലേ സ്വീകരിക്കാൻ കഴിയുകയുള്ളു.

സ്വാമി:- ബുദ്ധമതപ്രകാരമുള്ള സന്യാസമായാലും മതിയെന്നു നാം ആലുവാവച്ചു പറഞ്ഞിട്ടുണ്ടല്ലോ.

സി. വി:- ബുദ്ധമതഗുരുക്കന്മാർ ശ്വാസരോഗികൾക്കു സന്യാസം കൊടുക്കുകയില്ല.

സ്വാമി:- വാതരോഗികൾക്കു സന്യാസം കൊടുക്കുമോ?

സി. വി:- അതറിഞ്ഞുകൂടാ.

സ്വാമി:- ഒനരംപോക്കു തോന്നുന്ന നിർബന്ധങ്ങൾ ചിലതു എല്ലാ മതക്കാർക്കുമുണ്ട്.

സി. വി:- തൃക്കയിൽ നിന്നല്ലാതെ സന്യാസം മററാരേടത്തു നിന്നും വാങ്ങുവാൻ ഞാൻ വിചാരിച്ചിട്ടില്ല.

# അമൃതവാണി

സാമാന്യജനങ്ങളാകുന്ന അർജ്ജുനന്മാർക്ക് ശരീരമാകുന്ന തേരിൽ ഇരിക്കുന്ന ആത്മാവാകുന്ന കൃഷ്ണൻ എന്നതുപോലെ മനുഷ്യരുടെ ഗുരുവായ ശ്രീനാരായണൻ നൽകിയ ചുവടെ പറയുന്ന ഉപദേശം ശിവഗിരിമഠം സ്ഥാപിച്ച കാലത്തു ശ്രീ കുമാരനാശാൻ അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നതാണ്. അതിന്റെ ഒരു പ്രതിയാണ് ഇവിടെ ചേർത്തിരിക്കുന്നതു്.

## അദ്വൈത ജീവിതം

മനുഷ്യരെല്ലാവരും ഒരുപോലെ ആഗ്രഹിക്കുന്നതു സുഖത്തെയാണ്- ലൗകികമായും വൈദികമായും നടത്തപ്പെട്ടുവരുന്ന എല്ലാ സഭകളുടെയും പരമാവധിയും ഇതുതന്നെ; ക്ഷണഭംഗുരങ്ങളായ വിഷയസുഖങ്ങളേക്കാൾ മനുഷ്യാത്മാവിനു അധികം പ്രിയംകാണുന്നതു് സുചിരമായി ശാശ്വതമായി വിളങ്ങുന്നസുഖത്തിലാണ്; ഇതിനെ ലക്ഷീകരിച്ചുകൊണ്ടു മനുഷ്യാത്മാവു ഒരു മഹത്തായ യാത്രചെയ്യുകയാണ്; ഓരോ സമുദായങ്ങൾ എത്രകണ്ടു ആന്തരമായ പരിഷ്ക്കാരത്തെ പ്രാപിക്കുന്നുവോ, അത്രകണ്ടു ഈ സുഖപ്രാപ്തിയുടെ അളവും ഭേദപ്പെട്ടുകൊണ്ടിരിക്കും.

ശാരീരമായും മാനസികമായും ആത്മീയമായും ഉള്ള സർവ ശ്രേയസ്സുകളും ഒരു സമുദായത്തിനു വന്നുലഭിക്കുന്നതിൽ സമുദായാംഗങ്ങളുടെ മതനിഷ്ഠയും സദാ

ചാരവും വലുതായി സഹായിക്കുന്നതാണ്. ഇവയെ സമുദായത്തിലുള്ള എല്ലാ ജനങ്ങൾക്കും വരുത്തിക്കൂട്ടുവാൻ ആരാധനാസ്ഥലങ്ങളും ക്ഷേത്രങ്ങളും വളരെ ഉപയുക്തമാണെന്നു കണ്ടുവരുന്നു. എന്നാൽ അവയെല്ലാം ഉണ്ടാക്കുന്നതിനു സമുദായാംഗങ്ങളുടെ ധനസംബന്ധമായ അഭ്യുദയവും അത്യന്താപേക്ഷിതമാകുന്നു. അതിനു കൃഷി, കച്ചവടം, സാങ്കേതികവിദ്യാഭ്യാസം മുതലായവ പരിഷ്ക്കരിച്ചിരിക്കേണ്ടതാണ്.

ലൗകികവും ആത്മീയവും രണ്ടും രണ്ടല്ല, അവ രണ്ടും വാസ്തവത്തിൽ ഒരേ ഉദ്ദേശത്തോടെ പ്രവർത്തിക്കുന്നു. ശരീരത്തിന്റെ എല്ലാ അംഗങ്ങളുടെയും ഒത്തുള്ള പ്രവൃത്തിയാൽ ശരീരം സുഖം അനുഭവിക്കുന്നു- അതുപോലെ മനുഷ്യസമുദായത്തിന്റെ പരമലക്ഷ്യമായ സുഖപദത്തെ പ്രാപിക്കുവാൻ ആത്മീയമായും ലൗകികമായും ഉള്ള സർവവിധ ഏർപ്പാടുകളുടെയും ഏകോപിച്ചുള്ള പ്രവൃത്തി ആവശ്യമാണ്.

(ശ്രീനാരായണഗുരു)

---

ഈ സന്ദേശം 1961 ഏപ്രിൽ 6-ാം തീയതി സഭയുടെ 95-ാമത്തു ലഘുലേഖയായി പ്രസിദ്ധീകരിച്ചിരിക്കുന്നതാണ്.

# ഗുരുവിൻെറ ജീവിതകാലം

ഗുരുദേവൻെറ ജീവിതകാലത്തെ ബാല്യകാലം, അവധൂതവൃത്തി, തപസ്സ്, ധമ്മസ്ഥാപനം ഇങ്ങനെ നാലു ഘട്ടങ്ങളായി തിരിക്കാവുന്നതാണു്.

കേരളത്തിന്റെ തെക്കു തിരുവനന്തപുരത്തുനിന്നു ഏകദേശം ആറുനാഴികവടക്കു് ചെമ്പഴന്തി എന്നൊരു ഗ്രാമമുണ്ടു്. അവിടെ വയൽവാരത്തുവീട്ടുകാർ പ്രാചീന തറവാട്ടുകാരും വലിയ ധനസ്ഥിതിയൊന്നുമില്ലെങ്കിലും ആ പ്രദേശത്തെ പ്രധാനികളും ആയിരുന്നു.

പഴയകാലത്തുള്ള മൺചുവരുകളുള്ള ഒരു ചെറിയ വീട്ടിലാണു് സ്വാമി ജനിച്ചിരുന്നതു്. ഒരു ധനികൻെറ തൊഴുത്തിനേക്കാൾ അതിനു വലുപ്പമില്ല. ആ ഗൃഹം അതെപടിതന്നെ ഇന്നും ശിവഗിരിമഠത്തിൻെറ രക്ഷയിലിരിക്കയാണു്. എന്നാൽ രാജ്യത്തിൻെറ നാനാഭാഗത്തുനിന്നും വരുന്ന തീൎത്ഥയാത്രക്കാരുടെ ഒരു പുണ്യസ്ഥലമായിട്ടാണു് ഇന്നു് ആ ചെറുഗൃഹമിരിക്കുന്നതു്-ലോകഗുരു തിരുവവതാരംചെയ്തിരിക്കുന്നതു അവിടെയാണല്ലോ.

കൃഷ്ണൻവൈദ്യരുടെ സഹോദരി, കുട്ടിയമ്മയ്ക്കു് ഒരു മകനും രണ്ടു പെൺമക്കളുമുണ്ടായിരുന്നു. മാടനാശാനായിരുന്നു ഇവരുടെ അച്ഛൻ. ഗുരുദേവൻ മകനായി ജനിച്ചതുകൊണ്ടു ഈ മാതാപിതാക്കന്മാൎക്കു സ്വൎഗ്ഗം ലഭിച്ചിരിക്കുമെന്നു വിശ്വസിക്കാം. സ്വാമി അവൎക്കു

മകനായി അവതരിക്കാനും ആ ദമ്പതികൾക്ക് പൂർവ്വ പുണ്യം വേണമല്ലോ.

"കഷ്ടം ദീനംപിടിച്ചോ മദിരയതു കുടിച്ചോ-" എന്തിനു മനുഷ്യരായി ജനിച്ചു എന്നറിയാതെ അധോമുഖരായി ജീവിക്കുന്ന സഹോദരലക്ഷങ്ങളെ ഉദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ അവതാരം സംഭവിച്ചിരിക്കുന്നതു.

പ്രഭുവായ ചെമ്പഴന്തിപ്പിള്ളയാണു് സ്വാമിയെ എഴുത്തിനിരുത്തിയതു എന്നു ചരിത്രങ്ങളിൽ കാണുന്നു. കുടിപ്പള്ളിക്കൂടത്തിലെ സാധാരണ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ കൃഷ്ണൻവൈദ്യൻ നാണുവിനെ പുതുപ്പള്ളി രാമൻപിള്ള ആശാൻെറ കൂടെ ഉപരിപഠനത്തിനു ഏല്പിച്ചു. സ്വാമി താമസിച്ചിരുന്നതു വാരണപ്പള്ളിലെ ഒരു ശാഖാഭവനമായ കുന്ദത്തുവീട്ടിലായിരുന്നു.

തിരുവിതാംകൂറിൽ വിശ്രുതന്മാരായിരുന്ന പെരുനെല്ലി കൃഷ്ണൻവൈദ്യർ, മണമ്പൂർ കേശവനാശാൻ, വെളുത്തേരി കേശവൻവൈദ്യൻ, ഉടയാങ്കുഴിയിൽ കൊച്ചുരാമൻവൈദ്യൻ എന്നീ വിദ്വാന്മാരെല്ലാം സ്വാമിയുടെ സഹപാഠികളായിരുന്നു. രാമനാശാൻെറ കീഴിൽ അരുപതിലധികം വിദ്യാർത്ഥികളുണ്ടായിരുന്നു. ഒരുദിവസം ആശാൻെറ സംശയം യുവാവായ നാണു തീർത്തുകൊടുത്തു. തർക്കം, വ്യാകരണം, ജ്യോതിഷം, ആയുർവേദം, വേദാന്തം എന്നീ ശാസ്ത്രങ്ങളിൽ സ്വാമിക്ക് അനിതരസാധാരണമായ പാടവമുണ്ടായിരുന്നു- അത്യധികം

ധിഷണാശക്തിയുള്ള ഒരു ജിജ്ഞാസുവാണ് നാൻ എ ന്നു രാമൻപിള്ളആശാൻതന്നെ പറഞ്ഞിട്ടുണ്ടു്.

എന്നാൽ സ്വാമിയുടെ കവനങ്ങളിൽ കാണുന്ന ആശയങ്ങളുടെ അഗാധതയോർത്താൽ, ആ മഹത്വം പുതുപ്പള്ളിയിൽനിന്നും ലഭിച്ച വിദ്യാഭ്യാസത്തിൻെറ ഫലമായിരുന്ന എന്നു നിശ്ചയിക്കുന്നതു നമ്മളുടെ അന്ധതയായിരിക്കും.

x x x x

പുതുപ്പള്ളിയിൽനിന്നു സ്വാമിക്ക് രക്താതിസാരം ബാധിച്ചതുകൊണ്ടു് ചെമ്പഴന്തിയിലേക്ക് കൊണ്ടുവന്നു. അതു സ്വസ്ഥമായശേഷം അവ്ടെയുള്ള ദേവീക്ഷേത്രത്തിനടുത്തു ഒരു ചെറിയ ഷെഡ്ഡ് ഉണ്ടാക്കി കുട്ടികളെ പഠിപ്പിച്ചിരുന്നു. ഈയിടക്കാണ് സ്വാമിയുടെ മിത്രമായിരുന്ന ഒരു വാത്തി വിവാഹാലോചനകൊണ്ടു സ്വാമിയെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നതു്- ഒടുവിൽ അതു നടക്കട്ടെ എന്നു സ്വാമി അനുമതിയും നൽകി. വ്രനില്ലാതെതന്നെ നെടുങ്ങണ്ടയിൽനിന്നൊരു സ്ത്രീയെ വയൽവാരത്തു ഗൃഹത്തിൽ വീട്ടുകാർ കൊണ്ടുവന്നു താമസിപ്പിച്ചു. ഇതിൻെറശേഷം സ്വാമി ആ ഗൃഹത്തിൽ അപൂർവ്വമായേ പോകാറുള്ളു എന്നായി.

ഈ കാലഘട്ടത്തിലാണു് ശ്രീ. ചട്ടമ്പിസ്വാമികളുമായി സമ്പർക്കത്തിലേർപ്പെട്ടതു്. ഒരു സത്രം വിചാരിപ്പുകാരനാണു് തിരുവനന്തപുരത്തുവെച്ചു സ്വാമിയെ ചട്ടമ്പി സ്വാമികളുമായി പരിചയപ്പെടുത്തിയതു്. യോ

ഗാഭ്യാസ വിഷയത്തിൽ പ്രവീണനായ ഒരു ഗുരുവിൻെറ ആവശ്യകത അന്നു നാണു ആശാനുണ്ടായിരുന്നു.

ആത്മാനന്ദ സ്വാമികൾ എന്നറിയപ്പെട്ടിരുന്ന ഒരു നാടാർ ശൈവയോഗിയുടെ ശിഷ്യനായിരുന്നു ശ്രീ. ചട്ടമ്പിസ്വാമികൾ; വാമശാക്തേയ മതാനുസാരികളുടെ ചില സിദ്ധികൾ ശ്രീ. ചട്ടമ്പിസ്വാമികൾക്കുണ്ടായിരുന്നു.

ചട്ടമ്പിസ്വാമികളാണു് നാണു ആശാനെ തൈക്കാട്ടു അയ്യാവു യോഗിയുമായി പരിചയപ്പെടുത്തിയതു്. അങ്ങിനെ രണ്ടുപേരും അയ്യാവു യോഗിയുടെ ശിഷ്യത്വം സ്വീകരിച്ചു അഭ്യസിച്ചിരുന്നു. ധൗതി, നൗളി, ഘടം തുടങ്ങിയുള്ള പലേ പ്രധാന യോഗാസനമുറകളും വിശേഷാൽ ഖേചരീമുദ്രയും മററു ധ്യാനയോഗസമ്പ്രദായങ്ങളും നാണു ആശാൻ വശപ്പെടുത്തിയിരുന്നു.

ഈ കാലത്തു് സ്വാമിക്കു് 25 വയസ്സിൽ കൂടുതലുണ്ടായിരുന്നില്ലെന്നു ചരിത്രങ്ങളിൽ കാണുന്നു. ശ്രീ. ചട്ടമ്പിസ്വാമികളോടൊപ്പം അവധൂതവൃത്തിയാണു് നാണു ആശാൻ സ്വീകരിച്ചതു്.

രണ്ടുപേരും ഒരുമിച്ചു വളരെ ദേശാടനം ചെയ്തിട്ടുണ്ടു്. താടിയും മുടിയും ധാരാളമുള്ള ഒരു സ്വാമി മുമ്പിലും മുണ്ഡനം ചെയ്തിരിക്കുന്ന ഒരു യുവാവു കൂടെയും സഞ്ചരിക്കുമ്പോൾ യുവാവു് മററെ യോഗിയുടെ ശിഷ്യനാണെന്നു ജനങ്ങൾ പറയുവാൻ തുടങ്ങി.

വ്വിനയനിധിയായ നാണു ആശാൻ ചട്ടമ്പിസ്വാമി

കളെ ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ സ്നേഹിച്ചിരുന്നു. എന്നല്ല ഗുരു എന്നു അഭിസംബോധനം ചെയ്തിട്ടുമുണ്ടു്.

പിൽകാലത്തു് ശ്രീനാരായണഗുരു കേരളത്തിലും പുറത്തും സർവ്വജനാരാധ്യനായപ്പോൾ, ഇദ്ദേഹം ചട്ടമ്പിസ്വാമിയുടെ ശിഷ്യനാണെന്നുള്ള ഒരു മേൽകോയ്മ അധികാരസ്വരം ചില നായർപ്രമാണികൾ പത്രങ്ങളിൽക്കൂടെ പരത്തുവാൻതുടങ്ങി. എന്നാൽ അതേസമയത്തു് തന്നെ ഈ ചട്ടമ്പിസ്വാമികൾ ഒരു നാടാർയോഗിയുടെ ശിഷ്യനാണ് എന്നുള്ള വാദം മറുവശത്തുനിന്നു വന്നിട്ടില്ലാത്തതുകൊണ്ടു ആ രണ്ടു മഹാപുരുഷന്മാരും അവരവൎക്കുള്ള സ്ഥാനത്തു വിജയിക്കുകതന്നെ ചെയ്യുന്നു.

ശ്രീചട്ടമ്പിസ്വാമികളുടെ ജീവചരിത്രം എന്ന പുസ്തകത്തിൽ ശ്രീനാരായണഗുരുവിനെ മനഃപൂർവ്വം പലേഘട്ടങ്ങളിലും അധഃപതിപ്പിച്ചും ആശ്രയഭാവത്തിലും ചിത്രീകരിച്ചുവെച്ചിരിക്കുന്നതു് കേരളത്തിലെ നായർപ്രഭുത്വത്തിൻെറ ഭൂതകാലധിക്കാരങ്ങളുടെ മാതൃകകൾ മാത്രമാണു് - അതിലൊന്നും അരക്കാൽകഴഞ്ചു സത്യത്തിൻെറ കണികപോലുമില്ല.

ഇതുപോലെ വേറൊരു സാഹസം പള്ളുരുത്തിയിൽനിന്നും പുറപ്പെട്ട ശ്രീനാരായണ ആന്തോളജിയിൽ സ്വാമി രണ്ടു വർഷം ഭാൎയ്യയോടുകൂടി താമസിച്ചിരുന്നു എന്നു ഒരു പുതിയ ചരിത്രം സാമാന്യജനങ്ങളുടെ ശ്രദ്ധയിലേക്കു കൊണ്ടുവന്നിരിക്കുന്നതായി കാണുന്നു. അ

വിടെ പറഞ്ഞിരിക്കുന്ന വയസ്സ് 29 ആണ് - 1062ൽ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠ നടന്നു. അന്നു ഗുരുദേവന് മുപ്പതു വയസ്സാണു പ്രായം. മരുത്വാമലയിലെ തപസ്സും അവധൂതജീവിതവും അരുവിപ്പുറത്തെ കുന്നിൽ ആശ്രമവാസവും മററും ഏതു വയസ്സിലാണു നടന്നിരുന്നതെന്നു സ്ഥാപിക്കുവാൻ മേൽപറഞ്ഞ 29-ാമത്തെ വയസ്സിനു സാദ്ധ്യമല്ല- അതുകൊണ്ടുതന്നെ ആന്തോളജിയിലെ ആ പ്രസ്താവന ശുദ്ധഭോഷ്ക്കാണെന്നു തള്ളേണ്ടതാണ്-

x x x x

അവധൂതജീവിതത്തെ തുടർന്നു മരുത്വാമലയിലെ പിള്ളത്തടം എന്ന ഗുഹയിലിരുന്നു ഏകാന്തധ്യാനയോഗത്തിലാണ് നാണുആശാൻ ഏർപ്പെട്ടതു്- ശിവശതകത്തിലൊരു ശ്ലോകം ഈ കാലഘട്ടത്തെ വിളിച്ചുപറയുന്നുണ്ട്.

"കുലവുമകന്നു കുടുംബവുമിങ്ങനെ
മലയിലിരുന്നു മഹേശ്വരസേവനം
കലയതുകാലമനേകമയം ഭവാൻ
തലയിൽ വിധിച്ചതു സമ്മതമാശ്ശരും"

"ഒരു ദിവസം ധ്യാനത്തിൽനിന്നും ഉണർന്നപ്പോൾ നല്ല വിശപ്പു തോന്നിയിരുന്നു; ആ ഗുഹയിൽനിന്നും പുറത്തുവന്നു ഇരുന്നു. നല്ല നിലാവുള്ള രാത്രി രണ്ടു മണിയായിരിക്കും. അപ്പോൾ നഗ്നനായ ഒരാൾ നമ്മുടെ മുൻപിൽ ഒരു താമരയിലയിൽ തേൻചേർത്തു കുഴച്ച

തിന കൊണ്ടുവന്നുവെച്ചു- അദ്ദേഹവും ഇരുന്നു ഒരുവ ശത്തുനിന്നു ഭക്ഷിച്ചുകൊണ്ടിരുന്നു; വിരലുകളിൽക്കൂടി ചലം വരുന്നുണ്ടായിരുന്നു. കുഷ്ഠരോഗിയുടെ വിരലുകൾ പോലെയിരുന്നു. ഒരു നിമിഷംകഴിഞ്ഞു ആൾ അപ്ര ത്യക്ഷനായിXXX" ആ ഗുഹയുടെ അകത്തു സ്വാ മി ഇരുന്ന കാലത്തു ഒരു പാമ്പും ഒരു പുലിയും കാവ ല്ക്കാരെപോലെ പെരുമാറിയിരുന്നതും തൃപ്പാദങ്ങൾത ന്നെ ഒരു സന്ദർഭത്തിൽ സംസാരിച്ചിരുന്നതാണു്.

ഈ തപസ്സിന്റെ ശേഷമാണു് സ്വാമി അരുവി പ്പുറത്തെ കുന്നിന്മേൽ വന്നിരുന്നതു്. സ്വാനുഭവഗീതം ആത്മോപദേശശതകം എന്നീ അമൂല്യഗ്രന്ഥങ്ങളെല്ലാം അരുവിപ്പുറത്തുനിന്നാണു് സ്വാമിരചിച്ചിരുന്നതു്. തൃ പ്പാദങ്ങളുടെ ചരിത്രമെഴുതിയ ചിലർ അരുവിപ്പുറമാ ണ് തപശ്ചര്യയുടെ പാവനസ്ഥലമായി ചിത്രീകരിച്ചി രിക്കുന്നതു്. വളരെ കാര്യങ്ങൾ ഇങ്ങിനെ വാസ്തവവി രോധമായി രേഖപ്പെട്ടുപോയിട്ടുണ്ടു്. ഒരു നൂററാണ്ടു ഇനിയും കഴിയുമ്പോൾ വരാവുന്ന മാററങ്ങളൊന്നും ഇ പ്പോൾ ഊഹ്യമല്ല. ശിവഗിരിമഠത്തിൽ ശ്രീശാരദാ പ്രതിഷ്ഠ എന്ന ഒന്നു് ഇല്ലെന്നു് എഴുതിയിരിക്കുന്ന ഒരു സോവനീർ ഇയ്യിടെ കണ്ടു. അവർ എങ്ങിനെ എ ഴുതാതിരിക്കും? ശിഷ്യന്മാർ എന്നുപറയുന്ന സന്യാസി മാർതന്നെ വാസ്തവവിരുദ്ധമായി പലതും പ്രവർത്തിച്ചിട്ടു ണ്ടു്, പിന്നെ സാധാരണക്കാരുടെ കാര്യം പറയാനു മില്ല. ഇന്നത്തെകാലത്തു് ഉള്ളകാര്യംതന്നെ നേരെ പ റയുവാനാണു് ആളില്ലാത്തതു്.

സ്വാമി അരുവിപ്പുറത്തെ കുന്നിന്മേൽ വന്നു വിശ്രമിച്ചിരുന്ന കാലത്താണു് അവിടെ നെയ്യാറിൻെറ കരയ്ക്കൊരു ചെറിയ ശിവപ്രതിഷ്ഠ നടത്തിയതു്. തുടന്നു കേരളത്തിൽ അവർണ്ണജനങ്ങൾക്ക് (തീയ്യ-ഈഴവ)ക്കു നിരവധി ശിവക്ഷേത്രങ്ങളുണ്ടായി. ഇതിന്നിടയിൽ ശ്രീനാരായണ ധർമ്മപരിപാലന യോഗവും സ്ഥാപിതമായി.

സ്വാമിയുടെ ഷഷ്ടിപൂർത്തിയെ സംബന്ധിച്ചൊരു വിശേഷമുണ്ടു്. അതു 1092 കൊല്ലവർഷത്തിലാണ് ആഘോഷിച്ചിരുന്നതു്. "നമ്മുടെ ഷഷ്ടിപൂർത്തി എന്നെ നടന്നുപോയി" എന്നു സ്വാമി അന്നു അരുളിച്ചെയ്തിരുന്നതായി പറഞ്ഞുകാണുന്നു. ഇതിനെ അടിസ്ഥാനമാക്കി ശിവഗിരിമഠത്തിലെ സന്യാസിമാർ സ്വാമിയുടെ ജനനം 1030 എന്നാക്കുകയും അതിനനുസരിച്ചു 1130-ൽ ശതവാർഷികം ആഘോഷിക്കുകയും ചെയ്തിരിക്കുന്നു.

"പടിയാറും കടന്നവിടെ ചെല്ലുമ്പോൾ
ശിവനെകാണാകും ശിവശംഭൊ"

''ഷഷ്ടിപൂർത്തി'' എന്നുപറയുന്ന സംഭവം ഒരു യോഗിയുടെ ധ്യാനബലത്താൽ എത്തുന്ന സ്വാനുഭവമാണു്. ഷഡാധാരങ്ങളെ കടന്നപ്പുറം ആത്മസാക്ഷാൽകാരത്തിനുവേണ്ടി ഏകാഗ്രത ശീലിക്കുന്ന യോഗിക്ക് തൻെറ ഷഷ്ടിപൂർത്തി ആയിരിക്കുന്നു എന്നു പറയാം- ഈ നടപടി ഗൃഹസ്ഥനു അറുപതു വയസ്സു തികയുന്ന പുണ്യദിവസമാക്കി മാററിയിരിക്കുന്നതുകൊണ്ടു യഥാ

ത്ഥ ഷഷ്ടി ആഘോഷം അറിയുവാൻ പാടില്ലാതിരിക്കയാണ്-

ഈ ഷഷ്ടിപൂർത്തിയാണ് എന്നെ കഴിഞ്ഞുപോയിരിക്കുന്ന എന്നു സ്വാമി കല്പിച്ചിരുന്നതു്- സ്ഥിരമായി ഒരു സ്ഥലത്തും അധികം താമസിക്കാതെ സ്വാമി സന്ദർഭോചിതമായി സഞ്ചരിച്ചുകൊണ്ടിരുന്നു.

1062-നു ശേഷം 1104 വരെയുള്ള ഏകദേശം 41 വർഷങ്ങളിൽ നടന്നിരുന്ന സംഭവങ്ങളെല്ലാം ഉൾപ്പെടുത്തി നാലോ അഞ്ചോ വാല്യങ്ങളായി വിപുലമായൊരു ജീവിതചരിത്രമെഴുതുവാൻ ഞങ്ങൾ അതിലേക്കുള്ള സംഭവചരിത്രങ്ങളെ ശേഖരിച്ചുകൊണ്ടിരിക്കയാണ്.

വക്കം ദേവേശ്വരക്ഷേത്രപ്രതിഷ്ഠ നടന്നതിൻെറ ശേഷം മൂത്തകുന്നം ശിവക്ഷേത്രം സ്ഥാപിതമായി. ഇന്നു് കേരളത്തിലുള്ള ശ്രീനാരായണക്ഷേത്രങ്ങളിൽവെച്ചു സ്വത്തുകൊണ്ടു ആ സ്ഥാപനമാണു് മികച്ചുനില്ക്കുന്നതു്- പിന്നീടു് തലശ്ശേരി, കണ്ണൂര്, കോഴിക്കോട്ട്, മംഗലാപുരം എന്നീ സ്ഥലങ്ങളിലും ശിവക്ഷേത്രങ്ങൾ സ്ഥാപിതമായിട്ടുണ്ടു്.

ശ്രീനാരായണചൈതന്യം എന്ന നാമധേയത്താൽ അറിയപ്പെട്ടിരുന്ന ശ്രീചൈതന്യസ്വാമികളുടെ അശ്രാന്തപരിശ്രമത്താലാണു് വടക്കുള്ള നാലു ക്ഷേത്രങ്ങളും ഭംഗിയായി പണിതീർത്തിരുന്നതു്. അക്കാലത്തു് ഇററലിയിൽനിന്നും പണിതീർത്തു വരുത്തിയ ഗുരുദേവൻെറ ലോഹപ്രതിമ തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൻെറ വടക്കുവശത്തു ദക്ഷിണാമൂർത്തിയായി പരിലസിക്കു

ന്നുണ്ട്. ഈ പ്രതിമ കൊളമ്പിൽ ഇറക്കിവെച്ചിരുന്ന സന്ദർഭത്തിൽ സ്വാമി തൃപ്പാദങ്ങൾ സിലോൺ സന്ദർശിച്ചിരുന്നു: ചില ഭക്തജനങ്ങളുടെ ശ്രമത്താൽ സ്വാമിയെ കസ്റ്റംഹൗസിലേക്കു കൊണ്ടുപോകയും പ്രതിമ, പെട്ടിതുറന്നു കാണിക്കയും ചെയ്തിരുന്നു.

തൻെറ പ്രതിമ കണ്ടപ്പോൾ സ്വാമി അരുളിചെയ്തതു "ഓ, ഇതിനു ആഹാരം വേണ്ടല്ലോ, ജീവിച്ചുകൊള്ളും" എന്നായിരുന്നു.

1092-ൽ സ്വാമി കാഞ്ചീപുരത്തുള്ള ശ്രീനാരായണ സേവാശ്രമം ഉൽഘാടനം ചെയ്തു. ശ്രീ ഗോവിന്ദാനന്ദസ്വാമികളുടെ പരിശ്രമഫലമായിട്ടായിരുന്നു അവിടെ ഒരു ആശ്രമമുണ്ടായതു്. ആ യാത്രയിൽ സ്വാമി കുറച്ചു ദിവസങ്ങളോളം മദ്രാസിലും വിശ്രമിച്ചിട്ടുണ്ടായിരുന്നു.

1096-ലെ ചതയംതിരുനാൾ സംബന്ധിച്ചു "മദ്യം വിഷമാണ്, അതുണ്ടാക്കരുതു്, കുടിക്കരുതു്, കൊടുക്കരുതു്" എന്നൊരു സന്ദേശത്തെ പുറപ്പെടുവിച്ചിരുന്നു. ശ്രീ. ടി. കെ. മാധവൻ ഇതിനൊരു പ്രക്ഷോഭണംസംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ കാലഘട്ടത്തിലാണ് ജാത്യാചാരങ്ങളിലുള്ള അസംബന്ധങ്ങളെല്ലാം തടഞ്ഞതു്.

കോവിലുകളിൽ ജന്തുബലി സ്വാമി തടഞ്ഞു. ആ നടപടിയെ തിരുവിതാംകൂർ ഗവണ്മെൻറ് അനുകൂലിച്ചതും അതിനൊരു വിളംബരമുണ്ടായതും രേഖപ്പെട്ടിരിക്കേണ്ടുന്ന സംഭവങ്ങളാകുന്നു.

സ്വാമി തൃപ്പാദങ്ങളുടെ പ്രധാന ശിഷ്യനായിരുന്ന ശ്രീ. ശിവലിംഗസ്വാമികൾ അരുവിപ്പുറത്തുനിന്നു പുറപ്പെട്ടു സ്വാമിയോടുകൂടി വടക്കൻദേശങ്ങളിൽ സഞ്ചരിച്ചിരിക്കയായിരുന്നു; അദ്ദേഹം കുറെനാൾ തൃശ്ശൂരിലും പെരിങ്ങോട്ടുകരക്ഷേത്രത്തിലും വിശ്രമിച്ചിരുന്നു. ഇദ്ദേഹത്തിന്റെ സമാധിസ്ഥലം ചാവക്കാട്ട് ക്ഷേത്രത്തിനു സമീപമാണു്. "പറന്നുപോയ ഹംസം" എന്നൊരു ചരമഗാനം മഹാകവി കുമാരനാശാൻ രചിച്ചിരിക്കുന്നതു ഈ മഹാനെ സംബന്ധിച്ചാണ്= സ്വാമി നല്ലൊരു സംസ്കൃതകവിയും യോഗിയുമായിരുന്നു.

തൃപ്പാദങ്ങളുടെ പ്രധാന ശിഷ്യന്മാരായിരുന്ന വി. കെ. നാരായണസന്യാസി. യാൾപ്പാണം സ്വാമികൾ (M. A.) കുമാരനാശാൻ, സത്യവ്രതസ്വാമികൾ, ശിവലിംഗസ്വാമി ഇവരെല്ലാം തൃപ്പാദങ്ങളുടെ ജീവിതകാലത്തുതന്നെ പരലോകപ്രാപ്തരായിരുന്നു-

വളരെ വിസ്തരിച്ചു എഴുതുവാനുള്ള നൂറുനൂറു കാര്യങ്ങളാണ് ഈ കാലഘട്ടങ്ങളിലുണ്ടായിട്ടുള്ളതു്. പ്രധാനമായി വിൽപത്രം എഴുതിയതും ധർമ്മസംഘം റജിസ്റ്റർചെയ്തതും മററും ശ്രദ്ധേയമായ പരിപാടികളായിരുന്നു.

ഗുരുസ്വാമി തിരുവടികളുടെ ഷഷ്ടിപൂർത്തി
മഹാമഹം പ്രമാണിച്ച്
**മഹാകവി വള്ളത്തോൾ**
വിരചിച്ച

# "ഗുരുദേവസ്തുതി"

---

താരാപുഷ്പങ്ങൾ ചിന്നിപ്പലപറവകൾ തൻ
കൊഞ്ചലാൽ സ്തോത്രമോതി
സ്ഫാരാകാശച്ചരാതിൽ ത്തരുണദിനകര-
പ്പൊൻവിളക്കും കൊളുത്തി
ആരാലും പൂജനീയസ്ഥിതിപുലരുമുഷ-
സ്സന്ധ്യതാൻ താനിതാ നേർ-
ക്കാരാധിയ്ക്കുന്നു, നാരായണപതിഗുരുവിൻ
ഷഷ്ടിപൂർത്ത്യുത്സവത്തെ!

2

നേരോത്താലിപ്പൊളാർ തൻശ്വസിതപവനാൽ
ശുദ്ധമാ യാവപത്താ-
ണ്ടോരോന്നായ് ബ്ഭൃതകാലാഭിധമഹിതപര
ബ്രഹ്മമോ ടൈക്യമാർന്നു
ആരോചിസ്സാണ്ട നാരായണനിയമിവര-
ന്നെന്തുനാം നന്മനേരും?
സാരോൽക്കർഷത്തെ നമ്മൾക്കരുളുവതിനവിട
ന്നേറെനാൾ വാഴ്ക മന്നിൽ.

3

പാരിൽ ധർമ്മമുയർത്തുവാൻ യദുകുലെ-
പണ്ടെന്നപോലീഴവ-
ന്മാരിൽ സ്വാമി പിറന്നമാസമിതിലാ
ണേവർക്കുമോണോത്സവം
ആരിമ്മട്ടൊരഖണ്ഡമംഗളനഹോ
സദ്യോഗവിദ്യാമൃതം
പൂരിയ്ക്കും പുതുചന്ദ്രനേ ജയചിരം
നാരായണ ശ്രീഗുരോ!

---

# അവശ ജനോദ്ധാരണം

ഗുരുദേവന്ന ചെറുപ്പകാലത്തുതന്നെ ജാതിവിചാരമുണ്ടായിരുന്നില്ല;

പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തു ചിലപ്പോഠം ദൂരെ മാറിപ്പോകുന്ന പുലയസ്ത്രീകളെ ഓടിച്ചെന്നു തൊട്ടശേഷം വീട്ടിനുള്ളിൽ വരികയും സ്ത്രീകളെ തൊടുകയും ചെയ്യുമ്പോഠം അവിടെ നടക്കുന്ന അയിത്തവെപ്രാളംകണ്ടു രസിക്കുന്നതു കൊച്ചുനാണുവിനു ഒരു നേരംപോക്കായിരുന്നു- ഇങ്ങിനെ കൂടക്കൂടെ ചെയ്യുന്നതുകൊണ്ടു വികൃതിക്കുട്ടൻ എന്നൊരു ബിരുദവും സമ്പാദിച്ചിരുന്നതായി ചരിത്രകാരന്മാർ പറയുന്നു.

X X X X

യുവാവായിരുന്ന കാലത്തു ഒരു ദിവസം തൻെറ കൂട്ടുകാരനായിരുന്ന ഒരു പുലയയുവാവിനെക്കൊണ്ടു പുറംതേപ്പിച്ചു ക

ളിക്കുന്ന കാഴ്ച അമ്മാമനായ കൃഷ്ണൻവൈദ്യൻ കണ്ടു. ഈ നടപടി അക്കാലത്തെ നാട്ടുനടപ്പിനു അത്യന്തം ഹീനവും ആക്ഷേപകരവും ആയിരുന്നതു കൂടാതെ അയൽവാസികൾക്ക് ഇതു സ്മരിക്കുവാൻകൂടി പാടില്ലാത്ത ഒരു കൃത്യമായിരുന്നു ഗൃഹത്തിന്റെ ഇടവഴികളിൽപോലും സഞ്ചരിക്കാൻ പാടില്ലാത്ത പുലയനെ വീട്ടിൽ കയററി, കുളിക്കുമ്പോൾ പുറംതേപ്പിക്കുക എന്ന കാര്യം ജാത്യാചാര തിമിരാന്ധന്മാർക്കു ഒരു അപകർഷസംഭവമായിരുന്നു. ഈ കുററത്തിന് നാണുവിനെ അമ്മാവൻ കണക്കിനു ശകാരിച്ചു എന്നാണറിയുന്നതു്.

X X X X

സ്വാമി, ക്ഷേത്രങ്ങൾ സ്ഥാപിച്ചുതുടങ്ങിയ കാലത്തു പുലയക്കും പറയക്കും മററുള്ള അവശസമുദായങ്ങൾക്കും എല്ലാ ശ്രീനാരായണക്ഷേത്രങ്ങളിലും പ്രവേശനം അനുവദിച്ചിരുന്നു. തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ ആദ്യം കുറെ എതിർപ്പുണ്ടായെങ്കിലും കാലതാമസംകൂടാതെ അവിടെ എല്ലാവക്കും പ്രവേശനം സിദ്ധിച്ചു. വക്കം ദേവേശ്വരക്ഷേത്രപരിസരത്തുവെച്ചും അയിരൂർ ഗുരുപൂജാ മഠത്തിൽവെച്ചും സ്വാമിതൃപ്പാദങ്ങളുടെ സന്നിധ്യത്തിൽതന്നെ മിശ്രഭോജനവും ക്ഷേത്രങ്ങളിൽ പ്രവേശനവും നടന്നിരുന്നതാണ്. ശിവഗിരിമഠത്തിലും അവശസമുദായ യുവജനങ്ങളെ താമസിപ്പിക്കുകയും ഊട്ടുപുരയിലെ പാചകജോലിയിൽ അവരെ ഏർപ്പെടുത്തുകയും ചെയ്തിരുന്നു, മററുള്ള യുവാക്കളോടൊപ്പം അവരും ശുദ്ധിയിലും വിദ്യാഭ്യാസത്തിലും മുമ്പന്മാരായിരുന്നു.

X X X X

അമരകോശത്തിനു പാരമേശ്വരി എന്ന സവിസ്തരമായ വ്യാഖ്യാനം എഴുതിട്ടുള്ള മൂസ്സതും (വാചസ്പതി) വേറെ രണ്ടു നമ്പൂതിരിമാരും ശിവഗിരിമഠത്തിലെ ഊട്ടുപുരയിൽ സ്വാമിതൃ

പ്പാദങ്ങളുടെക്കൂടെ ഊണുകഴിക്കുകയായിരുന്നു. (ഒററമുണ്ടുടുത്തു ഭസ്മവും ചന്ദനവും ധരിച്ച സുഭഗന്മാരായ രണ്ടുമൂന്നു യുവാക്കന്മാരാണ് വിളമ്പുന്നതു്) സ്വാമി നമ്പൂതിരിമാരോടു ചോദിച്ചു "ഇവരെല്ലാം ഏതു വകുപ്പിൽപെട്ടവരാണെന്നു പറയാമോ? ക്ലിപ്തമായി പറയുവാൻ പ്രയാസമാണെന്നാണ് അവർ പറഞ്ഞതു്- അപ്പോൾ സ്വാമി കല്പിച്ചതിങ്ങിനെയാണ്. "ഇവരെല്ലാം അവശസമുദായത്തിലെ അംഗങ്ങളാണ്. ഇവരെ അകററിനിവത്താതെ, അടുപ്പിച്ചു നന്നാക്കിയാൽ പിന്നെ ജാതി കാണുകയില്ല."

ഈ വിഷയത്തെപ്പററി സ്വാമി, മഹാത്മാഗാന്ധിജിയുമായി സംസാരിച്ചപ്പോഴും പറഞ്ഞതു "ഇവക്കു വിദ്യാഭ്യാസവും ധനവും ഉണ്ടാകണം— നന്നാകാനുള്ള മാർഗ്ഗം എല്ലാവരേയും പോലെ ഇവക്കും ഉണ്ടാകണം" എന്നായിരുന്നു.

ബ്രിട്ടീഷുകാർ ഭരിച്ചിരുന്നപ്പോൾ അവർ പറയന്റെ തലപ്പാവും കോട്ടും കൊടുത്തു അടുത്തുനിറുത്തി അവക്കുള്ള ആഹാരം അവനെക്കൊണ്ടു വിളമ്പിച്ചിരുന്നു. ഇന്നാട്ടിലെ സവർണ്ണർ ആ നിലവാരത്തിലെത്തണമെങ്കിൽ ഇനിയും ഒരു കാൽ നൂററാണ്ടെങ്കിലും പോകാതെ പരിവത്തനം വരികയില്ല.

ആലുവാ അദ്വൈതാശ്രമംവക സംസ്കൃതസ്കൂളിലും അവശസമുദായത്തിലെ യുവജനങ്ങൾ താമസിച്ചു പഠിച്ചിരുന്നു. ശ്രീ ടി ടി. കേശവൻശാസ്ത്രി സ്വന്തം ചെലവിലായിരുന്നു അവിടെ താമസിച്ചു പഠിച്ചിരുന്നതു്.

അമ്മമഹാറാണി സേതുപാൎവ്വതിഭായി സന്ദർഭവശാൽ കേശവൻശാസ്ത്രിയെ ദിവാനായിരുന്ന സർ. സി. പി. യെ പരിചയപ്പെടുത്തിയപ്പോൾ ശാസ്ത്രി സം

സ്കൃതത്തിലായിരുന്നു സംസാരിച്ചിരുന്നത്. ദിവാൻജി അത്ഭുതപ്പെട്ടുപോയി. എങ്കിലും മഹാറാണിക്ക് അഭിമാനമാണുണ്ടായത്- എന്റെ നാട്ടിലെ പുലയർ സംസാരിക്കുന്നത് സംസ്കൃതത്തിലാണെന്ന്x x x

---

# സ്വാമി അതിഥിസല്ക്കാരത്തിൽ

ഗുരുദേവനു ആലുവാ ആശ്രമത്തിലോ, ശിവഗിരിമഠത്തിലൊ ആയിരുന്നാലും ബഹുമാന്യഅതിഥികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു ഒരിക്കൽ തിരുവിതാംകൂർ ദിവാനായിരുന്ന വാട്സ് (യൂറോപ്യൻ) ശിവഗിരിമഠം സന്ദർശിച്ചിരുന്നു. ദിവാൻജി വരുന്നതു കണ്ടു തൃപ്പാദങ്ങൾ പർണ്ണശാലയിൽനിന്നിറങ്ങി അങ്ങോട്ടുചെന്നു മാവിൻചുവട്ടിൽ ഒരു മേശയും രണ്ടു കസേലകളും ഇട്ടിരുന്നു- മഠത്തിലെ ഒരു സന്യാസിയുടെ കൂടെ ദിവാൻജി വന്നു ആ കസേരയിൽ ഇരുന്നു. അടുത്ത കസേരയിൽ തൃപ്പാദങ്ങളും ഇരുന്നു. കുശലപ്രശ്നങ്ങൾക്കിടയിൽ ഒരു വെള്ളിത്തളികയിൽ അൽപം മുന്തിരിങ്ങയും കല്ക്കണ്ടവും അവിടെ കൊണ്ടുവന്നതു് ദിവാൻജി അൽപമെടുത്തു ആഹരിച്ചു. പിന്നീട് അദ്ദേഹം അവിടെയെല്ലാം കുറച്ചുനേരം ചുററിനടന്നു. മനോഹരമായ ചുററുമുള്ള കാഴ്ച വാട്സിനെ അത്യധികം സന്തോഷിപ്പിച്ചു. കാൽമണിക്കൂറിനുള്ളിൽ അദ്ദേഹം തിരിച്ചു- സ്വാമിയെ കണ്ടു സംസാരിക്കാൻ സാധിച്ചതിൽ ദിവാൻജി സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി

x x x x

സ്വാമി ശിവഗിരിമഠത്തിൽ വിശ്രമിച്ചിരുന്ന ഒരു സന്ദർഭത്തിൽ ആര്യസമാജം അദ്ധ്യക്ഷനായിരുന്ന പണ്ഡിററ് ഋഷിറാം ശ്രീ. ശിവപ്രസാദ സ്വാമികളോടുകൂടി മഠത്തിലെത്തി,

സ്വാമി അദ്ദേഹത്തെ സന്തോഷത്തോടുകൂടി സ്വീകരിച്ചു. പിന്നീട് ആര്യസമാജധർമ്മങ്ങളെപ്പററിയും മററും അല്പനേരം സംസാരിച്ചു- ഋഷിറാം, സമാജത്തിൻെറ അനുഷ്ഠാനക്രമങ്ങളെപ്പററി പറഞ്ഞിരുന്ന കൂട്ടത്തിൽ ഹോമം സമാജാംഗങ്ങൾക്ക് പ്രധാനമാണെന്നു പറഞ്ഞിരുന്നു. സ്വാമി ചോദിച്ചു: നാളെ ഇവിടെ ഒരു ഹോമം നടത്താമോ? ഋഷിറാം നടത്താമെന്നു പറഞ്ഞു. അപ്പോൾതന്നെ സാധനസാമഗ്രികളെല്ലാം ശേഖരിക്കുന്നതിന്നു ലിസ്ററു കൊടുത്തു- അടുത്തദിവസം രാവിലെ വൈദികമഠത്തിനു മുൻപിൽ ഹോമകുണ്ഡം തയാറാക്കിയിരുന്നു-

മഠത്തിലുള്ള അന്തേവാസികളെയെല്ലാം സ്വാമി വരുത്തുകയും പുറവും എല്ലാവരും ഇരിക്കയും ചെയ്തു- അടുത്തുതന്നെ ഒരു കസേരയിൽ സ്വാമി ഇരിക്കുന്നുണ്ടായിരുന്നു. ഋഷിറാമും ശിവപ്രസാദസ്വാമികളും വേദമന്ത്രങ്ങൾ ചൊല്ലിക്കൊണ്ടു, ഒരാവൃത്തി ഹോമം നടത്തി. അപ്പോൾ സ്വാമി ഒരു തുണ്ടുകടലാസ്സിൽ സംസ്കൃതത്തിലെഴുതിയ ഒരു മന്ത്രം ഋഷിറാമിനെ ഏല്പിച്ചു.

ഈ മന്ത്രം ചൊല്ലി ഹോമിച്ചുകൂടയോ എന്നുചോദിച്ചു. അദ്ദേഹം അതു സൂക്ഷിച്ചു വായിച്ചശേഷം ഇതു അതിപ്രാചീനമായ ഒരു മന്ത്രമാണെന്നുതോന്നുന്നു. ഞാൻ ഇതു കണ്ടിട്ടില്ല എന്നു പറഞ്ഞു. അപ്പോൾ സ്വാമി കല്പിച്ചതിങ്ങനെയാണ്- ഈ മന്ത്രം പ്രാചീനമൊന്നുമല്ല, നാം രചിച്ചതാണ് x x x

ഇതുകേട്ടു ഋഷിറാം ആ മന്ത്രത്തിലടങ്ങിയ ഗഹനങ്ങളായ തത്വാർത്ഥങ്ങളെ ഓർത്ത് സ്വാമിയുടെ കല്പനാശക്തിയെപ്പററി വിസ്മയംപൂണ്ടു പുകഴ്ത്തി സംസാരിക്കയുണ്ടായി- അദ്ദേഹം പറഞ്ഞു. അനേക മന്ത്രങ്ങളൊന്നും ഹോമത്തിനു ആവശ്യമില്ല, ഈ

ഒരു മന്ത്രം മാത്രം മതിയാകും. അങ്ങിനെ പിന്നീട് ആ ഒരു മന്ത്രം മാത്രം ജപിച്ചുകൊണ്ടു ഹോമം പൂർത്തീകരിച്ചു.

എല്ലാം അവസാനിച്ചപ്പോൾ തൃപ്പാദങ്ങൾ കല്പിച്ചു; എല്ലാദിവസവും രാവിലെ ഈ മഠത്തിൽ, ഒരാൾ ഏററവും ചുരുങ്ങിയ തോതിൽ ഹോമം നടത്തണം എന്ന്-

സ്വാമിയുടെ അന്നത്തെ കല്പന അനുസരിച്ചു ഇന്നും ശിവഗിരിമഠത്തിൽ രാവിലെ ഹോമം നടക്കുന്നുണ്ട്. ശിവഗിരിമഠത്തിൽ താമസിക്കുവാൻ ഇടവന്നിരുന്ന കാലത്തു 1110, 1112, 1119 ഈ കൊല്ലങ്ങളിൽ അതിരാവിലെ ഞാൻ ഹോമം നടത്തിട്ടുണ്ടായിരുന്നു- ബാഹ്യമായും ആഭ്യന്തരമായും ശക്തിവിശേഷങ്ങളെ പ്രദാനംചെയ്യുവാനുള്ള ഈ ഹോമകർമ്മം എല്ലാ ഗൃഹങ്ങളിലും ദിവസേന നടത്തുന്നതായാൽ എല്ലാവിധ സാംക്രമികരോഗങ്ങളിൽനിന്നും നമുക്കു ഒഴിഞ്ഞുനില്ക്കുവാൻ സാധിക്കുന്നതുകൂടാതെ മാനസികശക്തി വർദ്ധിക്കുകയും അതോടൊപ്പം അഭീഷ്ടസിദ്ധിയും സംജാതമാകുന്നതാകുന്നു.

---

## ഹോമമന്ത്രം

"ഓം അഗ്നെ തവയഃ‌ത്തേജഃ
തത് ബ്രാഹ്മം അതസ്ത്വം പ്രത്യക്ഷം ബ്രഹ്മാസി
ത്വദീയാ ഇന്ദ്രിയാണി മനോബുദ്ധി
രിതി സപ്തജിഹ്വാ
ത്വയി വിഷയാ ഇതിസമിധോ
ജുഹോമി; അഹമിത്യാജ്യം ജുഹോമി
ത്വം ന പ്രസീദ: പ്രസീദ: ശ്രേയശ്ച
പ്രേയശ്ച പ്രയശ്ച സ്വാഹാ"

x x x x

ലോകമഹാകവി രവീന്ദ്രനാഥ ടാഗ്ഗൂറിനേയും ശിവഗിരിമഠത്തിലേക്ക് കൊണ്ടുവരുവാൻ മുന്നിട്ടുനിന്നു പ്രവർത്തിച്ചതു ശ്രീ. ശിവപ്രസാദസ്വാമികളായിരുന്നു.

ടാഗ്ഗൂർ തിരുവനന്തപുരത്തു വന്നപ്പോൾ ശിവഗിരിമഠത്തിൽപോയി ശ്രീനാരായണഗുരുവിനെ സന്ദർശിക്കണമെന്നു അദ്ദേഹത്തിന്നു ആഗ്രഹമുണ്ടായെങ്കിലും പിൻതിരിപ്പന്മാരായ ചില പ്രധാനികൾ ആ പ്രശ്നം പിൻവലിപ്പിക്കാനുള്ള കരുനീക്കം നടത്തിയിരുന്നതായി കേട്ടിട്ടുണ്ട്. അതായതു ശിവഗിരിമഠത്തിലേക്കുള്ള കുണ്ടും കുഴിയുമുള്ള വഴിയിൽക്കൂടി കാറുപോകാൻ പ്രയാസമാണെന്നു്; നേരിയതെങ്കിലും ബലത്തരമായൊരു സൂത്രമാണവർ പ്രയോഗിച്ചതു്. ആ ദൂഷിച്ച സൂത്രത്തെ ശിവപ്രസാദസ്വാമികൾ തൻെറ വാക്ശരത്താൽ നിഷ്പ്രയാസം ഖണ്ഡിച്ചുകളഞ്ഞു.

കൃത്യസമയത്തിന്നു കാർ ശിവഗിരിമഠത്തിലെത്തുകയുംചെയ്തു- മഠത്തിൽ സ്വാമി തൃപ്പാദങ്ങളുണ്ടായിരുന്നു; മുമ്പെതന്നെ വിവരം അറിയിച്ചിരുന്നതുകൊണ്ടു എല്ലാ സജ്ജീകരണങ്ങളും മഠത്തിൽ ചെയ്തിരുന്നു- ഇതിന്നുള്ള കമ്മിററി വിശിഷ്ടങ്ങളായ ഭോജ്യങ്ങളെല്ലാം തയ്യാറാക്കിയിരുന്നു എങ്കിലും സ്വാമി തൃപ്പാദങ്ങളുടെ ആജ്ഞയനുസരിച്ചു കൊണ്ടുവന്നിരുന്ന തെങ്ങിൻമണ്ടയുടെ അകത്തുള്ള കാമ്പു തൃപ്പാദങ്ങൾതന്നെ സൂക്ഷിച്ചുവെച്ചിരുന്നതു ഒരു വെള്ളിത്താലത്തിൽ പ്രശസ്തരായ അതിഥികളുടെ മുമ്പിൽ വെച്ചു.

അവാച്യമായ സ്വാദുള്ള ഈ സാധനം എന്താണെന്നറിയുവാൻ ടാഗ്ഗൂർ ഉൽക്കണ്ഠ പ്രദർശിപ്പിച്ചു- കാര്യം മനസ്സിലായപ്പോൾ ടാഗ്ഗൂറും പാർട്ടിയും അത്യന്തം സന്തോഷിക്കയും അവരുടെ ജീവിതത്തിൽ ആദ്യമാണ് ഇതിൻെറ സ്വാദ് അറിയുന്നതെന്നു പറയുകയും ചെയ്തു.

കുശലപ്രശ്നങ്ങൾക്കുശേഷം മഹാകവി കുമാരനാശാൻ രചിച്ച മംഗളപത്രം വായിച്ചു ടാഗ്രറിനു സമർപ്പിച്ചു- തൃപ്പാദങ്ങളുമായി അൽപനേരം അദ്ദേഹം സംസാരിച്ചു. തൃപ്പാദങ്ങളുടെ സംസ്കൃതഭാഷയുടെ ആശയം തനിക്ക് മനസ്സിലാക്കാൻ പ്രയാസം നേരിട്ടുന്നു എന്നു ടാഗ്രർ പറഞ്ഞതനുസരിച്ചു പിന്നീട് അദ്ദേഹം ഇംഗ്ലീഷിലായിരുന്നു സംസാരിച്ചിരുന്നതു്. അതു കുമാരനാശാൻ മലയാളത്തിൽ തൃപ്പാദങ്ങളെ ധരിപ്പിച്ചുകൊണ്ടിരുന്നു.

x x x x

വൈക്കം സത്യഗ്രഹം നടന്നിരുന്നകാലത്താണ് മഹാത്മാഗാന്ധി ശിവഗിരിമഠത്തിൽ പരിവാരങ്ങളോടുകൂടി എത്തിയതു്.

ലഘുഭക്ഷണം കഴിഞ്ഞശേഷം ഗാന്ധിജിയും സ്വാമി തൃപ്പാദങ്ങളും ഒരേ കാർപ്പെററിലിരുന്നു സംസാരിക്കയായിരുന്നു.

ലോകവന്ദ്യന്മാരായ രണ്ടു മഹാപുരുഷന്മാരുടെ സമാഗമം ഒരു നോക്കുകാണുവാൻ പുരുഷാരം തടിച്ചുകൂടിയിരുന്നു. ആദ്യമായി ഗാന്ധിജി ചോദിച്ച "സ്വാമിജിക്ക് ഇംഗ്ലീഷറിയാമോ" എന്നു്, ആ ചോദ്യത്തെ മലയാളത്തിലാക്കി പറയുന്നതിനു മുൻപുതന്നെ "സംസ്കൃതത്തിൽ സംസാരിക്കാമല്ലോ" എന്നു സ്വാമി മറുപടി കൊടുത്തു.

ഗാന്ധിജിക്ക് സംസ്കൃതം അറിഞ്ഞുകൂടായിരുന്നു. അങ്ങിനെ ശ്രീ. എൻ. കുമാരൻ ദ്വിഭാഷിയായി സംവാദം നടന്നു- പ്രധാന വിഷയങ്ങളെല്ലാം സംസാരിച്ചുതീർന്നശേഷം

ഗാന്ധിജി അല്പം രാഷ്ട്രീയമെടുത്തു- ബ്രിട്ടീഷുകാരെപ്പററിയും അവരുടെ ഭരണത്തെ സംബന്ധിച്ചും പറഞ്ഞുതുടങ്ങിയപ്പോൾതന്നെ സ്വാമി തടഞ്ഞു.

"നമ്മുടെ ഗുരുക്കന്മാരെപ്പററി അപവാദം പറയുന്നതു കേൾക്കാൻ നമുക്കിഷ്ടമില്ല" എന്നാണ് സ്വാമി പറഞ്ഞതു്-

ഇതു കേട്ട ഗാന്ധിജി വിഷമിച്ചു. എന്തുകൊണ്ടാണ് ഗുരുക്കന്മാർ എന്നു അഭിസംബോധനംചെയ്തതു എന്നു് ഗാന്ധിജി ചോദിച്ചു- അപ്പോൾ സ്വാമി പറഞ്ഞിതിങ്ങനെയാണ്- "ഹിന്തുരാജാക്കന്മാരുടെ ഭരണകാലത്തു നമുക്കൊക്കെ സന്യസിക്കുവാനും, പ്രതിഷ്ഠ നടത്തുവാനും മററും സാധിക്കുമായിരുന്നില്ലല്ലോ. അതെല്ലാം അനുവദിച്ചതു ഇംഗ്ലീഷുകാരാണ്. അതുകൊണ്ടു അവർ ഗുരുക്കന്മാരാണ്-x x x

(ഗാന്ധിജിയുമായുണ്ടായ സംവാദം അടുത്ത പേജിൽ ചേർത്തിട്ടുണ്ട്.)

x x x x

1101 വൃശ്ചികത്തിൽ ആര്യസമാജപ്രവർത്തകനായ സ്വാമി ശ്രദ്ധാനന്ദജി ശിവഗിരിമഠം സന്ദർശിക്കുകയും ഗുരുദേവനമായി സംഭാഷണം നടത്തുകയും ചെയ്തിരുന്നു.

---

# ഗുരുവിൻെറ ഫലിതോക്തികൾ

ബ്രഹ്മാവിൻെറ മുഖത്തുനിന്നു ബ്രാഹ്മണനും ഭുജത്തിൽനിന്നു ക്ഷത്രിയനും ഊരുവിൽനിന്നു വൈശ്യനും പാദത്തിൽനിന്നു ശൂദ്രനും ഉണ്ടായി എന്നു് മന്ത്രങ്ങളിൽ പറയുന്നു എന്നു സംഭാഷണമദ്ധ്യേ ഒരു പണ്ഡിതൻ പറഞ്ഞു:

അപ്പോൾ സ്വാമി ചോദിച്ചു, അതെങ്ങിനെ മരത്തിൽനിന്നും കൊമ്പുകളുണ്ടാകുന്നതുപോലെയോ?

X X X X

ആത്മവിദ്യാസംഘത്തിൻെറ ഗുരുവായ വാഗ്ഭടാനന്ദൻ (കുഞ്ഞിക്കണ്ണൻഗുരുക്കൾ) സ്വാമി തൃപ്പാദങ്ങളെ സന്ദർശിക്കുന്നതിനു ആദ്യമായി ആലുവാ അദ്വൈതാശ്രമത്തിൽ ചെന്നിരുന്നു. സ്വാമി കുളികഴിഞ്ഞു വസ്ത്രംമാറി പുറത്തുവന്നു ഒരു കസേലയിലിരുന്നു. അപ്പോൾ ഗുരുക്കളെ ആരോ പരിചയപ്പെടുത്തിയിരുന്നു. ആദ്യംതന്നെ ഗുരുക്കളാണു് സംസാരിച്ചതു്.

"ഞാൻ സ്വാമികളുടെ അഭിപ്രായക്കാരനല്ല" എന്നു പറഞ്ഞുകഴിഞ്ഞ ഉടനെ "ഓ, അങ്ങിനെയാണോ? നാം നിങ്ങളുടെ അഭിപ്രായക്കാരനാണു്" എന്നു തൃപ്പാദങ്ങൾ പറഞ്ഞുകഴിഞ്ഞു-

സംഭാഷണത്തിൻെറ മാർഗ്ഗം അടഞ്ഞുപോയതുകൊണ്ടു പിന്നീടു് ഗുരുക്കൾക്കു് ഒരക്ഷരം പറയുവാൻ സാധിച്ചില്ല.

X X X X

പഞ്ചകുടിശില്പികൾ എന്നറിയപ്പെടുന്ന വിശ്വബ്രാഹ്മണർ (ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, കരുവാൻ) ബ്രഹ്മാ

വിൻെറ അഞ്ചുമുഖങ്ങളിൽനിന്നും ജനിച്ചവരാണ് എന്നാണ് ഐതിഹ്യം- ഇതുകേട്ടപ്പോറം സ്വാമി ഇങ്ങിനെ കല്പിച്ചു. ബ്രഹ്മാവിൻെറ ഒരു മുഖം ശിവൻ തല്ലിമുറിച്ചുകളഞ്ഞതായി കേട്ടിട്ടുണ്ട്. ആ അബദ്ധം പററുന്നതിനുമുമ്പായിരിക്കാം ഇവരൊക്കെ ഉണ്ടായതു്. ബ്രഹ്മാവ് ചതുർമുഖനായതിൻെറശേഷം ആ നാലു മുഖങ്ങളിൽ വല്ലതും കുറവുവന്നിട്ടുണ്ടോ എന്നൊന്നും പറഞ്ഞുകേട്ടില്ല- തുടർന്നു സ്വാമി അരുളിച്ചെയ്തു:- എല്ലാം കവികളുടെ സൃഷ്ടി. "കവിരപരോ ബ്രഹ്മ" എന്നല്ലെ-

X X X X

മനുഷ്യൻെറ മരണാനന്തരം, ജഡം പെട്ടിയിലാക്കി കുഴിച്ചിടുന്നതോ, ദഹിപ്പിക്കുന്നതോ, അല്ലെങ്കിൽ കവറടക്കംചെയ്യുന്നതോ ഏതായിരിക്കും നല്ല മുറ എന്നറിയുന്നതിനു സ്വാമിയോടു ഒരു മാന്യൻ തൻെറ ആഗ്രഹം അറിയിച്ചു- ഗുരുദേവൻ കല്പിച്ചതിങ്ങിനെയാണ്.

"X X ശവങ്ങറം ഉണക്കി ചക്കിലിട്ടാട്ടി പിന്നീട് വളമായി ഉപയോഗിക്കുന്നതല്ലയോ നല്ലതു്?'

മാന്യൻ:- അയ്യോ, അതു സങ്കടമാണ്.

സ്വാമി:- എന്താണ് നോവുമോ? എന്നു ചോദിച്ചു പുഞ്ചിരി പൂണ്ടു.

X X X X

ഗുരുദേവൻ മദിരാശിയിൽ ഒരു മാന്യൻെറ ഗൃഹത്തിൽ വിശ്രമിച്ചിരുന്നു. അവിടെ വളർത്തിവരുന്ന താറാവു (ഗ്സ്) കളെ കണ്ടപ്പോറം നല്ല അഴകുണ്ടല്ലോ എന്നു പറഞ്ഞു- ഉടനെ മാന്യൻ ഒന്നിനെ പിടിച്ചു സ്വാമിയുടെ അടുത്തു കൊണ്ടുവന്നു ഇതു ഭൂലോകത്തിലെ അരയന്നമാണ് എന്നു പറഞ്ഞു.

ഗുരു:- പകുതി വേറെവല്ലതും ചേർത്താൽ ഒരു അന്നമാകും. അല്ലയോ?

X X Z X

മാന്യനായ ഒരു മുസ്ലീം ഭക്തൻ; സ്വാമി എനിക്കൊരു സംശയമുണ്ടു്.

സ്വാമി:- ചോദിക്കാമല്ലോ.

മുസ്ലീം:- മനുഷ്യൎക്കു മോക്ഷംകിട്ടുന്നു എന്നാണല്ലോ ഗ്രന്ഥങ്ങളിൽ പറയുന്നതു്, എന്നാൽ കാനേഷുമാരി കണക്കെടുക്കുമ്പോഴെല്ലാം ജനസംഖ്യ വളരെ വൎദ്ധിക്കുന്നതായിട്ടാണല്ലോ കാണുന്നതു്?

സ്വാമി:- മൃഗങ്ങൾക്കു് കയററംകിട്ടി മനുഷ്യരാകുമായിരിക്കാം (പരിണാമവാദത്തെ അനുകൂലിക്കുന്നു.)

മുസ്ലീം:- പക്ഷെ മൃഗങ്ങളുടെ സംഖ്യയ്ക്കും കുറവു കാണുന്നില്ല.

സ്വാമി:- ജന്തുക്കളെ ആദ്യം സൃഷ്ടിച്ചതു ആരാണു്?

മുസ്ലീം:- അതു അല്ലാഹുവാണു്.

സ്വാമി:- (അല്പം ചിരിച്ചുകൊണ്ടു) അദ്ദേഹത്തിന്റെ തൊഴിൽ ഇപ്പോൾ മറന്നുപോയിരിക്കുമോ?

X X X X

## ശ്മശാനത്തെപ്പററി സംസാരിച്ചപ്പോൾ

ഗുരു:- ശവം ദഹിപ്പിക്കുന്നതു നന്നാണു്. വെണ്ണീറ നല്ല വളമാണു്; പക്ഷെ ആരും അതു കൊടുക്കില്ല- ശ്മശാനഭൂമി ഒരു തോട്ടംപോലെ ഇരിക്കണം- ഭയങ്കരവും വൃത്തികെട്ടതുമായിരിക്കരുതു്- നല്ല പുഷ്പച്ചെടികൾ വെച്ചുപിടിപ്പിക്കണം- ജനങ്ങൾ വന്നിരുന്നു ശുദ്ധവായു ഏല്ക്കുവാൻ പററിയ സ്ഥലമായിരിക്കണം- ഇരിക്കാൻ സീററുകളുണ്ടായിരിക്കണം- അവിടെ മദ്ധ്യത്തിലൊരു മണ്ഡപം വേണം- വൈരാഗ്യത്തെപ്പററി പ്രസംഗിക്കാൻ അതു നല്ല സ്ഥലമാണു്-

X X X X

**ആലുവായിൽ ഒരിക്കൽ സന്യാസി എന്നാൽ എങ്ങിനെയുള്ള ആളാണ് എന്നൊരു തക്കം നടന്നു. ഒടുവിൽ വിഷയം തൃപ്പാദങ്ങളുടെ മുമ്പിലെത്തി.**

**ഗുരു:-** സ്വാത്ഥം വെടിഞ്ഞു സാമാന്യ ജനങ്ങൾക്കുവേണ്ടി പ്രവത്തിച്ചു ജീവിക്കുന്നവൻ സന്യാസി- സന്യാസി പരോപകാരിയാണു —ത്യാഗി- വേഷത്തെ ആശ്രയിച്ചു സന്യാസം ഇരിക്കുന്നില്ല- എന്നാൽ രാജാവിനു കിരീടംപോലെ സന്യാസിക്കു് വേഷം യോജിച്ചതായിരിക്കും.

x x x x

ത്യാഗം എല്ലാ മനുഷ്യക്കും ആവശ്യമാണു്. വിദ്യാലയങ്ങളിൽ കുട്ടികളെ ത്യാഗം ശീലിപ്പിക്കണം x x x പണം സമ്പാദിക്കുന്നതുകൊണ്ടു വിരോധമില്ല. പക്ഷേ ത്യാഗബുദ്ധി ഉണ്ടായിരിക്കണം x x x ലോകസേവനത്തിനു നല്ല ധൈര്യം വേണം- ത്യാഗിക്കു് മാത്രമെ ധൈര്യമുണ്ടാകയുള്ളു x x x ത്യാഗമുള്ളവൻെറ കമ്മങ്ങളെല്ലാം ശരിയായിരിക്കും x x x ഭയം പാടില്ല; തന്നിൽനിന്നു അന്യമായി ഒന്നുമില്ല എന്നു ദൃഢമാക്കണം; അപ്പോൾ ഭയമുണ്ടാകയില്ല.

x x x x

**ദായക്രമത്തിനു ഗവണ്മെൻറ് നിയമം ആവശ്യമാണെന്നൊരു സന്ദർഭംവന്നപ്പോൾ ഈഴവരുടെ ഇടയിലുള്ള മക്കത്തായക്കാരും മരുമക്കത്തായക്കാരും സ്വാമി തൃപ്പാദങ്ങളെ സമീപിക്കുകയും, സ്വാമിയുടെ അഭിപ്രായം എഴുതിവാങ്ങുകയും ചെയ്തു XX സ്വാമിയുടെ അഭിപ്രായം.**

മക്കത്തായവും വേണ്ടാ, മരുമക്കത്തായവും വേണ്ടാ— അയൽപക്കത്തായമാണു് നല്ലതു്.

**സ്വാമിയെ സമീപിച്ചവരെല്ലാം വിഷണ്ണരായി.**

# മഹോന്നതമായ മാതൃക

സ്നേഹിക്കുന്നവരെയും, ദേ്വഷിക്കുന്നവരെയും കാരുണ്യശക്തികൊണ്ടു അടുപ്പിച്ചു ഐക്യപ്പെടുത്തുവാനുള്ള മഹത്തായ കഴിവു് ഗുരുദേവനുണ്ടായിരുന്നു. ആരുടെയും അതൃപ്തിയും എതിർപ്പും കൂടാതെ മതപരവും സാമുദായികവുമായ പരിഷ്കാരങ്ങൾ സ്വാമി വരുത്തിയതു കുറഞ്ഞൊരു കാലത്തിനുള്ളിലാണു്- ഒരു രണ്ടു നൂററാണ്ടുകൊണ്ടു സാധിച്ചേക്കാവുന്ന മാററങ്ങളാണു് സ്വാമി പത്തോ പതിനഞ്ചോ കൊല്ലങ്ങൾക്കുള്ളിൽ വരുത്തിയതു്- ആ മാററങ്ങളുടെ അലകൾ കേരളത്തിൽ മാത്രമല്ല ഭാരതത്തിലും വിദേശങ്ങളിലും ഇപ്പോഴും നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കയാണു് ചെയ്യുന്നതു്- ഗുരുവിൻെറ നിത്യജീവിതംതന്നെ ഈ മഹത്തായ മതൈക്യത്തിൻെറ പ്രകാശമേറിയ മാതൃകയായിരുന്നു—

ഈ അസാമാന്യമായ മഹത്വം വെറും മാനുഷികമായ ബുദ്ധിവൈഭവത്താലോ, യുക്തിയാലോ ലഭിക്കാവുന്നതല്ല എന്നും, അനേക നൂററാണ്ടുകൾ കൂടുമ്പോൾ ധർമ്മോദ്ധാരണത്തിനുവേണ്ടി അവതരിച്ച ലോകഗുരുവാണു് ശ്രീനാരായണൻ എന്നും സജ്ജനങ്ങൾ അറിഞ്ഞിരിക്കുന്നു.

# ഗുരുദേവനും മഹാത്മാഗാന്ധിയും

(സംഭാഷണത്തിൽ നിന്നു്)

1100 കുംഭം 26-ാംനു- യാണു് ഗാന്ധിജി ശിവഗിരിമഠത്തിലെത്തിയതു്; അന്നത്തെ സംഭാഷണങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഭാഗം ഇവിടെ പകർത്തിയിരിക്കുന്നു:

ഗാന്ധിജി- അധഃകൃതവർഗ്ഗക്കാർക്കു അവരുടെ അവശതകൾ തീരുന്നതിനു അയിത്തോച്ചാടനത്തിനു പുറമെ എന്തൊക്കെ വേണമെന്നാണു് സ്വാമിയുടെ അഭിപ്രായം?

സ്വാമി- അവർക്കു വിദ്യാഭ്യാസവും ധനവും ഉണ്ടാകണം, നന്നാകാനുള്ള സൗകര്യം എല്ലാവരെയും പോലെ അവർക്കുമുണ്ടാകണം.

ഗാന്ധിജി- മതപരിവർത്തനം സ്വാമി അനുവദിക്കുന്നുണ്ടോ?

സ്വാമി- മതപരിവർത്തനം ചെയ്തവർക്കു സ്വാതന്ത്ര്യങ്ങൾ ലഭിച്ചുവരുന്നതായി കാണുന്നുണ്ടു്.

ഗാന്ധിജി- മോക്ഷലാഭത്തിനു ഹിന്ദുമതം മതിയെന്നു സ്വാമി വിചാരിക്കുന്നില്ലേ?

സ്വാമി- മററു മതങ്ങളിലും മോക്ഷമാർഗ്ഗങ്ങൾ ഉണ്ടല്ലോ.

ഗാന്ധിജി- മററു മതങ്ങളുടെ കാര്യം ഇരിക്കട്ടെ, ഹിന്ദുമതം മോക്ഷലാഭത്തിനു പര്യാപ്തമെന്നുതന്നെയോ സ്വാമിയുടെ അഭിപ്രായം?

സ്വാമി- ധാരാളം പര്യാപ്തംതന്നെ. പക്ഷെ ലൗകി കസ്വാതന്ത്ര്യത്തെയാണല്ലൊ ജനങ്ങൾ അധികം ഇഷ്ടപ്പെടുന്നതു്.

ഗാന്ധിജി- ലൌകികസ്വാതന്ത്ര്യത്തിനാണല്ലോ ന മ്മൾ പരിശ്രമിക്കുന്നതു്, അതു സഫലമാകാതെ വരുമോ?

സ്വാമി- അതു സഫലമാകാതെവരില്ല, അതിൻെറ ശുദ്ധമൂലതയോർത്താൽ വീണ്ടും മഹാത്മജി പൂർണ്ണ ഫലപ്രാപ്തിക്കു് ഇവിടെ വരേണ്ടിവരും.

---

ശ്രീ ബോധാനന്ദസ്വാമികൾ സന്ന്യാസിപ്രധാനിയായി

## ശ്രീനാരായണ ധർമ്മസംഘം

1103-ൽ തൃശ്ശൂരിൽവെച്ച് പന്ത്രണ്ടു ത്യാഗികളെ ചേർത്ത് ശ്രീനാരായണധർമ്മസംഘം എന്ന നാമധേയത്തിലൊരു സംഘം റജിസ്റ്റർ ചെയ്യുകയുണ്ടായി. 1101-ലെ വിൽപത്രത്തിൽ പറഞ്ഞിരിക്കുന്ന ശിഷ്യപരമ്പരയാണ് ഈ ധർമ്മസംഘം.

ജാതി, മതം, പാർട്ടി തുടങ്ങിയുള്ള സങ്കുചിത ആശയങ്ങളിൽനിന്നും വിശാലമായ സർവസാഹോദര്യമാണ് ഈ സംഘത്തിൻെറ പൊതുതത്വം. സ്വാമിയുടെ പേരിലിരിക്കുന്ന ധർമ്മസ്ഥാപനങ്ങളുടെ ഭരണക്കാരും രക്ഷകന്മാരും ഈ ധർമ്മസംഘമാണ്. ഗുരുവിൻെറ ധർമ്മോപദേശങ്ങളും പരിപാടികളും ലോകത്തു പ്രചാരത്തിലാക്കുകയാണ് ഈ സംഘത്തിൻെറ കർത്തവ്യം. ധർമ്മസംഘത്തിൻെറ ആദ്യത്തെ അദ്ധ്യക്ഷൻ ശ്രീ ബോധാനന്ദസ്വാമികളായിരുന്നു, സെക്രട്ടരി സ്വാമിധർമ്മതീർത്ഥരും. യൂറോപ്യനായ ഏർണസ്റ്റ്കർക്ക് ഒരംഗമായിരുന്നു. ഏഴു വ്യത്യസ്ഥ സമുദായങ്ങളിൽനിന്നു വന്നവരായിരുന്നു ആദ്യത്തെ പന്ത്രണ്ടു മെമ്പർമാർ. ആദ്യത്തെ റജിസ്റ്റ്പ്രമാണം സംഘത്തിൻെറ വളർച്ചയ്ക്ക് പര്യാപ്തമല്ലായിരുന്നു, എങ്കിലും അന്നത്തെ കാലസ്ഥിതിക്ക് ലോകരുടെ ദൃഷ്ടിയിൽ അതൊരു അത്ഭുതസംഭവംതന്നെ ആയിരുന്നു.

ഈ റജിസ്ട്രേഷൻ കഴിഞ്ഞശേഷം സ്വാമി രണ്ടാമത്തെ പ്രാവശ്യം കൊളമ്പിലേക്ക് പോയി. അന്ന അവിടെവെച്ചാണ് എക്കിളും മൂത്രസ്തംഭനവും ആരംഭിച്ചതു്. ഇക്കാരണത്താൽ അധികം താമസിയാതെ തിരിച്ചു കേരളത്തിലേക്ക് വരികയാണ് ചെയ്തതു്.

കുറച്ചുദിവസം തിരുവനന്തപുരത്തു ശ്രീ മാളൂകുത്തകക്കാരൻെറ കെട്ടിടത്തിൽ വിശ്രമിച്ചിരുന്നു. രോഗം ദിനംപ്രതി വർദ്ധിച്ചുവരുന്നതുകൊണ്ടു സ്വാമിയെ ആലുവായിലേക്ക് കൊണ്ടുപോയി.

## ഗുരുദേവൻ രോഗശയ്യയിൽ

സ്വാമിയെ ആലുവായിൽ അദ്വൈതാശ്രമത്തിൽ കൊണ്ടുവന്നു ചികിത്സനടത്തുകയായിരുന്നു. യാതൊരു ഭേദവും കാണാത്തതുകൊണ്ടു സന്യാസിമാർ പാലക്കാട്ടു് കൃഷ്ണൻഡാക്ടർക്ക് ടെലിഗ്രാം ചെയ്തു. ഒരു സ്പെഷ്യൽ ട്രെയിനിലാണ് ഡാക്ടർ ആലുവാ എത്തിയതു്. സ്പെഷ്യൽട്രെയിൻ എന്നാൽ ഒരു ഇഞ്ചിനും ഒരു ഗാഡ്‌വാനും ഒരു ഫസ്റ്റ്ക്ലാസ്സ് കാരെജുംകൂടിയുള്ള ട്രെയിനായിരുന്നു. ശ്രീകൃഷ്ണൻ ഡാക്ടരുടെ അഭിപ്രായമനുസരിച്ചായിരുന്നു സ്വാമിയെ മദ്രാസിലേക്ക് കൊണ്ടുപോയതു്. അന്നു ഷൊർണ്ണൂർക്കുള്ള കൊച്ചിൻ ട്രെയിൻ മീറററ്ഗെയിജിലായിരുന്നു ഓടിയിരുന്നതു്. ഷൊർണ്ണൂരിലെത്തിയാൽ ഇറങ്ങി പാലത്തിന്മേൽകൂടിവേണം വലിയ പ്ലാററ്ഫാറത്തിലേക്കു് വരാൻ.

## അസുലഭമായ സന്ദർഭം

സ്വാമി വണ്ടിയിൽനിന്നും ഇറങ്ങിയെങ്കിലും അങ്ങോട്ട നടന്നുപോകാനോ പാലം കയറുവാനോ സാധിക്കുമായിരുന്നില്ല. എനിക്ക് അക്കാലം ഷൊർണ്ണൂർ റയിൽവേസ്റ്റേഷനിൽ കുറെ സ്വാധീനമുണ്ടായിരുന്നു. ഞാൻ ഓടിപ്പോയി സ്റ്റേഷൻമാസ്റ്റരുടെ മുറിയിൽനിന്നും ഒരു കസേര കൊണ്ടുവന്നു സ്വാമി നില്ക്കുന്നിടത്തു വെച്ചു- ഉടനെ അതിലിരുന്നു. അപ്പോൾ ഞങ്ങൾ നാലുപേർകൂടി സ്വാമിയെ കസേരയോടുകൂടെ എടുത്തു് വലിയ ഫ്ളാററ്ഫാറത്തിലേക്ക് കൊണ്ടുവന്നു. ഏതാണ്ട അടുത്തപ്പോൾ വെയ്ക്കാൻ പറഞ്ഞു. പിന്നീട്ട് സാവധാനമായി നടന്നു ഫ്ളാററ്ഫാറത്തിൽ വന്നിരുന്നു. അങ്ങിനെ ആ ദിവ്യപുരുഷനെ വഹിച്ചുകൊണ്ടുപോകാനുള്ളൊരു മഹാഭാഗ്യവും നമുക്കു സിദ്ധിച്ചിരുന്നു- ഞാനും ശ്രീമാൻ എം. പി. മൂത്തേടത്തും മാത്രമേ ഇപ്പോൾ മേൽപറഞ്ഞ നാലുപേരുടെ കൂട്ടത്തിൽ ജീവിച്ചിരിക്കുന്നുള്ളു.

## മദ്രാസിൽനിന്നും തിരിച്ചപ്പോൾ

സ്വാമിയെ മദ്രാസിലേക്ക് കൊണ്ടുപോയെങ്കിലും സുഖക്കേടിനു പറയത്തക്ക വ്യത്യാസമൊന്നും കാണാത്തതുകൊണ്ട വീണ്ടും തിരിച്ചുകൊണ്ടുവരികയാണ് ഉണ്ടായതു്. ഒരു ദിവസം രാവിലെ വന്ന വണ്ടിയിൽ സ്വാമിയുടെ പരിവാരങ്ങളായി ഏകദേശം നാല്പതോളം ആളുകളുണ്ടായിരുന്നു. അന്നുതന്നെ വക്കലക്ക് എല്ലാവരും തിരിക്കയും ചെയ്തു.

## ശിവഗിരിമഠത്തിലെ ഗസ്റ്റ്ഹൌസിൽ

മദ്രാസിൽനിന്നും വക്കലെ എത്തിയപ്പോൾ സ്വാമി ശിവഗിരിമഠത്തിലേക്ക് പോകാൻ ഇഷ്ടപ്പെട്ടില്ല. ഗസ്റ്റ്ഹൌസിലാണ് വിശ്രമത്തിന്നു ഏർപ്പാടുകൾ ചെയ്തിരുന്നതു്.

വൈദ്യന്മാരും ഡാക്ടർമാരും നിത്യവും അവിടെ വരികയും രോഗത്തെപ്പററി അന്വേഷിച്ചുകൊണ്ടിരിക്കയും ചെയ്തിരുന്നു. വലപ്പാട്ടു മാമിവൈദ്യരും പാണാവള്ളി കൃഷ്ണൻ വൈദ്യരും മിക്കപ്പോഴും വക്കലയിൽതന്നെ ഉണ്ടായിരിക്കും. ഇതിന്നിടയിൽ ഒരു ദിവസം ഡാക്ടർ സാമർവേലിനെ കൂട്ടിക്കൊണ്ടുവന്നിരുന്നു ഡാക്ടർ അകത്തുകടന്നു സ്വാമിയെ പരിശോധിക്കാൻ ഭാവിച്ചു; പുതുതായി ഒരു വൈദ്യൻ അടുക്കുമ്പോൾ "രോഗം സൌഖ്യമാക്കാമോ?" എന്നു സ്വാമി ചോദിക്കുന്ന പതിവുണ്ട്. ആ ചോദ്യം ഡാക്ടരോടും ചോദിച്ചു; ഉടനെ ഉത്തരം "സ്വാമിയുടെ അനുഗ്രഹമുണ്ടെങ്കിൽ സ്വസ്ഥമാക്കാം" എന്നായിരുന്നു.

ഡാക്ടർ പുറത്തേക്കു വന്നപ്പോൾ അവിടെ ഉണ്ടായിരുന്ന ഡാക്ടർമാരും വൈദ്യന്മാരും സാമർവേലിൻെറ അഭിപ്രായം എന്താണെന്നറിയുവാൻ അദ്ദേഹത്തിൻെറ ചുററം കൂടിയിരുന്നു.

അദ്ദേഹം പറഞ്ഞു:- പരിശോധിച്ചുനോക്കുമ്പോൾ രോഗമൊന്നും കാണാനില്ല. പക്ഷെ, സിരാപടലങ്ങളെയൊക്കെ സ്വാമി തൻെറ ആജ്ഞയിൽ നിറുത്തിയിരുന്നതാണ്; ഇപ്പോൾ സ്വാമി അവയ്ക്കു് സ്വാതന്ത്ര്യം കൊടുത്തിരിക്കുന്നു. വീണ്ടും അവയെ പഴയപടി നിറുത്തുവാൻ സ്വാമി ഇഷ്ടപ്പെടുന്നില്ല; നമ്മൾക്കു എന്തുചെയ്യുവാൻ കഴിയും? എന്നായിരുന്നു സാമർവേലിൻെറ അഭിപ്രായം X X X

ശുശ്രൂഷയ്ക്കു് സൌകര്യംകിട്ടാൻ കാത്തുനില്ക്കുന്നവരുണ്ടു്; സന്യാസിമാരും ത്യാഗസന്നദ്ധതയുമുള്ള യുവാക്കന്മാരും എപ്പോഴും പിരിയാതെ നിൽക്കുമ്പോൾ അവർക്കൊരു വിശ്രമംകൊടുക്കാൻവേണ്ടി സ്വാമിതന്നെ എന്തെങ്കിലും കാരണമുണ്ടാക്കി അവരെ അകററും- കുറെ കഴിയുമ്പോൾ അവർ വീണ്ടും ഹാജരാകും. അവിടെ ഒരു സ്റ്റഡിക്ലാസ്സ് നടക്കുന്നതുപോലെയാണു് എനിക്കു തോന്നിയതു്.

ശ്രീ അച്യുതാനന്ദസ്വാമികളായിരുന്നു ശിവഗിരിമഠത്തിലെ എല്ലാ കാര്യങ്ങളും അന്നു മാനേജുമെൻറ് ചെയ്തുവന്നതു്.

സ്വാമിയുടെ ആഹാരം വളരെ മാസങ്ങളായി ബാർലി വെള്ളം പാലുചേർത്തതു മാത്രമായിരുന്നു ഇടയ്ക്കിടെ ചില മാററങ്ങളും വരുത്താറുണ്ടു് ഒരു ദിവസം രാത്രി പന്ത്രണ്ടുമണിക്കു് അല്പം ചോറുവേണമെന്നാവശ്യപ്പെട്ടു. എത്രയോ മാസങ്ങളായി അരിയുടെ ആഹാരമൊന്നുമില്ല; അങ്ങിനെയിരിക്കെ ഇപ്പോൾ ചോറുവേണമെന്നു സ്വാമി കല്പിച്ചപ്പോൾ ഒന്നുരണ്ടു പേർ ഉടനെ ശിവഗിരിമഠത്തിലേക്കു് ഓടി. അവിടെ എല്ലാവരും കിടപ്പായിരുന്നു. അച്യുതാനന്ദസ്വാമിയോടു ഈ ആവശ്യം പറഞ്ഞപ്പോൾ അദ്ദേഹം ആദ്യം കോപിക്കുകയാണുണ്ടായതു്. എങ്കിലും സ്വാമി ആവശ്യപ്പെട്ടതുതന്നെ എന്നു പൂർണ്ണമായി മനസ്സിലായപ്പോൾ അദ്ദേഹം മണലുപോലുള്ള പൊടി അരി എടുത്തു വേഗം കുറച്ചു കഞ്ഞി ഉണ്ടാക്കുകയും അതിനൊത്ത തൊട്ടുകറിയും തയ്യാറാക്കി എല്ലാവരുംകൂടി ഗസ്റ്റ് ഹൌസിലേക്കു വന്നു.

"ചോറുകൊണ്ടുവന്നോ" എന്നു വീണ്ടും സ്വാമി ചോദിച്ചു. "കഞ്ഞിയാണു തയ്യാറാക്കിയതു്" എന്നു അച്യുതാനന്ദസ്വാമി സാവധാനത്തിൽ പറഞ്ഞു. അപ്പോൾ മഠത്തിൽ അല്പംപോലും ചോറില്ലെന്നു മനസ്സിലായി; തൃപ്പാദങ്ങൾ ഇങ്ങിനെ കല്പിച്ചു-

"മഠം ധർമ്മസ്ഥാപനമാണു്; അവിടെ അന്വേഷിക്കുന്നവൻ എപ്പോഴും അതിഥികളെക്കൂടി ഓർമ്മിക്കണം- രാത്രിസമയത്തു ആരെങ്കിലും മഠത്തിലേക്കു് വന്നാൽ വിശപ്പിനു കൊടുക്കാൻ അല്പം ചോറു കരുതേണ്ടതല്ലയോ? ഒരു ധർമ്മസ്ഥാപനത്തിൽനിന്നു ആഹാരമില്ലെന്നു പറഞ്ഞുകൂടാ- ഇക്കാര്യത്തിൽ ലോഭം പാടില്ലാത്തതാണു്,"

ഇങ്ങിനെ പലതും പറഞ്ഞു. ചുരുക്കത്തിൽ സ്വാമിക്ക് ചോറുവേണമെന്നാവശ്യപ്പെട്ടതു് ഇപ്പോഠം പറഞ്ഞ ധാർമ്മിക മുറയെ ഉറപ്പിക്കാനായിരുന്നു എന്നുള്ള കാര്യം വ്യക്തമായി എല്ലാവർക്കും ബോധിച്ചു. പിന്നീടു് കൊണ്ടുവന്ന ആ ചെറിയരിക്കഞ്ഞി ഒരു തോർത്തുമുണ്ടിലിട്ടു ഞെക്കി അതിൽനിന്നും കിട്ടിയ ഏതാണ്ടു രണ്ടു രുപ്പാത്രക്കം ചോറു തൊട്ടുകറിയും ചേർത്തു സ്വാമി ആഹരിച്ചു– ഇങ്ങിനെ അച്യുതാനന്ദസ്വാമിയെ ഒരു പാഠം പഠിപ്പിച്ചു X X X

ഒട്ടുവിലത്തെ ശിഷ്യൻ

ശിവഗിരിമഠത്തിലേക്ക് സ്വാമിയെ കൊണ്ടുവരുന്നതിനു ഒരാഴ്ചമുൻപേ തലശ്ശേരി സ്വദേശിയായ ശ്രീ. അനന്തശേണായി എം. എ. ഗസ്റ്റ്ഹൗസിൽ വരികയും തൃപ്പാദങ്ങളെ ദർശനം ചെയ്തശേഷം തനിക്ക് സന്യാസജീവിതം വേണമെന്നു അത്ഥിക്കുകയും ചെയ്തു.

ഇതിനുമുമ്പൊരു സന്ദർഭത്തിൽ ഇദ്ദേഹം സ്വാമിയുമായി പരിചയപ്പെട്ടിരുന്നു. ഇതു നീട്ടിവെക്കാൻ പററുകയില്ലെന്നു സ്വാമി തൃപ്പാദങ്ങഠംക്ക തോന്നിയിരിക്കണം. "നാളെ രാവിലെ" എന്നാണു് കല്പിച്ചതു്. അടുത്തദിവസം രാവിലെ കിടന്ന കട്ടിൽ ശിവഗിരിയിലെ ശാരദാമഠത്തിന്റെ മുൻപിൽ നാലുപേർക്കൂടി കൊണ്ടുപോയിവെച്ചു ആ കട്ടിലിൽ ഇരുന്നുകൊണ്ടുതന്നെ ശേണായിയുടെ തലയിൽ ജലവും പുഷ്പവുമിട്ടു "ആനന്ദതീത്ഥൻ" എന്നു നാമകരണവും ചെയ്തു. കട്ടിൽ തിരിച്ചു ഗസ്റ്റ്ഹൗസിലേക്കുതന്നെ കൊണ്ടുവന്നു. അന്നുതന്നെ ആനന്ദതീത്ഥർസംഘത്തിലെ ഒരംഗവുമായി.

ഒരു വാതജ്വരരോഗിയെ സ്വസ്ഥയാക്കി

കടയ്ക്കാവൂർ സ്വദേശികളായ രണ്ടുമൂന്നുപേർ ഒരു സ്ത്രീയെ മഞ്ചലിൽ എടുത്തുകൊണ്ടു ഗസ്റ്റ്ഹൗസിൽ എത്തി; ഏകദേശം

ഇരുപതു വയസ്സ് പ്രായമുള്ള ഒരു യുവതിക്കു നടക്കാനും ഇരിക്കാനും പാടില്ല, വ്യക്തമല്ലാത്ത ഒരു ശബ്ദം പുറപ്പെടുവിക്കുന്നുണ്ടായിരുന്നു. ഈ സ്ത്രീയെ തിരുവനന്തപുരത്തും മററും കൊണ്ടുപോയശേഷം സുഖംവരാതെ തിരിച്ചു സ്വദേശത്തേക്കു പോകുമ്പോൾ തൃപ്പാദങ്ങൾ വക്കലയിലുണ്ടെന്നറിഞ്ഞതുകൊണ്ടാണു ഇങ്ങോട്ടു കൊണ്ടുവന്നതു്.

ശ്രീ പ്ലാവിള കുഞ്ഞുകൃഷ്ണൻ അന്നു പകൽ ഡ്യൂട്ടിയിലിരിക്കയായിരുന്നു. അദ്ദേഹം ഈ വിവരം തൃപ്പാദങ്ങളെ അറിയിച്ചു അപ്പോൾ രോഗിയെ അകത്തു കൊണ്ടുവരാൻ ഉത്തരവായി–

ഒരു ഗ്ലാസ്സിൽ വെള്ളം കൊണ്ടുവരുവാൻ സ്വാമി കല്പിച്ചതനുസരിച്ചു കൊണ്ടുവന്നപ്പോൾ സ്വാമി ഒരു വിരൽ അതിൽ മുക്കിയശേഷം ആ വെള്ളം രോഗിക്കു് അല്പം കൊടുക്കുവാൻ ആജ്ഞാപിച്ചു.

അങ്ങിനെ ചെയ്തപ്പോൾ ക്രുടക്കുടെയുള്ള ശബ്ദം നിന്നു. പിന്നീടു് സ്വാമി എഴുന്നേററുനില്ക്കാൻ രോഗിയോടു കല്പിച്ചു. യുവതി സാവധാനത്തിൽ കാലെടുത്തുവെച്ചു നടന്നു രോഗം സ്വസ്ഥമായി– ആ സ്ത്രീ നടന്നുതന്നെ പുറത്തേക്കു പോകയും ചെയ്തു X X X

ഇതെഴുതുന്ന ആൾക്കു് കുറച്ചുദിവസം ഗസ്റ്റ്ഹൌസിലെ ശുശ്രൂഷയിൽ പങ്കുകൊള്ളുവാൻ ഭാഗ്യമുണ്ടായി. രാത്രി എനിക്കു ഉറക്കം വളരെ കുറവായിരുന്നു. അപ്പോൾ കേൾക്കാം മുറിയിൽനിന്നും ഉറച്ച സ്വരത്തിൽ "ശരീരം– ശരീരം– ഭഗവാനെ– ഭഗവാനെ–" എന്നിങ്ങനെയുള്ള വിളികൾ.

ശിവഗിരിമഠത്തിലേക്കു് തൃപ്പാദങ്ങളെ കൊണ്ടുപോയിരുന്ന ദിവസം ഞാൻ എറണാകുളത്തേക്കു പോയി.

## സ്വാമിയുടെ രോഗകാരണം

അദ്ധ്യാത്മശാസ്ത്രപരമായും മററും യാതൊരു അറിവുമില്ലാത്ത ചില സാധാരണക്കാർ "സ്വാമി ശരിയായി യോഗാഭ്യാസം ചെയ്യാതിരുന്നതുകൊണ്ടാണു് രോഗം ബാധിച്ചതു എന്നും മററും അവരവരുടെ നാവിൽ തോന്നിയതു പറഞ്ഞുനടന്നിരുന്നതായി കേട്ടിട്ടുണ്ടു്. കൊല്ലം തോമസ്സ സ്റ്റീഫൻ കമ്പനിയുടെ മാനേജിംഗ്ഗ് ഡയറക്ടറായിരുന്ന ശ്രീമാൻ അച്യുതപണിക്കർ രോഗം അന്വേഷിക്കുന്നതിനു ശിവഗിരിമഠത്തിൽ ചെന്നിരുന്നു. ഈ വിവരം പണിക്കർതന്നെയാണ് ഇതെഴുതുന്ന ആളോടു പറഞ്ഞിരുന്നതു്:-

"ഞാൻ വൈദികമഠത്തിൻെറ പുറംതിണ്ണയിൽ നില്ക്കുകയാണു്— അവിടെയെങ്ങും ഒരാളെയും കണ്ടില്ല— ആ മുറിയുടെ ജനലുകളെല്ലാം അടച്ചിരുന്നു. മുറിക്കുള്ളിൽ ശയിച്ചിരുന്ന സ്വാമി തൃപ്പാദങ്ങളുടെ "വിളി കേട്ടു സഹിക്കവയ്യാതെ ഞാൻ കരയാൻതുടങ്ങി, അപ്പോൾ അകത്തുനിന്നു് ആരാണതു്? അച്യുതനാണോ എന്നു ചോദ്യം. അതെ എന്നുത്തരംപറഞ്ഞപ്പോൾ ജനലിൻെറ കതകു തുറക്കാൻ സ്വാമി കല്പിച്ചു. ഞാൻ കതകു തുറന്നു. അകത്തുനിന്നു സ്വാമി അരുളിയതിങ്ങനെയാണു്:

"നീ എന്തിനാണ് വ്യസനിക്കുന്നതു്? ഇതു നാം അനേകം പാവങ്ങളോടു ഏററവാങ്ങിയ ക്ലേശങ്ങളാണു്; അതെല്ലാം ഈ ശരീരം അനുഭവിച്ചുതീരേണ്ടതു തന്നെ. ശരീരം അനുഭവിച്ചുതീരട്ടെ; വേദനയും വിളിയുമെല്ലാം ശരീരത്തിൻെറ സ്വഭാവമാണു്, ഉണക്കപ്പാളയ്ക്കു കത്തിവെയ്ക്കുമ്പോൾ ഒരു ശബ്ദം പുറപ്പെടുന്നതു കേട്ടിട്ടില്ലേ? അതുപോലെ വിചാരിച്ചാൽമതി, നമുക്കു് യാതൊരു ക്ലേശവുമില്ല."

യഥാൎത്ഥം അതുതന്നെയാണ്. ആദ്യന്തം ശുശ്രൂഷയിലു ണ്ടായിരുന്ന ശ്രീ സുഗുണാനന്ദഗിരിസ്വാമി "സന്താനവിംശ തി" എന്ന നാമത്തിൽ എഴുതിയിരുന്ന കീൎത്തനങ്ങളിൽനിന്നു് ഒന്നുമാത്രം ഇവിടെ എടുത്തുകാണിക്കാം.

"വ്യാധിദ്രോഹമസഹ്യമെന്നു വിലപിക്കുന്നുണ്ടു,
രണ്ടാംക്ഷണം
മോദത്തേനൊഴുകുന്ന നൽഫലിതവാക്കോതുന്നി
തെന്തത്ഭുതം
വ്യാധിഗ്രസ്ഥനെവൻ! മനോജ്ഞ ഫലിതം പേശുന്ന
താരിന്നിതിൻ
വാദം തീൎത്തരുളേണമെന്നുമടിയാർകൾക്കുള്ള
സന്താനമേ."

(ഗസ്റ്റ്ഹൗസിൽ ശുശ്രൂഷയിലിരിക്കുമ്പോൾ ശിഷ്യപ്രധാ നി ശ്രീ സ്വാമി സുഗുണാനന്ദഗിരി രചിച്ചിരുന്ന സന്താനവിം ശതിയിൽ ഉള്ള ശ്ലോകമാണിതു്.)

"മരണസ്വഭാവമില്ലാത്തതും മാററത്തിനു വിധേയമായതും" ഇങ്ങിനെ രണ്ടു സ്വഭാവങ്ങൾ ക്രിസ്തുവിലുണ്ടായിരുന്നു എന്നു സു വിശേഷത്തിൽ പറഞ്ഞിട്ടുണ്ടു്. ഇതുപോലെതന്നെ ഉപനിഷ ത്തിലും കാണുന്നുണ്ടു്: "മൃതത്വവും അമൃതത്വവും ഇങ്ങിനെ രണ്ടു സ്വഭാവം ആ പ്രജാപതിക്കുണ്ടായിരുന്നു–"

"തസ്യഹ പ്രജാപതേരൎദ്ധമേവ മൎത്ത്യമാസീ ദൎദ്ധമമൃതം"

ശ്രീനാരായണഗുരുവിലും ശ്രീസുഗുണാനന്ദഗിരിയുടെ സ്തു തിയിൽ കാണുന്ന രണ്ടു സ്വഭാവങ്ങൾ പ്രത്യക്ഷങ്ങളായിരുന്നു.

മനസ്സ് – ആത്മാവു എന്നീ വിഷയങ്ങളെ വിശകലനം ചെയ്തു പഠിക്കുന്നവൎക്കുമാത്രമേ ഈ തത്വാൎത്ഥങ്ങളെ ഗ്രഹിക്കു വാൻ കഴിയുന്നുള്ളൂ x x x

ആയിരമായിരം തീരാവ്യാധികൾ സ്വാമി സ്വസ്ഥപ്പെടുത്തിയതും മററും നമ്മൾ അത്ഭുതങ്ങളായി പറയുന്നുണ്ടെങ്കിലും അതിലൊരു ശാസ്ത്രീയവശം ഉണ്ടായിരുന്നു- അതായതു സ്വാമി കല്പിച്ചതുകൊണ്ടു രോഗം മാറിയെങ്കിലും ആ രോഗത്തിന്റെ കർമ്മഫലശുദ്ധമായ തിക്തമായ അനുഭവം രോഗിയിൽനിന്നും സ്വാമിയിലേക്കു് ആകർഷിക്കപ്പെടുകയാണു് ചെയ്തിരുന്നതു്. അന്നു ഈ കാര്യം പ്രത്യക്ഷമായിരുന്നില്ല. എന്നാൽ, ഈ ചുമടുകളോടുകൂടി ശരീരം വിട്ടുപോകാൻ ഗുരുദേവൻ ഇഷ്ടപ്പെടാതിരുന്നതുമൂലം തക്കസമയം സംജാതമായപ്പോൾ ആ വ്യാധികളുടെ ഉപദ്രവസ്വഭാവം സ്വാമിയുടെ ശരീരത്തെ ആക്രമിച്ചു.

ഈ വാസ്തവത്തെത്തന്നെയാണു് സ്വാമി പണിക്കരോടു് പറഞ്ഞിരിക്കുന്നതു്. "ശരീരം അനുഭവിച്ചുതീരട്ടെ" എന്നു്- ഈ വ്യാധിദ്രോഹം നടക്കുമ്പോഴും "നമുക്കു യാതൊരു ക്ലേശവുമില്ല" എന്നാണു് സ്വാമിയുടെ യഥാർത്ഥനില എന്നു് സുഗുണാനന്ദഗിരിയുടെ പാടലിലും വ്യക്തമാണു്.

ഇങ്ങിനെ ഈ നാരായണമൂർത്തി ആദിമപ്രജാപതിയായ പുരാണപുരുഷനായിരുന്നു എന്നു സ്ഥാപിക്കപ്പെടുന്നു.

ദൈവം- ഈശ്വരൻ എന്നൊക്കെ കേൾക്കുന്ന ശബ്ദത്തിനു ലക്ഷ്യമായി സ്വീകരിക്കുവാൻ മതങ്ങളിൽ നിരവധി ഉപാധികളുണ്ടു- എന്നാൽ യാതൊരു വെച്ചുകെട്ടുമില്ലാത്ത പരിശുദ്ധ പുരുഷാകാരം പൂണ്ട ദൈവം നമ്മൾ ശ്രീനാരായണഗുരുവിൽ കാണുന്നു. ഇങ്ങിനെ വിശ്വസിച്ചു ഭക്തിപ്പെടുന്നവനു മരണാനന്തരം വെളിച്ചമുള്ള ലോകം ലഭിക്കുന്നു- മരണാനന്തരം ഒന്നുമില്ല എന്നു പറയുന്നവനു ഇതൊന്നും ശ്രദ്ധിക്കേണ്ട കാര്യവുമില്ല.

# യോഗത്തലവന്മാരുടെ അപേക്ഷ

ഗുരുദേവന്റെ പ്രമുഖന്മായ ചില ഗൃഹസ്ഥശിഷ്യന്മാർ അന്ത്യകാലത്തിൽ എതിരാളികളായിത്തീർന്നിരുന്നു. സ്വാമിയുടെ പേരിലുള്ള ധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ച അഭിപ്രായവ്യത്യാസമായിരുന്നു തെക്കൻതിരുവിതാംകൂറിലുള്ള ചില ഈഴവപ്രമാണികളെ വഴിതെററിച്ചതു്. ശ്രീനാരായണഗുരു ആരായിരുന്നു എന്നു് അവർക്കു് അന്നു മനസ്സിലായിരുന്നില്ല.

സ്വാമിയുടെ ഉപദേശങ്ങളെല്ലാം മനുഷ്യസമുദായത്തിന്റെ നന്മയ്ക്കും അധഃപതിച്ച ബോധത്തെ ഊർദ്ധ്വമുഖമാക്കാനുമുള്ള ദിവ്യസന്ദേശങ്ങളായിരുന്നു. അപൂർവ്വവ്യക്തികൾമാത്രമാണു് ശ്രദ്ധയോടുകൂടി ധർമ്മപഥത്തിലേക്കു് ഉയരുന്നുള്ളു. സ്ഥാപനങ്ങൾ അങ്ങിനെയുള്ള ധർമ്മോപദേശകന്മാരുടെ സങ്കേതമായിത്തീരണമെന്നുള്ള സങ്കല്പത്തോടുകൂടിയാണു് സ്വാമി 1103 ൽ ഒരു സംഘം റജിസ്റ്റർചെയ്തിരുന്നതു്. ധർമ്മസ്ഥാപനങ്ങൾ ഈ സംഘത്തിന്റെ ഭരണത്തിലിരിക്കണമെന്നാണു് 1101 ലെ വിൽപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. ഈ നിശ്ചയത്തേയും സങ്കല്പത്തേയും മാററണമെന്നും, സ്വാമിയുടെ സ്ഥാപനങ്ങളും സ്വത്തുക്കളും എസ്. എൻ. ഡി. പി. യോഗത്തിൽ ലയിപ്പിക്കണമെന്നുമാണു് ഈഴവപ്രമുഖന്മാരുടെ വാദം. അവർ, ഒരു ദിവസം ഡിപ്യൂട്ടേഷനായി ഗസ്റ്റ്ഹൗസിൽ വരികയും രോഗശയ്യയിലിരിക്കുന്ന സ്വാമിയെ സന്ദർശിക്കുകയും ചെയ്തു. "വിൽപത്രം മാററിഎഴുതി ജനങ്ങൾക്കു് ഒരധികാരം കൊടുത്തില്ലെങ്കിൽ വലിയ കുഴപ്പങ്ങളുണ്ടാകും, ഞങ്ങൾ വിചാരിച്ചാൽ ഒരുനിവൃത്തിയില്ല" എന്നും മററുമാണു് അവർ സ്വാമിയെ അറിയിച്ചതു്. ശ്രീ. എൻ. കുമാരൻ ആദ്യമായി ഇതു പറഞ്ഞപ്പോൾ സ്വാമി തടഞ്ഞു; മാധവൻ പറയട്ടെ എന്നു് X X X പിന്നീടു് സംസാരിച്ചതു് സി. ഒ. ആയിരുന്നു സ്വാമി പോ

ദിച്ചു: "മാധവൻെറ അഭിപ്രായം എന്താണ്? അദ്ദേഹം പറഞ്ഞു: "എനിക്കു തൃപ്പാദങ്ങൾ ചെയ്തുവെച്ചിരിക്കുന്നതു മാററണമെന്നഭിപ്രായമില്ല-" ഇതിൻെറശേഷം സ്വാമി കല്പിച്ചതിങ്ങനെയായിരുന്നു.

"നാം ചില നിശ്ചയങ്ങൾ ചെയ്തിട്ടുണ്ടു്, ഇവിടെ ഒരു ധർമ്മസംഘം സ്ഥാപിച്ചിട്ടുണ്ടു്. അതു മാററിക്കൂടാ. നിങ്ങൾ വഴക്കിടരുതു്, എല്ലാവരും യോജിച്ചുപോകണം x x നിങ്ങൾ ഒരു നിശ്ചയം എഴുതി ഉണ്ടാക്കി കൊണ്ടുവരൂ."

ഇങ്ങിനെയുള്ള തീരുമാനത്തോടു അവക്കു യോജിക്കാൻ സാധിക്കാത്തതുകൊണ്ടു അവർ പിന്നീടു് ഗസ്റ്റ്ഹൗസിൽ വന്നിരുന്നില്ല- സ്വാമിയുടെ ദേഹവിയോഗത്തിനുശേഷം യോഗക്കാർ സന്യാസിമാരെ പ്രതികളാക്കി ക്രിമനലും സിവിലുമായ കേസ്സു നടത്തുകയും സ്ഥാപനങ്ങളും സ്വത്തുക്കളും റസിവർഭരണത്തിലാക്കുകയും ചെയ്തിരുന്നു.

# മഹാസമാധി
## - 1104 കന്നി 5 -

സ്വാമിയെ വൈദികമഠത്തിലേക്കു് കൊണ്ടുവന്നതിന്റെ രണ്ടാമത്തെ ദിവസം കന്നി 5-ാം നു- പകൽ ഏകദേശം മൂന്നരമണി സമയത്തു് ശ്രീ വിദ്യാനന്ദസ്വാമികൾ ജ്ഞാനവാസിഷ്ഠത്തിലെ ജീവൻമുക്തിപ്രകരണം വായിക്കുന്നതു കേട്ടുകൊണ്ടിരിക്കവെ അക്ഷരപുരുഷനായ ആ ജ്ഞാനപ്രഭാകരൻ, മൃദുവായി ശരീരത്തെ ഉപേക്ഷിക്കയും ജ്യോതിസ്വരൂപനായി ചിദാകാശത്തേക്കു് ഉയരുകയും ചെയ്തു.

ആ പരിശുദ്ധാത്മസ്വരൂപന്റെ സൽധർമ്മശക്തി നമ്മളെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ!

---

(ശാന്തി... ശ്ശാന്തി... ശ്ശാന്തി...)

# പത്രപ്രസ്താവന

1928 ൽ ഗുരുദേവൻ സമാധിയായ ഉടനെ കേരള ബ്രഹ്മവിദ്യാസംഘം വകയായ "സനാതനധമ്മം" മാസികയുടെ പത്രാധിപർ ഗുരുദേവനെപ്പററി ആ മാസികയിൽ താഴെകാണിക്കുന്നപ്രകാരം എഴുതിയിരുന്നു.

"ഉജ്ജ്വലവും, ദീർഘവും, വിപുലവും സർവ്വജനീനവും അന്യൂനവും ആയ ഒരു ബഹുമാനം സ്വാമിക്ക് സിദ്ധിച്ചതുപോലെ ഇന്ത്യയിൽ അടുത്ത നൂററാണ്ടുകളിലൊന്നും ആക്കും സിദ്ധിച്ചിട്ടില്ല. കമ്മവിമുക്തരായ ധീരാത്മാക്കൾ ആചാരവിമർദ്ദിതരായ ജനങ്ങൾക്ക് സ്വാതന്ത്ര്യമാർഗ്ഗം കാണിച്ചുകൊടുക്കുവാൻവേണ്ടി ചിലപ്പോൾ അവരുടെ ഇടയിൽ ജനിച്ച്, അവരുടെ കൂട്ടത്തിൽ അപമാനവും ആപത്തും അനുഭവിക്കാറുണ്ടെന്നുള്ള ഒരു ദിവ്യതത്വത്തെ സ്വാമിയുടെ ജീവിതം വെളിപ്പെടുത്തി. നിർദ്ധൂതകന്മഷനായ ആ പരമപവിത്രൻെറ സ്ഥൂലദേഹം സഹിക്കേണ്ടിവന്ന കമ്മശല്യങ്ങൾ താൻ ജനിച്ച കുലത്തിൻെറ സമൂഹകമ്മം ഏറെറടുത്ത് അനുഭവിച്ചതാണെന്നേ വിചാരിച്ചുകൂടു. പുണ്യാത്മാക്കൾ ത്യാഗംകൊണ്ടു മനുഷ്യരുടെ പാപവിമോചനം സാധിക്കുന്നു, എന്ന അദ്ധ്യാത്മരഹസ്യമാണ് അന്ത്യകാലത്തുകൂടി സ്വാമി കാണിച്ചുതന്നതു്.

"താഴ്ത്തപ്പെട്ട ജാതിക്കാർക്ക് ഉയരുവാൻ അദ്ദേഹം പഠിപ്പിച്ചു. എന്നാൽ താഴ്ന്നവർ ഒരേ മായയുടെ

സന്താനങ്ങളും ഒരുപോലെ അനുതാപാർഹരുമായതുകൊണ്ടു ആ വ്യാമോഹകാരണമായ 'ജാതി' എന്ന പേരും പൊരുളും തീരെ മറന്നാൽമാത്രമേ വാസ്തവത്തിൽ സാമുദായികമോക്ഷം കിട്ടുകയുള്ളു എന്നു് എല്ലാവക്കും അദ്ദേഹം ഉപദേശിച്ചു. ആ സമദർശനരഹസ്യം ഗ്രഹിക്കുവാൻ സ്വാമിഭക്തന്മാക്കുകൂടി പ്രയാസം കാണുന്നു.

"ക്ഷേത്രമില്ലാത്ത ജാതിക്കാരുടെ തൽക്കാല ആവശ്യത്തിനു് അദ്ദേഹം ക്ഷേത്രങ്ങൾ സ്ഥാപിച്ചുകൊടുത്തു. എന്നാൽ മററു ക്ഷേത്രങ്ങളിലെന്നപോലെ തന്റെ ക്ഷേത്രങ്ങളിലെ ദേവന്മാക്കും മനുഷ്യചാപല്യങ്ങൾ കണ്ടുതുടങ്ങിയപ്പോൾ, ഈ ലോകമഹാക്ഷേത്രങ്ങളിൽ അനേക രൂപത്തിൽ കാണപ്പെടുന്ന ഏക ചൈതന്യത്തെ ജാതിയും മതവും മറന്നു് ഭജിച്ചുകൊള്ളുവാൻ അദ്ദേഹം ആജ്ഞാപിച്ചു.

"അദ്ദേഹം പ്രസംഗിക്കുകയോ അധികം സംസാരിക്കുകയോ ചെയ്യാറില്ല. എന്നാൽ സൂര്യനെപ്പോലെ സന്നിധിമാത്രംകൊണ്ടു് ശക്തിയും പ്രേമവും അദ്ദേഹം പ്രചരിപ്പിച്ചു. നാരായണചൈതന്യം "പല നരേന്ദ്രരെയും" പ്രസിദ്ധവാഗ്മികളാക്കീട്ടുണ്ടു്, ആ പ്രേമവിലാസം പല കഠിനവൈരങ്ങളുടെയും വേരറുത്തിട്ടുണ്ടു്. ആ ജ്ഞാനദൃഷ്ടി അനേക ജനങ്ങളെ വിചരിംന സംശയരാക്കീട്ടുണ്ടു്. ആ ത്യാഗശീലം വളരെപ്പേക്കു് കമ്മയോഗരഹസ്യം കാണിച്ചുകൊടുത്തു.

"പ്രബുദ്ധകേരളത്തിനു് യോഗത്തിൽ പതഞ്ജലിയും, ജ്ഞാനത്തിൽ ശങ്കരനും, ഭരണനൈപുണിയിൽ മനുവും, ത്യാഗത്തിൽ ബുദ്ധനും, സ്ഥൈര്യത്തിൽ നിബി

യും, വിനയത്തിൽ യേശുവും ആയ നാരായണഋഷി നര വേഷം ധരിച്ചു് 72 വർഷത്തെ ലീലകൾക്കുശേഷം യഥാസ്ഥാനം പ്രാപിച്ചു. യഥാർത്ഥ അദ്ധ്യാത്മവിത്തുകൾക്കുമാത്രം സിദ്ധിക്കുന്ന ക്രമപ്രവൃദ്ധമായ കീർത്തിയും സജ്ജനഭക്തിയും പൂർണ്ണമായി നില്ക്കത്തന്നെ, ആ പൂർണ്ണജീവൻ മൃത്യുപരിധിയിൽനിന്നു് അമൃതപദവിയിലേക്കു് വീണ്ടും പ്രവേശിച്ചു. അനേകലക്ഷം ഭക്തജനങ്ങളുടെ ഹൃദയപീഠങ്ങളിൽ കുടികൊള്ളുന്ന നാരായവിഗ്രഹങ്ങളും അദ്ദേഹം തുടങ്ങിയിട്ടുള്ള ലോകസേവാസ്ഥാപനങ്ങളും ശാശ്വതാവസ്ഥയുടെ ഒരു സാക്ഷിയായി സ്ഥിതിചെയ്യുന്ന ആ ശിവഗിരിയും മൗനമായി വന്ദിച്ചുനില്ക്കത്തന്നെ, ആ പ്രഭാപൂരം ആകാശത്തിൽ ഉൽഗളിച്ചു. അദ്ദേഹത്തിൻെറ മുഖകാന്തിയും വാക്‍മാധുരിയും സ്പന്ദിച്ചിട്ടുള്ള ശുദ്ധഹൃദയങ്ങൾക്കു് അഗാധജ്ഞാനത്തിൻെറയും വിശാലപ്രേമത്തിൻെറയും വിപുലകർമ്മങ്ങളുടെയും ചരിത്രംതന്നെ നിരന്തരമായ ഉജ്ജീവശക്തിയായിത്തീരട്ടെ. ഇനി ജനിക്കുന്നവർക്കു് ഇന്ത്യാരാജ്യത്തിലെ ഇതിവൃത്തങ്ങളിലെ അവതാരമൂർത്തികളുടെയും സിദ്ധപുരുഷന്മാരുടെയും കൂട്ടത്തിൽ അദ്ദേഹം ഒരു ഉപാസനാദേവനായിത്തീരും.

അദ്ദേഹത്തിൻെറ ശരീരത്തിൽനിന്നും വിട്ടുപോയ ആ മഹാശക്തി അദ്ദേഹം ഉപദേശിച്ച 'ഏകദൈവം, ഏകമതം, ഏകജാതി' ലോകത്തിൽ സുസ്ഥാപിതമാകുന്നതുവരെ, നമ്മെ ശാസിച്ചുകൊണ്ടും അനുഗ്രഹിച്ചുകൊണ്ടും നില്ക്കും."

ശ്രീ. കെ. അയ്യപ്പൻ ബി. എ. (സഹോദരൻ) പാടിയ

# മഹാ സമാധിഗീതം!

ജരാ രുജാ മൃതി ഭയമെഴാശ്രുദ്ധ
യശോ നിർവാണത്തെ യണഞ്ഞ സൽഗുരൊ!
ജയ നാരായണ ഗുരുസ്വാമിൻ ദേവ!
ജയ ഭഗവാനെ ജയ ജഗൽ ഗുരൊ!

തവ വിയോഗാർത്തി പരിതപ്തർ ഭവൽ
കൃതക പുത്രരാ മനേകലക്ഷങ്ങൾ
ഒഴുകും കണ്ണീരാലുദകം വീഴ്ത്തുന്നു
മലയാളക്കര മുഴവൻ സൽഗുരൊ!

മനോവിജയത്തിൻ തികവാൽ ദിവ്യമാ-
മൊളിചിതറുമാ തിരുമുഖമിനി
ഒരുനാളും ഞങ്ങൾക്കൊരു കണ്ണുകാണ്മാൻ
കഴിയാതായല്ലോ പരമ സൽഗുരൊ!

കൃപയും ജ്ഞാനവും ഫലിതവും കൂട്ടും
മധുരപാവന മനോജ്ഞ വാണികൾ
ചൊരിയുമാ നാവു തിരളാതായല്ലൊ
സഹിയുന്നെങ്ങിനെ പരമ സൽഗുരൊ!

ഗൃഹം വസ്ത്രം ദേഹ മശനമാശയം
ഇതുകളിൽ ഞങ്ങൾ പരമ ശുദ്ധിയെ
സ്വയമനുഷ്ഠിപ്പാൻ പറയാതൊതുമാ-
ത്തിരുസന്നിധാന മലഭ്യമായല്ലോ

മതമേതായാലും മനുജൻ നന്നായാൽ
മതിയെന്നുള്ളൊരു സ്വതന്ത്ര വാക്യത്താൽ
മത നിഷേധവും മതസ്ഥാപനവും
പരിചിൽ സാധിച്ച പരമ സൽഗുരോ!

ഭരത ഭൂമിയെ വിഴുങ്ങും ജാതിയോ-
ടടരിനായ് ഭവാന്നണി നിരത്തിയ
വലിയ സേനകൾ പടനായകൻ പോയ്
വിഷമിക്കുന്നല്ലോ പരമസൽഗുരൊ!

വിമല ത്യാഗമേ മഹാസന്യാസമേ!
സമത ബോധത്തിൻ പരമ പാകമെ!
ഭുവന ശുശ്രൂഷെ! യഴുതാലും നിങ്ങൾ-
ക്കെഴുന്ന വിഗ്രഹം വിലയമാണ്ടുപോയ്-

ത്രികരണശ്ശുദ്ധി നിദർശനമായി
പ്രഥിതമാം ഭവൽ ചരിതം ഞങ്ങൾക്കു
ശരണമാകണെ! ശരണമാകണെ
ശരണമാകണെ! പരമസൽഗുരൊ!

---

## ഗുരുദേവസ്തവം

ദേവർഷിസംഘമാം മാലയിൽ മിന്നുന്ന
മുക്തഫലമാകും ദിവ്യമൂർത്തെ!
ഭൂതലം തന്നിലെ സർവ്വമതങ്ങൾക്കും
നേതാവും ജീവനുമായുള്ളോവേ!

താവകവൈഭവം തെല്ലുമറിയാതെ
പാവങ്ങൾ ഞങ്ങൾ പരുങ്ങിടുന്നു
ഞങ്ങൾതൻ മാനസം പൂതമാക്കീടുക
തിങ്ങീടും ഭക്തിയുദിപ്പാൻ മേന്മേൽ

ആനന്ദസന്ദേശഗായക! താവക
ഗാനങ്ങളെങ്ങും പരത്തുവാനും
ജാതിയുമൊന്നുതാൻ മാനുഷർക്കെന്നുള്ള
സ്വാതന്ത്ര്യബോധം വളർത്തുവാനും

ഒന്നു മതവുമാണൊന്നല്ലോ ദൈവവും
എന്നുള്ള സത്യം പുലർത്തുവാനും
ശക്തി നൽകീടണം കാരുണ്യക്കാതലെ
ഭക്തിയോടങ്ങേ തൊഴുന്നു ഞങ്ങൾ

നാരായണഗുരോ! ഭാവൽക്കസന്ദേശ-
സാരം ലഭിച്ചിട്ടു ശുദ്ധരായി
ആനന്ദവാരിധി തന്നിൽ മുഴുകട്ടെ
മാനവരെല്ലാം ക്ലമങ്ങൾ നീങ്ങി

— ശാന്തി ശ്ശാന്തി ശ്ശാന്തി —

# സംഘപ്രാർത്ഥന

(മഹാകവി കുമാരനാശാൻ രചിച്ചതു്)

ആരായുകിലന്ധത്വമൊഴിച്ചാദി മഹസ്സിൻ
നേരാം വഴികാട്ടും ഗുരുവല്ലോ പരദൈവം
ആരാധ്യനതോർത്തിടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തേ ഗുരുനാരായണമൂർത്തേ

അൻപാർന്നവരുണ്ടോ പര വിജ്ഞാനികളുണ്ടോ
വൻപാകെ വെടിഞ്ഞുള്ളവരുണ്ടോ ഇതുപോലെ
മുൻപായി നിനച്ചൊക്കയിലും ഞങ്ങൾ ഭജിപ്പൂ
നിൻപാവനപാദം ഗുരു നാരായണമൂർത്തേ

അന്യർക്കു ഗുണം ചെയ്വതിനായുസ്സുവപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വൂ
സന്യാസികളില്ലിങ്ങിനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീ ഗുരുമൂർത്തേ

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻ താൻ
ഭേദാദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തെ!

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽ കെട്ടിയിഴപ്പൂ
ഹാ ഹാ ബഹുലക്ഷം ജനമങ്ങേ തിരുനാമ-
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തെ

അങ്ങേ തിരുവുള്ളറിയൊരൻ പിൻവിനിയോഗം
ഞങ്ങൾക്കു ശുഭം ചേർത്തിടുമീ ഞങ്ങടെ യോഗം
എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പൂ
മങ്ങാതെ ചിരംനിൻപുകൾപോൽ ശ്രീ ഗുരുമൂർത്തെ

നാരായണമൂർത്തെ ഗുരുനാരായണമൂർത്തെ
നാരായണമൂർത്തെ പരമാചാര്യനമസ്തെ;

# ആദിനാഥസ്തുതി

(ശ്രീ കുമാരസ്വാമിസന്ന്യാസി രചിച്ച ഈ സ്തുതി 1121 മുതൽ പ്രചാരത്തിൽ വന്നിട്ടുള്ളതാണ്)

ആദിശക്തിസഞ്ചയം സുലാസ്യമായ് വിളക്കിയീ,
വേദിഭൂതി ചേർത്തുവെച്ചൊരാദിനാഥ പാഹിമാം
ആദിനാഥ പാഹിമാം
ശിവാദിനാഥ പാഹിമാം
ആദിനാഥ പാഹിമാം
ശിവാദിനാഥ പാഹിമാം (ആവർത്തനം)

മർത്ത്യനായ് ജനിച്ച ഞാനറിഞ്ഞു നിൻെറ വൈഭവം
സത്യമിപ്രപഞ്ചമായ താദിനാഥ പാഹിമാം
പാതിയിപ്രപഞ്ചമായ് ചരാചരത്തിലൊക്കെയും
ഭാതിജീവബോധമായൊരാദിനാഥ പാഹിമാം

പാതിയുണ്ടിത പ്രമേയമാദിയന്തമററതായ്
ജ്യോതിരാത്മബോധമായൊരാദിനാഥ പാഹിമാം
ഭീതിയുള്ളറമ്പുതൊട്ടു ജീവിവർഗ്ഗമേതിലും
ബോധരൂപമായ് സ്ഫുരിക്കമാദിനാഥ പാഹിമാം

പൂർവ്വകാലമെത്രയെണ്ണ ക്ലിപ്തമില്ല സിദ്ധരാം
സാർവ്വഭൗമരുണ്ട നിന്നിലാദിനാഥ പാഹിമാം
രാമകൃഷ്ണരാദിയായ രാജയോഗി വര്യരും
സ്വാമിമാരദൃശ്യരായ ബുദ്ധയോഗസത്തരും
ക്രിസ്തുരാജനും പിനാകി മക്കമൊന്ന ദേവനും
വസ്തുശക്തിയൊന്നുതന്നെയാദിനാഥ പാഹിമാം

ഏതു നാമമോതിനിന്നെ വാഴ്ത്തിയാലതൊക്കെയും
പ്രീതിപൂർവ്വമാസ്വദിക്കമാദിനാഥ പാഹിമാം
ഏതലത്തിലെത്തിടും വിഷാദമാകെ മാഞ്ഞിടാ-
നുത്തമൗഷധം തരേണമാദിനാഥ പാഹിമാം

ഭക്തിപൂണ്ടലിഞ്ഞകം നനഞ്ഞ കണ്ണോടെപ്പൊഴും
സക്തിയററു കൂപ്പിടുന്നിതാദിനാഥ പാഹിമാം
ആത്മലോകവാസമാന്ന സിദ്ധസംഘമെങ്ങളിൽ
പ്രാപ്തിചേത്തു വാണിടേണ മാദിനാഥ പാഹിമാം
ആദ്ധ്യനികദേവനാ യഭേദബുദ്ധിയുക്തനായ്
സാദ്ധുരമ്യരൂപനാ യനന്തശക്തിമൂത്തിയായ്
വേദസാരവേദിയായ് വിശേഷസൂക്തിവാത്തൊരോം
ജ്യോതി സൽഗുരോ! ജയിക്കമാദിനാഥ പാഹിമാം
(ശാന്തി ശ്ശാന്തി ശ്ശാന്തി)

മഹാകവി ശ്രീ. പള്ളത്തു രാമൻ

ജ്ഞാനച്ചെന്താമരത്താരിന്നു നടുവിലെഴും
ഭക്തിയാകും മരന്ദം
പാനം ചെയ്തുല്ലസിക്കും പരമസുകൃതിയാം
സ്വാമി തൻ പാദസൂനം
സാനന്ദം സ്വച്ചചിത്ത ഭ്രമരനിരകളും
സേവചെയ്യുന്നതായാ
ലീ നമ്മൾക്കിങ്ങു സച്ചിന്മയ സുഖലഹരീ
മഗ്നരായ് ഭക്തരാകാം

* * * *

കാൎയ്യംകൂടാതെ വിത്തവ്യയ മണ
ച്ചീടുമാചാരവൃക്ഷം
ധൈൎയ്യഃക്കാടാലിമൂലം മുരടുവരെ മുറി
ച്ചീടുവാൻ പാടുപെട്ടും
ആൎയ്യശ്രീ പൂണ്ട ദേവാലയമിഹ പലതും
താൻ പ്രതിഷ്ഠിച്ചുമീയാ-
ചാൎയ്യൻ ദേവർഷി തുല്യൻ ധവളതരയശോ
രപ്പാശിവിശിജ്ജയി.

കവിതിലകൻ ശ്രീ. കെ. പി. കറുപ്പൻ

ആകാശത്തക്ഷ് തള്ളി പകലിരവു സമാ-
ജാഭിവൃദ്ധിയ്ക്കുവേണ്ടി
സ്വാകാരം പന്തയം വെച്ചൊരു സുകൃതയശോ-
രാശിരാകാ ശശാങ്കൻ
ആകാത്താചാരഘോരാമയ ഭിഷഗമലൻ
സച്ചിദാനന്ദകന്ദ
ശ്രീകാളും ചാരു നാരായണ പരമഗുരു
സ്വാമിവത്തിച്ചിടുന്നു

* * * *

കേണാകപ്പാടെ ജാതീപ്പരിഷകള യലയു-
ന്നാളിൽ ഭാഗ്യാതിരേകാൽ
കാണാറായ് വന്ന കല്പദ്രുമമഖില കലാ
വല്ലഭൻ കല്ല്യബുദ്ധി
താണോരാധിക്കവോക്കൊക്കെയു മുരുതണലായ്
സത്യസന്ന്യാസനേട്ട-
ത്തുണ്ണായ് മിന്നുന്ന നാരായണ പരമഗുരു
സ്വാമി നമ്മൾക്കു ദൈവം.

ശുഭം

വക്കല ശ്രീനാരായണ ധർമ്മപ്രചരണ സഭയുടെ

# പ്രസിദ്ധീകരണങ്ങൾ

No. 92. നവയുഗപ്രാർത്ഥന (4-ാം പതിപ്പ്) ശ്രീ ശങ്കരാചാര്യസ്വാമിയുടേയും, ശ്രീ നാരായണഗുരുവിൻേറയും സ്തോത്രകൃതികളടങ്ങിയതു്.

No. 94. മരുത്വാമലയിലെ നാരായണഗുരുമൂർത്തി (പടത്തോടുകൂടി)

No. 97. സാരാർത്ഥപ്രകാശിനി വ്യാഖ്യാനത്തോടുകൂടിയ ആത്മോപദേശ ശതകം

No. 102. വിശ്വവന്ദ്യ ഗുരു ശ്രീനാരായണൻ (ലഘുജീവിതചരിത്രം)

(ശ്രീ സത്യവ്രതസ്വാമികൾ 99-ലെ സർവ്വമതസമ്മേളനത്തിൽ ചെയ്തിരുന്ന സ്വാഗതപ്രസംഗവും, തൃപ്പാദങ്ങളും സി. വി. കുഞ്ഞുരാമനും തമ്മിൽ "ഒരു മതം" എന്ന കല്പനയെ സംബന്ധിച്ച സംവാദവും മററനേകം സംഭവങ്ങളും അടങ്ങിയതു്.)

അഞ്ചുരൂപാ മണിയാർഡർ അയച്ചാൽ മേൽപറഞ്ഞ നാലു പുസ്തകങ്ങളും ഫ്രീ പോസ്റ്റിൽ അയച്ചുകൊടുക്കുന്നതാണു്.

---

No. 25 ദിവസ്തോത്ര രത്നാവലി

No. 86: ഭൗതികത്തിലെ രക്ഷാമാർഗ്ഗം

No. 89. നായരീഴവ ചരിത്രം

ഈ പുസ്തകങ്ങൾ പ്രിൻറിംഗ് നടക്കുകയാണു്.

ആവശ്യമുള്ളവർ എഴുതുക:-

*Office Manager,*

**Varkala S. N. D. Pracharana Sabha**

**M. G. ROAD, ERNAKULAM**